പന്തളം ഗ്രാമപഞ്ചായത്ത്

ജനകീയ ആസൂത്രണം

വികസന രേഖ


പത്തനംതിട്ട
പന്തളം

പന്തളം ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം



വികസന രേഖ

വികസന സെമിനാർ

1997 ജനുവരി 14 ചൊവ്വ

ഗവ. ഹൈസ്കൂൾ, തോട്ടക്കോണം

ഭരണസമിതി

പി.കെ. കുമാരൻ. എ.എൽ.എ.
(പ്രസിഡന്റ്)



വൈ. യാക്കൂബ്
(വൈസ് പ്രസിഡന്റ്)

എസ്. വത്സലാ കുമാരി
(സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർപേഴ്സൺ)

രാധാരാമചന്ദ്രൻ



ഡി. രവീന്ദ്രൻ

അംബാലിക രാമുരാട്ടി

കെ.ആർ. രവി

കെ.എൻ. തങ്കപ്പൻ പിള്ള

എ.പി. സൈനുദീൻ

ജി. പൊന്നമ്മ



കെ. എസ്. അയ്യപ്പൻ



കെ. കമലാസനൻ പിള്ള

തങ്കമ്മ കുഞ്ഞുകുഞ്ഞ്

ഇ. തുളസീഭായി അമ്മ

പന്തളം ഗ്രാമപഞ്ചായത്ത്
മുൻ സാരഥികൾ

ശ്രീ. ആർ. രാമവർമ്മ
(പ്രഥമ പ്രസിഡന്റ്)

ശ്രീ. ആർ. ചെല്ലപ്പൻ പിള്ള

ശ്രീ. ബി.ബി. പണ്ടാരത്തിൽ

ശ്രീ. ടി.കെ. ഡാനിയേൽ

ശ്രീ. കെ. എൻ. തങ്കപ്പൻ പിള്ള

ശ്രീ. ടി.എസ്. രാഘവൻ പിള്ള

എഡിറ്റോറിയൽ ബോർഡ്

പി.കെ. കുമാരൻ (ചീഫ് എഡിറ്റർ)
പ്രൊഫ. റ്റി.ആർ. രത്നം
പ്രൊഫ. എൻ.എൻ. പോറ്റി
കെ. എസ്. അയ്യപ്പൻ
കെ. കമലാസനൻ പിള്ള
ഡി. രവീന്ദ്രൻ
ജി. പൊന്നമ്മ
രാധാ രാമചന്ദ്രൻ

സഹായിച്ചവർ

പ്രൊഫ. ചെറുകുന്നം പുരുഷോത്തമൻ
എച്ച്. ഹക്കിംഷാ
വൈ. യാക്കൂബ്
എ.ഡി. രംഗനാഥൻ
കെ. വിനോദ് കുമാർ
എൻ. തങ്കപ്പനാചാരി
പി. എസ്. വാസവൻ
റ്റി.എം. ചന്ദ്രനാചാരി
വറുഗീസ് കൊന്നയ്ക്കാംപൊയ്കയിൽ
ഭാസ്കരൻ മുകടിപ്പുറത്ത്
എൻ. വിശ്വനാഥൻ നായർ
സി. കെ. ദ്യുമോദരനാചാരി
എ. രാഘവൻ
എൻ. സതി
വാസുദേവ ഗണകൻ
എം. ആർ. നാരായണൻ നായർ
ജി. രാഘവനാചാരി
അഡ്വ. ആർ. ചന്ദ്രൻ
ഇ. തുളസീ ഭായി അമ്മ
അംബാലിക തമ്പുരാട്ടി

കീ റിസോഴ്സ് പേഴ്സൺസ്

പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ
കെആർ. സുകുമാരൻ നായർ
പി. എൻ. കെ. ഉണ്ണിത്താൻ



സി.ടി. ഹരികുമാർ
(സെക്രട്ടറി, ഗ്രാമപഞ്ചായത്ത്)

ഉള്ളടക്കം

		പേജ്
1.	ആമുഖം	1
2.	പഞ്ചായത്ത് പൊതുവിവരണം	5
3.	സാമൂഹ്യ സാംസ്കാരിക ചരിത്രം	9
4.	ഭൂപ്രകൃതിയും വിഭവങ്ങളും	17
5.	വികസനമേഖലകളുടെ അവലോകനം	26
5.1	പ്രാഥമിക മേഖല	
	(A) കൃഷിയും ജലസേചനവും	27
	(B) മൃഗസംരക്ഷണവും മത്സ്യബന്ധനവും	39
5.2	ദ്വിതീയ മേഖല	
	(A) വ്യവസായം	47
	(B) ഗതാഗതം	51
	(C) ഊർജ്ജം	57
	(D) മാർക്കറ്റ്	63
	(E) പാർപ്പിടം	65
5.3	തൃതീയ മേഖല	
	(A) വിദ്യാഭ്യാസം	71
	(B) കുടിവെള്ളം,	77
	(C) പൊതുജനാരോഗ്യം	79
	(D) സാമൂഹ്യക്ഷേമം	85
	(E) പട്ടികജാതി/പട്ടികവർഗ ക്ഷേമം	89
	(F) സഹകരണം	95
	(G) വനിതാക്ഷേമം	101
	(H) സംസ്കാരം, ടൂറിസം	107
	(I) വിഭവസമാഹരണം	113
6.	ഉപസംഹാരം	119



ഭാരതത്തിന്റെ ആത്മാവ്
ഗ്രാമങ്ങളിലാണ്
കുടികൊള്ളുന്നത്

ഡി. ടി. പി. : ചിലങ്ക, പന്തളം. ഫോൺ : 0473-452781
ലേഔട്ട് : എസ്കാല, പന്തളം
പ്രിന്റിംഗ് : പി. കൃഷ്ണപിള്ള മെമ്മോറിയൽ പ്രിൻറിംഗ് ആൻറ് പബ്ലിഷിംഗ് കമ്പനി (പ്ര. ലി.)

1

ആമുഖം

ഭാരതം ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നു മോചനം നേടിയിട്ട് അര നൂറ്റാണ്ടാകുന്നു. ഒരു രാഷ്ട്രത്തിന്റെ വികസന മേഖലയിൽ ഇത് ഒരു കുറഞ്ഞ കാലയളവല്ല. സ്വാതന്ത്ര്യലബ്ധി മുതൽ ആസൂത്രിതമായി സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനാണ് നാം ശ്രമിച്ചുകൊണ്ടിരുന്നത്. ഇതിന്റെ ഫലമായി പല നേട്ടങ്ങളും കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ നാം തുടർന്നു വന്ന ആസൂത്രണ സമ്പ്രദായത്തിന് പല അടിസ്ഥാന വൈകല്യങ്ങളുണ്ടായിരുന്നു എന്ന് അനുഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നു. അതിനാൽ വികസന പ്രവർത്തനങ്ങൾ യഥാർഥ ലക്ഷ്യം നേടിയിട്ടില്ല.

ഗ്രാമങ്ങളുടെ നാടാണ് ഭാരതം. നമ്മുടെ നാടിന്റെ യഥാർഥ പുരോഗതി ഗ്രാമങ്ങളുടെ സ്വയം പര്യാപ്തിയിലൂടെ മാത്രമേ കൈവരിക്കാൻ കഴിയൂ എന്ന് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് 'ഗ്രാമസ്വരാജ്' എന്ന ആശയം അദ്ദേഹം അവതരിപ്പിച്ചത്. സ്വാതന്ത്ര്യാനന്തരം 45 വർഷം പിന്നിട്ട ശേഷമാണ് 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ പരിമിതമായ തോതിലെങ്കിലും ഗ്രാമങ്ങൾക്ക് അധികാരങ്ങൾ ലഭിച്ചത്. ഈ സാഹചര്യത്തിലാണ് അധികാരത്തോടൊപ്പം ആസൂത്രണവും വികേന്ദ്രീകരിക്കാൻ കേരളസർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും തീരുമാനിച്ചത്.

നമ്മുടെ ആസൂത്രണത്തിന്റെ അടിസ്ഥാന വൈകല്യങ്ങൾ കേരളത്തിന്റെ പുരോഗതിയിൽ ഗുരുതരമായ ഒരു പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സേവന മേഖലകളിൽ കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കും ലോകത്തിനും മാതൃകയായി. എന്നാൽ ഉല്പാദനമേഖലകളിൽ നാം വളരെ പിന്നിലായി. ഇതിനു പരിഹാരം കാണാതെ നമുക്ക് യഥാർഥ പുരോഗതി കൈവരിക്കാനാവില്ല. ആസൂത്രത്തിലും നടത്തിപ്പിലും ഇന്നത്തെ സമീപനം മാറ്റേണ്ടത് അത്യാവശ്യമായി. വികസനത്തെ സംബന്ധിച്ച് ഇന്ന് ജനങ്ങൾക്കുള്ള ധാരണയും മാറ്റേണ്ടിയിരിക്കുന്നു. പദ്ധതി ആസൂത്രണം മുകളിൽ നിന്ന് താഴേക്ക് എന്നതിനു പകരം താഴെനിന്ന് മുകളിലേക്ക് എന്ന രീതി ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്തു തന്നെ പ്രാവർത്തികമാക്കുന്ന പ്രവർത്തന പരിപാടിയാണ് ജനകീയാസൂത്രണപ്രസ്ഥാനം.

ആസൂത്രണത്തിൽ മാത്രമല്ല നടത്തിപ്പിലും സംരക്ഷ



ണത്തിലും ബഹുജന പങ്കാളിത്തം ഉറപ്പാക്കുക എന്നത് ഇതിൽ പരമപ്രധാനമാണ്.

അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും കൊണ്ടു മാത്രം ലക്ഷ്യം നേടാൻ സാധ്യമല്ല. ഇതു രണ്ടും ഫലപ്രദമായി വിനിയോഗിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുകയും വേണം. ഇതിനായി പ്രാദേശിക വിഭവങ്ങളെയും സാധ്യതകളെയും കുറിച്ചുള്ള ധാരണയും ആവശ്യമാണ്.

പന്തളം ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം 1996 ആഗസ്റ്റുമാസത്തിൽ ആരംഭിച്ചു. ജില്ലാ പ്രാദേശിക പരിശീലനങ്ങൾ, ഗ്രാമസഭകൾ, വിദഗ്ധന്മാരുടെ യോഗങ്ങൾ പഠനപര്യടനം, വികസന റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ യഥാസമയം വർധിച്ച ബഹുജനപങ്കാളിത്തത്തോടെയാണ് നടത്തിയത്. ഇതിന്റെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

പട്ടിക 1

ഗ്രാമസഭ പങ്കാളിത്തം

വാർഡ്	തീയതി	പങ്കെടുത്തവർ			നടന്ന സ്ഥലം
		സ്ത്രീ	പുരു.	ആകെ	
1	13.10.96	64	183	244	ചേരിയ്ക്കൽ എൽ.പി.എസ്സ്.
2	13.10.96	79	203	282	തോട്ടക്കോണം എച്ച്.എസ്സ്.
3	28.9.96	64	98	162	മങ്ങാരം യു.പി.എസ്സ്.
4	29.9.96	55	151	206	തോട്ടക്കോണം എൽ.പി.എസ്സ്.
5	29.9.96	47	110	157	പന്തളം യു.പി.എസ്സ്.
6	29.9.96	26	197	223	പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ
7	2.10.96	77	212	289	കടയ്ക്കാട് ഗവ. എൽ.പി.എസ്സ്.
8	2.10.96	94	177	271	കടയ്ക്കാട് എസ്സ്.വി.എൽ.പി.എസ്സ്.
9	2.10.96	83	150	233	പൂഴിക്കാട് യു.പി.എസ്സ്.
10	5.10.96	74	217	291	പൂഴിക്കാട് യു.പി.എസ്സ്
11	5.10.96	39	181	220	കുരമ്പാല എൽ.പി.എസ്സ്.
12	16.10.96	69	169	238	കുരമ്പാല എൽ.പി.എസ്സ്.
13	6.10.96	71	251	322	എൻ.എസ്സ്.എസ്സ് കരയോഗമന്ദിരം കുരമ്പാല തെക്ക്
14	6.10.96	69	110	179	കുരമ്പാല സെന്റ്. മേരീസ് യു.പി.എസ്സ്.

ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവയും ദ്വിതീയ വിവരശേഖരണം, പഠന പര്യടനം തുടങ്ങിയവയിലൂടെ ലഭിച്ച സ്ഥിതിവിവരങ്ങൾ എന്നിവയും വിശകലനം ചെയ്താണ് വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. വിഭവ ഭൂപട നിർമ്മാണം, സാമൂഹ്യ സാമ്പത്തിക സർവേ എന്നിവ സമയച്ചുരുക്കം മൂലം നടത്തിയിട്ടില്ല. എങ്കിലും ഒൻപതാം പദ്ധതി പ്രവർത്തനത്തിന്റെ ആരംഭത്തിനു മുമ്പു തന്നെ പ്രാദേശികാസൂത്രണത്തിന് ആവശ്യമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാന വിവരങ്ങൾ ഒരു പരിച്ഛേദമെന്ന നിലയിൽ ഇതിൽ ഉൾക്കൊള്ളിക്കാൻ സ്രമിച്ചിട്ടുണ്ട്. വിശദമായ പഠനം പിന്നാലെ നടത്തണമെന്നാണ് ആസൂത്രണ ബോർഡ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി വികസന സെമിനാറിൽ നടക്കുന്ന ചർച്ചകൾ ഈ റിപ്പോർട്ടിനെ കൂറെക്കൂടി സമ്പുഷ്ടമാക്കാൻ ഉതകുമെന്ന് കരുതുന്നു.

പരമ്പരാഗത ധാരണകളിൽ നിന്നു വ്യത്യസ്തമായ ഒരു വികസന സംസ്കാരം നമ്മുടെ ഗ്രാമവാസികളിൽ വളർത്തിയെടുക്കാനും പന്തളം ഗ്രാമപഞ്ചായത്തിനെ സർവതോമുഖമായ പുരോഗതിയിലേക്ക് നയിക്കാനും ജനകീയാസൂത്രണ പ്രസ്ഥാനത്തിനു കഴിയും എന്നു കരുതുന്നു. ഈ വികസന സെമിനാറിൽ പഞ്ചായത്തിലെ സർവ മേഖലകളെപ്പറ്റിയും വിശദമായി ചർച്ച നടത്തി പ്രായോഗികമായ ഒരു പഞ്ചവത്സര പദ്ധതി തയ്യാറാക്കാൻ ഈ റിപ്പോർട്ട് മാർഗ ദർശനം നൽകുമെന്ന പ്രത്യാശയോടെ.....

പന്തളം ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന രേഖ ജനസമക്ഷം സമർപ്പിച്ചു കൊള്ളുന്നു.



PANDALAM GRAMAPANCHAYAT MAP



2

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	പന്തളം ഗ്രാമപഞ്ചായത്ത്
ഉൽപ്പെടുന്ന വില്ലേജുകൾ	:	പന്തളം, കുരമ്പാല
ബ്ലോക്ക് പഞ്ചായത്ത്	:	പന്തളം
താലൂക്ക്	:	അടൂർ
അസംബ്ലി മണ്ഡലം	:	പന്തളം
ലോക്സഭാ മണ്ഡലം	:	മാവേലിക്കര
വിസ്തീർണം	:	28.42 ചതുരശ്ര കിലോമീറ്റർ
വാർഡുകൾ	:	14
അതിരുകൾ	:	വടക്ക് – കുളനട, വെണ്മണി പഞ്ചായത്തുകൾ
		വടക്കു കിഴക്ക് – തുമ്പമൺ പഞ്ചായത്ത്
		തെക്ക്-കിഴക്ക് – പന്തളം തെക്കേക്കര പഞ്ചായത്ത്
		തെക്ക് – പാലമേൽ പഞ്ചായത്ത്
		പടിഞ്ഞാറ് – നൂറനാട് പഞ്ചായത്ത്
ജനസംഖ്യ	:	37,733
സ്ത്രീകൾ	:	19585
പുരുഷന്മാർ	:	18148



സാക്ഷരർ	:	22263
ജനസാന്ദ്രത	:	1327.7
ആകെ കെട്ടിടങ്ങൾ	:	10439
ഭവനങ്ങൾ	:	8210
പ്രസിഡന്റിന്റെ പേര്	:	പി.കെ. കുമാരൻ, എം.എൽ.എ.
വൈസ് പ്രസിഡന്റിന്റെ പേര്	:	വൈ. യാക്കൂബ്
സ്റ്റാന്റിംഗ് കമ്മിറ്റി ചെയ്ർ പേഴ്സൺ	:	എസ്സ്. വത്സലാകുമാരി.

പ്രധാന സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനം	എണ്ണം	വാർഡ്	സ്ഥലം
1	പോസ്റ്റോഫീസ്	5		M.S.M, കുരമ്പാല തെക്ക്, പന്തളം. മെഡിക്കൽ മിഷൻ, മുടിയൂർക്കോണം.
2	മൃഗാശുപത്രി	1	XII	കടയ്ക്കാട്
3	ഐ.സി.ഡി.പി. സെന്റർ	1	II	മുടിയൂർക്കോണം
4	കൃഷിഭവൻ	1	VIII	കടയ്ക്കാട്
5	കൃഷിഭവൻ ഉപകേന്ദ്രം		XI	കുരമ്പാല
6	കൃഷി അസിസ്റ്റന്റ് ഡയറക്ടറാഫീസ്	1	VIII	കടയ്ക്കാട്
7	ജില്ലാ മണ്ണുപരിശോധനാ കേന്ദ്രം	1	VIII	കടയ്ക്കാട്
8	ബ്ലോക്കാഫീസ്	1	VI	പന്തളം
9	വി.ഇ.ഒ. ആഫീസുകൾ	3		മുടിയൂർക്കോണം, ഹെഡ്കാർട്ടേഴ്സ് പൂഴിക്കാട്
10	സബ്ട്രഷറി	1	VI	പന്തളം
11	സബ് രജിസ്ട്രാർ ആഫീസ്	1	XIV	പന്തളം
12	ടെലിഫോൺ എക്സ്ചേഞ്ച്	1	VI	പന്തളം
13	ടെലികോം കേന്ദ്രം	1	VI	പന്തളം
14	I.C.D.S. ആഫീസ്	1	XI	കുരമ്പാല
15	ക്ഷീരവികസന ആഫീസ്	1	XI	കുരമ്പാല

ക്രമ നമ്പർ	സ്ഥാപനം	എണ്ണം	വാർഡ്	സ്ഥലം
16	പൊതുമരാമത്ത് അസിസ്റ്റന്റ് എൻജീനിയർ ഓഫീസ്	1	V	തോന്നല്ലൂർ
17	ഇലക്ട്രിസിറ്റി മേജർ സെക്ഷനാഫീസ്	1	V	പന്തളം
18	പോലീസ് സർക്കിൾ ആഫീസ്	1	V	പന്തളം
19	പോലീസ് സ്റ്റേഷൻ	1	V	പന്തളം
20	കെ.എസ്സ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ	1	VI	പന്തളം
21	കേരള സർവകലാശാല പഠനഗവേഷണ കേന്ദ്രം	1	VII	പന്തളം
22	വില്ലേജ് ആഫീസ്	2	VI, XIV	കുരമ്പാല
23	അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ആഫീസ്	1	XIV	പന്തളം
23	പട്ടികജാതി/പട്ടികവർഗ വികസന കോർപ്പറേഷൻ മേഖലാ ആഫീസ്	1	VI	പന്തളം
25	മാവേലിസ്റ്റോർ	1	VI	പന്തളം
26	മന്നംഷുഗർ മിൽ	1	III	മങ്ങാരം
27	ഫാമിംഗ് കോർപ്പറേഷൻ ആഫീസ്	1	III	മങ്ങാരം
28	കെ.ഐ.പി. ഓഫീസ്	1	V	പന്തളം
29	ആയുർവേദാശുപത്രി	1	XI	കുരമ്പാല
30	ഹോമിയോ ഡിസ്പെൻസറി	1	VII	പന്തളം
31	അലോപ്പതി ഡിസ്പെൻസറി	1	VII	പന്തളം
32	K.S.F.E. ബ്രാഞ്ച് ഓഫീസ്	1	VI	പന്തളം
33	ഷുഗർ കെയിൻ സീഡ് ഫാം	1	VIII	കടയ്ക്കാട്
34	ബ്ലോക്ക് പഞ്ചായത്താഫീസ്	1	VI	പന്തളം
35	പന്തളം ഗ്രാമപഞ്ചായത്താഫീസ്		VI	പന്തളം
36	പൊതുവിതരണ കേന്ദ്രങ്ങൾ	24		



3

സാമൂഹ്യ സാംസ്കാരിക ചരിത്രം

'പന്തളം' എന്ന പേരിന്റെ നിഷ്പത്തിയെകുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്.

1. പൊന്തയുടെ അളം 'പൊന്തളം' പഴക്കത്തിൽ പന്തളമായി.
2. 'പന്തിരുകളം' അല്ലെങ്കിൽ 'പന്തിരു ദളം' എന്നതിൽ നിന്ന് പന്തളം ഉണ്ടായി. പന്ത്രണ്ടു കരകൾ ചേർന്നതാണ് പന്തളം പ്രദേശം.
3. 'പാണ്ഡ്യൻ തളം' ലോപിച്ച് പന്തളമായി. പന്തളത്ത് രാജാവ് പാണ്ഡ്യവംശജനെന്ന് വിശ്വാസം.
4. 'പഞ്ചദള'മാണ് കാലാന്തരത്തിൽ പന്തളമായത്

ഉത്ഭവം എങ്ങനെയായാലും 'പന്തളം' മലയാളികൾക്കാകെ പരിചയമാണ്. 'പട പേടിച്ചു പന്തളത്തു ചെന്നപ്പോൾ പന്തം കൊളുത്തി പട' എന്ന വിഖ്യാത ശൈലിയിലൂടെ.

പന്തളം രാജ്യം

പണ്ട് സ്വതന്ത്ര രാജ്യമായിരുന്ന പന്തളം ഭരിച്ചിരുന്നത് മധുരയിലെ പാണ്ഡ്യ വംശത്തിൽ പെട്ട രാജാക്കന്മാരായിരുന്നു. പരാക്രമത്തെക്കാൾ സൽ പെരുമാറ്റവും പാണ്ഡിത്യവും കലാസാഹിത്യാഭിരുചിയും പുലർത്തിയിരുന്ന രാജകുടുംബം. മധുരയിൽ നിന്നു തിരിച്ച് അച്ചൻകോവിൽ, കോന്നി എന്നിവിടങ്ങളിൽ ഇടത്താവളം കണ്ടെത്തി ഒടുവിൽ A.D. 1170 ൽ പന്തളത്തെത്തി ആസ്ഥാനം ഉറപ്പിച്ചു. വേണാട്ടു രാജാവ് മാർത്താണ്ഡവർമ്മ കായംകുളം ആക്രമിച്ചപ്പോൾ പന്തളം വേണാടിനൊപ്പം നിന്നു. വേണാട് വിപുലപ്പെട്ട് തിരുവിതാംകൂറായപ്പോഴും പന്തളം സ്വതന്ത്രപദവി നിലനിർത്തി. എന്നാൽ ടിപ്പുവിന്റെ ആക്രമണമുണ്ടായപ്പോൾ ചെറുത്തുനില്പിന് തിരുവിതാംകൂർ മഹാരാജാവ് പന്തളത്തോട് വലിയൊരു തുക സഹായമാവശ്യപ്പെട്ടു. സാമ്പത്തിക ഞെരുക്കത്തിനിടയിലും ഉദാരനായ പന്തളത്തു രാജാവ് കടം വാങ്ങി യുദ്ധച്ചെലവിലേക്ക് സംഭാവന നല്കി. ഈ കടം തീർക്കാനാവാതെ വന്ന പന്തളത്തു രാജാവ് 1821ൽ രാജ്യം തിരുവിതാംകൂറിന് ബാദ്ധ്യതയുൾപ്പടെ വിട്ടുകൊടുക്കുകയും പകരം തനിക്കും കുടുംബാംഗങ്ങൾക്കും അടുത്തൂൺ സ്വീകരിക്കുകയും ചെയ്തു.



ശബരിമല ശാസ്താവുമായുള്ള ബന്ധം

പന്തളത്തു രാജാവും ശബരിമല ശാസ്താവും തമ്മിലുള്ള ബന്ധം വിഖ്യാതമാണ്. സന്താനമില്ലാതിരുന്ന പന്തളത്തു രാജാവ് പമ്പാ തീരത്ത് ഐശ്വര്യ പൂർണനായൊരു കൈക്കുഞ്ഞിനെകണ്ട് തന്റെ കൊട്ടാരത്തിലേക്ക് കൊണ്ടു പോന്നു. കഴുത്തിൽ കനകമണി ധരിച്ച ശിശുവിന് മണികണ്ഠൻ എന്ന് പേരിട്ടു വളർത്തി. ഹരിഹര ചൈതന്യം സ്വാംശീകരിച്ച് ദുഷ്ടനിഗ്രഹത്തിനായി അവതരിച്ച മണികണ്ഠൻ പിൽക്കാലത്ത് അയ്യപ്പൻ എന്ന പേരിൽ അറിയപ്പെട്ടു. നിയോഗം പൂർത്തീകരിച്ച അയ്യപ്പൻ ശബരിമലയിൽ സമാധിസ്ഥനാവുകയും പന്തളത്തു രാജാവ് സമാധി സ്ഥലത്ത് ക്ഷേത്രം പണിഞ്ഞ് പ്രതിഷ്ഠ നടത്തുകയും ചെയ്തുവെന്ന് വിശ്വസിക്കപ്പെടുന്നു. അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണങ്ങൾ രാജാവു തന്നെ പണി കഴിപ്പിച്ച് കൊട്ടാരത്തിൽ സൂക്ഷിച്ചു. ശബരിമല മകരവിളക്കിന് ഈ തിരുവാഭരണങ്ങൾ ഇന്ന് അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്നു. തിരുവാഭരണത്തോടൊപ്പം യാത്രചെയ്തെത്തുന്ന രാജപ്രതിനിധിക്ക് അയ്യപ്പന്റെ പിതൃസ്ഥാനിയെന്ന നിലയ്ക്ക് രാജകീയ പരിഗണനകളാണിന്നും ലഭിക്കുന്നത്. പന്തളം കൊട്ടാര വളപ്പിലുള്ള പഴയ തേവാരപ്പുര ഇന്ന് പതിനായിരങ്ങളെ ആകർഷിക്കുന്ന വലിയ കോയിക്കൽ മേജർ ക്ഷേത്രമായിരിക്കുന്നു. ക്ഷേത്രഭരണം ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിനാണെങ്കിലും കൊട്ടാരത്തിന്റെ പ്രത്യേകാവകാശങ്ങളും പൂർവാചാരങ്ങളും അഭംഗുരമായി നിലനില്ക്കുന്നു. വൃശ്ചികം ഒന്നിനാരംഭിക്കുന്ന മണ്ഡലക്കാലം മുഴുവൻ ക്ഷേത്ര പരിസരം ഉത്സവ പ്രഹർഷത്തിലാവും. ധനു 28ന് തിരുവാഭരണ ഘോഷയാത്ര പുറപ്പെടുമ്പോൾ ജനബാഹുല്യം പന്തളത്തിനുൾക്കൊള്ളാൻ കഴിയുന്നതിലേറെയാവുന്നു.

മറ്റ് മുഖ്യാരാധനാലയങ്ങൾ

പന്തളത്തെ മറ്റു പ്രധാന ഹൈന്ദവക്ഷേത്രങ്ങൾ തോട്ടക്കോണം മഹാദേവർ ക്ഷേത്രം, തോന്നല്ലൂർ പാട്ടുപുരക്കാവ് ക്ഷേത്രം, പുത്തൻകാവ് ഭഗവതി ക്ഷേത്രം എന്നിവയാണ്. സ്വകാര്യ ക്ഷേത്രങ്ങളാണെങ്കിലും ആയിരക്കണക്കിനു ഭക്ത ജനങ്ങളെ ഇവ ആകർഷിക്കുന്നു. ഉത്സവകാലങ്ങളിലെ 'പറയ്ക്ക് എഴുന്നെള്ളിപ്പ്' പോലുള്ള ചടങ്ങുകൾ ഈ ക്ഷേത്രങ്ങളുടെ സജീവ സാന്നിധ്യം ജനങ്ങൾക്കിടയിലെത്തിക്കുന്നു. ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ചുള്ള വിവിധ കലാപ്രകടനങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും ആസ്വാദ്യകരമാവുന്നു. വിവാഹങ്ങൾ പോലെയുള്ള സാമൂഹ്യാവശ്യങ്ങൾക്കും ഈ ക്ഷേത്രങ്ങളിൽ വിപുലമായ സൗകര്യങ്ങൾ ഉണ്ട്.

പുത്തൻകാവ് ഭഗവതി ക്ഷേത്രത്തിലെ ആണ്ടുത്സവത്തിൽ നടത്തുന്ന 'പടയണി'യും അഞ്ചു വർഷത്തിലൊരിക്കൽ നടത്തുന്ന 'അടവി' എന്ന അനുഷ്ഠാനം വമ്പിച്ച ജനാവലിയെ ആകർഷിക്കുന്നു. വ്രതാനുഷ്ഠാനം കഴിച്ച ഭക്തന്മാർ ദൂരസ്ഥലങ്ങളിൽ നിന്ന് മുള്ളുകൾ നിറഞ്ഞ ചൂരൽ വള്ളികൾ കൊണ്ടുവരുന്നു. ക്ഷേത്ര മുറ്റത്ത് ആയിരങ്ങളെ സാക്ഷി നിർത്തി അവർ ചൂരൽ വള്ളികളിൽ കിടന്നുരുണ്ട് ദേഹത്തെ ചുറ്റുന്നു. ഭക്തിയും അനുഷ്ഠാനവും കൈകോർക്കുന്ന 'അടവി' അത്യപൂർവമായൊരനുഭൂതിയാവുന്നു.

കടയ്ക്കാട് ഭഗവതിക്ഷേത്രം, പട്ടിരേത്ത് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, മുടിയൂർക്കോണം ധർമ്മശാസ്താ ക്ഷേത്രം, കരിപ്പൂർ ഭഗവതി ക്ഷേത്രം, കരങ്ങയിൽ ഭഗവതി ക്ഷേത്രം, പന്തളം മെഡിക്കൽമിഷനു സമീപമുള്ള വിരാട് വിശ്വകർമ്മ മഹാക്ഷേത്രം എന്നിവയും ധാരാളം ഈശ്വര വിശ്വാസികളെ ആകർഷിച്ചുകൊണ്ട് നില നില്ക്കുന്നു.

ക്രൈസ്തവ ദേവാലയങ്ങളിൽ അറത്തിൽ മാർത്തോമ്മാപള്ളി, തലയനാട്ടുപള്ളി, അറത്തിൽ ജാക്കോബൈറ്റ് പള്ളി, കുരമ്പാല സെന്റ് തോമസ് പള്ളി, കുരമ്പാല സിറിയൻ കാത്തലിക് പള്ളി, കുടശ്ശനാട് പള്ളിക്കൽ എന്നിവ പ്രശസ്തമായ ആരാധനാ കേന്ദ്രങ്ങളാണ്.

മുസ്ലീം പള്ളികളിൽ മുഖ്യമായവ കടയ്ക്കാട്, മുട്ടാർ, ചേരിക്കൽ എന്നീ സ്ഥലങ്ങളിലാണ്.

പന്തളത്തു നിലനിൽക്കുന്ന മതസൗഹാർദ്ദത്തിന്റെയും ആരോഗ്യകരമായ പരസ്പര സഹകരണത്തിന്റെയും അടിവേരുകൾ പഴയ രാജവാഴ്ചക്കാലത്തിലേക്കിറങ്ങിനില്ക്കുന്നു. കുടശ്ശനാട് ക്രിസ്ത്യൻ പള്ളിയും കടയ്ക്കാട്

മുസ്ലീംപള്ളിയും പന്തളത്തു രാജാക്കന്മാർ സ്ഥലവും ധനസഹായവും നല്കി പടുത്തുയർത്തിയവയാണ്. വാവരും അയ്യപ്പനും തമ്മിലുള്ള ചങ്ങാത്തം പ്രസിദ്ധമാണല്ലൊ.

കലയും സാഹിത്യവും

പഴയകാലത്ത് പന്തളം കൊട്ടാരം സുകുമാര കലകൾക്ക് അരങ്ങും അണിയറയുമായിരുന്നു. പന്തളം കേരളവർമ്മയെപോലുള്ള പ്രശസ്ത കവികൾക്ക് ഈറ്റില്ലമാവാനും കൊട്ടാരത്തിന് ഭാഗ്യമുണ്ടായി. ബഹുഭാഷാ പണ്ഡിതന്മാരായ തമ്പുരാക്കന്മാരുടെ രക്ഷാധികാരത്തിൽ വിദ്വൽ സദസ്സുകളും കളിയരങ്ങുകളും നടന്നിരുന്നു. വിദേശികളും സ്വദേശികളുമായ പ്രഗത്ഭമതികൾ മത്സരങ്ങളിൽ മാറ്റുരച്ച് സമ്മാനങ്ങളും ബഹുമതികളും നേടി. ഒരു കലാശാലയുടെ അന്തരീക്ഷം കൊട്ടാരത്തിൽ നിലനിന്നിരുന്നു. കൊട്ടാരത്തിനു പുറത്തുനിന്നും ശിഷ്യരെ സ്വീകരിക്കുകയും അറിവിന്റെ വിശാല മേഖലകൾ അവർക്കു മുന്നിൽ തുറന്നുകൊടുക്കുകയും ചെയ്യാൻ പണ്ഡിതരായ കുടുംബാംഗങ്ങൾ മടിച്ചിരുന്നില്ല. കൊട്ടാരത്തിലെ സ്ത്രീകൾ പോലും വൈദുഷ്യത്തിൽ പിന്നോക്കമായിരുന്നില്ല. പന്തളം സുബ്രഹ്മണ്യശാസ്ത്രികൾ, ഇലന്തൂർ രാമസ്വാമി ശാസ്ത്രികൾ, ചുനക്കര ശങ്കരവാര്യർ തുടങ്ങിയ പണ്ഡിത ശ്രേഷ്ഠന്മാർ പന്തളം കൊട്ടാരത്തിലിരുന്ന് ചൊല്ലി പഠിച്ചവരാണ്. പന്തളം കേരളവർമ്മയെ കൂടാതെ മഹാകവി ഉള്ളൂരിന്റെ കേരള സാഹിത്യ ചരിത്രത്തിൽ പരാമർശിക്കപ്പെടുന്നവരുൾപ്പെടെ ഒട്ടേറെ കവികൾക്കും പ്രശസ്ത പണ്ഡിതർക്കും 18, 19 നൂറ്റാണ്ടുകളിൽ പന്തളം കൊട്ടാരം ജന്മം നല്കി. രവിവർമ്മ തമ്പുരാൻ, വിദ്വാൻ രവി വർമ്മ, നീരാഴിക്കെട്ടിൽ കേരളവർമ്മ തമ്പുരാൻ, രേവതിനാൾ കേരളവർമ്മ തമ്പുരാൻ, പൂയം നാൾ രവിവർമ്മ രാഘവവർമ്മ തമ്പുരാൻ എന്നീ പേരുകൾ കൂട്ടത്തിൽ എടുത്തു പറയേണ്ടതാണ്.

മഹാകവി പന്തളം കേരളവർമ്മയെ സ്മരിക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്നത് 'കവന കൗമുദിയാണ്'. കവിതയിലൊരു വർത്തമാനപ്പത്രം! ലോകത്തുതന്നെ അത്യപൂർവമായ ആ സംരംഭത്തിന്റെ ജീവാത്മാവും പരമാത്മാവും 'പദം കൊണ്ടു പന്താടുന്ന' കേരളവർമ്മയായിരുന്നു. കവിതകളും, വാർത്തകളും, ലേഖനങ്ങളും, സാമൂഹ്യ വിവരങ്ങളുമായി മാസം തോറും പുറത്തിറങ്ങിയ 'കവനകൗമുദി' സാഹിത്യത്തിലെ അത്ഭുതമായി ഏറെക്കാലം നില നിന്നു.

കൊട്ടാരക്കെട്ടിനു പുറത്തും പന്തളത്തിന്റെ യശസ്സുയർത്തിയ കലാസാഹിത്യനിപുണന്മാരുണ്ടായി. വലിയൊരു ശിഷ്യസമ്പത്തു നേടി അന്തരിച്ച ആർട്ടിസ്റ്റ് ഗോപാലപിള്ള, ഇന്ന് വാർദ്ധക്യത്തിലും നിരന്തരമായ കലാവാസനയിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസ്റ്റ് വി.എസ്സ്. വല്യത്താൻ എന്നിവർ ചിത്രരചനയിലൂടെയും വിളയിൽ പരമു ആചാരി പ്രതിമാശില്പങ്ങളിലൂടെയും വെണ്മണി സുകുമാരൻ സംഗീതോപാസനയിലൂടെയും പന്തളത്തിന്റെ കലാപാരമ്പര്യം ഉയർത്തിപ്പിടിച്ചു. കലാമണ്ഡലം പന്തളം കേരളവർമ്മ, പന്തളം പരമുപിള്ള, യശശ്ശരീരനായ ചാക്കണ്ടത്തിൽ കേശവപിള്ള എന്നിവർ അറിയപ്പെടുന്ന കഥകളി നടന്മാരാണ്. ലളിത കലാ അക്കാഡമിയുടെയും സാഹിത്യ അക്കാഡമിയുടെയും അവാർഡുകൾക്കർഹനായ പ്രൊഫ. കടമ്മനിട്ട വാസുദേവൻ പിള്ളയുടെ പ്രവർത്തന രംഗം പന്തളമാണിപ്പോൾ. കവിയും ഹഠയോഗിയുമായിരുന്ന തയ്യിൽ സ്വാമികൾ കവി പട്ടിരേത്ത് പി.ആർ. ഗോപിനാഥൻ നായർ നാടൻ കലാരൂപങ്ങളിൽ നിപുണനായ മന്നത്തുകുട്ടിയാശാൻ എന്നിവരും പന്തളത്തിന്റെ കലാ- സാഹിത്യരംഗങ്ങൾക്ക് ഗണ്യമായ സംഭാവനകൾ നല്കി.

സാമൂഹ്യപരിഷ്കരണ യത്നങ്ങൾ, ദേശീയ പ്രക്ഷോഭങ്ങൾ

സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ടപ്പോൾ അതിന്റെ നേരിയ അലകൾ പന്തളത്തും എത്തിയിരുന്നു. പന്തളം കെ.പി. രാമൻപിള്ള, മിസ്സിസ്സ് കെ.പി. രാമൻപിള്ള, പാലത്തടത്തിൽ ഗോവിന്ദപ്പിള്ള, കൊച്ചുകുഞ്ഞു മുതലാളി, പനക്കലയ്യത്ത് ഗോവിന്ദപ്പിള്ള, തോപ്പിൽ നാണുക്കുറുപ്പ് തുടങ്ങി വളരെപ്പേർ ദേശീയ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളിൽ പങ്കെടുത്ത് ജയിൽ വാസമുൾപ്പടെ കഷ്ടനഷ്ടങ്ങൾ സഹിച്ചിട്ടുണ്ട്. രണ്ടു തവണ ഗാന്ധിജി ഇവിടെ വന്ന് സ്വാതന്ത്ര്യ സമരത്തിന് ആവേശം പകർന്നു. ചേരിക്കൽ



ശ്രദ്ധാനന്ദവിലാസം പ്രൈമറി സ്കൂളിന്റെ ഉദ്ഘാടനം നിർവഹിച്ചത് ഗാന്ധിജിയാണ്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇൻഡ്യയുടെ പ്രഥമ പ്രധാന മന്ത്രിയായിരുന്ന ശ്രീ. പണ്ഡിറ്റ് ജവഹർലാലിനോടൊപ്പം അന്നത്തെ കോൺഗ്രസ്സ് പ്രസിഡന്റായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയും മക്കളായ രാജീവ്ഗാന്ധി, സഞ്ജയ്ഗാന്ധി എന്നിവർ ഒരുമിച്ച് പന്തളം സന്ദർശിച്ചിട്ടുണ്ട്.

കേരളത്തിൽ ദേശീയ സ്വാതന്ത്ര്യ സമരവും തൊഴിലാളി – കർഷകാദി ബഹുജനങ്ങളുടെ അവകാശ പ്രക്ഷോഭങ്ങളും, സാമൂഹ്യ നീതിക്കു വേണ്ടിയുള്ള പോരാട്ടങ്ങളും ഇഴ ചേർന്ന് പോയിട്ടുണ്ട്. സ്വാതന്ത്ര്യ സമര പോരാളികൾ പലരും ബഹുജനസമരങ്ങളിലെ നായകന്മാരുമായി. ഇവർ പിന്നീട് ഇടതുപക്ഷ വിപ്ലവ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകി. ശങ്കരനാരായണൻ തമ്പി, സി. അച്യുതമേനോൻ, പനത്താഴ രാഘവൻ, തോപ്പിൽ ഭാസി, എം.എൻ. ഗോവിന്ദൻനായർ, പന്തളം പി.ആർ. മാധവൻപിള്ള, സി.എസ്. ഉണ്ണിത്താൻ, രാമവർമ്മ തുടങ്ങിയവർ ഒളിവിലും തെളിവിലുമായി പന്തളത്തു താമസിച്ച് സമര പ്രക്ഷോഭങ്ങൾക്ക് ഉയിരും ആവേശവും പകർന്നു. 1951–ൽ പന്തളത്തു നടന്ന കർഷക മഹാസമ്മേളനം ചരിത്ര സംഭവമായി.

പന്തളത്തിന്റെ മുഖച്ഛായ മാറുന്നു.

ശ്രീ. മന്നത്തു പത്മനാഭനും അദ്ദേഹം ജന്മം നല്കി വളർത്തിയ നായർ സർവീസ് സൊസൈറ്റിയും പന്തളത്തിന്റെ വളർച്ചക്കും വികസനത്തിനും മറക്കാനാവാത്ത സംഭാവനകൾ നല്കി. അദ്ദേഹം നേതൃത്വം നൽകി പടുത്തുയർത്തിയ ഒട്ടേറെ സ്ഥാപനങ്ങൾ പന്തളത്തിന്റെ അഭിമാന സ്തംഭങ്ങളായി ഉയർന്നു നില്ക്കുന്നു. പന്തളം എൻ.എസ്സ്.എസ്സ് കോളേജ്, പന്തളം ട്രെയിനിംഗ് കോളേജ്, പെരുമ്പുളിക്കൽ പോളിടെക്നിക്ക് എന്നിവ വിദ്യാഭ്യാസ രംഗത്തും എൻ.എസ്സ്.എസ്സ് മെഡിക്കൽ മിഷൻ ആശുപത്രിയും അനുബന്ധ സ്ഥാപനങ്ങളും ആതുര ശുശ്രൂഷാ രംഗത്തും പന്തളത്തിന്റെ മേന്മ നിലനിർത്തുന്നു. ചികിത്സാരംഗത്ത് മികവുറ്റ വേറെയും സ്ഥാപനങ്ങൾ പന്തളത്തുണ്ട്. സി.എം.എസ്. ഹോസ്പിറ്റൽ, ചിത്രാഹോസ്പിറ്റൽ, അർച്ചനാ ഹോസ്പിറ്റൽ എന്നിവ ഈ രംഗത്ത് ഉന്നത നിലവാരം പുലർത്തുന്നു.

പഞ്ചായത്തിന്റെ ആവിർഭാവം

1953ൽ പന്തളം പഞ്ചായത്ത് രൂപം കൊണ്ടു. 1965–ൽ കുരമ്പാല തെക്കേക്കര കൂടി ഉൾപ്പെടുത്തി വിപുലീകരിക്കപ്പെട്ട ഇന്നത്തെ പന്തളം പഞ്ചായത്തിലെ ആദ്യ തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീരാമവർമ്മ പ്രസിഡന്റായി ഒൻപതംഗ പഞ്ചായത്തു കമ്മിറ്റി ഭരണ ഭാരമേറ്റു. തുടർന്നു വന്ന തെരഞ്ഞെടുപ്പുകളിൽ സർവ്വശ്രീ. ബി.ബി. പണ്ടാരത്തിൽ, റ്റി.കെ. ഡാനിയേൽ, കെ.എൻ. തങ്കപ്പൻപിള്ള, റ്റി.എസ്. രാഘവൻപിള്ള എന്നിവർ പഞ്ചായത്തു പ്രസിഡന്റുമാരായി. 1995 ഒക്ടോബറിൽ നടന്ന തെരഞ്ഞെടുപ്പിലൂടെ ശ്രീ. പി.കെ. കുമാരൻ പഞ്ചായത്തു പ്രസിഡന്റായി.

ഇതിനിടയിൽ 1989–ൽ പന്തളം മുൻസിപ്പാലിറ്റിയായി ഉയർത്തപ്പെട്ടുവെങ്കിലും 1993–ൽ വീണ്ടും പഞ്ചായത്തായിത്തീർന്നു. മുൻസിപ്പാലിറ്റി നിലവിലിരുന്ന കാലം മുഴുവൻ ഗവണ്മെന്റ് നിയോഗിച്ച മുൻസിപ്പൽ സ്പെഷ്യൽ ആഫീസറാണ് ഭരണസാരഥ്യം വഹിച്ചിരുന്നത്.

ഉപസംഹാരം

വടക്ക് പന്തളം വലിയ പാലവും തെക്ക് പറന്തൽ പാലവും, കിഴക്ക് കടയ്ക്കാട്ടു പാലവും, പടിഞ്ഞാറ് ഐരാണിക്കുടി പാലവുമാണ് പന്തളം പഞ്ചായത്തിന്റെ നിലവിലുള്ള അതിർത്തികൾ. നെൽപ്പാടങ്ങളും തെങ്ങിൻതോപ്പുകളും, കരിമ്പിൻ തോട്ടങ്ങളും, കപ്പയും വാഴയും വിളയുന്ന കൃഷിയിടങ്ങളും റബ്ബർ തോട്ടങ്ങളുമെല്ലാം ഉൾക്കൊള്ളുന്ന പ്രകൃതി രമണീയമായൊരു ഭൂപ്രദേശം. സർവ്വമത മൈത്രിയുടെ പ്രതീകമായ സാക്ഷാൽ ശ്രീ. അയ്യപ്പന്റെ സാന്നിധ്യം കൊണ്ട് ഭക്തി സാന്ദ്രമായ പുണ്യഭൂമി. സ്വന്തനാടിനെപ്പറ്റി പന്തളത്തുകാർക്ക് ഏറെ അഭിമാനിക്കാം. പക്ഷെ നന്മകളുടെ സമൃദ്ധിയിലും ദു:ഖകരമായ പോരായ്മകൾ നമുക്കു കാണാൻ കഴിയുന്നില്ലേ? നമ്മുടെ നാട്ടുവഴികൾ ഇന്നും വേണ്ടത്ര സഞ്ചാരയോഗ്യമല്ല.

സ്കൂളുകൾ 16 ഉണ്ടെങ്കിലും ചില സ്ഥലങ്ങളിൽ നമ്മുടെ പിഞ്ചുകുഞ്ഞുങ്ങൾക്ക് അക്ഷരം പഠിക്കാൻ മൂന്നു കിലോമീറ്റർ നടക്കണം. സമ്പൂർണ സാക്ഷരതയെപ്പറ്റി ഊറ്റം കൊള്ളുന്ന നമുക്ക് അറിവിന്റെ മേഖലകൾ വികസിപ്പിക്കാൻ നല്ല ഗ്രന്ഥശാലകളില്ല. ആശുപത്രികൾ പലതുണ്ടെങ്കിലും സാധാരണക്കാരന് ന്യായമായ ചെലവിൽ ഫലപ്രദമായ ചികിത്സ ലഭിക്കുന്നില്ല. അഭ്യസ്തവിദ്യരടക്കം തൊഴിലില്ലാത്തവർക്ക് ആശ്വാസമരുളാൻ വ്യവസായ സംരംഭങ്ങളില്ല. ഇതിനൊക്കെ പരിഹാരമുണ്ടാവണം. നിരന്തരമായ ബോധവൽക്കരണത്തിലൂടെ സ്വരൂപിക്കുന്ന കൂട്ടായ്മയും ലക്ഷ്യബോധത്തോടെയുള്ള സ്ഥിരോത്സാഹവുമാണ് നമുക്കാവശ്യം. മറ്റുപല കേരളീയ ഗ്രാമങ്ങളേയും അപേക്ഷിച്ച് സാമൂഹ്യ-സാംസ്കാരിക- സാമ്പത്തിക മേഖലകളിൽ മുന്നോക്കം നില്ക്കുന്ന നമുക്ക് തീർച്ചയായും പ്രതീക്ഷയ്ക്കു വകയുണ്ട്.

പ്രധാന ആരാധനാലയങ്ങൾ

വാർഡ്	എണ്ണം	ആരാധനാലയത്തിന്റെ പേര്	വിഭാഗം	പ്രത്യേകതകൾ
I	1	മുസ്ലീംപള്ളി ചേരിക്കൽ	ഇസ്ലാം	
	2	ധർമ്മാശാസ്താ ക്ഷേത്രം മുടിയൂർക്കോണം	ഹിന്ദു	ആരാധനയുണ്ട്. പഴക്കം ചെന്ന കളത്തട്ട് സംരക്ഷിച്ചു പോകുന്നു.
	3	വല്യതുരുത്തേൽ ശാസ്താ ക്ഷേത്രം	ഹിന്ദു	ഇല്ല
	4	പുതുവന	ഹിന്ദു	കുടുംബക്ഷേത്രം
II	1	കുരുക്കശ്ശേരി ക്ഷേത്രം	ഹിന്ദു	കുടുംബക്ഷേത്രം
	2	മാവിള്ളേത്ത് ക്ഷേത്രം	ഹിന്ദു	കുടുംബക്ഷേത്രം
	3	ന്യൂഇൻഡ്യാ ബൈബിൾ	ക്രൈസ്തവ	കുടുംബക്ഷേത്രം
	4	താഴത്തുവീട് ക്ഷേത്രം	ഹിന്ദു	കുടുംബക്ഷേത്രം
	5	പെന്തക്കോസ്തുമിഷൻ	ക്രൈസ്തവ	ആരാധന നടത്തുന്നുണ്ട്
	6	മാർത്തോമ്മാപള്ളി അറത്തിൽ	ക്രൈസ്തവ	ആരാധന നടത്തുന്നുണ്ട്
	7	യാക്കോബയ്റ്റ് ക്രിസ്ത്യൻ പള്ളി	ക്രൈസ്തവ	ആരാധന നടത്തുന്നുണ്ട്
	8	ഇവാൻജലിക്കൽ പള്ളി	ക്രൈസ്തവ	ആരാധന നടത്തുന്നുണ്ട്
III	1	ധർമ്മശാസ്താക്ഷേത്രം മങ്ങാരം	ഹിന്ദു	ആരാധന നടത്തുന്നുണ്ട്
	2	മുസ്ലീംപള്ളി മങ്ങാരം	ഇസ്ലാം	ആരാധന നടത്തുന്നുണ്ട്
	3	കരണ്ടയിൽ ക്ഷേത്രം	ഹിന്ദു	ആരാധന നടത്തുന്നുണ്ട്
IV	1	കരിപ്പൂർ ഭഗവതി ക്ഷേത്രം	ഹിന്ദു	ആണ്ടുതോറും ഉത്സവം നടത്തുന്നുണ്ട്
	2	പന്തളം മഹാദേവർ ക്ഷേത്രം	ഹിന്ദു	കെട്ടുത്സവങ്ങൾ നടത്തുന്നുണ്ട് ചുമർചിത്രങ്ങൾ പ്രസിദ്ധമാണ്
	3	മുത്താരമ്മൻകോവിൽ പന്തളം	വിശ്വകർമ്മ	ആരാധന നടത്തുന്നുണ്ട്



വാർഡ്	എണ്ണം	ആരാധനാലയത്തിന്റെ പേര്	വിഭാഗം	പ്രത്യേകതകൾ
V	1	പന്തളം ധർമ്മ ശാസ്താ ക്ഷേത്രം	ഹിന്ദു	പന്തളത്ത് പാർപ്പ് ഉറപ്പിച്ച പാണ്ഡ്യരാജാക്കന്മാരുടെ പിൻഗാമികൾ സ്ഥാപിച്ചു.
	2	പാട്ടുപുരക്കാവ് ദേവീക്ഷേത്രം	ഹിന്ദു	ഉത്സവം നടത്തുന്നുണ്ട്
	3	തലയനാട്ട് പള്ളി	ക്രൈസ്തവ	എല്ലാ മതസ്ഥരും ആരാധനയ്ക്ക് എത്തുന്നു
	4	കടയ്ക്കാട് ദേവീക്ഷേത്രം	ഹിന്ദു	എൻ.എസ്സ്.എസ്സ്. കരയോഗം വക
VI	1	തൈക്കാവാ ഇസ്ലാം പന്തളം ഠൗൺ	ഇസ്ലാം	-
	2	നവരാത്രി മണ്ഡപം തോന്നല്ലൂർ	ഹിന്ദു	എല്ലാ വർഷവും നവരാത്രി ഉത്സവം കൊണ്ടാടുന്നു
VII	1	മരുകക്ഷേത്രം പുഴിക്കാട്	ഹിന്ദു	എല്ലാ വർഷവും നവരാത്രി ഉത്സവം കൊണ്ടാടുന്നു
VIII	1	ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം കടയ്ക്കാട് - തെക്ക്	ഹിന്ദു	എല്ലാ വർഷവും നവരാത്രി ഉത്സവം കൊണ്ടാടുന്നു
	2	മുസ്ലിംപള്ളി കടയ്ക്കാട്	ഇസ്ലാം	പഴക്കമുള്ള പന്തളത്തെ ദേവാലയം
	3	പടിപ്പുരതുണ്ടിൽ മുസ്ലീം പള്ളി	ഇസ്ലാം	പഴക്കമുള്ള പന്തളത്തെ ദേവാലയം
	4	വലിയവീട്ടിൽ ഗണപതി ക്ഷേത്രം	ഹിന്ദു	കുടുംബക്ഷേത്രം
IX	1	പുഴിക്കാട് ധർമ്മശാസ്താ ക്ഷേത്രം	ഹിന്ദു	
	2	ഇളംതോടത്ത് ക്ഷേത്രം പുഴിക്കാട്	ഹിന്ദു	
	3	കുടശ്ശനാട് ക്രിസ്ത്യൻ പള്ളി	ക്രിസ്തുമതം	
	4	രക്ഷാസൈന്യ പള്ളി	ക്രിസ്തുമതം	സാൽവേഷൻ ആർമി കുടുംബം
X	1	കൊട്ടയ്ക്കാട് ക്ഷേത്രം	ഹിന്ദു	കുടുംബവക
	2	പറവഴി ക്ഷേത്രം	ഹിന്ദു	കുടുംബവക
	3	കാത്തലിക് ചർച്ച് പുഴിക്കാട്	ക്രിസ്തുമതം	ആരാധനയുണ്ട്
	4	മുകളുംപുറത്ത് പള്ളി	ക്രിസ്തുമതം	ആരാധനയുണ്ട്
	5	യാക്കോബ്ബൈറ്റ് പള്ളി	ക്രിസ്തുമതം	ആരാധനയുണ്ട്
	6	പെന്തക്കോസ്തു ദൈവസഭ	ക്രിസ്തുമതം	ആരാധനയുണ്ട്
XI	1	കോലേലിൽ ദേവീ ക്ഷേത്രം	ഹിന്ദു	ആരാധനയുണ്ട്
	2	സെന്റ്മേരീസ് കാത്തലിക്ക് ചർച്ച് കുരമ്പാല	ക്രിസ്തുമതം	ആരാധനയുണ്ട്
XII	1	പുത്തൻകാവിൽ ഭഗവതി ക്ഷേത്രം കുരമ്പാല	ഹിന്ദു	അടവി മഹോത്സവം നടക്കുന്ന കേരളത്തിലെ ഏക ക്ഷേത്രം
	2	സെന്റ്തോമസ് സിറിയൻ യാക്കോബൈറ്റ് പള്ളി കുരമ്പാല	ക്രിസ്തുമതം	

വാർഡ്	എണ്ണം	ആരാധനാലയത്തിന്റെ പേര്	വിഭാഗം	പ്രത്യേകതകൾ
XIII	1	പെരുമ്പാലൂർ ഭഗനതി ക്ഷേത്രം	ഹിന്ദു	എൻ.എസ്സ്.എസ്സ്. കരയോഗം വക
	2	മൈലാടുംകുളം ക്ഷേത്രം	ഹിന്ദു	
	3	ശ്രീകൃഷ്ണ ക്ഷേത്രം ആതിരമല	ഹിന്ദു	
	4	കത്തോലിക്കാപ്പള്ളി	ക്രിസ്തുമതം	
XIV	1	ശ്രീ നന്തനാർ ശിവക്ഷേത്രം	ഹിന്ദു	
	2	വിരാഡ വിശ്വകർമ്മ ക്ഷേത്രം	വിശ്വകർമ്മ	വിശ്വകർമ്മരുടെ ഒരു പ്രധാന ക്ഷേത്രം
	3	മുസ്ലീം തൈക്കാവ്	ഇസ്ലാം	
	4	മുസ്ലീം തൈക്കാവ് പൂഴിക്കാട്	ഇസ്ലാം	





4

ഭൂപ്രകൃതിയും വിഭവങ്ങളും

പന്തളം ഗ്രാമപഞ്ചായത്ത് പ്രദേശം തെക്കുകിഴക്കു നിന്ന് വടക്കു പടിഞ്ഞാറേക്ക് ചരിഞ്ഞു കിടക്കുന്നു. തെക്കു ഭാഗത്തു സ്ഥിതി ചെയ്യുന്ന ഏറ്റവും ഉയരം കൂടിയ ആതിരമലയും വടക്കോട്ട് ക്രമേണ ഉയരം കുറവുള്ള കുന്നുകളുമാണുള്ളത്.

വടക്കു കിഴക്കുഭാഗം തുമ്പമൺ പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിരും, കിഴക്ക് പന്തളം തെക്കേക്കര പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിരുമായ മാവര പുഞ്ചയും കടയ്ക്കാട്ടു തോടും പന്തളം പഞ്ചായത്തിനെ തുമ്പമൺ പഞ്ചായത്തിൽ നിന്ന് വേർതിരിക്കുമ്പോൾ പടിഞ്ഞാറ് കരിങ്ങാലിൽ പുഞ്ച നൂറനാട് പഞ്ചായത്തിനേയും തെക്ക് പന്നിക്കുന്ന്. ഉടുമ്പിനാകുന്ന് എന്നീ കുന്നുകൾ പാലമേൽ പഞ്ചായത്തിനേയും വേർ തിരിക്കുന്നു. വടക്കേ അതിരായി 6 കി.മീ. നീളത്തിൽ കിഴക്കു പടിഞ്ഞാറായി ഒഴികുന്ന അച്ചൻകോവിലാറ് കുളനട, വെണ്മണി പഞ്ചായത്തുകളിൽ നിന്ന് പന്തളം പഞ്ചായത്തിനെ വേർതിരിച്ചിരിക്കുന്നു. ഈ പ്രദേശത്തിന് 28.42 ച. കി.മീറ്റർ വിസ്തൃതിയാണുള്ളത്.

കുന്നുകളുടെ ഇടയ്ക്കുള്ള പ്രദേശങ്ങൾ പ്രകൃതിദത്തമായി കിഴക്കുനിന്നും പടിഞ്ഞാറേക്ക് വയലുകളായി രൂപാന്തരം പ്രാപിച്ചവയാണ്. 18 കി.മീറ്റർ നീളത്തിലുള്ള ഈ വയലുകൾ ഇരിപ്പൂ, ഒരിപ്പൂ നിലങ്ങളായി കിഴക്ക് പറന്തൽ, വല്ലാറ്റൂർ, തോട്ടുകര, മൊടാണിയിൽ, മുക്കോടിപ്പടി, തോഴക്കംവയൽ, മണ്ണിവയൽ, പാങ്ങിൽ, മാവനാൽ, തോണ്ടുകണ്ടം എന്നീ ഇരുപ്പുനിലങ്ങളും മധ്യഭാഗത്ത് വള്ളിക്കാവിനാൽ, ശാസ്താംപടി, കുരമ്പാലക്കുളം, തഴയിൽ വയൽ എന്നീ ഇരുപ്പൂനിലങ്ങളും സ്ഥിതി ചെയ്യുന്നു. ഏറ്റവും കിഴക്ക് മാവരപ്പുഞ്ചയും, പടിഞ്ഞാറ് വിസ്തൃതിയേറിയ കരിങ്ങാലി പുഞ്ച നിലങ്ങളും കൊണ്ട് അനുഗൃഹീതമാണ് പന്തളം പഞ്ചായത്ത്.

ആറ്റുതീരത്ത് താരതമ്യേന ഉയർന്ന പ്രദേശം മുളമ്പുഴയിലെ കല്ലുംപുറം ഭാഗമാണ്. പടിഞ്ഞാറേ അതിര് വെള്ളക്കെട്ടും ചതുപ്പും കരിങ്ങാലിപുഞ്ചയുമാണ്. പ്രധാന നീരൊഴുക്കു തോടുകളിൽ പറന്തൽ ഐരാണിക്കുടി തോട് ഉദ്ദേശം18 കിലോ മീറ്റർ നീളവും നെല്ലിക്കൽ ബണ്ടു മുതൽ വലിയ തുരുത്തു വരെ ജലസംഭരണിയായി ഉപയോഗിക്കാവുന്ന ചാലും രണ്ടാമതായി മാവരചാലും, കടയ്ക്കാട് തോടും, കടയ്ക്കാട് കല്ലാർ തോടുമുതൽ വാളകത്തിനാൽ തോടും, നാലാമതായി കുരമ്പാലക്കുളം – തഴയിൽ ഏലാ വഴി വാളകത്തിനാൽ തോട്ടിൽ എത്തുന്ന തോടും, അഞ്ചാമതായി വള്ളിക്കാവിനാൽ



കുളം മുതൽ ശാസ്താംപടിക്കൽ നിന്നുള്ള തോടും ചേർന്നുള്ള തോടുകൾ പൂഴിക്കാട് കൃഷിഫാം വഴി വാളകത്തിനാൽ തോടു വരെയുള്ളതുമാണ്.

സസ്യജാലങ്ങൾക്ക് യോജിച്ചതാണ് ഇവിടുത്തെ മൺതരങ്ങൾ. കുന്നിൻ മുകളിൽ ചരൽക്കല്ലും മണ്ണും ചേർന്നുള്ള ഫലഭൂയിഷ്ഠമായ മണ്ണ്, റബ്ബർ കൃഷിക്കും, പാടങ്ങളിൽ ഫലഭൂയിഷ്ടമായ ചെളിമണ്ണും കാണാം. പറമ്പുകളിൽ തെങ്ങ്, മാവ്, പ്ലാവ്, ആഞ്ഞിലി, പറങ്കിമാവ് എന്നീ വൃക്ഷങ്ങൾ കാണാം. തെങ്ങിന് ഇടവിളയായി ചേന, ചീനി, ചേമ്പ്, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ എന്നീ കൃഷികളും വയലുകളിൽ നെല്ല്, വാഴ, പച്ചക്കറികൾ, വെറ്റില എന്നീ സസ്യാവരണവും കാണാം. ജല ലഭ്യത എല്ലാ പ്രദേശത്തും തൃപ്തികരമല്ല. ഉയർന്ന കുന്നിൻ മുകളിൽ വേനൽക്കാലത്ത് ജല ദൗർലഭ്യം അനുഭവപ്പെടുന്നു. ഉയർന്ന പ്രദേശങ്ങളായ ആതിര, പാറക്കുന്ന്, പനയ്ക്കലയ്യത്ത്, കാരമേൽ, മഞ്ചാടി അയ്യംകോളനി, കുരുമ്പേലി മുകൾ, മാവര, കൈപ്പൂരി, കുറ്റിപ്പാലവിള എന്നീ സെറ്റിൽമെന്റ് കോളനികളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. റോഡു സൗകര്യമുള്ള പ്രദേശങ്ങളിലെല്ലാം ജനതാമസമുണ്ട്. റോഡിനോടടുത്ത പ്രദേശങ്ങളിൽ ആൾപ്പാർപ്പ് ഇടതിങ്ങിയും ഉൾപ്രദേശത്ത് ഒറ്റപ്പെട്ട തരത്തിലുമാണ്. ഓരോ വീടും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിച്ചിരിക്കുന്നത്.

ഠൗണിലും അതിനോടടുത്ത പ്രദേശങ്ങളിലും ജനസാന്ദ്രത കൂടുതലാണ്. ഠൗൺ ആയി രൂപാന്തരം പ്രാപിക്കാൻ വെമ്പൽ കൊള്ളുന്ന പ്രദേശത്തേക്ക് ജനവാസം ക്രമേണ കൂടിവരുന്നതായി കാണാം. കാർഷിക വിളകളുടെ സ്ഥാനം നാണ്യവിളയായ റബ്ബർ കൈയടക്കാൻ പാകത്തിൽ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു.

പട്ടിക

പഞ്ചായത്തിലെ കാവുകൾ

വാർഡ്	ക്രമ നമ്പർ	പേര്	വിസ്തീർണ്ണം ഏക്കർ	വിസ്തീർണ്ണം സെന്റ്	ഉടമസ്ഥത	ആരാധന ഉണ്ട്/ഇല്ല	മറ്റഭിപ്രായം
I	1	കോണത്തുകാവ്	0	10	കുടുംബവക	ഉണ്ട്	-
I	2	കണ്ണങ്കര	0	15	കുടുംബവക	-	-
I	3	പുതുവന	0	12	-	ഇല്ല	-
II	4	മാവിളേത്തുകാവ്	0	15	കുടുംബവക	-	-
II	5	കുരുക്കാശ്ശേരിൽ കാവും, ക്ഷേത്രവും	0	46	പൊതുവ്	ഉണ്ട്	കുടുംബക്ഷേത്രം
II	6	ദൈവത്തുംമുട്ടിൽ	0	04	കുടുംബവക	ഉണ്ട്	-
II	7	തരിപ്പോട്ടിൽ	0	06	കുടുംബവക	ഉണ്ട്	-
II	8	ചാമക്കണ്ടത്തിൽ	0	04	കുടുംബവക	ഉണ്ട്	-
II	9	മഞ്ചാടിയിൽ	0	4	കുടുംബവക	ഉണ്ട്	-
III	10	അമ്മൂമ്മക്കാവ്	0	25	പൊതുവിൽ	ഉണ്ട്	-
III	11	കരണ്ടയിൽ ക്ഷേത്രവും കാവും	0	15	കുടുംബവക	ഉത്സവം	

വാർഡ്	ക്രമ നമ്പർ	പേര്	വിസ്തീർണ്ണം		ഉടമസ്ഥത	ആരാധന	മറ്റഭിപ്രായം
III	12	മുട്ടത്തുകാവ്	0	10	കുടുംബവക	ഉണ്ട്	-
IV	13	മുത്തേടത്തുകാവ്	2	00	കുടുംബവക	ഉണ്ട്	-
IV	14	വരിക്കവേലിൽ	0	15	കുടുംബവക	ഉണ്ട്	സർപ്പക്കാവ്
V	15	പേരങ്ങാട്ടുകാവ്	1	50	കുടുംബവക	ഉണ്ട്	-
V	16	മലനടക്കാവ്	0	20	കുടുംബവക	ഉണ്ട്	-
V	17	കാളിയയ്യത്ത്	0	20	കുടുംബവക	ഉണ്ട്	-
V	18	പവ്വത്തുകാവ്	0	20	കുടുംബവക	ഉണ്ട്	-
V	19	കോമട്ടുകാവ്	0	15	കുടുംബവക	ഉണ്ട്	-
V	20	കാവുംമുക്കത്ത്	0	18	കുടുംബവക	ഉണ്ട്	-
V	21	കളീക്കൽകാവ്	0	15	കുടുംബവക	ഉണ്ട്	-
V	22	കടയ്ക്കാട് അമ്പലം കാവ്	0	30	കുടുംബവക	ഉണ്ട്	-
V	23	മാടപ്പള്ളിമേലേതിൽ കാവ്	0	05	കുടുംബവക	ഉണ്ട്	-
V	24	കരിങ്ങോടത്തുകാവ്	0	05	കുടുംബവക	ഉണ്ട്	-
V	25	പനച്ചക്കുന്നിൽ കാവ്	0	15	കുടുംബവക	ഉണ്ട്	-
V	26	നിലയ്ക്കൽ കാവ്	0	05	കുടുംബവക	ഉണ്ട്	-s
V	27	തോന്നല്ലൂർ അമ്പലക്കാവ്	0	04	കുടുംബവക	ഉണ്ട്	-
V	28	മണികണ്ഠൻതറ കാവ്	0	15	കുടുംബവക	ഉണ്ട്	-
V	29	കൊച്ചുപുരയിൽ കാവ്	0	10	കുടുംബവക	ഉണ്ട്	-
V	30	കൊതുവള്ളിൽ കാവ്	0	05	കുടുംബവക	ഉണ്ട്	-
V	31	കാവിൽ കിഴക്കേതിൽ കാവ്	0	10	കുടുംബവക	ഉണ്ട്	-
V	32	ഇല്ലത്തുകാവ്	0	15	കുടുംബവക	ഉണ്ട്	-
VI	33	മൂർത്തി അയ്യത്ത് കാവ് (കോവിൽ)	0	50	കുടുംബവക	ഉണ്ട്	-
VII	34	ഊരാളിശ്ശേരിൽ	0	50	കുടുംബവക	ഉണ്ട്	-
VIII	35	ആതിക്കിനാട്ട്	2	50	കുടുംബവക	ഉണ്ട്	-
VIII	36	അമ്മുമ്മക്കാവ്	0	40	കുടുംബവക	ഉണ്ട്	-
VIII	37	ആശാരിക്കാവ്	0	17	പൊതുസ്ഥലം	ഉണ്ട്	ആരാധന



വാർഡ്	ക്രമ നമ്പർ	പേര്	വിസ്തീർണ്ണം		ഉടമസ്ഥത	ആരാധന	മറ്റഭിപ്രായം
IX	38	ഇളംതോട്ടത്ത് കാവും കളരിയും	3	00	കുടുംബവക	ഉണ്ട്	കുടുംബ ട്രസ്റ്റ് അമ്പലം വക
IX	39	ശാസ്താംകാവ്	0	35	പൊതുവിൽ	ഉണ്ട്	ഉത്സവം നടക്കുന്നുണ്ട്
X	40	കൊട്ടയ്ക്കാട്ടുശ്ശേരിൽ കളരിയും കാവും	1	00	കുടുംബവക	ഉണ്ട്	ഉത്സവങ്ങൾ നടക്കാറുണ്ട്
X	41	പറവഴി കളരിയും കാവും	1	00	കുടുംബവക	ഉണ്ട്	-
X	42	പള്ളിക്കേത്തുകാവും കളരിയും	1	00	കുടുംബവക	ഉണ്ട്	-
X	43	അമ്മൂമ്മക്കാവ്	0	08	കുടുംബവക	ഉണ്ട്	-
XI	44	ചെറിയത്തുകാവ്	1	00	കുടുംബവക	ഉണ്ട്	ആരാധന
XI	45	വെള്ളിനാൽ കാവ്	0	20	കുടുംബവക	ഉണ്ട്	ആണ്ടിൽ ആരാധന
XI	46	തുരുത്തിക്കാലായിൽ കാവ്	0	20	കുടുംബവക	ഉണ്ട്	-
XII	47	പുത്തേരത്തു കളരിയും കാവും	1	00	കുടുംബവക	ഉണ്ട്	-
XII	48	മുക്കോടി കളരിയും കാവും	0	75	കുടുംബവക	ഉണ്ട്	-
XII	49	പുത്തൻകാവിൽ അമ്പലക്കാവ്	2	00	അമ്പലം	ഉണ്ട്	ആണ്ടുതോറും ഉത്സവം
XIII	50	പടിഞ്ഞാറേവീട്ടിൽ	1	80	കുടുംബവക	ഉണ്ട്	-
XIII	51	പെരുമ്പാലൂർ അമ്പലക്കാവ്	2	50	കരയോഗം വക	ഉണ്ട്	-
XIII	52	ഉടയാൻ കാവ്	0	75	കുടുംബവക	ഉണ്ട്	-
XIII	53	പുത്തേത്തുകാവ്	0	60	കുടുംബവക	ഉണ്ട്	-
XIII	54	പൂവംതിട്ടക്കാവ്	0	50	കുടുംബവക	ഉണ്ട്	-
	55	പാലമുകത്തു കാവ്	2	50	N.S.S. കരയോഗം വക	ഉണ്ട്	
	ആകെ		28	81			

കാവുകൾ

ഈ പഞ്ചായത്തിൽ55ൽ പരം കാവുകളുണ്ട്. കൂടാതെ കളരികൾ, കുളങ്ങൾ, കിണറുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവ: ആഫീസുകൾ, റോഡുകൾ, K.I.P. കനാലുകൾ, പാറമടകൾ, വലുതും ചെറുതുമായ നീരൊഴുക്കു തോടുകൾ, അമ്പലങ്ങൾ, പള്ളികൾ, എന്നിവ അങ്ങിങ്ങായി കാണാൻ സാധിക്കുന്നു.

മണ്ണിന്റെ മേന്മ, ഘടന, ഫലപുഷ്ടി എന്നിവ പരിശോധിച്ചുള്ള കൃഷി മാതൃകയല്ല ഇന്നുള്ളത്. ചാണകം, ചാരം, പച്ചിലവളം ഇത്യാദി ഉപയോഗിച്ചിരുന്ന സ്ഥാനത്ത് രാസവള പ്രയോഗമാണ് ഇന്ന് അധികം. വിത്തുകളും പുതിയവതന്നെ.

കർഷകതൊഴിലാളികളും ഇടത്തരക്കാരും നാമമാത്ര കൃഷിക്കാരും ഉദ്യോഗസ്ഥരും ഒരുമിച്ചുള്ള ഒരു ജന സഞ്ചയമാണിന്നുള്ളത്. ആകെ ജനസംഖ്യയുടെ 9 ശതമാനം മാത്രമേ ഉദ്യോഗസ്ഥരായുള്ളു. കാർഷികമേഖലയിലെ വിത്ത്, വളം, കൂലിച്ചെലവ്, അധ്വാനം, കീടനാശിനി പ്രയോഗം എന്നിവയ്ക്കുള്ള ചെലവുകൾ കൃഷിക്കാരനെ ഒരളവുവരെ തളർത്തുന്നു. അതുകൊണ്ട് കാർഷിക മേഖലയിൽ അറിഞ്ഞോ അറിയാതെയോ മാന്ദ്യം അനുഭവപ്പെടുന്നുണ്ട്. ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാറുമില്ല. കൃഷിപ്പണികൾ വിട്ട് കൂറേക്കൂടി ആദായമുള്ള മറ്റു പണികളിലേക്ക് മാറുന്ന പ്രവണതയുണ്ട്.

പട്ടിക - 2
വർഷപാതം

മാസം	വർഷപാതം		പത്തനംതിട്ട ജില്ലയിൽ ശരാശരി മഴ		കേരളത്തിൽ ശരാശരി മഴ	
	പത്തനംതിട്ട	കേരളം	പത്തനംതിട്ട	കേരളം		
			1993	1994	1993	1994
ജനു.	28	15.64	0.00	34.3	0.00	32.45
ഫെ.	41	16.21	29.3	68.0	18.10	30.96
മാർച്ച്	99	37.14	41.3	45.5	21.00	20.28
ഏപ്രിൽ	202	109.78	161.2	142.3	70.60	145.69
മേയ്	306	252.42	287.5	281.1	169.5	157.9
ജൂൺ	585	711.35	630.9	507.3	688.8	836.2
ജൂലൈ	550	720.71	718.5	593.0	804.6	940.99
ആഗസ്റ്റ്	372	433.31	193.9	404.4	293.2	478.91
സെപ്റ്റം.	272	248.57	85.9	168.4	91.7	205.84
ഒക്ടോ.	339	297.28	549.2	664.7	442.7	448.47
നവം.	242	162.71	242.2	242.3	169.3	163.73
ഡിസം.	62	42.35	47.6	62.0	49.3	42.47
	ആകെ		2992.5		2518.6	3497.89
	ശരാശരി				234.9	291.49

കാലാവസ്ഥയിൽ വലിയ മാറ്റം ഉണ്ടാകുന്നില്ല. ഇടവപ്പാതിയും, തുലാവർഷവും കൃത്യമായി ലഭിക്കുമെങ്കിൽ കൃഷിക്കു നേട്ടമുണ്ടാകും. കാലവർഷം ചതിച്ചാൽ കൃഷിക്കാരന് വിളനാശം ഉണ്ടാകും.

പട്ടിക - 3

ഗ്രാഫ്



ശരാശരി താപനിലക്ക് ഒരു വർഷത്തിലുണ്ടാകുന്ന വ്യതിയാനം 96 ജനുവരി - 96 ഡിസംബർ

പട്ടിക - 4

പാറമടകൾ

വാർഡ്	പാറമടയുടെ പേര്	പഴക്കം	ഉടമസ്ഥത	റിമാർക്കുകൾ
XI	1. വെള്ളപ്പാറവിള പാറമട	25	എം. സുകുമാരപിള്ള, വെള്ളപ്പാറവിള കുരമ്പാല	സ്വന്തം സ്ഥലത്താണ്
	2. കോയിക്കോണത്തു വകപ്പാറ	20	കോയിക്കോണത്ത്, തുമ്പമൺ	സ്വന്തം സ്ഥലം
	3. രാജൻ വെള്ളഞ്ചേരിൽ	20		
	4. സദാനന്ദൻ, ചവറ	28		
	5. ബേബികുളത്തു വടക്കേതിൽ	18	ഗവണ്മെന്റുപാറ പാസ്സുമൂലം	ഗവ: പാറ
	6. അനന്തപത്മനാഭൻ, ശ്രീവിഹാർ	10	പൊട്ടിക്കുന്നു	
	7. കുരുമ്പേലിമുകളിൽ	30	സ്വകാര്യ വ്യക്തിയുടെ സ്ഥലം	സ്വകാര്യ സ്ഥലം
	8. തുലുക്കപ്പാറ, കുരമ്പാല	20	ഗവ: വക	പാസ്സുമൂലം പൊട്ടിക്കുന്നു
	9. നീലകണ്ഠപിള്ള കടമാങ്കോട്ട്	18	സ്വകാര്യ വ്യക്തിയുടെ സ്ഥലം	-
	10. തങ്കപ്പൻപിള്ള	18	സ്വകാര്യ വ്യക്തിയുടെ സ്ഥലം	-
XII	കല്ലോട്ടിൽ പാറ	15	സ്വകാര്യ വസ്തു	ഇപ്പോൾ പണിയില്ല
XIII	കുരമ്പാല പാറമട	35	ഗവ: വക പാറമട	P.W.D. വക
	പറക്കുന്നിൽ പാറമട	25	ഗവ: വക പാറമട	പാസ്സുമൂലം പൊട്ടിക്കും

ഈ പഞ്ചായത്തിന്റെ വടക്കേ അതിരിൽക്കൂടി കിഴക്കു പടിഞ്ഞാറായി അച്ചൻകോവിൽ ആറ് ഒഴുകുന്നു. വെള്ളപ്പൊക്കം അപ്രതീക്ഷിതമായുണ്ടായാൽ ആറ്റുതീരത്തെ കൃഷി നശിക്കാനും ആറ്റുതീരം ഇടിയാനും ഇടയാകും. ആറ്റിലെ മണൽ ക്രമാതീതമായി വാരുന്നതുകൊണ്ട് ആറ്റുതീരത്തെ കിണറുകളിലെ ജലനിരപ്പു താഴാനും, കുടിവെള്ളത്തിന്റെ ലഭ്യത കുറയാനും ഇടയാകുന്നുണ്ട്. വയലേലകളിൽ ജലസേചനത്തിനുള്ള വലുതും ചെറുതുമായ നീരൊഴുക്കു തോടുകളും, കുളങ്ങളുമുണ്ടെങ്കിലും യഥാകാലം അവ കെട്ടി സംരക്ഷിക്കുകയോ, ആഴം കൂട്ടി വെള്ളം സംഭരിച്ചു സൂക്ഷിക്കുകയോ ചെയ്യാറില്ല. നേരത്തേ ഉണ്ടായിരുന്നതും ഇപ്പോഴും അവശേഷിച്ചിട്ടുള്ളതുമായ കുളങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്ന പക്ഷം ഒരു പരിധിവരെ വരൾച്ചയിൽ നിന്നും കൃഷിയെ രക്ഷിക്കാൻ കഴിയും. നെൽപ്പാടങ്ങളിലേയും താഴ്ന്നപ്രദേശങ്ങളിലേയും കൃഷിക്കുവേണ്ടി നിർമ്മിച്ചിട്ടുള്ള കെ.ഐ.പി. കനാലുകളിൽ കൂടി പ്രതീക്ഷിച്ച മാതിരി വെള്ളം കിട്ടാറില്ല. അനവസരത്തിലുള്ള വെള്ളമൊഴുക്ക് ഗുണത്തേക്കാളെറെ ദോഷമാണെന്ന് അനുഭവം തെളിയിച്ചിരിക്കുന്നു. യഥാസമയം വെള്ളം കിട്ടാൻ സൗകര്യമുണ്ടാകുന്ന പക്ഷം ഇരുപ്പുനിലങ്ങൾ മൂപ്പുവാക്കാനും ഒരുപ്പുനിലങ്ങൾ ഇരുപ്പുവാക്കി കൃഷിചെയ്യാനും കഴിയും. ഇന്ന് ഈ കനാലുകൾ കാടുപിടിച്ച് ഉപയോഗശൂന്യമായിരിക്കുന്നു.

കാവുകൾ ജൈവസമ്പത്തിനെ ക്രമീകരിക്കുന്നുണ്ട്. മിക്ക വീടുകളിലും പശു, ആട്, എരുമ എന്നീ മൃഗങ്ങളെ വളർത്താറുണ്ടെങ്കിലും ഇവയിൽ നിന്നുള്ള വരുമാനം വേണ്ടത്ര ആദായകരമല്ല. തീറ്റക്കൂലി സാധാരണക്കാരനു താങ്ങാൻ കഴിയാത്ത വണ്ണം ഉയരുന്നു എന്നതാണ് പ്രധാന കാരണം.

ജനസംഖ്യാ വർദ്ധനമൂലം പുതിയ വീടുകളുടെ നിർമ്മാണം ധാരാളമാണ്. ഈ പ്രദേശത്തെ ജനങ്ങളിൽ ഏറിയപങ്കും കൃഷിയേയും, അനുബന്ധ തൊഴിലുകളേയും ആശ്രയിച്ചു കഴിയുന്നവരാണ്. കൃഷിയിൽ നിന്ന് വ്യവസായത്തിലേക്കുള്ള പരിവർത്തനത്തിനു നൂതന പദ്ധതികൾ ഭാവിയിൽ രൂപപ്പെടുത്തി എടുക്കേണ്ടതാണ്.

ആവഴിക്കുള്ള ഒരു പരിശ്രമമുണ്ടാകുമെങ്കിൽ ചെറിയ തോതിലെങ്കിലുമുള്ള ഒരു പുതിയ വ്യവസായ സംസ്കാരം രൂപപ്പെടും. അങ്ങനെ തൊഴിലില്ലായ്മയുടെ കാഠിന്യം കുറയുകയും മനുഷ്യ വിഭവശേഷി കൂടുതൽ ഫലവത്തായി വിനിയോഗിക്കാൻ കഴിയുകയും ചെയ്യുമെന്ന് പ്രത്യാശിക്കാം.





ചരൽ കലർന്ന മണ്ണ്	കുന്ന്, പാറപൊട്ടിക്കുന്നിടം	റബർ, കൂടാതെ മിശ്രകൃഷി	ആതിരമല
ചെമ്മണ്ണുള്ള പ്രദേശം	വിട്ട്-വിട്ട് വീടുകൾ	മരച്ചീനി, കുരുമുളക്	മൈലാടുംകുളം
വളക്കൂറുള്ളിടം ധാരാളം	S/C കോളനികൾ	ഇഞ്ചി, തെങ്ങ്, നെല്ല്	
	Non S/C ഉണ്ട്	തെങ്ങിന് രോഗമില്ല	
വെള്ളംസുലഭമല്ലാത്തിടം		വയൽ, വയൽ നികത്തി	ചേലവിള
ഉണ്ട്		വെറ്റില, പയർ കൃഷി	
കിണർ, കുഴൽക്കിണർ		നീരൊഴുക്ക്	
കാവ്			ടി.എസ്സ്. സ്മാരകവായനശാല
			1000
ചെങ്കൽ മണ്ണ്	റേഷൻ കട, കാപ്പിക്കട	റബ്ബർ	തുരുത്തേൽ ജംഗ്ഷൻ
മണൽ കലർന്ന മണ്ണ്	കൂടുതൽ അടുത്തടുത്ത്	മരച്ചീനി	
	വീടുകൾ	വാഴ, ചേന, ചേമ്പ്	നിരപ്പേൽ സെറ്റിൽമെന്റ്
	പുഴിക്കാട് ശാസ്താക്ഷേത്രം	വഴുതന	കോളനി
	മൊസൈക് വ്യവസായം		2000
			തവളംകുളം
	തവളംകുളം ഹരിജൻ	മരച്ചീനി	
	മന്ദിരം പീപ്പിൾസ് ലൈബ്രറി,	വാഴ	
	ജനസാന്ദ്രത കൂടുതൽ,	വഴുതന പച്ചക്കറി	
	മന്നം ഷുഗർമിൽ ഫാക്ടറി,	വ്യാപകം	
	ഇഷ്ടികച്ചൂള, റബ്ബർ സോൾ	തെങ്ങിൻ പുരയിടത്തിൽ	3000
	ഫാക്ടറി, എസ്.എൻ.ഡി.പി	മൾബറികൃഷി	
	മന്ദിരം, മന്നത്തു കോളനി (S/C)	കരിമ്പ് അപ്രത്യക്ഷമായി	വലക്കടവ് ബണ്ട്
		വരുന്നു.	
	എം.സ്.എം. എൽ.പി.എസ്സ്	കെ.ഐ.പി. കനാൽ	എം.എസ്.എം. ഫാക്ടറി
		വലക്കടവ് ഫണ്ട്	4000
		ലിഫ്റ്റ് ഇറിഗേഷൻ	ചേരിക്കൽ മൈതാനം
			ന്യൂ ഇൻഡ്യ ബൈബിൾ ചർച്ച്
മണലും ചെളിയും	തകിടി പ്രദേശം	കരിമ്പ്	
ചേർന്ന മണ്ണ്	മഴക്കാലത്ത്	ഏത്തവാഴ	
	വീടൊഴിയണം	ചീനി, തെങ്ങ്	
			5000
എക്കൽ ചേർന്ന മണ്ണ്	തോട്ടക്കോണം N.S.S.	വാഴ, കപ്പ	ചക്കാലവട്ടം
	കരയോഗ മന്ദിരം	റബ്ബർ കൂടിവരുന്നു.	
	മഹാദേവക്ഷേത്രം	തെങ്ങ്, കമുക്	
	മുളമ്പുഴ N.S.S. കരയോഗം		
	അച്ചൻകോവിൽ ആറ്റു തീരം		
			പന്തളം മഹാദേവക്ഷേത്രം
			6000
			അച്ചൻകോവിൽ ആറു തീരം


മുകൾ ചെമ്മണ്ണ്
താഴെ കറുത്തപാറ
മാവരപ്പാടം-കറുത്ത
ചെളിമണ്ണ്
വലിയ 9 പാറമടകൾ
മാവര, കൈപ്പൂരിൽ
സെറ്റിൽമെന്റ് കോളനികൾ
കുടിവെള്ള ദൗർലഭ്യം
റബ്ബർ
കുരുമുളക്
ഇഞ്ചി
തെങ്ങ്, തേക്ക്
പറങ്കിമാവ്
കുരമ്പേലിൽ മുകളിൽ
മാവിരപ്പാടം
കൊശക്കുഴി-കറുത്തചെളി
(മൺപാത്ര നിർമ്മിതി
ക്കുപയോഗിച്ച പേർ)
കൂടുതൽ ജനവാസം
മരച്ചീനി
വാഴ, തെങ്ങ്
ചേമ്പ്, ചേന
വെറ്റില, പുഞ്ച
പണിചെയ്യാത്ത പാടം
കൊശക്കുഴി
തലക്കോട്ട് ചിറ
മുകളുംമ്പുറത്ത് കുന്ന്
പുന്തലപ്പടി ജംഗ്ഷൻ
1000
2000
കൃഷിഭവൻ
കടയ്ക്കാട് തെരുവ്
മുസ്ലീംപള്ളി
തലയനാട് പള്ളി
കൊളഞ്ഞിയിൽ മുക്ക്
കാളിയത്ത്കാവ് മുന
3000
കൊച്ചുപുരക്കാവ്
പാട്ടുപുരക്കാവ് ക്ഷേത്രം
4000
മണികണ്ഠനാൽത്തറ



വികസനമേഖലകളുടെ അവലോകനം

5.1A

കൃഷിയും ജലസേചനവും

പന്തളം കുരമ്പാല എന്നീ രണ്ട് റവന്യൂ വില്ലേജുകളിൽ മുട്ടം കര ഒഴിച്ചുള്ളതാണ് പന്തളം ഗ്രാമപഞ്ചായത്ത്. പന്തളം വില്ലേജിന് 1504.6 ഹെക്ടറും കുരമ്പാല വില്ലേജിന് 1337.4 ഹെക്ടറും വിസ്തീർണമുണ്ട്. 631 ഹെക്ടർ നിലവും 1896ഹെക്ടർ പുരയിടവും315ഹെക്ടർ പൊതുസ്ഥലങ്ങളും ചേർന്ന ഭൂമിയുടെ82 ശതമാനം കൃഷിയോഗ്യമാണ്. ഭൂവിസ്തൃതിയിൽ ഏറിയകൂറും ബ്രഹ്മസ്വം, ഇടപ്പള്ളി ഇളങ്ങള്ളൂർ വകയും പന്തളം വലിയകോയിക്കൽ വകയുമായിരുന്നു. കൃഷിക്കാർ പാട്ടം, വാരം, വ്യവസ്ഥകളിൽ ഈ സ്ഥലങ്ങൾ കൃഷി ചെയ്തിരുന്നു. ഭൂനയ ബില്ലിന്റേയും അനുബന്ധ നിയമങ്ങളുടെയും ഫലമായി കൃഷിക്കാർ ഭൂഉടമകളും തനത് കൃഷിക്കാരുമായി. ഈ മാറ്റം കാർഷിക രംഗത്ത് പുരോഗതിയുടെ പാത തുറന്നു. കൃഷിക്കാരിൽ തൊണ്ണൂറ്റിനാലു ശതമാനവും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുടെ ഉടമകളാണ്.

പട്ടിക - 1

ക്രമ നമ്പർ	ഭൂപരിധി	ഉടമകൾ ശതമാന കണക്കിൽ	വിസ്തീർണ്ണം ഹെക്ടറിൽ	വിസ്തീർണ്ണം ശതമാന കണക്കിൽ	കുടുംബങ്ങളുടെ എണ്ണം
1	ഒരു ഹെക്ടറിൽ താഴെ	98.91	2195	94.20	8012
2	ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ	1.02	120	5.15	82
3	രണ്ട് ഹെക്ടറിന് മുകളിൽ	0.07	15	0.65	6
	ആകെ	100	2330	100	8100



പന്തളം ഗ്രാമപഞ്ചായത്തിലെ പ്രധാന കൃഷികൾ നെല്ല്, തെങ്ങ്, റബ്ബർ, കുരുമുളക്, കരിമ്പ്, വാഴ, ഇഞ്ചി, വെറ്റില, പച്ചക്കറികൾ കിഴങ്ങുവർഗങ്ങൾ എന്നിവയാണ്.

മുൻകാലങ്ങളിൽ പ്രകൃതിയെ മാത്രം ആശ്രയിച്ച് നാടൻ നെൽ വിത്തിനങ്ങൾ കൃഷി ചെയ്തിരുന്നു. ഞവര, കൊച്ചുവിത്ത്, അതിക്കിരാഴി, പാണ്ടിവെള്ള, ചേറാടി, വൈക്കത്താര്യൻ, ചെറുമല്ലാര്യൻ, ഇടക്കടവൻ, കൂരിക്കണ്ണി, പാറപിളർപ്പൻ എന്നിവയായിരുന്നു പ്രധാന വിത്തിനങ്ങൾ. കൃഷിക്ക് ജൈവവളങ്ങളെയാണ് ആശ്രയിച്ചിരുന്നത്. കീട പ്രതിരോധത്തിനായി ചാഴിവിലക്ക്, പുഴുവിലക്ക് എന്നീ അശാസ്ത്രീയ മാർഗങ്ങളും ചാരം തൂവൽ, മുറംവീശൽ തുടങ്ങിയ നാടൻ രീതികളും അവലംബിച്ചിരുന്നു. ജലസേചനത്തിന് അറയും ചക്രവും, തോണി, തേക്കുകുട്ട എന്നിവ ഉപയോഗത്തിലുണ്ടായിരുന്നു. ആറ്റിൽ തടയണയിട്ട് പുഞ്ചകളിലേക്ക് വെള്ളം തിരിച്ചിരുന്നു. തോടുകളെയും കുളങ്ങളെയും ജലസേചനത്തിന് ആശ്രയിച്ചിരുന്നു. നിലം ഒരുക്കാൻ കാള, പോത്ത് എന്നിവയെ ഉപയോഗിച്ചിരുന്നു.

ഇന്ന് മെച്ചപ്പെട്ട വിളവ് ലഭിക്കുന്ന പുതിയ ഇനം വിത്തുകളാണ് ഉപയോഗിക്കുന്നത്. നിലം ഒരുക്കാൻ കാള, പോത്ത് എന്നിവയെ ഉപയോഗിച്ചിരുന്നു.

ഇന്ന് മെച്ചപ്പെട്ട വിളവ് ലഭിക്കുന്ന പുതിയ ഇനം വിത്തുകളാണ് ഉപയോഗിക്കുന്നത്. നിലം ഒരുക്കുന്നതിന് യന്ത്രക്കലപ്പകളെയും യന്ത്രോപകരണങ്ങളെയും ആശ്രയിക്കുന്നു. ജലസേചനത്തിന് കനാലുകളും കുളങ്ങളും പമ്പുസെറ്റുകളുമാണ് ഉപയോഗത്തിൽ. ആധുനിക കാർഷിക രീതികളും വളപ്രയോഗവും നെല്ലുല്പാദനത്തിൽ വമ്പിച്ച മുന്നേറ്റത്തിന് വഴിയൊരുക്കിയിട്ടുണ്ട്. എന്നാൽ നെൽ വയലുകൾ വ്യാപകമായി നികത്തി വീടുവയ്ക്കുന്നതിന്റെയും നാണ്യവിളകൾ കൃഷി ചെയ്യുന്നതിന്റെയും ഫലമായി നെൽപ്പാടങ്ങളുടെ വിസ്തൃതി ഗണ്യമായി കുറഞ്ഞുവരുന്നു. വളത്തിന്റെയും കീടനാശിനികളുടെയും അമിത വിലയും കാർഷിക മേഖലയിൽ നിന്നുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും നെൽകൃഷിയെ ഇപ്പോൾ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

പുതിയ നെൽ വിത്തിനങ്ങളും വിളവെടുപ്പിന് വേണ്ടി വരുന്ന സമയവും ശരാശരി വിളവും പട്ടികയിൽ ചുവടെ ചേർക്കുന്നു.

പട്ടിക - 2

ക്രമ നമ്പർ	വിത്തിനങ്ങൾ	വിളവെടുപ്പിനു വേണ്ട സമയം ദിവസകണക്ക്	ശരാശരി വിളവ്/ഹെക്ടർ കിലോഗ്രാം
1	പവിഴം ചെറുത്	105	4260
2	പവിഴം വലുത്	120	4550
3	ഐശ്വര്യ	105	4200
4	വെള്ള ത്രിവേണി	105	4200
5	കുഞ്ഞുകുഞ്ഞ്	120	5100
6	12-90	120	5200
7	60-90	120	5200
8	ആതിര	95	4250
9	ചുവന്ന ത്രിവേണി	90	4250
10	ജയ	90	4250
11	ജ്യോതി	90	4260
12	1007	120	5100
13	മകയിരം	90	4300
14	ഓണം	90	4300

'ഭൂമിയിലെ കല്പവൃക്ഷം' എന്ന് പഴമക്കാർ വിളിച്ചിരുന്ന തെങ്ങ് നമ്മുടെ നാട്ടിലെ അപ്രധാനമല്ലാത്ത കൃഷിയാണ്. പഞ്ചായത്തിലുടനീളം തെങ്ങ് കൃഷി ചെയ്തുവരുന്നു. ഈ പഞ്ചായത്തിൽ തെങ്ങിന്റെ ശരാശരി ഉല്പാദന ക്ഷമത 20-22 മാത്രമാണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ വളരെ താഴെയാണ്. കാറ്റുവീഴ്ച, നാമ്പുചീയൽ, ഓല മഞ്ഞളിപ്പ്, വേര് ചീയൽ തുടങ്ങിയ രോഗങ്ങൾ തെങ്ങിന്റെ ഉല്പാദനക്ഷമതയെ ബാധിക്കുന്നു. ജലസേചനത്തിന്റെ അപര്യാപ്തതയും പരിചരണത്തിന്റെ കുറവും ഈ രംഗത്ത് വളരെയുണ്ട്. ഇപ്പോൾ കൂടു

തൽ ഉല്പാദനക്ഷമതയുള്ളതും വേഗത്തിൽ വിളവു നൽകുന്ന TxD, DxT തുടങ്ങിയ സങ്കര ഇനം തെങ്ങുകൾ കൃഷി ചെയ്തു വരുന്നു. നാടൻ തെങ്ങുകളെപോലെ ദീർഘകാലം ആദായം ലഭിക്കില്ല എന്നൊരു കുറവ് ഇവയ്ക്കുണ്ട്. ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ വേണ്ടത്ര ലഭിക്കുന്നുമില്ല.

തുടക്കത്തിൽ കുന്നിൻ പ്രദേശങ്ങളിൽ ആരംഭിച്ച റബ്ബർ കൃഷി ഇന്ന് പഞ്ചായത്തിലുടനീളം വ്യാപിച്ചിട്ടുണ്ട്. അപൂർവമായെങ്കിലും നിലം നികത്തി റബ്ബർ കൃഷി ചെയ്യുന്നുണ്ട്. കൂടുതൽ ആദായം കിട്ടുന്ന റബ്ബർ ഇനങ്ങൾക്ക് നാടൻ റബർ വഴിമാറിക്കൊണ്ടിരിക്കുന്നു. റബ്ബറിന് ലഭിക്കുന്ന ഉയർന്ന വില മറ്റ് കാർഷിക വിളകളിൽ നിന്നും റബ്ബർകൃഷിയിലേക്ക് വഴിമാറാൻ കർഷകരെ ഒട്ടൊന്നുമല്ല പ്രേരിപ്പിച്ചിട്ടുള്ളത്. റബ്ബർ കൃഷി വ്യാപകമാക്കുന്നതിൽ ശാസ്ത്രീയ കൃഷിരീതി പ്രചരിപ്പിക്കുന്നതിലും റബ്ബർ ബോർഡിന്റെ സേവനം എടുത്തുപറയേണ്ടതാണ്. റബ്ബർ മരങ്ങളും രോഗ വിമുക്തമല്ല. പട്ട മരവിപ്പ് റബ്ബറിനെ ബാധിക്കുന്ന ഒരു പ്രധാന രോഗമാണ്. ഒരു ഹെക്ടർ ഭൂമിയിൽ നിന്ന് പ്രതിവർഷം ശരാശരി 9.5 ടൺ റബ്ബർ കിട്ടുന്നുണ്ട്. വിലയിൽ വരുന്ന ഏറ്റക്കുറവ് കൃഷിക്കാരന്റെ വരുമാനത്തിലും അനിശ്ചിതത്വം സൃഷ്ടിക്കുന്നു.

ഒരു കാലത്ത് പഞ്ചായത്തിലെ മുഖ്യ കാർഷിക വിളകളിൽ ഒന്നായിരുന്നു മരച്ചീനി. സാധാരണക്കാരന്റെ മുഖ്യാഹാരവുമായിരുന്നു. കൃഷിയിടങ്ങളിൽ റബ്ബർകൃഷി നേടിയ മുന്നേറ്റവും വ്യാപകമായ എലിശല്യവും മരച്ചീനികൃഷി ഉപേക്ഷിക്കാൻ കർഷകരെ പ്രേരിപ്പിച്ചു. അനുദിനം ഈ കൃഷി ക്ഷയിച്ചു വരുന്നു. സാധാരണക്കാരന്റെ മുഖ്യാഹാരമായിരുന്ന ഈ കൃഷി അന്യംനിന്നു പോകാതെ സംരക്ഷിക്കേണ്ടതാണ്.

പറമ്പുകളിലെ ഒരു മിശ്രിത വിളയാണ് കുരുമുളക്. പറമ്പരികിലെ വൃക്ഷങ്ങളിലും താങ്ങുകാലുകളിലുമായി ഇത് കൃഷി ചെയ്തുവരുന്നു. പ്രത്യേക പരിചരണമില്ലാതെയാണ് ഇപ്പോൾ ഇവ വളരുന്നത്. കൂടുതൽ വിളവ് നൽകുന്ന കുരുമുളക് ഇനങ്ങൾ ഇപ്പോൾ ലഭ്യമാണ്. വീടുകളിൽ അലങ്കാരച്ചെടികളുടെ സ്ഥാനവും അപൂർവമല്ലാതെ ഇതിനുണ്ട്. ശാസ്ത്രീയമായി കൃഷി ചെയ്താൽ മോശമല്ലാതെ ആദായം ലഭിക്കുന്ന ദീർഘകാല വിളയാണ് കുരുമുളക്. ദ്രുതവാട്ടം എന്ന കുമിൾരോഗം കുരുമുളക് ചെടിയെ ബാധിക്കുന്നുണ്ട്.

പന്തളം പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറൻ പ്രദേശത്ത് കരിമ്പ് വ്യാപകമായി കൃഷി ചെയ്തിരുന്നു. ശർക്കര ഉല്പാദനത്തെ ഉദ്ദേശിച്ച് ആരംഭിച്ച കരിമ്പുകൃഷി മന്നം ഷുഗർ മിൽസിന്റെ സ്ഥാപനത്തോടെ വ്യാവസായിക അടിസ്ഥാനത്തിലുള്ള കൃഷിയായി വളർന്നു. എന്നാൽ മന്നം ഷുഗർമിൽസിന്റെ പ്രവർത്തനം നിലച്ചത് കരിമ്പുകൃഷിക്കാരെ ഒട്ടൊന്നുമല്ല വിഷമിപ്പിച്ചത്. കരിമ്പ് കൃഷിയിടങ്ങൾ പിൽക്കാലത്ത് ഇഷ്ടിക ചൂളകളായി മാറി. ഇന്നും പേരിന് കരിമ്പ് കൃഷി നിലനിന്നു പോരുന്നുണ്ട്. കരിമ്പാട്ടുന്നതിന് ആദ്യകാലങ്ങളിൽ കാളച്ചക്കിനെ ആശ്രയിച്ചിരുന്നെങ്കിൽ ഇപ്പോൾ യന്ത്രവൽക്കൃത ചക്കുകൾ ഉപയോഗിക്കുന്നു. താരതമ്യേന കൂടുതൽ തൊഴിൽ സാധ്യത ഉണ്ടായിരുന്ന ഈ കൃഷിയുടെ നാശം കാർഷിക വൃത്തിയെ ആശ്രയിച്ചു ജീവിക്കുന്ന തൊഴിലാളികളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഒരു വാഴയെങ്കിലുമില്ലാത്ത വീട്ടുവളപ്പ് അപൂർവമാണ്. പാളയങ്കോടൻ, പൂവൻ, പടറ്റി, തേൻകാളി, കണ്ണൻ, കൂമ്പില്ലാകണ്ണൻ, ഞാലിപ്പൂവൻ, ചാമ്പപ്പൂവൻ എന്നീ നാടൻ വാഴയിനങ്ങൾ വീട്ടുവളപ്പിൽ വ്യാപകമായി കൃഷി ചെയ്തു വരുന്നു. ഇവർക്ക് പ്രത്യേക പരിചരണമോ, വളപ്രയോഗമോ ചെയ്യാറില്ല. ഇപ്പോൾ മോറീസ്, റോബസ്റ്റ എന്നീ പുതിയ ഇനം വാഴകൾ പ്രചാരത്തിലുണ്ട്. വാഴകളിൽ പ്രധാന കൃഷിയിനം ഏത്തവാഴയാണ്. ഇത് വാണിജ്യാടിസ്ഥാനത്തിൽ വ്യാപകമായി കൃഷി ചെയ്തുവരുന്നു. കരനിലങ്ങളും കരഭൂമിയും ഒരുപോലെ ഏത്തവാഴകൃഷിക്ക് യോജിച്ചതാണ്. മുന്തിയ പരിചരണവും രാസവളപ്രയോഗവും ആവശ്യമുള്ള കൃഷിയാണ് ഇത്. വാഴയെ ബാധിക്കുന്ന 'ബഞ്ചിടോപ്പ്' എന്ന രോഗത്തിന് ഫലപ്രദമായ പ്രതിരോധ മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. മെച്ചപ്പെട്ട വിളവ് ലഭിക്കുന്ന കിന്റൽ വാഴയുടെ കൃഷിയും പഞ്ചായത്തിൽ പ്രചരിച്ചു വരുന്നു.

സുഗന്ധ വിളയായ ഇഞ്ചി പഞ്ചായത്തിലുടനീളം കൃഷി ചെയ്തുവരുന്നു. കരിനിലങ്ങളും കരഭൂമിയും ഇഞ്ചിക്ക് അനുയോജ്യമാണ്. പച്ചിലകളും ചാണകവുമാണ് ഏറ്റവും യോജിച്ച വളം. രാസവളപ്രയോഗവും ചെറിയ തോതിൽ നടത്തണം. മാണപ്പുഴു എന്ന കീടത്തിന്റെ ആക്രമണം ഇഞ്ചിക്കൃഷിക്ക് ഭീഷണിയാണ്. ശാസ്ത്രിയമായി കൃഷി ചെയ്താൽ ഭേദപ്പെട്ട ആദായം ലഭിക്കുന്ന നാണ്യവിളയാണ് ഇഞ്ചി.

നീർവാർച്ചയുള്ളതും ജലസേചന സൗകര്യമുള്ളതുമായ സ്ഥലമാണ് വെറ്റിലകൃഷിക്ക് യോജിച്ചത്. വിരുപ്പു നിലങ്ങളിലും കരക്കും വെറ്റിലകൃഷി ചെയ്തുവരുന്നു. നന്നായി പരിചരണം ആവശ്യമുള്ള കൃഷിയാണ് വെറ്റില. ജൈവവളങ്ങളോടൊപ്പം രാസവളവും ക്രമമായി നൽകണം. എല്ലാ ദിവസവും നനക്കണം. ആഴ്ചതോറും വിളവെടുക്കാവുന്ന കൃഷിയാണിത്. ഈ കൃഷിയെ ബാധിക്കുന്ന ഒരു കുമിൾ രോഗമാണ് പാണ്ഡം. ഈ രോഗത്തെ നിയന്ത്രിക്കുവാൻ ഫലപ്രദമായ മാർഗം നിലവിലില്ല. വില സ്ഥിരതയുമില്ല.

പാവൽ, പടവലം, കോവൽ, വെള്ളരി, കുമ്പളം, മത്തൻ, ചീര, വഴുതന, വെണ്ട, പച്ചമുളക്, പയറ് എന്നിവയാണ് ഇവിടെ കൃഷിചെയ്യുന്ന പച്ചക്കറി ഇനങ്ങൾ. ഇവ വീട്ടുവളപ്പിൽ അടുക്കളത്തോട്ടമായും വാണിജ്യാടിസ്ഥാനമായും കൃഷിചെയ്തുവരുന്നു. ജലസേചന സൗകര്യമുള്ള ഭൂമിയാണ് പച്ചക്കറി കൃഷിക്ക് ഉത്തമം. വിരുപ്പു നിലങ്ങളിൽ ഇടക്കാല കൃഷിയായി ഇപ്പോൾ പച്ചക്കറി കൃഷി ചെയ്തുവരുന്നു. ഉല്പാദനവും ആവശ്യവും തമ്മിൽ വലിയ അന്തരമാണ് ഈ രംഗത്തുള്ളത്. പച്ചക്കറികൃഷിക്കുള്ള വൻ സാധ്യതയിലേക്കും പ്രാധാന്യത്തിലേക്കും ഇത് വിരൽ ചൂണ്ടുന്നു. ആവശ്യമായ പച്ചക്കറി ഇവിടെത്തന്നെ ഉല്പാദിപ്പിക്കുവാൻ ബോധപൂർവമായ പരിശ്രമം നടത്തേണ്ടതാണ്.

മരച്ചീനി, ചേന, കാച്ചിൽ, വെട്ട്ചേമ്പ്, ചെറുചേമ്പ്, കിഴങ്ങ്, മധുരക്കിഴങ്ങ്, കൂർക്ക എന്നിവയാണ് പ്രധാന കിഴങ്ങ് വർഗങ്ങൾ. ഇവ നമ്മുടെ ആഹാരത്തിന്റെ പ്രധാന ഭാഗങ്ങളാണ്. ഈ കൃഷി പൂർണമായും പ്രകൃതിയെ ആശ്രയിച്ച് നിലനിൽക്കുന്നു. സൂര്യപ്രകാശം നന്നായി ലഭിക്കുന്ന ഭൂമിയാണ് കൃഷിക്കനുയോജ്യം. ജൈവരാസവളങ്ങൾ കൃഷിക്കുപയോഗിക്കുന്നു. കിഴങ്ങുവർഗകൃഷിയുടെ മുഖ്യ ശത്രുവാണ് എലി. ഒരു കാലത്ത് സമൃദ്ധമായിരുന്ന ഈ കൃഷിവകകൾ ഇപ്പോൾ നാമമാത്രമായി ത്തീർന്നിരിക്കുന്നു. പച്ചക്കറിക്കെന്നപോലെ കിഴങ്ങുവർഗങ്ങൾക്കും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന കാലം വിദൂരമല്ല.

ഒരു കാലത്ത് നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി കൃഷി ചെയ്തിരുന്ന എള്ള്, പയർ, മുതിര, ഉഴുന്ന്, പഞ്ഞിപ്പുല്ല്, ചാമ എന്നീ ധാന്യങ്ങൾ പേരിനുപോലും ഇന്ന് കൃഷിചെയ്യുന്നില്ല. ഇവയെല്ലാം മണ്ണിന്റെ വളാംശം നിലനിർത്താൻ സഹായിച്ചിരുന്നു. അന്യം നിൽപ്പിന്റെ വക്കിലെത്തി നിൽക്കുന്ന ഈ പോഷക സമൃദ്ധമായ ധാന്യങ്ങളുടെ കൃഷി നിലനിൽക്കേണ്ടതും സംരക്ഷിക്കപ്പെടേണ്ടതുമാണ്.

പട്ടിക

വിളവിസ്തീർണവും ഉല്പാദനവും

ക്രമ നമ്പർ	വിള	വിസ്തീർണ്ണം ഹെക്ടർ	മൊത്തം ഉല്പാദനം കിലോഗ്രാം	ഉല്പാദനം ഹെക്ടർ ഒന്നിന് കിലോഗ്രാം
1	നെല്ല്	530		
2	പയർ	2	400	200
3	എള്ള്	3	750	250
4	പച്ചക്കറികൾ	75	7500	1000
5	വാഴ	90	675000	7500
6	മരച്ചീനി	235	2350000	10000
7	മറ്റ് കിഴങ്ങ് വർഗങ്ങൾ	247	1235000	5000
8	തെങ്ങ്	48	216000 എണ്ണം	4500 എണ്ണം
9	റബ്ബർ	226	203400	900
10	കുരുമുളക്, കൊക്കൊ, സുഗന്ധ കമുക്, തെങ്ങ്, പ്ലാവ്, മാവ്, കശുമാവ്,.... മിശ്രവിളകൾ വിളകൾ,	875	മിശ്രിത വിളകളായതിനാൽ ഹെക്ടർ കണക്കിൽ വിളവ് കണക്കാക്കിയിട്ടില്ല	
ആകെ		2331		

അവലംബം: കൃഷിഭവൻ രേഖകൾ

കാർഷിക മേഖലയിൽ നിന്നുള്ള തൊഴിലാളികളുടെ ഒഴിഞ്ഞുപോക്കും ഉയർന്ന കൃഷിച്ചെലവും കൃഷിക്കാരെ ഒട്ടൊന്നുമല്ല വിഷമിപ്പിക്കുന്നത്. ഇന്ന് പഞ്ചായത്തിലെ കാർഷികമേ

ഖല വേണ്ടത്ര ചാലകമല്ല. ജീവിക്കാൻ കാർഷിക മേഖലയെ ആശ്രയിക്കുന്നവരല്ല ഭൂവുടമകളിൽ നല്ലൊരു പങ്ക്. ലാഭേച്ഛയോടെ മാത്രം ഇവർ കൃഷിയെ നോക്കിക്കാണുന്നു. ഇത് നമ്മുടെ കാർഷിക വളർച്ചക്ക് സഹായകമല്ല. കാർഷിക മേഖലയിൽ കൃഷിക്കാരെ ഉറപ്പിച്ചു നിർത്താൻ ഗവണ്മെന്റിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും. കാർഷിക വിളകൾക്ക് ഉൽപ്പാദന ചെലവുമായി ബന്ധപ്പെടുത്തി ന്യായവില ഉറപ്പുവരുത്തുക, ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കൃഷിക്കാരെ രക്ഷിക്കുക, വിളനാശത്തിന് മതി.യായ സഹായധനം ഉറപ്പുവരുത്തുക, കൃഷി സുഗമമാക്കാൻ വേണ്ട ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുക തുടങ്ങിയവ.

ജലസേചനം

അച്ചൻകോവിലാറും തോടുകളും കുളങ്ങളുമാണ് പഞ്ചായത്തിൽ ജലസേചനത്തിനുപയോഗിച്ചിരുന്നത്. ചെറുതും വലുതുമായ58 തോടുകൾ ഈ പഞ്ചായത്തിലുണ്ട്. ഇവയിൽ അധികവും വേനൽക്കാലത്ത് വറ്റുന്നവയാണ്. തോടുകൾ ജലസേചനത്തിന് ഉപയോഗിക്കുന്നവ എന്നും നീരൊഴുക്കിനുള്ളവയെന്നും തരംതിരിക്കാം. ചെറുതും വലുതുമായി പ്രധാനപ്പെട്ട 61 കുളങ്ങളും പഞ്ചായത്തിലുണ്ട്. ഇപ്പോൾ ജലസേചനം ലക്ഷ്യമാക്കി നിർമ്മിച്ച KIP കനാൽ പഞ്ചായത്തിൽ ഒട്ടെല്ലാ വാർഡുകളിലൂടെയും കടന്നു പോകുന്നു. വലിയ പ്രതീക്ഷ ജനിപ്പിച്ചു കൊണ്ടാണ്KIP കനാൽ നിർമ്മിച്ചതെങ്കിലും ജലസേചന ലക്ഷ്യം കൈവരിക്കുന്നതിൽ ഇത് ഉപകരിച്ചിട്ടില്ല.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ജലസേചന ജലനിർഗമന തോടാണ് പറന്തൽ-ഐരാണിക്കുടി തോട്. ഏകദേശം18 കിലോമീറ്റർ നീളമുള്ള ഈ തോട്ടിൽ വർഷം മുഴുവൻ ജലം ലഭ്യമാണ്. വേണ്ടപോലെ സംരക്ഷിക്കുകയും ശാസ്ത്രീയമായി പുന:സംവിധാനം ചെയ്യുകയും ചെയ്താൽ പഞ്ചായത്തിലെ കാർഷിക മേഖലയെയും നീരൊഴുക്കിനെയും ഒരുപോലെ സഹായിക്കാൻ ഇതിന് കഴിയും.

കടയ്ക്കാട്, കല്ലാർ, വാളവത്തിനാൽ തോട് പഞ്ചായത്തിൽ 8, 7, 5, 6,3 വാർഡുകളിലൂടെ വാളവത്തിനാൽ പുഞ്ചയിൽ അവസാനിക്കുന്നു. ഒരു കാലത്ത് ജലസമൃദ്ധമായിരുന്ന കുറുന്തോട്ടയം മുട്ടാർ ചാലുകൾ ഇതിന്റെ ഭാഗമാണ്. ചാലുകൾ നികന്നും ജലസസ്യങ്ങൾ വളർന്നും ഈ തോട് ഇന്ന് ഉപയോഗ ശൂന്യമായിരിക്കുന്നു. കര ഇടിച്ചിൽ തടയുകയും തോടുകളുടെ ആഴം വർധിപ്പിക്കുകയും ചെയ്താൽ പന്തളത്തെ വെള്ളപ്പൊക്ക ഭീഷണി ഒരു പരിധിവരെ തടയാൻ ഈ തോടിന് കഴിയുന്നതാണ്. തോട്ടിലെ ജലവിതാനം ഉയർത്തി കൃഷിയാവശ്യത്തിന് ഉപയോഗിക്കാൻ ഏതാനും തടയണകൾ നിർമ്മിക്കുന്നതിനെകുറിച്ച് ഗൗരവപൂർവം ചിന്തിക്കേണ്ടതാണ്. പഞ്ചായത്തിലെ പ്രധാന തോടുകളും കുളങ്ങളും പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക - 3

ഭൂപ്രകൃതി

ക്രമ നമ്പർ	ഭൂപ്രകൃതി ഹെക്ടർ	വിസ്തീർണ്ണം	ശതമാനം
1	താഴ്വര	631	22.20
2	ഉയർന്ന പ്രദേശം	355	12.49
3	കുത്തനെയുള്ള ചരിവ്	30	1.06
4	മിതമായ ചരിവുള്ള കുന്ന്	1826	64.25
	ആകെ	2842	100

പട്ടിക - 4

ഭൂവിനിയോഗം

ക്രമ നമ്പർ	വിനിയോഗം	വിസ്തീർണ്ണം ഹെക്ടർ	ശതമാനം
1	മിശ്രിതവിളകൾ	1488	52.5
2	തെങ്ങ്	48	1.7
3	കാവുകൾ, മിശ്രമരങ്ങൾ	8	3
4	റബ്ബർ	226	8
5	നെല്ല്	530	18.5
6	കെട്ടിടങ്ങൾ, സ്വകാര്യവഴികൾ	227	8
	കുളങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ...		
7	പൊതുവഴികൾ, സ്ഥാപനങ്ങൾ, കുളം നീരൊഴുക്കുകൾ.....	315	11

പുഴിക്കാട് ഫാം സെന്ററിനോടനുബന്ധിച്ചുള്ള ചിറ,



തലക്കോട്ട് ചിറ, വള്ളിക്കാവിനാൽ കുളം, ആമപ്പുറം ചാൽ, തഴയിൽകുളം തുടങ്ങി ചെറുതും വലുതുമായി 61 കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വാട്ടർ സ്റ്റേഡിയങ്ങളായും മീൻവളർത്തൽ കേന്ദ്രങ്ങളായും ജലസ്രോതസ്സായും ഈ കുളങ്ങളെ ഉപയോഗിക്കാൻ കഴിയും. ജലലഭ്യതയുടെ അടിസ്ഥാനത്തിൽ ഇവയുടെ ആഴംകൂട്ടുകയും അതിർ കെട്ടി സംരക്ഷിക്കുകയും വേണം.

പട്ടിക - 8

പ്രധാന നീരൊഴുക്കു തോടുകൾ

ക്രമ നമ്പർ	തോടിന്റെ പേര്
1	പറന്തൽ ഐരാണിക്കുടി തോട്
2	K.I.P. കനാൽ
3	മാവര-കടയ്ക്കാട്-മുട്ടാർ-വാളകത്തിനാൽ തോട്
4	ഇരട്ടടി തോട്
5	വയക്കുളം പഷ്ണാമുറി തോട്
6	വെൺകുളം ആനക്കുഴി തോട്
7	വള്ളികാവിനാൽ കുളം - ചിറമുടി തോട്
8	തണുങ്ങാട് വയയ്ക്കൽ ഏലാതോട്
9	വയക്കടവ് - മണ്ണിക്കൊല്ലാ തോട്
10	കിളികൊല്ലൂർ പുഞ്ച തോട്
11	പെരുന്തോട്
12	കല്ലാർതോട്
13	നിലക്കൽ പടി - തോണ്ടുകുളം - തോണ്ടുകുളം തോട്
14	തോണ്ടുകണ്ടം - മണത്തറ തോട്
15	മണത്തറ - വലിയകൊല്ലാ കരത്തോട്
16	കുളവള്ളി - മാവരച്ചാൽ തോട്
17	കൊച്ചുകുളം തഴയിൽ ഏലാ തോട്
18	ചിറവയൽ കാട്ടുകണ്ടം തോട്
19	മണ്ണിവയൽ ഏലാ കരത്തോട്
20	കടമാൻകോട് - മുടിപ്പടിതോട്
21	ഇലഞ്ഞിക്കൽ തോട്ടുകരതോട്
22	കുറുമറ്റം നടുവത്തറ തോട്
23	പെരുമ്പാലൂർ തോട്ടുകരതോട്
24	വള്ളിക്കാവിനാൽ വെന്നവിഴ തോട്
25	മഞ്ഞനങ്കുളം തോട്ടാപുഴയാറ്റിൽ തോട്
26	ശാസ്താംവട്ടം - മാന്ത്രയിൽ കടവ്തോട്
27	വലിയകൊല്ലാ - കോഴിച്ചാൽ തോട്
28	ആറുകൊല്ലാതോട്
29	കരിയിച്ചിറ പുല്ലൊഴം ചായിക്കാരൻ കൊല്ലാതോട്
30	മുപ്പത്തി ഏലാതോട്
31	ചൂരക്കോട്ട് തോട്
32	വെൺകുളം കടുവൻകട വയൽത്തോട്
33	പനച്ചിലാംകണ്ടം ആനക്കുഴി തോട്
34	ഈയാംകോട് - കീപ്പള്ളിതോട്
35	മഞ്ഞനംകുളം - മണ്ണാകുഴിത്തറ
36	കിളിവള്ളൂർ പുഞ്ച കല്ലാർ തോട്
37	തവളംകുളം - ചിറമുടി തോട്
38	തോണ്ടലിൽ ചിറ - ചിറമുടി തോട്
39	കഞ്ചുകോട് - നെട്ടകം വയൽതോട്
40	കച്ചനംകോട്ട് - കൈതക്കാട്ട് - കണ്ണമംഗലം തോട്
41	പോക്കാട്ടുചിറ - കൈതക്കോട്ടുപടി തോട്
42	ഏലക്കോട്ട് നെട്ടകം വയൽ - വലിയതോട്
43	കൊടുന്താറ്റ് - പാങ്ങൽതോട്
44	ചാക്കുഴികുളം - വെന്നിക്കോട് തോട്
45	മൈമടന്തൽ - മണ്ണിച്ചിറ തോട്
46	വലക്കടവ് - തോഴക്കംവയൽ മണ്ണിച്ചിറ തോട്
47	കല്ലൊഴം - കൂനങ്കാവ് ചിറമുടിതോട്
48	മണ്ണിച്ചിറ - ഓണങ്കോട് തോട്
49	ഇലഞ്ഞിക്കൽ തോട്ടുകര തോട്
50	കുറുമുറ്റം - നടുവത്തറ തോട്
51	കുരമ്പാലക്കുളം - വാളകത്തിനാൽ തോട്
52	കൂനങ്കാവ് - വെന്തവഴി പുഞ്ചതോട്
53	ശാസ്താംകുളം - കാട്ടുകണ്ടം തോട്
54	മാവിനാപ്പടി - പള്ളിത്തോട്
55	പണിക്കശ്ശേരി മല്ലപ്പള്ളി തറത്തോട്

പട്ടിക

പ്രധാന ജലാശയങ്ങൾ

ക്രമ നമ്പർ	ജലാശയത്തിന്റെ പേര്	ഉടമസ്ഥത
1	തലക്കോട്ടുചിറ	പഞ്ചായത്ത്
2	വള്ളിക്കാവനാൽ കുളം	പഞ്ചായത്ത്
3	കൊച്ചുകുളം	പഞ്ചായത്ത്
4	ഈയങ്കോട്ടുകുളം	പഞ്ചായത്ത്
5	പെരുമിറ്റത്തുകുളം	പഞ്ചായത്ത്
6	പുത്തൻകുളം	പഞ്ചായത്ത്
7	ചാക്കുഴികുളം	പഞ്ചായത്ത്
8	ചിറമുടി ചിറ	പഞ്ചായത്ത്
9	തേവലത്തെക്കേതിൽ കുളം	പഞ്ചായത്ത്
10	ഈയങ്കോട്ട് തെക്കേ കുളം	പഞ്ചായത്ത്
11	മാധവൻ കൊല്ലാകുളം	പഞ്ചായത്ത്
12	ഈയങ്കോട്ട് പടിഞ്ഞാറേക്കുളം	പഞ്ചായത്ത്
13	പുളിമുട്ടത്തു തെക്കേകുളം	പഞ്ചായത്ത്
14	പുളിമുട്ടത്ത് ഇടഭാഗം കുളം	പഞ്ചായത്ത്
15	പോഴംകൊല്ലാ കുളം	പഞ്ചായത്ത്
16	പാത്തോണ്ടിൽ കുളം	പഞ്ചായത്ത്
17	പാറേകൊല്ലാ കുളം	പഞ്ചായത്ത്
18	കരിങ്കുറ്റിക്കൽ കുളം	പഞ്ചായത്ത്
19	പുത്തൻകൊല്ലാ കുളം	പഞ്ചായത്ത്
20	കിളിവള്ളൂർ കിഴക്കു കുളം	പഞ്ചായത്ത്
21	പൂഴിക്കാട് ശാസ്താക്ഷേത്ര കുളം	ക്ഷേത്രം വക
22	തവളകുളം	പഞ്ചായത്ത്
23	വള്ളിക്കാവനാൽ മാട്ടുകുളം	പഞ്ചായത്ത്
24	തേവരുകുളം	പഞ്ചായത്ത്
25	കുനങ്കാവിൽ കുളം	പഞ്ചായത്ത്
26	മുളനിൽക്കുന്നതിൽ കുളം	പഞ്ചായത്ത്
27	പറന്തൽ കുളം	പഞ്ചായത്ത്
28	പെരുമ്പാല്യൂർ കുളം	പഞ്ചായത്ത്
29	ചെല്ലിക്കുഴി കുളം	പഞ്ചായത്ത്
30	കിളിവയൽ കുളം	പഞ്ചായത്ത്
31	കോയിക്കപറമ്പിൽ കുളം	സ്വകാര്യം
32	മുള്ളങ്കോട്ടു പറമ്പിൽ കുളം	സ്വകാര്യം
33	മാവിനാൽ പടി കുളം	സ്വകാര്യം
34	ഇടത്തറയിൽ കുളം	സ്വകാര്യം
35	തറയിൽ കുളം	സ്വകാര്യം
36	വലിയചാൽ	പഞ്ചായത്ത്
37	വഷ്ണാമുറിച്ചാൽ	പഞ്ചായത്ത്
38	കോഴിച്ചാൽ	പഞ്ചായത്ത്
39	ആറ്റുകൊല്ലാ ചാൽ	പഞ്ചായത്ത്
40	മൂന്നുകുറ്റിചാൽ	പഞ്ചായത്ത്
41	പോഴംകൊല്ലാ കീപ്പള്ളിചാൽ	പഞ്ചായത്ത്
42	മേലേമുപ്പത്തി ചാൽ	പഞ്ചായത്ത്
43	പോഴംകൊല്ലാ പടിഞ്ഞാറേ കുളം	പഞ്ചായത്ത്
44	കരിങ്കുറ്റിക്കൽ പടിഞ്ഞാറേ കുളം	പഞ്ചായത്ത്
45	വയക്കൽ കുളം	പഞ്ചായത്ത്
46	ചെറുകോണത്ത് മൂലയിൽ കുളം	പഞ്ചായത്ത്
47	മണ്ണിക്കാലാ വടക്കേകുളം	പഞ്ചായത്ത്
48	മേലേമുപ്പത്തി തെക്കേകുളം	പഞ്ചായത്ത്
49	മേലേമുപ്പത്തി വടക്കേകുളം	പഞ്ചായത്ത്
50	താഴേമുപ്പത്തി കുളം	പഞ്ചായത്ത്
51	ആറുകൊല്ലാ കുളം	പഞ്ചായത്ത്
52	മേലേചൂരക്കോട്ടു കുളം	പഞ്ചായത്ത്
53	മൂന്നുകുറ്റി കുളം	പഞ്ചായത്ത്
54	രണ്ടുകുറ്റി കുളം	പഞ്ചായത്ത്



55	കരിയിലച്ചിറ കുളം	പഞ്ചായത്ത്
56	പതിക്കുഴത്തിൽ തെക്കേകുളം	പഞ്ചായത്ത്
57	കണ്ണങ്കര താഴേകുളം	പഞ്ചായത്ത്
58	ചോനേകാട്ട് കുളം	പഞ്ചായത്ത്
59	ചായക്കാര് കുളം	പഞ്ചായത്ത്
60	തണുങ്ങാട്ടിൽ കുളം	പഞ്ചായത്ത്
61	ആനക്കുഴി കുളം	പഞ്ചായത്ത്

പുഞ്ചപ്പാടങ്ങളുടെ നടുവിൽ ഉള്ള ചാലുകളും ജലസംഭരണികളും കയ്യേറ്റം മൂലം വിസ്തീർണ്ണം കുറഞ്ഞും മണ്ണൊലിച്ച് നികന്നും നാശോന്മുഖമാണ്. ഈ ജലസംഭരണികളെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത് ഈ മേഖലയുടെ പരിസ്ഥിതി നിലനിർത്താൻ ആവശ്യമാണ്.

പരിഹാര നിർദ്ദേശങ്ങൾ

1. പ്രധാന വിളകളെ ആക്രമിക്കുന്ന രോഗങ്ങളിൽ പലതിനും ഫലപ്രദമായ പ്രതിരോധ മരുന്നുകൾ ലഭ്യമല്ല. രോഗ-കീട ബാധകളിൽ നിന്നും കൃഷിയെ രക്ഷിക്കാൻ പര്യാപ്തമായ ഗവേഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക, വിളനാശത്തിന് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്യുക.

2. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് കൃഷിക്കാർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ കാർഷിക പ്രശ്നം. ഉള്ള ജലസമ്പത്ത് ശാസ്ത്രീയമായി ഉപയോഗിക്കുകയും ഇന്നുള്ള കുളങ്ങളും ജലാശയങ്ങളും തോടുകളും ആഴംകൂട്ടി സംരക്ഷിക്കുകയും ആവശ്യാനുസരണം പുതിയവ നിർമ്മിക്കുകയും ചെയ്യുക. ഇതിന് ജനകീയ സഹകരണംകൂടി ഉപയോഗപ്പെടുത്താവുന്നതാണ്.

3. പറന്തൽ ഐരാണിക്കുടി വലിയതോട് വശങ്ങൾ കരിങ്കൽ ഭിത്തികെട്ടി ആവശ്യമായ സ്ഥലങ്ങളിൽ ചീപ്പ് സ്ഥാപിക്കണം.

4. കല്ലാർ-കടയ്ക്കാട്-മുട്ടാർ-വാളവത്തിനാൽ തോട് ആഴം കൂട്ടി മുട്ടാർ പാലത്തിനു താഴെ തടയണകൾ നിർമ്മിച്ച് ജലം സംഭരിച്ച് നിർത്തുകയും വാളവത്തിനാൽ പുഞ്ചക്ക് മുകളിൽ ചീപ്പ് സ്ഥാപിക്കുകയും ചെയ്യുക.

5. കുന്നിൻ ചരിവുകളിൽ അവിടവിടെ ജലസംഭരണികൾ നിർമ്മിച്ച് താഴെയുള്ള ഭൂമിയിൽ ജലസേചനത്തിന് ഉപയോഗിക്കുക.

6. വലിയ പ്രതീക്ഷയാണ് KPI കനാലുകൾ കർഷകരിൽ ഉയർത്തിയത്. എന്നാൽ കാടുകയറി അവിടവിടെ ഇടിഞ്ഞുകിടക്കുന്ന കനാലുകൾ ഇഴജന്തുക്കളുടെ വിഹാര കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. ഇവ വൃത്തിയാക്കുന്നതിനും അറ്റകുറ്റപ്പണികൾ നിർവ്വഹിച്ച് ജലം യഥാസമയം എത്തിക്കുന്നതിനും നടപടി സ്വീകരിക്കണം.

7. പട്ടികയിൽ പെടുത്തിയിട്ടുള്ള കുളങ്ങളും തോടുകളും ശാസ്ത്രീയമായി പുന:സംവിധാനം ചെയ്ത് ആവശ്യമായ നിർമ്മാണ പ്രവർത്തനം നടത്തിയാൽ ജലസേചനത്തിനും, മീൻ വളർത്തലിനും, നീരൊഴുക്കിനും ഇവ വലിയ മുതൽക്കൂട്ടായിരിക്കും. ഇവയിലെ ജലസമ്പത്ത് പരമാവധി ഉപയോഗപ്പെടുത്തുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

8. രാസവളങ്ങളുടെയും കീടനാശിനികളുടെയും വില സർക്കാർ നിശ്ചയിക്കുകയും കർഷകർക്ക് സബ്സിഡി നൽകുകയും ചെയ്യുക.

9. കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കാൻ കൃഷിക്കാർക്ക് കീടനാശിനി പ്രയോഗത്തിൽ പ്രായോഗിക പരിശീലനം നൽകുകയും ഉപയോഗത്തിൽ കൂട്ടായ്മ വളർത്തുകയും ചെയ്യുക.

10. ലാഭേച്ഛയോടുകൂടി നിലം നികത്തി പ്ലോട്ടുകളായി തിരിച്ച് കച്ചവടം നടത്തുന്ന കമ്പനികളുടെയും വ്യക്തികളുടെയും പ്രവർത്തനം കർശനമായി നിയന്ത്രിക്കുക.

11. കൃഷിയോഗ്യമല്ലാത്ത ഭൂമികളിൽ മാത്രം ഇഷ്ടിക വ്യവസായം അനുവദിക്കുക.

12. കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതി സൗജന്യമാക്കുകയും കാർഷിക കണക്ഷനുള്ള മുൻഗണന സമയബന്ധിതമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

13. പ്രകൃതി ക്ഷോഭത്തിൽ കൃഷിവിളകൾക്കുണ്ടാകുന്ന നഷ്ടം പലപ്പോഴും കൃഷിക്കാരന്റേതു മാത്രമായി മാറുന്നു. പ്രകൃതി ദുരന്തങ്ങളിൽ നിന്നും കൃഷിക്കാരന് പൂർണ പരിരക്ഷ നൽകണം.

14. കാർഷിക മേഖലയിൽ നിന്നുള്ള തൊഴിലാളികളുടെ ഒഴിഞ്ഞുപോക്ക് സൃഷ്ടിക്കുന്ന പ്രതിസന്ധി യന്ത്രവൽക്കരണത്തിലൂടെയാണ് തരണം ചെയ്യേണ്ടത്. കുന്നുകളുടെ ഇന്നത്തെ സ്വഭാവം യന്ത്രവൽക്കരണത്തിന് തടസ്സമാണ്. കുന്നുകൾ തട്ടുകളാക്കി യന്ത്രവൽക്കരണത്തിന്റെ സൽഫലങ്ങൾ കുന്നിൻ പ്രദേശങ്ങളിലും അനുഭവേദ്യമാക്കണം.

15. അഭ്യസ്തവിദ്യർ കാർഷിക മേഖലയിൽ നിന്നും പുറംതിരിഞ്ഞു നിൽക്കുന്ന പ്രവണത പ്രകടമാണ്. കാർഷിക മേഖലക്ക് സമ്പൽ ഘടനയിലുള്ള പ്രാധാന്യം ബോധ്യപ്പെടുത്തി അഭ്യസ്തവിദ്യരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കണം.

16. നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കാൻ പഞ്ചായത്തും കൃഷിഭവനും സഹകരിച്ച് വിപുലമായ നഴ്സറി സ്ഥാപിക്കുക.

17. മണ്ണ് പരിശോധിച്ച് അവയുടെ ഫലവും വളപ്രയോഗത്തിൽ വരുത്തേണ്ട മാറ്റങ്ങളും കർഷകരെ യഥാസമയം അറിയിക്കുക.

18. ജൈവവള നിർമ്മാണവും ഉപയോഗവും പ്രചരിപ്പിക്കുക. ചപ്പുചവറുകൾ സംഭരിച്ച് ജൈവവള നിർമ്മാണത്തിനുള്ള പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുക.

19. ഇന്നുള്ള പാടശേഖര കമ്മിറ്റികളുടെയും കേരസംരക്ഷണ സമിതികളുടെയും പ്രവർത്തനം യഥാർഥ കൃഷിക്കാർക്ക് പ്രയോജനപ്രദമായ രീതിയിൽ പുന:ക്രമീകരിക്കുക.

20. പച്ചക്കറി കൃഷി വ്യാപകമാക്കാൻ നല്ല വിത്തിനങ്ങളും വളത്തിനും കീടനാശിനിക്കും പ്രത്യേക സബ്സിഡിയും നൽകുക.

21. റബറിനകത്ത് കൈതച്ചക്ക ഇടവിളയായി കൃഷിചെയ്യുക.

22. പുഷ്പകൃഷി, ഔഷധസസ്യകൃഷി ഇവ പ്രോത്സാഹിപ്പിക്കുക.

23. ചിറ്റിലപ്പാടം, മുപ്പത്തി, ഈയാംകോട് - കരിങ്കുറ്റിക്കൽ, വാളവത്തിനാൽ, കണ്ടൻചാത്തൻ - കതിരക്കോട് എന്നീ പുഞ്ചനിലങ്ങൾ രണ്ട് പൂവ് കൃഷിചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.

24. ആയിരത്തോളം ഏക്കർ വരുന്ന കരിങ്ങാലിച്ചാൽ പുഞ്ച രണ്ട് പൂവ് കൃഷിചെയ്യുന്നതിന് സഹായിക്കുന്ന "കരിങ്ങാലിച്ചാൽ പുഞ്ച വികസന പദ്ധതി" സംസ്ഥാന സർക്കാർ നടപ്പിലാക്കുക.

25. കൃഷിഭവന്റെ പ്രവർത്തനം കൃഷിയുമായി ബന്ധപ്പെടുത്തി പുന:സംഘടിപ്പിക്കണം. കാർഷിക മേഖലക്ക് സഹായകമായ ഇടപെടലും പ്രവർത്തനവുമല്ല ഇപ്പോഴുള്ളത്. കാർഷിക മേഖലക്കുള്ള വായ്പ ഉൾപ്പെടെ ധനസഹായ പദ്ധതി കൃഷിഭവന്റെ ചുമതലയിൽ നിന്നും എടുത്തു മാറ്റണം. കൃഷിയെ സഹായിക്കാൻ കഴിയുന്ന തരത്തിൽ ആ രംഗം ശ്രദ്ധിക്കാൻ അവർക്ക് അവസരം ഒരുക്കണം. കൃഷിഭവനിലൂടെ നടപ്പാക്കിയ പദ്ധതികൾ പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു.



പട്ടിക

കൃഷിഭവനിലൂടെ നടപ്പാക്കിയ പദ്ധതി പ്രവർത്തനങ്ങൾ

ക്രമ നമ്പർ	പദ്ധതികൾ	1991-92	92-93	93-94	94-95	95-96
1	നെല്ലുല്പാദക സമിതികൾക്ക് സബ്സിഡി	1,18,000	1,80,000	1,04,000	41,421	2,34,000
2	കേര സംരക്ഷണസമിതികൾ – ജലസേചനവും	7,00,000	30,000	2,300	2,10,000	1,80,000
	തെങ്ങുവെട്ടി മാറ്റലും					
3	പ്രത്യേക തൊഴിൽ ദാന പദ്ധതി	1,06,000	-	-	-	-
4	കരിമ്പുവികസന പദ്ധതി	29,500	18,500	-	-	-
5	S.C.P., വളം–കിണർ, ധാന്യസംഭരണി	26,516	70,877	2,82,630	1,93,130	9,35,000
	അഗ്രോസർവ്വീസ് സെന്റർ, പരിശീലനം I.H.D.P. പദ്ധതികൾ					
6	പ്രകൃതിക്ഷോഭ–ദുരിതാശ്വാസം	6,43,000	56,000	-	-	35,000
7	ബയോഗ്യാസ് – പ്ലാന്റുകൾ	-	9,400	13,600	-	-
8	I.P.D.S. സുഗന്ധവിള വികസന പദ്ധതി	-	30,000	40,000	25,000	33,000
9	ജൈവവള വികസന പദ്ധതി	7,500	5,000	14,000	6,850	-
10	സ്വകാര്യ നഴ്സറികൾ	-	-	-	25,000	-
11	പച്ചക്കറി, വ്യാപന പരിപാടി	-	-	2,000	2,000	1,000
12	ചെറുകിട യന്ത്രവല്ക്കരണം	-	-	-	-	43,000
13	യൂത്ത് പ്രോഗ്രാം	-	-	-	1,000	36,000

അവലംബം: കൃഷിഭവൻ രേഖകൾ

പട്ടിക

നെല്ലുല്പാദക ഗ്രൂപ്പ് ഫാം സമിതികൾ

ക്രമ നമ്പർ	സമിതിയുടെ പേര്	വിസ്തീർണ്ണം ഹെക്ടർ	രജിസ്റ്റർ നമ്പർ
1	വല്യകൊല്ലാ ഏലാ	30	P 602/90
2	നെല്ലിക്കൽ ഏലാ	24.8	P 642/90
3	കരീലച്ചിറ ഏലാ	6.04	P 521/91
4	കളികൊല്ലൂർ ഏലാ	11	P 68/91
5	മണത്തറ ഏലാ	14.88	P 706/96
6	വാളവത്തിനാൽ	16.58	P 643/90
7	രണ്ടുകുറ്റി	8.8	P 713/90
8	ചിറ്റിലപ്പാടം	52.34	P 560/90
9	വാരുകൊല്ലാ	44.45	P 603/90
10	പോത്താലി – കൊല്ലന്റെ കൊല്ലാ	6.01	P 680/90
11	ഈയാംകോട് കരിങ്കുറ്റിക്കൽ	16.05	P 732/90
12	കണ്ടൻചാത്തൻ – കതിരക്കോട്	37.9	P 149/91
13	മുപ്പത്തി – ഇടയിലെകൊല്ലാ	14.2	P 579/90
14	വെൺകുളം – കടുവങ്കട വയൽ	5	P 325/90
15	പാങ്ങൽ – തോണ്ടുകണ്ടം	11	
16	കൊടുമംഗലം – ഇലഞ്ഞിക്കൽ	15	
17	ചെറുവിളക്കര – മാതേരുകണ്ടം	31	P 143/93
18	തച്ചനംകോട് – കണ്ണമംഗലം	20	
19	വള്ളിക്കാവനാൽ	30	
20	മഞ്ഞനംകുളം	18	P 561/90
21	മണത്തറ	14.8	P 706/90
22	പന്തളം ടൗൺ	13.2	P 102/93
23	മണ്ണിക്കൊല്ലാ	12	P 90/95
24	കുരമ്പാല തെക്ക്	15	



5.1B

മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

പന്തളം പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. ഇവിടെ കന്നുകാലികളെ വളർത്തിയിരുന്നത് പാലിനു വേണ്ടി മാത്രമല്ല, നിലം ഉഴുന്നതിനും ചാണകത്തിനും കൂടി ആയിരുന്നു. അടുത്തകാലത്ത് കൃഷിരീതിയിൽ മാറ്റം വന്നു. ട്രാക്റ്ററും ടില്ലറും വ്യാപകമായതോടെ കാളകളെ ഉഴവിന് ഉപയോഗിക്കുന്നത് നാമമാത്രമായി. കാളകളെ വളർത്തുന്ന രീതി ഇല്ലാതായി. ജൈവവളങ്ങളെ ആശ്രയിക്കുന്നത് കുറഞ്ഞു. കിട്ടാൻ വിഷമവുമായി. പാർപ്പിടങ്ങൾ വർദ്ധിച്ചതോടെ പറമ്പുകളും മേച്ചിൽപ്പുറങ്ങളും കുറഞ്ഞു. ഇത് കാലികൾക്കുള്ള പുല്ലിന്റെ ലഭ്യത കുറച്ചു. പാടം ധാരാളമായി നികത്തിയതും തരിശ്ശിടുന്നതും കച്ചിയുടെ ലഭ്യതയും കുറച്ചു; വിലകൂടി.

ഈ മാറ്റങ്ങളൊക്കെ വന്നെങ്കിലും ഇന്നും പഞ്ചായത്തിലെ ജനങ്ങളുടെ ഒരു പ്രധാന ഉപതൊഴിലാണ് കന്നുകാലി വളർത്തൽ. കാലിത്തീറ്റയുടെ വർദ്ധിപ്പിച്ച വിലയെപ്പറ്റിയും പാൽ വിറ്റഴിക്കാനുള്ള പ്രയാസങ്ങളെപ്പറ്റിയും ഗ്രാമസഭാ റിപ്പോർട്ടുകളിലെല്ലാം പരാമർശിക്കുന്നുണ്ട്. തീറ്റപ്പുൽ കൃഷി ഇവിടെ തീരെ വികസിച്ചിട്ടില്ല. പച്ചപ്പുൽ വ്യാപാരവും നഗരങ്ങളിലെപ്പോലെ ഇവിടെ ഇല്ല.

മിൽമാ പന്തളം പഞ്ചായത്തിൽ നിന്ന് പാൽ ശേഖരിക്കുന്നില്ല. പാൽ വാങ്ങി വില്ക്കുന്ന മൂന്നു സഹകരണ സംഘങ്ങളും രണ്ടു സ്വകാര്യ സ്ഥാപനങ്ങളും പഞ്ചായത്തിലുണ്ട്.

ശാസ്ത്രീയമായി വ്യാവസായിക അടിസ്ഥാനത്തിൽ ക്ഷീരോല്പാദനം നടത്തുന്ന വൻകിടക്കാരോ ഇടത്തരക്കാരോ ഈ പഞ്ചായത്തിലില്ല. ചെറുകിട ഉല്പാദകർ മാത്രം. അവർ വേണ്ടത്ര സംഘടിതരല്ല. ഇൻഷുറൻസ്, പ്രതിരോധ കുത്തിവയ്പ്, ചികിത്സ ഇതെല്ലാം വലിയ സാമ്പത്തിക ഭാരമായി കരുതുന്നവരാണിവർ. മൃഗാശുപത്രിയിലേക്കുള്ള ദൂരവും ഒരു പ്രശ്നമാണ്.

ഇന്ന് നാടൻ പശുക്കളും സങ്കര ഇനം പശുക്കളും കൂടി 10866 എണ്ണം പഞ്ചായത്തിലുണ്ട്. നാടൻ പശുക്കളാണ് കൂടുതൽ. ആട് 2904, എരുമ നാമമാത്രമാണ്. ഇറച്ചിക്കോഴികളെ വളർത്തുന്ന നാലും, താറാവു കൂട്ടങ്ങളെ വളർത്തുന്ന ഏഴും കേന്ദ്രങ്ങളുണ്ട്. കോഴിമുട്ടയും താറാമുട്ടയും സംസ്ഥാനത്തിനു പുറത്തു നിന്നും പന്തളത്തെത്തുന്നു. കോഴി വളർത്തലും താറാവു വളർത്തലും ഇവിടെ പ്രോത്സാഹിപ്പിക്കപ്പെടണം.



1962 മുതൽ ഒരു മൃഗാശുപത്രി പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. രണ്ടാം വാർഡിൽ ഒരു ഉപകേന്ദ്രവും ഉണ്ട്. തങ്ങളുടെ വാർഡിൽ ഉപകേന്ദ്രം വേണമെന്നുള്ള ആവശ്യം പല ഗ്രാമസഭകളിലും ഉയർന്നു വന്നു. കൃത്രിമ ബീജസങ്കലനത്തിലൂടെ ഈ പഞ്ചായത്തിലെ കന്നുകാലികളുടെ വർഗഗുണവും ഉല്പാദനക്ഷമതയും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. നാടൻ വർഗങ്ങൾക്കുള്ള പ്രിയം അടുത്തകാലത്തായി കൂടിയിട്ടുണ്ട് എന്ന് ഗ്രാമസഭാ ചർച്ചകൾ വ്യക്തമാക്കുന്നു. ക്ഷീര വ്യാപാരത്തിനല്ലാതെ വീട്ടാവശ്യത്തിന് പശുക്കളെ വളർത്തുന്നവരാണ് ഏറെ. നാടൻ ഇനങ്ങൾ താരതമ്യേന രോഗവിമുക്തമാണ്. അവയ്ക്ക് കാലിത്തീറ്റയും കുറച്ചു മതി. ഇതൊക്കെയാണ് നാടൻ ഇനങ്ങൾക്ക് അനുകൂലമായ വാദങ്ങൾ. പഞ്ചായത്തിലെ വളർത്തുമൃഗങ്ങളെപ്പറ്റി ലഭിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഇനം	1987	1995
സങ്കര ഇനം പശുക്കൾ	2930	
നാടൻ പശുക്കൾ	3924	10866
എരുമ	143	-
ആട്	2240	2904
കോഴി	15,074	15,476
താറാവ്	1747	2816
ആന	-	1

ക്ഷീര വികസന വകുപ്പിന്റെ കീഴിൽ നമ്മുടെ വാർഡിൽ പ്രവർത്തിക്കുന്ന ആഫീസീൽ നിന്നും നടത്തുന്ന പ്രവർത്തനങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പദ്ധതിയുടെ പേര്	192-93	93-94	94-95	95-96	96-97
I ഗ്രാമീണ വിജ്ഞാന വ്യാപന പരിപാടികൾ					
1. ജില്ലാ കന്നുകാലി പ്രദർശം	1				
2. ബ്ലോക്ക് കന്നുകാലി പ്രദർശനം	-	-	-	1	1
3. ക്ഷീരോല്പാദക നിർമ്മാണ യൂണിറ്റ് പ്രവർത്തനം	-	1	1	6	-
4. കർഷക സമ്പർക്ക പരിപാടി	-	7	15	11	15
5. നാടൻ പാലുല്പന്ന നിർമ്മാണ പരിശീലനം	-	7	15	11	15
6. ചർച്ചാ ക്ലാസ്സുകൾ	30	20	25	15	25
II കർഷകർക്കുള്ള ധന സഹായം					
1. ധാതുലവണ മിശ്രിത ലവണം	40 kg	60 kg	90 kg	-	100 kg
2. വിറ്റാമിൻ A സപ്ലിമെന്റ്	-	35	-	-	90
3. വൈക്കോൽ സംപുഷ്ടീകരണം	-	-	10 പേർക്ക് Rs. 4700/-	9 പേർക്ക് Rs. 4500/-	-

4. HCY നിർമ്മാണം	6 പേർക്ക് 1200/-	4 പേർക്ക് 800/-	5പേർക്ക് 1000/-	-	-
5. മാതൃകാ കന്നുകാലി തൊഴുത്ത്	2 എണ്ണം 1000/-	-	2 എണ്ണം 1000/-	5 എണ്ണം 6250/-	10 എണ്ണം 12500/-
6. മാതൃകാ ഡയറി യൂണിറ്റ്	-	-	-	1 എണ്ണം 7000/-	
7. ശുദ്ധമായ പാലുല്പാദന കിറ്റ്	-	-	-	24	50
III പുൽകൃഷി വികസനം					
1. പുൽപയർ മിശ്രിതം	3.5 Hec 1750/-	8 Hec 4000/-	6 Hec 3000/-	5 Hec 2500/-	4.9 Hec 2450/-
2. ചോളം	0.5 Hec 350/-	2.5 Hec 1750/-	5 Hec 3500/-	2.5 Hec 1750/-	1.1 Hec 770/-
3. വൻപയർ	10 Hec 3000/-	4 Hec 1200/-	6 Hec 1800/-	5 Hec 1500/-	3.8 Hec 1140/-
4. പുൽക്കൃഷിക്ക്	-	6 Hec 6000/-	12 Hec 12000/-	4 Hec 4000/-	4.75 Hec 4750/-
IV പ്രത്യേക ഘടക പദ്ധതി					
1. കാലിത്തൊഴുത്ത് നിർമ്മാണം	9 എണ്ണം 13500/-	-	5 എണ്ണം 7500	-	-
2. കറവുമാട് വിതരണം	7 എണ്ണം 14000/-	-	5 എണ്ണം 16875/-	-	-
3. കാലിത്തീറ്റ വിതരണം	2338/-	5040/-	-	-	-
4. പരിശീലനം	2338/-	5040/-	-	-	-
5. പാൽ പാത്രങ്ങൾ	700/-				

അവലംബം: ദ്വിതീയ വിവരശേഖരണം.



ഏറ്റവും കൂടുതലായി ക്ഷീരോല്പാദകരെ അലട്ടുന്ന പ്രശ്നം കന്നുകാലി രോഗങ്ങൾ തന്നെ. കൂടുതലായി കണ്ടു വരുന്നത് കുളമ്പു രോഗവും അകിടുവീക്കവുമാണ്. മൃഗാശുപത്രിയുടെ പ്രവർത്തനം ഈ രോഗങ്ങളെ നേരിടാൻ കുറച്ചൊക്കെ സഹായിക്കുന്നുണ്ട്. കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതി, കാലി വസന്ത നിർമ്മാർജ്ജന പദ്ധതി, പശുക്കളുടെ വന്ധ്യതാനിവാരണ ക്യാമ്പ്, Massive Live stock Production Programme (M.L.P.P.), പേവിഷ നിർമ്മാർജ്ജന പദ്ധതി തുടങ്ങിയവയെല്ലാം ഈ മൃഗാശുപത്രിയിലൂടെയും നടപ്പിലാക്കുന്നു. ഈ പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ പട്ടികയിലാക്കിയിരിക്കുന്നു.

പട്ടിക - 2

നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

നടത്തിയ പ്രവർത്തനങ്ങൾ	1993 - 94	1994 - 95	1995 - 96
ആകെ ചികിത്സ കിട്ടിയ മൃഗങ്ങൾ	3011	3228	3380
കൃത്രിമ ബീജസങ്കലനം	1203	1473	1681
ജനിച്ച കിടാരികൾ	216	331	364
നായ്ക്കളിൽ പ്രതിരോധ കുത്തിവയ്പ്	14	92	100
കോഴിക്കു പ്രതിരോധ കുത്തിവയ്പ്	2168	2607	1578
താറാവിന് പ്രതിരോധ കുത്തിവയ്പ്	-	327	-
കന്നുകാലികളിൽ നടത്തിയ കുത്തിവയ്പ്160	-	60	
ഗോരക്ഷാകൃാമ്പ്	2	1	1
എം.എൽ.പി.പി. പ്രവർത്തനം	30 കിടാരികൾ 600 കോഴികുഞ്ഞുങ്ങൾ 120 ആട്ടിൻ കുട്ടികൾ	399 കോഴികുഞ്ഞുങ്ങൾ	
എഗ്ഗർ നേഴ്സറി പ്രോഗ്രാം	2500 കോഴികുഞ്ഞുങ്ങളുടെ വിതരണം	2500	2500 കോഴികുഞ്ഞുങ്ങൾ
ഐ.എച്ച്.ഡി.പി. പദ്ധതി പ്രകാരം		31 കിടാരികളേയും 96 ആട്ടിൻ കുട്ടികളേയും വിതരണം ചെയ്തു	
എസ്സ്.എൽ.ബി.പി.			65 കിടാരികൾക്ക് തീറ്റ

മുയൽ പന്നിവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങാൻ സന്നദ്ധരായവരുണ്ട്. സാമ്പത്തിക സഹായവും സാങ്കേതിക ഉപദേശവും കിട്ടിയാലേ ഇതു സാധിക്കൂ എന്ന് സൂചനയുണ്ട്. പരിചിത മേഖലകളല്ലാത്തതു കൊണ്ട് ഇത് ആവശ്യമാണ്.

ഈ പഞ്ചായത്തിൽ കശാപ്പുശാല ഇല്ല. ആട്, കാള, പോത്ത്, കോഴി എന്നിവയുടെ ഇറച്ചി മാർക്കറ്റിൽ കിട്ടാനുണ്ട്.

വിദൂര സ്ഥലങ്ങളിൽ നിന്നും സംഘമായി നടത്തിക്കൊണ്ടു പോകുന്ന കാലികൾ പന്തളം റോഡിലെ സ്ഥിരം കാഴ്ചയാണ്. തമ്മിൽ കൂട്ടിക്കെട്ടിയും അവശരായവയെ ദണ്ഡിച്ചും ഉള്ള ഈ പീഡനം മൃഗങ്ങളോടു കാട്ടുന്ന ക്രൂരതയാണെന്നതിനു പുറമെ ഗതാഗതത്തിനു വലിയൊരു തടസ്സവുമാണ്.

മത്സ്യബന്ധനം

മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചവർ പന്തളത്ത് ഇല്ല. ശുദ്ധജല മത്സ്യകൃഷി നടത്തുവാനുള്ള ശ്രമങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ഇതിനു യോജിച്ച ജലാശയങ്ങൾ പഞ്ചായത്തിലുണ്ട്. ആറു കിലോമീറ്റർ നീളം അച്ചൻകോവിലാറാണ് പഞ്ചായത്ത് അതിർത്തി. വറ്റിപ്പോകാത്ത കുളങ്ങളും തോടുകളും പഞ്ചായത്തിലുണ്ട്. മത്സ്യക്കൃഷിക്ക് യോജിച്ച പൊതു ജലാശയങ്ങൾ പട്ടികയിൽ പെടുത്തിയിരിക്കുന്നു.

മത്സ്യം വളർത്തൽ ഒരു തൊഴിലെന്ന നിലയിൽ ഇവിടെ വളർന്നു വരേണ്ടതാണ്. കാലവർഷം തുടങ്ങുന്നതോടെ കുളങ്ങളിലും ചാലുകളിലും നിന്ന് വരാൽ, കാരി, പരൽ തുടങ്ങിയ മത്സ്യങ്ങൾ കുറച്ചൊക്കെ പിടിക്കുന്നതുമാത്രമാണ് ഇന്നുള്ള പ്രവർത്തനം. മത്സ്യം വളർത്തുന്ന കാര്യത്തിൽ ശാസ്ത്രീയമായ ഒരു മുന്നേറ്റത്തിന് പഞ്ചായത്തിൽ സാധ്യതകളുണ്ട്.

ക്ഷീരവികസന വകുപ്പ് പന്തളം പഞ്ചായത്തിൽ എട്ടാം പദ്ധതിക്കാലത്തു നടപ്പാക്കിയ പ്രവർത്തനങ്ങൾ

ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായത്തെപ്പറ്റി "സഹകരണം" കാണുക.

അടുത്തകാലത്ത് കേരളത്തിൽ വ്യാപകമായി കാണപ്പെട്ട മത്സ്യരോഗം ഈ പഞ്ചായത്തിലെ ജലാശയങ്ങളിലും നാശം വിതച്ചിരുന്നു.

മത്സ്യവിപണനവുമായി ബന്ധപ്പെട്ട് ആയിരത്തോളം ആളുകൾ ഈ പഞ്ചായത്തിൽ ഉപജീവനം നടത്തുന്നു. ശുദ്ധജല മത്സ്യ കച്ചവടം സ്ത്രീകളുടെ കുത്തകയാണ്. സമീപ പ്രദേശങ്ങളിൽ നിന്നു തലച്ചുമടായി മത്സ്യം കൊണ്ടുവരുന്ന ഇവരിൽ ചിലർ മത്സ്യബന്ധനം നടത്തുന്ന കുടുംബങ്ങളിൽ നിന്നാണ്. കടൽ മത്സ്യത്തിന്റെ വ്യാപാരം ഇവിടെ പരുഷന്മാരുടെ മേഖലയാണ്. ഈ രംഗത്തു സ്ത്രീകൾ ചുരുക്കമാണ്. കുത്തകക്കാരും അവരിൽ നിന്ന് വാങ്ങി വിൽക്കുന്ന ചെറുകിടക്കാരും എല്ലാം ഉൾപ്പെടെ ഒരു വലിയ ശൃംഖലയാണ്. ചെറുകിടക്കാർ ദരിദ്രരാണ്. പ്രധാനമായും മത്സ്യകച്ചവടം നടക്കുന്ന കുറുന്തോട്ടയം, കടയ്ക്കാട്, കുന്നുകുഴി, കുരമ്പാല മാർക്കറ്റുകൾ ശുചിത്വത്തിന്റെ കാര്യത്തിൽ നിലവാരം കുറഞ്ഞതാണ്.

പ്രധാന പ്രശ്നങ്ങൾ

1. പാൽ വിറ്റഴിക്കാനുള്ള ബുദ്ധിമുട്ട് എല്ലാ വാർഡിലുമുണ്ട്.
2. കാലിത്തീറ്റയുടെ വിലവർദ്ധനവും പുല്ലിന്റെ ലഭ്യതക്കുറവും.
3. പശു, കോഴി, താറാവു രോഗങ്ങൾ
4. പക്ഷി മൃഗാദികളെ ഇൻഷുർ ചെയ്യാൻ സാമ്പത്തിക ശേഷി ഇല്ലാത്ത കർഷകർ.
5. മൃഗാശുപത്രിയിൽ നിന്നും അകന്ന വാർഡുകളിൽ സേവനം ലഭിക്കാൻ പ്രയാസം.
6. അലഞ്ഞു നടക്കുന്ന നായ്ക്കൾ ഏറെ; പേപ്പട്ടി വിഷബാധ അപൂർവമല്ല.
7. മുട്ട-മാംസം വേണ്ടത്ര ഉല്പാദിപ്പിക്കപ്പെടുന്നില്ല.
8. ശുദ്ധ ജല മത്സ്യം വളർത്താനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല. ഇവിടെ വിറ്റഴിക്കുന്ന ശുദ്ധജല



മത്സ്യം പഞ്ചായത്തിനു പുറത്തു നിന്നാണ് എത്തുന്നത്.

പരിഹാര നിർദ്ദേശങ്ങൾ

1. സഹകരണസംഘം രൂപീകരിച്ച് എല്ലാ വാർഡുകളിൽ നിന്നും പാൽ ശേഖരിക്കാനും വിപണനം നടത്താനും സൗകര്യം ഉണ്ടാക്കുക.

2. തീറ്റപ്പുൽക്കൃഷിക്ക് ഈ പഞ്ചായത്തിലുള്ള സാധ്യത ഉപയോഗപ്പെടുത്തണം. വ്യാപകമായ പ്രചാരണത്തിലൂടെ ഇതിനുള്ള സബ്സിഡി ഉപയോഗപ്പെടുത്തി തീറ്റപ്പുൽക്കൃഷി വ്യാപിപ്പിക്കണം.

3. മൃഗാശുപത്രിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. കൂടുതൽ സബ് സെന്റർ സ്ഥാപിക്കുകയോ സഞ്ചരിക്കുന്ന മൃഗാശുപത്രി ഉണ്ടാവുകയോ വേണം. ജനകീയ പങ്കാളിത്തം ഈ മേഖലയിൽ ഉണ്ടാകുന്നത് നന്ന്.

4. Special Livestock Breeding Programme (S.L.B.P.) സ്കീം വ്യാപകമാക്കുക.

5. മൃഗങ്ങൾക്കുള്ള ഇൻഷുറൻസ് ഉദാരമാക്കുക.

6. വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കണം. നായ്ക്കൾക്ക് പേവിഷ ബാധയ്ക്കെതിരെയുള്ള കുത്തി വയ്പ് നിർബന്ധമാക്കണം.

7. നല്ല ഇനം കോഴിക്കുഞ്ഞുങ്ങളെ ധാരാളമായി മൃഗസംരക്ഷണ വകുപ്പു വഴി ലഭ്യമാക്കണം. മുട്ട വില കൊടുത്തു ശേഖരിക്കാൻ സഹകരണ സംരംഭങ്ങൾ ഉണ്ടാക്കണം.

8. മൃഗാശുപത്രിയോട് ചേർന്നു Veterinary Clinical Laboratory ഉണ്ടാക്കണം.

9. തല്പരരായ കർഷകർക്ക് മിനി ഡയറി ആട്, മുയൽ, കോഴി, പന്നി, താറാവ് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുവാൻ പ്രോത്സാഹനം നൽകണം.

10. ശുദ്ധജല മത്സ്യക്കൃഷിയിൽ ശാസ്ത്രീയമായ പരിശീലനം ആവശ്യമുള്ളവർക്ക് അതു ലഭ്യമാക്കണം. സബ്സിഡി നൽകി ആദ്യകാലത്ത് പ്രോത്സാഹനം നൽകണം.

11. കശാപ്പാവശ്യങ്ങൾക്ക് മൃഗങ്ങളെ ദീർഘദൂരം കൊണ്ടു പോകുന്നതിനു പകരം വൻ കശാപ്പുശാലകൾ ശാസ്ത്രീയമായി നടത്തി മാംസം വാഹനങ്ങളിൽ കടത്തുന്നതാണ് അഭികാമ്യം. ഇതിനുള്ള നിയമവും ഏർപ്പാടും സംസ്ഥാന ഗവണ്മെന്റ് നടപ്പാക്കണം.

12. വളർത്തു മൃഗങ്ങളെയും കോഴി, താറാവ് ഇവകളെയും കൊല്ലാൻ അപരിഷ്കൃത മാർഗങ്ങൾ മാത്രമേ ഇന്ന് പരിചയമുള്ളു. ഇതു തൊഴിലിനെ സാമൂഹ്യമായി സ്വീകാര്യമല്ലാതാക്കുന്നുണ്ട്. പരിഷ്കൃത രീതികൾ പരിചയപ്പെടുത്തുകയും നിയമം മൂലം നിർബന്ധമാക്കുകയും ചെയ്യണം.

13. ചെറുകിട മത്സ്യ കച്ചവടക്കാരുടെ സഹകരണസംഘം രൂപീകരിക്കണം. മത്സ്യ ഫെഡിൽ നിന്നും മത്സ്യം എത്തിച്ചു കൊടുക്കണം. സംഘത്തിന്റെ ചുമതലയിൽ Cold Storage വേണം.

14. പഞ്ചായത്തിൽ മത്സ്യ വിത്ത് ഉല്പാദന കേന്ദ്രം ഉണ്ടാവണം.

15. കമ്മ്യൂണിറ്റി ഫിഷിംങ് സ്കീം പഞ്ചായത്തിനുള്ളിൽ നടപ്പാക്കുക.

16. തണങ്ങാട് നിലം മത്സ്യകൃഷിക്ക് യോഗ്യമാണ്. സാധ്യതകൾ വിലയിരുത്തി നടപ്പാക്കണം.

പഞ്ചായത്തിൽ മത്സ്യക്കൃഷിക്ക് സാദ്ധ്യതയുള്ള പൊതു ജലാശയങ്ങൾ

നമ്പർ	പേര്	വാർഡ്	ജല ലഭ്യത	വിസ്തീർണ്ണം	ഉപയോഗ ക്ഷമത	നിജസ്ഥിതി	നിർദ്ദേശങ്ങൾ
1	തലക്കോട്ടുചിറ	8	വർഷം മുഴുവൻ	125സെന്റ്	ഉപയോഗ ക്ഷമം	മുന്നു വശം ഉയർന്നത്	ആഴം കൂട്ടണം ഒരു വശത്തു ബണ്ടുണ്ടാക്കണം
2	കല്ലാർകുളം	8	ടി	4 സെന്റ്	ടി	മുന്നുവശം ഉയർന്നത്	ടി
3	തഴയൽകുളം	8	ടി	10 സെന്റ്	ടി	നാലുവശവും കെട്ടിയത്	ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തണം
4	തവളംകുളം	9	ടി	5 സെന്റ്	ടി	നാലുവശവും ഭിത്തികെട്ടിയത്	ആവശ്യമായ സംരക്ഷണം നൽകണം
5	പെരുമിറ്റത്ത് കുളം	10	ടി	40 സെന്റ്	ടി	കൽപ്പടവുകൾ ഇടിഞ്ഞു	ആഴംകൂട്ടി അറ്റകുറ്റപ്പണി നടത്തണം
6	തൈമുക്കേൽ കുളം	10	ഭാഗികം	15 സെന്റ്	ടി	ആറുമാസം ജലലഭ്യത	ആഴം കൂട്ടിയാൽ വർഷം മുഴുവൻ വെള്ളം കിട്ടും
7	കൊച്ചുകുളം	11	വർഷം മുഴുവൻ	10 സെന്റ്	ടി	മുന്നുവശം ഭിത്തികെട്ടിയത്	ഒരു വശം കൂടി ഭിത്തി കെട്ടണം
8	വള്ളിക്കവിനാൽ കുളം	12	ടി	50 സെന്റ്	ടി	സംരക്ഷണം ഇല്ല	ആവശ്യമായ സംരക്ഷണം നൽകണം
9	മുളനിൽക്കുന്നതിൽ കുളം	13	ടി	5 സെന്റ്	ഭാഗികമായി ഉപയോഗിക്കാം	വേനൽക്കാലത്ത് വെള്ളം ചീത്തയാകുന്നു	ആഴം കൂട്ടണം, വശങ്ങൾ കെട്ടി സംരക്ഷിക്കണം
10	പുഴിക്കാട്ടു ചിറ	14	ടി	400 സെന്റ്	ഉപയോഗക്ഷമം	സംരക്ഷണം ഇല്ല ഭിത്തി ഇടിഞ്ഞിട്ടുണ്ട്	ഭിത്തികെട്ടി അറ്റകുറ്റപ്പണി ചെയ്തു നന്നാക്കണം മണ്ണെടുത്തു ആഴം കൂട്ടണം
11	ആമപ്പുറം ചാൽ	14	ഭാഗികം	50 സെന്റ്	ഭാഗികം	സംരക്ഷണം ഇല്ല	ആഴം കൂട്ടി മീൻ വളർത്തലിനുപയോഗിക്കാം
12	മേലോമുപ്പത്തി	I		30 ഏക്കർ	ഭാഗികം	ഒരു നെൽകൃഷി ഉണ്ട്	സമ്മിശ്രകൃഷിക്ക് യോജിച്ചത്
13	മഞ്ഞനംകുളം	1,2,4		80 ഏക്കർ	ഭാഗികം	ടി	ടി
14	കരിങ്കുറ്റിക്കൽ ഏല	3		70 ഏക്കർ	ഭാഗികം	ടി	ടി



5.2A

വ്യവസായം

പ്രതളം വ്യാവസായികമായി കീർത്തി നേടിയ പ്രദേശമല്ല. നായർ സർവ്വീസ് സൊസൈറ്റി 1964ൽ തുടങ്ങിയ മന്നംഷുഗർമില്ല് പന്തളത്തിന് കേരളത്തിന്റെ വ്യാവസായിക ഭൂപടത്തിൽ ഒരു സ്ഥാനമുണ്ടാക്കികൊടുത്തു. എന്നാൽ6 വർഷത്തെ പ്രവർത്തനത്തിനു ശേഷം ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മന്ദീഭവിക്കാൻ തുടങ്ങി. താമസംവിനാ ഈ സ്ഥാപനം നിശ്ചലമായി. കരിമ്പു കർഷകരോടുള്ള അനുഭാവ രഹിതമായ സമീപനമാണ് ഈ പതനത്തിനിടയാക്കിയത്.

1972ൽ പ്രവർത്തിച്ചു തുടങ്ങിയ ഇൻഡസ്ട്രിയൽ എസ്റ്റേറ്റാണ് പ്രതീക്ഷയുണർത്തിയ മറ്റൊരു സംരംഭം. പത്തു വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കാനുള്ള സൗകര്യമാണിവിടെയുള്ളത്. പ്രവർത്തിച്ചു തുടങ്ങിയ യൂണിറ്റുകളെല്ലാം മുടങ്ങി. കുലക്സ് ഓർഗാനോ ഫൈൻ ഫാർമസ്യൂട്ടിക്കൽസ് മാത്രമാണ് ഇന്നും വിജയപൂർവം നിലനില്ക്കുന്നത്. ഈ സ്ഥാപനം സംസ്ഥാനത്തിനു പുറത്തേക്കും ഉല്പന്നം കയറ്റി അയയ്ക്കുന്നു. ശബരി മൊസൈക്സ്, മീരാ ഇൻഡസ്ട്രീസ് ഇവ രണ്ടും സമീപകാലത്ത് ഇവിടെ പ്രവർത്തിച്ചു തുടങ്ങിയ സ്ഥാപനങ്ങളാണ്. ഓയിൽമിൽ, ഓസ് ആന്റ് ട്യൂബ് ഇവ നിന്നുപോയ സംരംഭങ്ങളാണ്. ഇന്ന് പതിനഞ്ചിൽ താഴെ തൊഴിലാളികൾ മാത്രമാണ് ഇവിടെ പണിയെടുക്കുന്നത്.

റബ്ബർഷീറ്റുകൾ ഉല്പാദിപ്പിക്കുന്ന 3 ചെറുകിട ഫാക്ടറികൾ പഞ്ചായത്തിലുണ്ട്. ലക്സ്, അപ്പക്സ്, രാജ് സൺസ് എന്നീ 3 സ്ഥാപനങ്ങളിലും കൂടി 14 തൊഴിലാളികൾ മാത്രം പണിയെടുക്കുന്നു. വർഷം മുഴുവൻ ഒരേ പോലെ ഡിമാന്റില്ലാത്തതാണീ ഉല്പന്നം എന്നതുകൊണ്ട് ഉല്പാദനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നുണ്ട്. എങ്കിലും ഈ ഫാക്ടറികൾ ബാലാരിഷ്ട തരണം ചെയ്തു എന്നാണ് വിലയിരുത്തൽ റബ്ബർബാൻഡ് ഉണ്ടാക്കുന്ന ഒരു സ്ഥാപനം കടയ്ക്കാട് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നു.8 പേർക്ക് തൊഴിൽ നല്കുന്നുണ്ടീസ്ഥാപനം.

വ്യവസായ സംരംഭകരുമായി നടന്ന ചർച്ചകൾ പ്രശ്നങ്ങളിലേക്കും വിരൽ ചൂണ്ടുന്നു. പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ ലോഡ് ഷെഡിംഗ്; സർക്കാർ ഉദ്യോഗസ്ഥരിൽ നിന്ന്



ലഭിക്കേണ്ട സഹകരണത്തിന്റെ കുറവ്; തൊഴിൽ പ്രശ്നങ്ങൾ; വിദഗ്ധതൊഴിലാളികളുടെ ദൗർലഭ്യം; ചില മേഖലകളിൽ വൻകിടക്കാരുമായി മത്സരിക്കാനുള്ള കഴിവില്ലായ്മ ഇവയൊക്കെയാണ് പ്രധാന പ്രശ്നങ്ങളായി ഉന്നയിക്കപ്പെടുന്നത്.

സംരംഭകർക്കു വേണ്ടുന്ന മാനസിക തയ്യാറെടുപ്പിന്റെ അഭാവം, ധനസഹായം കിട്ടാനുള്ള കാലതാമസം, ആധുനിക മാനേജ്മെന്റ് സംവിധാനത്തെക്കുറിച്ചുള്ള അജ്ഞത തുടങ്ങിയവയെല്ലാം ഈ പ്രദേശത്തിന്റെ വ്യവസായ വികസനത്തിന് വിലങ്ങുതടികളാണ്. തൊഴിലാളികളുടെ എണ്ണം കുറച്ചു നിർത്താനുള്ള വ്യഗ്രത എല്ലാ തൊഴിൽ സംരംഭകരും കാണിക്കുന്നു. വേണ്ടത്ര സംരക്ഷണയില്ലാതെ രാസ പദാർഥങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുന്ന വ്യവസായങ്ങളിൽ തുടർന്നു പണി ചെയ്യാൻ തൊഴിലാളികൾ വിമുഖത കാണിക്കുകയാണ്.

ലേത്വർക്ക്, ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്, കരിപ്പൊടിമില്ലുകൾ, കരിമ്പാട്ടി ശർക്കര ഉല്പാദനം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, സോഡാ ഉണ്ടാക്കൽ, വെൽഡിംഗ്, ബോർമ്മ, ഐസ് നിർമ്മാണം, കോഫിവർക്സ്, പപ്പടം ഉണ്ടാക്കൽ ഇവയെല്ലാം സ്വയം തൊഴിൽ കണ്ടെത്തുന്ന മേഖലയാണ്. മൊസൈക്, വയർ കട്ട് ബ്രിക്സ്, മെറ്റൽ ക്രഷിങ് യൂണിറ്റ്, പ്രിന്റിങ്, സ്റ്റീൽ ഫർണീച്ചർ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ നടക്കുന്നു.

ചെറുകിട ശ്രമങ്ങൾ

വ്യവസായ പ്രവർത്തനങ്ങൾ/സ്ഥാപനങ്ങൾ

1. നെല്ലുകുത്തുന്ന/പൊടിക്കുന്ന/ വൈറ്റ്ഗ്രൈന്റർ/മില്ലുകൾ	11
2. കരിപ്പൊടി മില്ല്	2
3. ലേത്ത് വർക്ക്	1
4. മൊസൈക്ക്	3
5. ആട്ടോമൊബൈൽ വർക്ക് ഷോപ്പ്	8
6. കരിമ്പാട്ടൽ	2
7. വസ്ത്രനിർമ്മാണം	1
8. റബ്ബർ ഹവായ് ഷീറ്റ്	3
9. വയർകട്ട് ബ്രിക്സ്	3
10. സോഡാ നിർമ്മാണം	6
11. ഗൃഹോപകരണനിർമ്മാണം	2
12. വെൽഡിംഗ് & ഫാബ്രിക്കേഷൻ	2
13. കാപ്പിപ്പൊടി	2
14. പ്രിന്റിംഗ്	5
15. മെറ്റൽക്രഷിംഗ്	1
16. സ്റ്റീൽ ഫർണിച്ചർ	1
17. ബോർമ	7
18. ഐസ്ക്രീം & കാൻഡി	4
19. സർവ്വീസ് സ്റ്റേഷൻ	2
20. പപ്പട നിർമ്മാണം	8
21. ബുക്ക് ബൈൻഡിംഗ്	1
22. ഫാർമസ്യൂട്ടിക്കൽസ്	1

12 നാടൻ ഇഷ്ടികച്ചൂളകളും 3 കമ്പനി ഇഷ്ടികച്ചൂളകളും പഞ്ചായത്തിലുണ്ട്. പുറത്തു നിന്നും ധാരാളം കമ്പനി ഇഷ്ടിക പഞ്ചായത്ത് പ്രദേശത്തേക്ക് വരുന്നുണ്ട്. ഇഷ്ടിക നിർമ്മാണം ധാരാളം പേർക്ക് തൊഴിൽ നല്കുന്നു. സ്ത്രീതൊഴിലാളികളെയും പണിയെടുക്കുന്ന കുട്ടികളെയും ഈ മേഖലയിൽ ധാരാളം കാണാം. മെറ്റൽഅടി, പാറ പൊട്ടിയ്ക്കൽ തുടങ്ങിയവയും കെട്ടിടം പണിയുമായി ബന്ധപ്പെട്ട തൊഴിൽ തന്നെ അപകടങ്ങളും ആരോഗ്യപ്രശ്നങ്ങളും ഈ പ്രവൃത്തികളിൽ കൂടപ്പിറപ്പാണ്. മെറ്റലടിക്കുന്ന സ്ത്രീ തൊഴിലാളികളുടെ കണ്ണ്

തരികൾ തെറിച്ചുണ്ടാകുന്ന അപകടം സാധാരണയാണ്.

ശ്വാസകോശ രോഗങ്ങൾ ഇവരിൽ വ്യാപകമായി കാണുന്നു. ഇഷ്ടിക നിർമ്മാണവും പാറമടയിലെ പ്രവർത്തനങ്ങളും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഈറ്റയുമായി ബന്ധപ്പെട്ട കുടിൽ വ്യവസായം സ്ത്രീകൾക്ക് തൊഴിൽ നല്കുന്ന മേഖലയാണ്. കുറഞ്ഞ കൂലിയും വ്യാപാര മേഖലയുമായി ബന്ധപ്പെട്ട ചൂഷണവും ഇവിടുത്തെ പ്രശ്നങ്ങളാണ്. സഹകരണസംഘങ്ങളാണ് പ്രതിവിധി. കയർ, കൈത്തറി, കശുവണ്ടി, ഖാദി, തഴപ്പായ് തുടങ്ങിയ പാരമ്പര്യ വ്യവസായങ്ങൾ ഒന്നും പഞ്ചായത്തിലില്ല. കളിമൺ പാത്ര നിർമ്മാണവും ഇന്ന് ഈ പഞ്ചായത്തിൽ നടക്കുന്നില്ല. കൊശക്കുഴി എന്ന പ്രദേശം കളിമൺ പാത്ര നിർമ്മാണത്തിന്റെ ഓർമ്മ നിലനിർത്തുന്നു എന്നു മാത്രം.

ബുക്ക് ബയന്റിംഗ്, ഓഫീസ് ഉപകരണങ്ങളുടെ നിർമ്മാണം, ഇവയും പഞ്ചായത്തിൽ വികസിപ്പിക്കാവുന്ന ചെറുകിട വ്യവസായ സംരഭങ്ങളാണ്.

പ്രശ്നങ്ങൾ

1. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ബോധവല്ക്കരണത്തിന്റെയും അറിവിന്റെയും കുറവ്.
2. പരമ്പരാഗത വ്യവസായങ്ങളോട് ആഭിമുഖ്യമില്ലാത്ത സമൂഹം.
3. നോട്ടുബുക്കുകളും, ആഫീസ് ഉപകരണങ്ങളും ധാരാളമായി വിറ്റഴിയുന്നുവെങ്കിലും പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നില്ല.
4. വൈദ്യുതിക്ഷാമവും വോൾട്ടേജ് കുറവും
5. ഉപയോഗിക്കാതെ കിടക്കുന്ന ഇൻഡസ്ട്രിയിൽ എസ്റ്റേറ്റിലെ ഭൗതിക സാഹചര്യങ്ങൾ.
6. 9, 10, 11, 12, 13 വാർഡുകളും പഞ്ചായത്തിന്റെ കേന്ദ്ര മേഖലയുമായുള്ള സമ്പർക്കത്തിന്റെ കുറവ്.
7. തെങ്ങുമായി ബന്ധപ്പെട്ട അസംസ്കൃത വസ്തുക്കളൊന്നും കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല. ഓയിൽമില്ലുകൾ, കയർപിരി, ഓല മെടച്ചിൽ ഇവയുടെ പ്രവർത്തനമില്ല.

സാധ്യതകൾ

1. വ്യവസായ സംരംഭകരെ വിളിച്ചു ചേർത്ത് അവർക്കു വേണ്ട സഹായവും, അറിവും, ഒത്താശയും നല്കുക. ജില്ലാ വ്യവസായ ഓഫീസിനേയും ഇന്ന് വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരെയും ഇതിനുപയോഗിക്കാം. ഈ മേഖലയിലെ പ്രസിദ്ധീകരണങ്ങൾ പരിചയപ്പെടുത്തണം.
2. നോട്ടുബുക്കുകൾ, ഓഫീസ് ഉപകരണങ്ങൾ ഇവ നിർമ്മിക്കാൻ ഒന്നിലേറെ സ്ഥാപനങ്ങൾക്ക് സാധ്യതയുണ്ട്.
3. ചകിരി, കയർ, മെടഞ്ഞ ഓല ഇവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. സഹകരണമേഖലയാണ് നന്ന്. അധ്വാനത്തിന് ന്യായമായ പ്രതിഫലം കിട്ടണം.
4. പരമ്പ്, കുട്ട, മുറം തുടങ്ങിയവ സഹകരണ അടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വ്യാപാരം നടത്തണം. ചൂഷണം ഒഴിവാക്കണം. അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കണം.
5. മിനി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റ് പൂർണമായി പ്രവർത്തനക്ഷമമാക്കണം. മുടങ്ങിയ യൂണിറ്റുകൾ വീണ്ടും പ്രവർത്തിപ്പിക്കണം/പുതിയ യൂണിറ്റുകൾ തുടങ്ങണം.
6. മൺപാത്ര നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

7. നാം നഷ്ടപ്പെടുത്തിക്കളയുന്ന ഒരു പ്രകൃതി വിഭവമാണ് ചക്ക. എന്നാൽ ഇതുപയോഗിച്ചുള്ള ഭക്ഷ്യ ഉല്പന്നങ്ങൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിച്ച് വിപണനം നടത്താവുന്നതാണ്. ഈ മേഖലയിലെ സാധ്യതകൾ ഏറെയാണ്. ചക്കക്കുരുവിൽ നിന്നും കോഴിത്തീറ്റ, കാലിത്തീറ്റ, കന്നുകാലിത്തീറ്റ മുതലായവ ഉല്പാദിപ്പിക്കാവുന്നതാണ്.

8. ഊർജ ലാഭത്തിനായി പരീക്ഷിച്ചു തെളിയിക്കപ്പെട്ട, കച്ചിപ്പെട്ടി അതേ രൂപത്തിലോ പുതിയ രൂപത്തിലോ ഉണ്ടാക്കി വിപണനം ചെയ്യാവുന്നതാണ്. ഏറെ ഊർജ ലാഭമുള്ള ഈ പദ്ധതിക്ക് ഗവണ്മെന്റു തലത്തിൽ ധന സഹായവും പ്രോത്സാഹനവും ലഭിക്കുന്നതിനുള്ള വലിയ സാധ്യതകൾ ഉണ്ട്.

9. ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ പുരുഷന്മാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും റെഡിമെയ്ഡ് വസ്ത്രങ്ങൾ, റക്സിൻ, തുകൽ ബാഗുകൾ ഇവ വനിതാ സഹകരണ സംഘങ്ങൾ വഴി ഉല്പാദിപ്പിച്ച് വിപണനം ചെയ്യാം.

10. കോൺക്രീറ്റ് ജനാലകൾ, കട്ടിളകൾ, തുടങ്ങിയവയുടെ നിർമ്മാണവും വിപണനവും ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സാധ്യതകൾ ഉള്ളതാണ്.

11. പഞ്ചായത്തിൽ പാരമ്പര്യവും വൈദഗ്ധ്യവും ഉള്ള ആശാരി/മൂശാരി കുടുംബങ്ങൾ ഏറെയുണ്ട്. ഇവരുടെ കലാ വൈഭവവും വൈദഗ്ധ്യവും പ്രോത്സാഹിപ്പിച്ച് മേന്മയുള്ള പ്രവൃത്തികൾ നടത്താനുള്ള സാഹചര്യം ഉണ്ടാക്കണം.

12. സൗഹാർദപരമായ തൊഴിൽബന്ധം സൃഷ്ടിക്കണം.



5.2B

ഗതാഗതം

വിസ്തൃതി, വരുമാനം, ചരിത്ര പശ്ചാത്തലം എന്നീ പ്രത്യേകതകൾ കൊണ്ട് പന്തളം പഞ്ചായത്ത് ജില്ലയിലെ ഇതരപ്രദേശങ്ങളിൽ നിന്ന് വേറിട്ട് നില്ക്കുന്നു. പേരിനും പെരുമക്കും പോന്ന തരത്തിൽ വികാസം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരുവിധ വൈപരീത്യം പോലെ അവശേഷിക്കുന്നു.

റോഡുകളെ മാത്രം ആശ്രയിച്ചുള്ള ഗതാഗത സൗകര്യങ്ങളാണ് പഞ്ചായത്തിലുള്ളത്. മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തിയും വിവിധ പദ്ധതികളിൽ വരുന്ന വികസന പ്രക്രിയയുടെ ഫലമായും റോഡുകളുടെ എണ്ണത്തിൽ വളർച്ച ഉണ്ടായിട്ടുണ്ടെങ്കിലും സൗകര്യങ്ങളുടെയും സഞ്ചാരയോഗ്യതയുടെയും മാനദണ്ഡം വച്ചു നോക്കിയാൽ ഈ രംഗത്ത് കാര്യമായ മാറ്റം അനുഭവപ്പെടുന്നില്ല എന്ന യാഥാർഥ്യം നിലനിൽക്കുന്നു.

ഗ്രാമീണ റോഡുകൾ ആ പ്രദേശത്തിന്റെ പുരോഗതിയിലേക്കുള്ള പാതകളാണ്. ഇത്തരം അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമല്ലേ ഗ്രാമീണ ജനങ്ങൾ നഗര പ്രദേശങ്ങളിലേക്ക് ചേക്കേറുന്നതിനു പിന്നിലെ പ്രേരക ഘടകങ്ങളിൽ ഒന്ന്. നാമൊരു വികസന രേഖക്കു രൂപം നൽകുമ്പോൾ പ്രധാനമായും ഇത്തരം കാര്യങ്ങളിൽ ഊന്നൽ നൽകുന്നത് ഇന്നു പൊതുവേ കണ്ടുവരുന്ന പട്ടണങ്ങളിലേക്കുള്ള കുടിയേറ്റം ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കുവാൻ സഹായകമായിരിക്കും.

ഭൂമിശാസ്ത്രപരമായി പന്തളം മലനാട്ടിലല്ല സ്ഥിതിചെയ്യുന്നതെങ്കിലും, മലനാടിന്റെ മിക്ക സവിശേഷതകളും ഇവിടെ അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ റോഡുകളുടെ നിർമ്മാണവും പരിപാലനവും ശ്രമകരവുമാണ്. ഗതാഗതസൗകര്യമുള്ള റോഡുകൾ താരതമ്യേന കുറവാണ്. ഉള്ളവതന്നെ മതിയായ തരത്തിൽ അറ്റകുറ്റപ്പണികൾ ചെയ്യാതെ താറുമാറായ അവസ്ഥയിലും. പാലങ്ങളുടെ നിലയും ഗതാഗതം ക്ലേശകരമാക്കുന്നതിലുപരി അപകടകരമായ അവസ്ഥയിലെത്തിക്കുന്നു എന്നതാണ് ഗൗരവമായി കാണേണ്ടത്. (ഉദാ: കടയ്ക്കാടു പാലം)

റയിൽവേയുടെ അഭാവം ഗതാഗത സൗകര്യങ്ങളിൽ ഒരു പോരായ്മയായിത്തന്നെ നിലകൊള്ളുന്നു. ചെറിയ നീക്കങ്ങൾ, അടുത്ത കാലത്തായി ഈ വഴി നടക്കുന്നു എന്നതുതന്നെ ശുഭസൂചകമായി കരുതാം. ഒരു പുണ്യസ്ഥലമായി പുറം



നാടുകളിൽ അറിയപ്പെടുന്ന പന്തളത്തിന് റയിൽ ഗതാഗത ഭൂപടത്തിൽ സ്ഥാനം നേടിയെടുക്കേണ്ടത് നാടിന്റെ പൗരാണികവും സാംസ്കാരികവുമായ പ്രശസ്തി നിലനിർത്തുവാനും പുരോഗതിയിലേക്കു നയിക്കുവാനുമുള്ള അനിവാര്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

അച്ചൻകോവിലാറ് പന്തളത്തെ സമ്പന്നമായ വിള ഭൂമിയാക്കുന്ന പുണ്യനദിയായി, വിവിധ കാലങ്ങളിൽ ശാന്തസ്വരൂപിണിയായും കോപിഷ്ടയായും ഒഴുകുന്നുണ്ട്. പ്രദേശത്തിന്റെ പ്രത്യേകത കൊണ്ട് ജലഗതാഗത്തിന് ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. അച്ചൻകോവിലാറ്റിൽ വയറപ്പുഴ, ചക്കനാട്ട്, തോട്ടക്കോണം എന്നീ മൂന്നു കടത്തുകൾ; കുളനട വെണ്മണി പഞ്ചായത്തുകളിലേക്ക് ഉണ്ട്. ഈ കടത്തുകൾക്കു പകരം നടപ്പാലം ഉണ്ടാവണം.

റോഡുകളെ പ്രധാനമായുംP.W.D., പഞ്ചായത്ത് അധീനതയിലുള്ളതും അല്ലാത്തതുമായ ടാർറോഡ്, മെറ്റൽ റോഡ്, മൺറോഡ് എന്നീ വിഭാഗങ്ങളിൽപെടുത്തികൊണ്ടുള്ള വിശദമായ പട്ടിക ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽ നിന്നും റോഡുകളുടെ ഇന്നുള്ള പൊതുവായ സ്ഥിതി മനസ്സിലാക്കാവുന്നതേയുള്ളൂ.

പഞ്ചായത്തിലെ അംഗീകൃത റോഡുകളുടെ എണ്ണം 436. മൊത്തം ദൈർഘ്യം ഏതാണ്ട് 398 കി.മീ. വരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ ടാർ വിഭാഗത്തിൽ 43 കി.മീ. ഉം മെറ്റൽ വിഭാഗത്തിലും മൺ വിഭാഗത്തിലുമായി 354.2 കി.മീ. ഉം ദൈർഘ്യമാണുള്ളത്.

പട്ടിക - 1

പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പണി ചെയ്യുന്ന റോഡുകൾ

ക്രമ നമ്പർ	റോഡ്	വാർഡ്	തുക
1	ചക്കാലവട്ടം - ഐരാണിക്കത്തറ	I	1,00,000
2	തൈക്കൂട്ടത്തിൽപടി - മഞ്ഞനംകുളം	II	1,00,000
3	എസ്.എൻ.ഡി.പി. - ഈയാംകോട്	III	1,00,000
4	ഐരാണിക്കത്തറ - മഹാദേവർ ക്ഷേത്രം	IV	1,00,000
5	തോന്നല്ലൂർ ശാസ്താക്ഷേത്രം - വേദി ജംഗ്ഷൻ	V	1,00,000
6	മുട്ടാർ ജംഗ്ഷൻ - പാലത്തടം	VI	1,00,000
7	ഇളമയിൽ റോഡ്	VII	1,00,000
8	കടയ്ക്കാട് ഫാം - തലക്കോട്ടുചിറ	VIII	1,00,000
9	പ്ലാവിളപ്പടി - ചെറുകൊല്ലാക്കര	IX	1,00,000
10	വെണ്മണിപടി - ചരുവിൽപടി	X	1,00,000
11	തോപ്പിൽപടി - കാവിന്റെകിഴക്കേതിൽ	XI	1,00,000
12	ഈരിക്കലേത്ത് പടി - തുരുത്തേൽ പടി	XII	1,00,000
13	മുളനിൽക്കുന്നതിൽ പടി - പീച്ചൻകോട്	XIII	1,00,000
14	വെള്ളപ്പാറവിള - എസ്.എം. ടെക്നിക്കൽ	XIV	1,00,000
15	പ്രൈമറി ഹെൽത്ത് സെന്റർ റോഡ്	VII	1,90,000

പട്ടിക 1.എ.

വിവിധ ഗ്രാന്റുകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ

1	ഓതുകടവ് - മേലേമുപ്പത്തി റോഡ്	I	2,05,120
2	കന്നുകുഴി - കലദിക്കുറ്റി റോഡ്	II	78,903
3	അർപ്പിത ഹോസ്പിറ്റൽ - തേവാലപ്പടി	III	75,000
4	മങ്ങാരം യു.പി.എസ്. - മഹാദേവർ ക്ഷേത്രം	IV	2,50,000
5	കെ.എസ്.ഇ.ബി. - മൂലയിൽപടി	V	60,000
6	മൂലയിൽ - കോയിക്കൽ മുക്ക്	VI	40,000
7	ഉളമയിൽ റോഡ് (രണ്ടാം ഭാഗം)	VII	1,00,000
8	കടയ്ക്കാട് - പട്ടരേത്ത്പടി	VIII	50,000
9	ഒറ്റപ്ലാവിള - നിരപ്പിൽ പടി	IX	73,161
10	വെമ്മണിപ്പടി - സൺഡെസ്കൂൾ	X	50,000
11	ആയുർവേദ ആശുപത്രി - മാവര	IX	1,00,000
12	മെഡിക്കൽമിഷൻ - എരിച്ചപൊയ്ക	XII	30,000
13	പ്ലാവിളപ്പടി - പറന്തൽപാലം	XIII	40,000
14	കഴുത്തുംമൂട്ടിൽ പടി - തൈക്കാവ് റോഡ്	XIV	50,000

റോഡുകളുടെ അറ്റകുറ്റപ്പണികൾ, മെറ്റൽ ചെയ്യുക, ടാർ ചെയ്യുക, പുതിയ റോഡുകൾ നിർമ്മിക്കുക തുടങ്ങി നിരവധി റോഡുകളെ സംബന്ധിക്കുന്ന ആവശ്യങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ളത് വിശദമായ രേഖകളോടെ സമർപ്പിച്ചിട്ടുള്ളതാണ്. അവയൊക്കെ ഈ റിപ്പോർട്ടിന്റെ വ്യാപ്തിക്കുള്ളിൽ നില്ക്കുന്നവയല്ലാത്തതുകൊണ്ട് ഇതിൽ ചേർക്കുവാൻ കഴിഞ്ഞിട്ടില്ല എന്നേ ഉള്ളൂ. ആവശ്യങ്ങൾ സൂക്ഷ്മ പരിശോധന നടത്തി, നടപടികൾ കൈക്കൊള്ളേണ്ടതാണ്. ആവശ്യമെന്നു കാണുന്ന അവസരങ്ങളിൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടി വികസന പ്രവർത്തനങ്ങളിൽ, ജനശക്തി പ്രയോജനപ്പെടുത്തണം.

ഗതാഗത പ്രശ്നങ്ങൾ

1. ഗതാഗതത്തിന് മുഖ്യമായി ആശ്രയിക്കുന്ന KSRTC ബസ്സ് സർവീസുകളുടെയും ബസ്സ് സ്റ്റേഷന്റെയും ശോചനീയമായ അവസ്ഥയാണ് ഗതാഗത പ്രശ്നങ്ങളിൽ മുന്നിട്ടു നിൽക്കുന്നത്. പന്തളം സ്റ്റേഷനിൽ നിന്ന് മുൻകാലങ്ങളിൽ പുറപ്പെട്ടിരുന്ന സർവീസുകൾ മിക്കവയും നിർത്തൽ ചെയ്തത് ഇവിടുത്തെ ജനങ്ങളുടെ യാത്രാ ക്ലേശം വർധിപ്പിട്ടുണ്ട്. പല ദീർഘദൂര വണ്ടികളും റദ്ദുചെയ്തിട്ട് നാളുകൾ ഏറെയായി. ബസ്സ് സ്റ്റേഷന്റെ പദവിയിൽ വരുത്തിയ മാറ്റം വഴി ബസ്സുകളുടെ എണ്ണത്തിലും ജീവനക്കാരുടെ സംഖ്യയിലും



ശോഷണം വരുത്തി. മറ്റു സ്റ്റേഷനുകളിൽ നിന്ന് ഇതു വഴി കടുന്നു പോകുന്ന വാഹനങ്ങളെ ആശ്രയിച്ചു മാത്രമായി പന്തളവാസികളുടെ യാത്ര. ദീർഘദൂര വണ്ടികൾ ഒന്നും തന്നെ ഇപ്പോൾ, ബസ്സ് സ്റ്റേഷന്റെ ഭൂമിശാസ്ത്രപരമായ അസൗകര്യം കൊണ്ട് (എം.സി. റോഡിൽ നിന്ന് ഏറെ ഉള്ളിലേക്ക് കടന്നു സ്ഥിതിചെയ്യുന്ന അവസ്ഥ) സ്റ്റേഷനിൽ കയറുന്ന പതിവില്ല. അത്തരം വണ്ടികൾ എം.സി. റോഡിന്റെ സൗകര്യമായ ഒരു ഭാഗത്ത്, അപ്പോഴുള്ള സൗകര്യം പോലെ നിറുത്തി യാത്രക്കാരെ ഇറക്കിവിടുക എന്ന കൃത്യം മാത്രമേ നിർവഹിക്കാറുള്ളു. ക്ലിപ്തമായ സ്റ്റോപ്പുകൾ ഇല്ലാത്തതുമൂലം ബസ്സിൽ കയറാനുള്ള ശ്രമമായി എം.സി. റോഡിന്റെ തെക്കും വടക്കും വണ്ടിക്കു പിന്നാലെയുള്ള ഹ്രസ്വദൂര ഓട്ടമത്സരത്തിൽ വിജയിക്കുന്ന ഭാഗ്യവാന്മാർക്ക് മാത്രമേ യാത്രയിൽ ലക്ഷ്യസ്ഥാനത്ത് എത്താനുള്ള ആദ്യപടിയെങ്കിലും കടക്കാൻ കഴിയുന്നുള്ളു. ഈ അവസ്ഥയാണ് ഗതാഗത പ്രശ്നമെന്നതിലുപരി പന്തളത്തെ ജനങ്ങൾക്ക് ശാപമായിത്തീർന്നിരിക്കുന്നത്.

2. ഏറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശമെന്ന നിലയിൽ ഹ്രസ്വദൂര ബസ്സുകളുടെ അപര്യാപ്തത വിദ്യാർഥികളെയും ജനങ്ങളെയും ഒരുപോലെ പ്രയാസപ്പെടുത്തുന്നുണ്ട്. ഉൾനാടൻ പ്രദേശങ്ങളെ ബന്ധിച്ചു കൊണ്ടുള്ള സർക്കുലർ ബസ്സുകളുടെ അഭാവം സാധാരണ ജനങ്ങളുടെയും കർഷകരുടെയും, വിദ്യാർഥികളുടെയും ദൈനന്ദിന പ്രവർത്തനങ്ങൾക്ക് ക്ലേശം സൃഷ്ടിക്കുന്നു.

3. സ്വകാര്യ ബസ്സുകൾക്കും, ടാക്സി ഓട്ടോറിക്ഷകൾക്കും സൗകര്യമായ സ്റ്റാൻഡുകൾ ഇല്ലാത്തതും ഗതാഗത പ്രശ്നം സൃഷ്ടിക്കുന്നതിൽ മുഖ്യ പങ്കുണ്ട്. ഇന്ന് ഇവയൊക്കെ പ്രധാന റോഡിന്റെ വശങ്ങളിൽ പാർക്കു ചെയ്യുകയാണ്.

4. റോഡുകളുടെ ഇന്നുള്ള സ്ഥിതിയും വിസ്തൃതിയും വാഹനങ്ങളുടെ സംഖ്യയിൽ വന്നിട്ടുള്ള ഭീമമായ വളർച്ചക്ക് ആനുപാതികമല്ലാത്തതു കൊണ്ടുണ്ടാകുന്ന ഗതാഗതക്കുരുക്കും അപകടവും സങ്കീർണമായ മറ്റൊരു പ്രശ്നമാണ്. ഈ വസ്തുത കണക്കിലെടുത്ത് ഗതാഗതയോഗ്യമായ പുതിയ റോഡുകൾ ആസൂത്രണം ചെയ്യുക എന്നത് അടിയന്തിര ഗതാഗത പ്രശ്നമായി കാണേണ്ടതും പരിഹരിക്കേണ്ടതുമാണ്. (റോഡുകളുടെ നിർമ്മാണത്തിനും ഉള്ളവ ഗതാഗതയോഗ്യമാക്കുന്നതിനുമായി ഗ്രാമസഭകളിൽ നിന്നുണ്ടായിട്ടുള്ള ആവശ്യങ്ങൾ ഇവിടെ പ്രസക്തവും ശ്രദ്ധേയവുമാണ്.)

5. അമിതഭാരം കയറ്റിയ ലോറികളുടെയും മറ്റു വാഹനങ്ങളുടെയും ഗതാഗതത്തിൽ വന്നു കൊണ്ടിരിക്കുന്ന വളർച്ചയും വ്യാപ്തിയും റോഡുകളുടെയും പാലങ്ങളുടെയും സുരക്ഷിതത്വത്തിന് ഒരു വലിയ ഭീഷണിയാണ്. പല പാലങ്ങളുടെയും കാലാവധി (LIFE) സാങ്കേതികമായി തീർന്നു. എങ്കിലും അപകടമോ അപകടഭീഷണിയോ ഉണ്ടായാൽ മാത്രമേ ഇക്കാര്യത്തിൽ ശ്രദ്ധിക്കൂ എന്ന അവസ്ഥയാണിന്നു കാണുന്നത്.

പട്ടിക - 2

പഞ്ചായത്തിലെ P.W.D. റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	നീളം കി.മീ.
1	കടയ്ക്കാട് - ഐരാണിക്കുടി റോഡ്	6.500
2	വലിയപാലം - പറന്തൽ പള്ളി (സ്റ്റേറ്റ് ഹൈവേ നമ്പർ - 1)	7.500
3	കുരമ്പാല ജംഗ്. - കുളവള്ളി പാലം	0.400
4	മെഡിക്കൽമിഷൻ - കുടശ്ശനാട് റോഡ്	3.500
5	മുട്ടാർ മന്നം ഷുഗർ മിൽസ്	2.000
	ആകെ	19.900

പട്ടിക – 3

പഞ്ചായത്തിൽ ടാർ ചെയ്ത റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	നീളം കി.മീ.	ഉടമസ്ഥത
1	പുളയിൽമുക്ക് – പനിക്കുഴം	2.000	പഞ്ചായത്ത്
2	ചേരിക്കൽ വെൽഫെയർ ജംഗ്. – ഓതുകടവ്	0.330	പഞ്ചായത്ത്
3	മങ്ങാരം SNDP - നെടിയമണ്ണിൽ പടി	0.500	പഞ്ചായത്ത്
4	മുട്ടാർ ജംഗ്.– ആൽത്തറ ജംഗ്.	1.500	പഞ്ചായത്ത്
5	അറത്തിൽമുക്ക് – മഹാദേവർ ക്ഷേത്രം	1.000	പഞ്ചായത്ത്
6	സി.എം. ഹോസ്പിറ്റൽ – മെഡിക്കൽ മിഷൻ	2.000	പഞ്ചായത്ത്
7	പോലീസ് സ്റ്റേഷൻ – ഫാക്ട്	0.800	പഞ്ചായത്ത്
8	കടയ്ക്കാട് ക്ഷേത്രം – ചന്തമുക്ക്	1.500	പഞ്ചായത്ത്
9	കടയ്ക്കാട് – പട്ടരേത്തുപടി	0.400	പഞ്ചായത്ത്
10	കോളേജ് ജംഗ്. – കാവിന്റെ കിഴക്കേതിൽ ജംഗ്.	1.200	പഞ്ചായത്ത്
11	പുഴിക്കാട് സ്കൂൾ – ആലുമൂട് ജംഗ്.	3.000	പഞ്ചായത്ത്
12	തവളംകുളം – ഒറ്റപ്ലാവിള	0.700	പഞ്ചായത്ത്
13	പഞ്ചായത്ത് ഓഫീസ് – കോളേജ് ജംഗ്.	0.220	പഞ്ചായത്ത്
14	എസ്.ബി.റ്റി. ചാലുംപാട്	0.400	പഞ്ചായത്ത്
15	കുടശ്ശനാട് പള്ളി – തുരുത്തേൽ	1.000	പഞ്ചായത്ത്
16	പൈനുംമൂട് ജംഗ്. – മാവര	1.750	പഞ്ചായത്ത്
17	കുരമ്പാല – ചേലവിള ജംഗ്. എം.എൽ.എ. റോഡ്	2.500	പഞ്ചായത്ത്
18	കുടശ്ശനാട് പള്ളി – ചാരുംവിള മുക്ക്	2.500	പഞ്ചായത്ത്
	ആകെ	23.800	

നിർദ്ദേശങ്ങൾ

ഗതാഗതത്തിന് മുഖ്യമായും ആശ്രയിക്കുന്ന KSRTC ബസ്സ് സർവീസുകൾ, സ്വകാര്യ ബസ്സ് സർവീസുകൾ ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക.

1. KSRTC ബസ്സ് സ്റ്റേഷന്റെ ഇന്നുള്ള പദവി ഉയർത്തി കൂടുതൽ ബസ്സ് സർവീസുകളുടെയും ജീവനക്കാരുടെയും സേവനം സ്റ്റേഷനിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക. അതുവഴി പന്തളത്തു നിന്നു പുറപ്പെടുന്ന ഹ്രസ്വ–ദീർഘദൂര ബസ്സുകളുടെ എണ്ണം വർധിപ്പിക്കാൻ കഴിയും.

2. ഇന്നത്തെ KSRTC ബസ്സ് സ്റ്റേഷന്റെ സ്ഥാനം എം.സി. റോഡിനോടു ചേർന്നുള്ള സ്ഥലത്തേക്ക് മാറ്റുക. ഇതു പ്രാവർത്തികമാക്കാൻ പ്രായോഗികതയും പരസ്പര സൗകര്യവും ഉളവാക്കുന്ന നിർദേശമാണ് പന്തളം



മാർക്കറ്റും KSRTC ബസ്സ് സ്റ്റേഷനും പരസ്പരം മാറ്റി സ്ഥാപിക്കുക എന്നത്.

ഇന്നത്തെ നിലയിൽ രണ്ടു സ്ഥാപനങ്ങൾക്കും ഒരു പോലെ അസൗകര്യം ഉളവാക്കുന്ന സ്ഥിതിവിശേഷം അവയുടെ പരസ്പര മാറ്റം കൊണ്ട് ഒഴിവാക്കാനും കൂടുതൽ ജനോപകാര പ്രദമാക്കാനും കഴിയുന്നു എന്നുള്ള വസ്തുത അംഗീകരിച്ച് അവയുടെ കൈമാറ്റം സാങ്കേതികമോ ഔദ്യോഗികമോ ആയ ചുവപ്പുനാടയിൽ കുരുക്കാതെ പൊതു താല്പര്യത്തെ കരുതി പ്രാവർത്തികമാക്കണമെന്നത് പൊതുജനാവശ്യമാണ്.

3. ഒട്ടനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് യാത്രാക്ലേശം വിദ്യാർഥികളെയും പൊതുജനങ്ങളെയും ഒരു പോലെ പ്രയാസപ്പെടുത്തുന്നുണ്ട്. ഏതാനും സർക്കുലർ ബസ്സുകൾ തുടങ്ങുന്നത് ഇതിനൊരു പരിഹാരമായിരിക്കും.

i) കുരമ്പാല അമ്പലമുക്കു വഴി പൂഴിക്കാട് വലക്കടവ് സർക്കുലർ ബസ്സ്. ഇത് 3, 6, 9, 10,12 വാർഡുകളിലെ ജനങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്നു.

ii) കുരമ്പാല അമ്പലമുക്ക് ജംഗ്ഷൻ – കോലേലിൽ അമ്പലം – കുരിശുംമൂട് – കാവിന്റെ കിഴക്കേപടി – കോളേജ് ജംഗ്ഷൻ സർക്കുലർ, 7, 8, 11 വാർഡുകളിലുള്ളവർക്ക് ഇത് സഹായകമാവും

iii) പന്തളം ജംഗ്ഷൻ – ചേരിക്കൽ – അറത്തിൽ മുക്ക് – പന്തളം മഹാദേവർ ക്ഷേത്രം – മണികണ്ഠൻ ആൽത്തറ – പാട്ടുപുരക്കാവ് – വേദിജംഗ്ഷൻ – കടയ്ക്കാട് കൃഷിഭവൻ സർക്കുലർ.1 മുതൽ6 വരെ വാർഡുകളിലെ ജനങ്ങൾക്കിതു പ്രയോജനം ചെയ്യുന്നു.

സർക്കുലർ സർവീസുകൾ കൊണ്ട് മറ്റൊരു നേട്ടം കൂടി നാം കാണേണ്ടതുണ്ട്. ഗ്രാമാന്തര പ്രദേശങ്ങളെ ഗ്രാമങ്ങളിലെ വികസിത പ്രദേശങ്ങളുമായി കൂട്ടിയിണക്കിക്കൊണ്ടുള്ള റോഡുകളും മറ്റു ഗതാഗത സൗകര്യങ്ങളും ഗ്രാമത്തിന്റെ പൊതുവായ വികാസത്തിനും ഉൾനാടൻ പ്രദേശങ്ങളിലേക്ക് ജനവാസം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സാധ്യതകൾ വർധിപ്പിക്കുന്നു.

4. സ്വകാര്യ ബസ്സുകളുടെ പങ്കും ഗതാഗതസൗകര്യങ്ങളിൽ പ്രാധാന്യം അർഹിക്കുന്നു. അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും ബഹുജനങ്ങൾക്കു കുറെ കൂടി മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനും ചില ക്രമീകരണങ്ങൾ ആവശ്യമാണ്.

മത്സര ഓട്ടവും അമിത വേഗതയും നിയന്ത്രിക്കാൻ പ്രധാന റൂട്ടുകളിൽ പല ഇടങ്ങളിലായി സമയ നിയന്ത്രണം പാലിക്കുന്നതിന് ടൈംകീപ്പർ (Time keepers) മാരെ നിയോഗിക്കുക. സമയലംഘനം നടത്തുന്ന വണ്ടികൾക്ക് പിഴ ചുമത്താൻ വ്യവസ്ഥ ചെയ്യുക. വാഹനങ്ങളുടെ പോക്കു വരവുകൾ പഞ്ചിംഗ് സമ്പ്രദായം കൊണ്ട് രേഖപ്പെടുത്തേണ്ടതാണ്.

5. പഞ്ചായത്തിന്റെ ഹൃദയഭാഗങ്ങളിൽ പലകാരണങ്ങളാൽ ഇന്നനുഭവപ്പെടുന്ന ഗതാഗത തടസ്സങ്ങളും അപകടവും ഒഴിവാക്കുന്നതിന് ഇങ്ങനെയുള്ള പ്രദേശങ്ങളിൽ സൗകര്യമുള്ള ഇടങ്ങളിലൊക്കെ ബൈപാസുകൾ നിർമ്മിച്ചും, വൺവേട്രാഫിക് സമ്പ്രദായം നടപ്പാക്കിയും വാഹനങ്ങളുടെ പോക്കുവരവ് നിയന്ത്രിക്കണം.

6. വിദ്യാർഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന്, KSRTC 'സ്റ്റുഡന്റ് ഒൺലി' (Student only) ബസ്സുകൾ ഓടിക്കുന്നതുപോലെ സ്വകാര്യ ബസ്സുകളും സ്കൂൾ സമയങ്ങളിൽ (രാവിലെയും വൈകിട്ടും) പരിമിതമായ തരത്തിലെങ്കിലും വിദ്യാർഥികൾക്കു മാത്രമായി ഹ്രസ്വ ദൂരങ്ങളിൽ സർവീസ് നടത്തുന്നതിനുള്ള സാധ്യത ആലോചനാ വിധേയമാക്കേണ്ടതാണ്.

7. ഗ്രാമപ്രദേശങ്ങളിലെ റോഡുകളുടെ നിർമ്മാണവും സംരക്ഷണവും അതതുപ്രദേശങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമസഭാകമ്മിറ്റികളെ ഏല്പിക്കുക. നിർമ്മാണത്തിലുള്ളവയുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും ജനങ്ങളോടുള്ള പ്രതിബന്ധത ഉറപ്പുവരുത്താനും ഇത് സഹായിക്കും.

8. നിർമിക്കുന്ന റോഡുകൾ ഓടകൾ കെട്ടി സംരക്ഷിക്കുന്ന സമ്പ്രദായം നിർമാണത്തിലെ അടിസ്ഥാന വ്യവസ്തയായി ഉൾക്കൊള്ളിക്കുക.

9. കനത്തിലുള്ള കോൺക്രീറ്റിങ്, ടാറിംഗ് തുടങ്ങിയവ പകരം നാടൻ റോഡുകളുടെ നിലനില്പും ഉപയോക്ഷമതയും വർധിപ്പിക്കാൻ ചെലവ് കുറഞ്ഞ മാർങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്ത് നോക്കേതാണ്.

10. ഗ്രാമസഭകളിൽ നിന്നുണ്ടായിട്ടുള്ള നിർദേശങ്ങളും ശ്യങ്ങളും മുൻഗണനാക്രമത്തിൽ പാലിക്കുക.

5.2C

ഊർജം

1950 കളിലാണ് ഈ പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി എത്തിയത്. മേവേലിക്കര, പത്തനംതിട്ട എന്നീ സബ്സ്റ്റേഷനുകളിൽ നിന്നുമുള്ള 11 കെ.വി. ലൈനിലൂടെയാണ് ഇത് സാധിച്ചത്. തുടർന്ന് 1980ൽ ഇടപ്പോൺ 110 കെ.വി. സബ്സ്റ്റേഷൻ പ്രവർത്തനക്ഷമമായതോടെ നില കൂടുതൽ മെച്ചമായി.1968ൽ ഇവിടെ ഒരു സെക്ഷൻ ഓഫീസ് തുടങ്ങുന്നതുവരെ അടൂർ സെക്ഷൻ ഓഫീസിനു കീഴിൽ പന്തളത്ത് ഒരു ഓവർസിയർ ഓഫീസാണുണ്ടായിരുന്നത്. ഇന്നിവിടെ ഒരു ഇലക്ട്രിക്കൽ മേജർ സെക്ഷൻ പ്രവർത്തിക്കുന്നു. തുമ്പമൺ, കുളനട, പന്തളം തെക്കേക്കര എന്നീ പഞ്ചായത്തു പ്രദേശത്തെ വൈദ്യുതി വിതരണവും ഈ ഓഫീസിന്റെ പരിധിയിൽ വരുന്നു. 19,433 ഉപഭോക്താക്കളുള്ള ഈ ഓഫീസിൽ ജീവനക്കാരുടെ കുറവും, സ്ഥല സൗകര്യ പരിമിതിയും പൊതുജനങ്ങൾക്കെന്നും ബുദ്ധിമുട്ടുണ്ടാക്കുന്നു. നഗര ഹൃദയത്തിൽ സ്വന്തമായുള്ള സ്ഥലം കാടുകയറി കിടക്കാൻ അനുവദിച്ചു കൊണ്ട് ഭീമമായ തുക വാടകയിനത്തിൽKSE ബോർഡ് ദുർവിനിയോഗം ചെയ്യുന്നു.

ഈ പഞ്ചായത്തിൽ ആകെ 7206 വൈദ്യുതി ഉപഭോക്താക്കളാണുള്ളത്. ഇതിൽ 83.5% ഗാർഹിക ഉപഭോക്താക്കളാണ്. 14% വ്യാപാരത്തിലും, 1.5% കാർഷിക രംഗത്തും 1% വ്യവസായികരംഗത്തുമുള്ളവരാണ്.38ട്രാൻസ്ഫോർമറുകളാണിവിടെ സ്ഥാപിച്ചിട്ടുള്ളത്. മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ സബ്സ്റ്റേഷൻ, ഈ പഞ്ചായത്തിൽ നിന്നും നോക്കെത്തുംദൂരത്ത്, ഇടപ്പോണിലാണെങ്കിലും, വോൾട്ടേജില്ലായ്മ ഇവിടെ എന്നും ഒരു ശാപമായി അവശേഷിക്കുന്നു. .....ൽ പ്രവർത്തനമാരംഭിച്ച പള്ളം ഇടപ്പോൺ 110 കെ.വി ലൈൻ താങ്ങാവുന്നതിലധികം ഭാരം ചുമക്കേണ്ടി വരുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നതെന്നാണ് അധികൃതരുടെ വിശദീകരണം. ഇടയ്ക്കിടെയുണ്ടാകാറുള്ള വൈദ്യുതി തടസ്സവും (രാത്രിയിലുള്ളത്) ഇങ്ങനെയാണുണ്ടാകുന്നതത്രെ. കായംകുളം താപനിലയം എത്രയും പെട്ടെന്ന് പ്രവർത്തന ക്ഷമമാകുകയും, അവിടെ ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ഇടപ്പോൺ സബ്സ്റ്റേഷൻ വഴി ഈ പ്രദേശത്ത് ലഭ്യമാകുകയും ചെയ്താലേ ഈ പ്രശ്നത്തിനൊരു പരിഹാരമാവുകയുള്ളു.

ഇവിടെ57 കിലോ മീറ്റർ നീളത്തിൽ11 കെ.വി. ലൈനും 91 കി.മീ. മൂന്നുഫേസ് ലൈനും,253 കി.മീ. ഒരു ഫേസ് ലൈനുമാണുള്ളത്. മെച്ചപ്പെട്ട വോൾട്ടേജ് ലഭ്യമാക്കാൻ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, പുതുതായി മുന്നു



ഫേസ് ലൈനുകൾ നിർമ്മിക്കുന്നതിനൊപ്പം നിലവിലുള്ള ഒരു ഫേസ് ലൈൻ, മൂന്നു ഫേസ് ലൈനാക്കി മാറ്റുകയും ചെയ്യണം.

പൊതുസ്ഥലത്തും, നിരത്തുകളിലും വെളിച്ചത്തിനായി 1080 സാധാരണ ബൾബുകളും, 19 ട്യൂബ്ലൈറ്റുകളും, 10 സോഡിയം വേപ്പർ ലാമ്പുകളും, 4 മെർക്കുറി വേപ്പർ ലാമ്പുകളും ഉപയോഗിച്ചു വരുന്നു. ശ്രീധർമ്മശാസ്താ ക്ഷേത്ര സന്നിധിയിൽ നാലു സൂര്യ റാന്തലുകളും പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത തെരുവിളക്കുകളേറെയാണ്. പ്രതിമാസം 13,480 രൂപയാണ് പഞ്ചായത്തു തെരുവുവിളക്കുകൾക്കായി വൈദ്യുതിചാർജിനത്തിലടക്കുന്നത്. ഇവിടെ വൈദ്യുതീകരിച്ച 11 ഹരിജൻ കോളനികളുണ്ട്.

അനനൂറിലധികം അപേക്ഷകർ വൈദ്യുതിക്കായി കാത്തു കഴിയുന്നു. 10/91 മുതൽ കാത്തിരിക്കുന്നവരുമുണ്ടീനിരയിൽ! ഈ വർഷം ഏകദേശം 150 കണക്ഷനുകളാണ് പുതുതായി നല്കാൻ കഴിഞ്ഞത്. വൈദ്യുതി ബോർഡിന്റെ നയ വൈകല്യങ്ങളും ജീവനക്കാരുടെ അനാസ്ഥയും അഴിമതിയും ജനങ്ങളിൽ അസംതൃപ്തി ഉളവാക്കിയിട്ടുണ്ട്.

ഗാർഹിക രംഗത്ത് വൈദ്യുതിയുടെ ഉപഭോഗം ഗണ്യമായി വർധിച്ചിട്ടുണ്ട്. റ്റി.വി., വാഷിംഗ്മെഷീൻ, പമ്പുസെറ്റ് തുടങ്ങിയവ സർവസാധാരണമായിക്കഴിഞ്ഞു. വൈദ്യുതി മുടങ്ങുന്ന സമയത്ത് പ്രവർത്തിപ്പിക്കുവാൻ ഡീസൽ/മണ്ണെണ്ണ ഉപയോഗിച്ചുള്ള, ജനറേറ്ററുകളുള്ള വീടുകളും ഈ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും വിറകടുപ്പാണുപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകളുടെ മേന്മയെക്കുറിച്ചുള്ള അറിവ് ഇവിടെ പരിമിതമാണ്. ചുരുക്കം വീടുകളിൽ ഇവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവയിൽ മിക്കതും പ്രവർത്തനക്ഷമമല്ല. ദുർബല വിഭാഗങ്ങൾക്കായി നിർമ്മിക്കപ്പെട്ട വീടുകളിലെ ഇത്തരം അടുപ്പുകൾ പൂർണമായും ഉപയോഗശൂന്യമാണ്. ഇന്ധന ലാഭത്തിനും മറ്റും ഏറെ സൗകര്യപ്രദമായ കച്ചിപ്പെട്ടി ഉപയോഗിക്കുന്നവരും ഈ പഞ്ചായത്തിലുണ്ട്. ഈ രംഗത്ത് ശാസ്ത്രസാഹിത്യപരിഷത്ത് പന്തളം യൂണിറ്റ് ചേരിക്കൽ പ്രദേശത്തു നടത്തിയ കച്ചിപ്പെട്ടിയുടെ പ്രവർത്തന നിർമ്മാണ ശില്പശാല ധാരാളം കുടുംബിനികളെ ആകർഷിച്ചുവെങ്കിലും ഇവയുടെ ഉപയോഗം വ്യാപകമാക്കുവാനും തദ്ദാരാവിറകിന്റെ ഉപയോഗം പരമാവധികുറയ്ക്കാനും വീട്ടമ്മമാരുടെ ആരോഗ്യം സംരക്ഷിക്കുവാനും കച്ചിപ്പെട്ടി, പുകയില്ലാത്ത അടുപ്പ് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ഇവയുടെ പ്രചാരണം, സ്ഥാപനം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഒരു പദ്ധതി ഉണ്ടാവണം.

പാചകത്തിനായി മണ്ണെണ്ണ ഉപയോഗിക്കുന്നവരും ഏറെയുണ്ടിവിടെ. പാചകത്തിന് ഗ്യാസ് ഉപയോഗിക്കുന്നത് 2619 വീടുകളിലാണ്. വിറകിനു പുറമേ അറക്കപ്പൊടി ഉപയോഗിച്ച് അടുപ്പുകത്തിക്കുന്നവരുമുണ്ട്. വിൽക്കപ്പെടുന്ന വിറകിന്റെ95% പഞ്ചായത്തിനു പുറത്തു നിന്നുമാണ് ലഭ്യമാകുന്നത്.

പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും, വൈദ്യുതി എത്താത്ത പ്രദേശങ്ങളുണ്ട്.
2. പഞ്ചായത്തിലെല്ലായിടത്തും വോൾട്ടേജ് കമ്മി അനുഭവപ്പെടുന്നു.
3. മഴക്കാർ വാനിലേറുമ്പോൾ മുടങ്ങുന്നു വൈദ്യുതിയെന്നും.
4. തെരുവു വിളക്കുകളുടെ അഭാവം.
5. തെരുവു വിളക്കുകൾ പകുതിയിലധികവും പ്രകാശിക്കുന്നില്ല.
6. ദക്ഷതകൂടിയ പരിഷത്തടുപ്പ്, കച്ചിപ്പെട്ടി ഇവ ലഭ്യമല്ല.
7. സൂര്യ റാന്തൽ തുടങ്ങി, പാരമ്പര്യേതര ഊർജ ഉപകരണങ്ങളെക്കുറിച്ചുള്ള അജ്ഞത.
8. ഗോബർഗ്യാസ് പ്ലാന്റുകൾ വിരളം.
9. അനാവശ്യമായ ഊർജഉപഭോഗം ഊർജ നഷ്ടം
10. വൈദ്യുതി കണക്ഷൻ ലൈൻ എക്സ്റ്റെൻഷൻ വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികളുടെ കാലതാമസം.
11. ജീവനക്കാരുടെ അനാസ്ഥയും അഴിമതിയും.

സാധ്യതകൾ

1. കായംകുളം വൈദ്യുത നിലയം എത്രയും പെട്ടെന്നു പൂർത്തിയാക്കുകയും അവിടെ നിന്നുള്ള വൈദ്യുതി ഇടപ്പോൺ സബ്സ്റ്റേഷൻ വഴി ഈ പഞ്ചായത്തിലെത്തിക്കുകയും ചെയ്യുക. ഇതിനുള്ള സമ്മർദ്ദം സംസ്ഥാന കേന്ദ്ര ഗവണ്മെന്റുകളിൽ ചെലുത്തുക.

2. മന്നം ഷുഗർമിൽ സ്ഥലത്ത് ഒരു ഡീസൻ/നാഫ്ത വൈദ്യുത നിലയം സ്ഥാപിക്കുക. (നിലവിലുള്ള സൗകര്യങ്ങൾ യന്ത്രങ്ങളുൾപ്പടെ പ്രയോജനപ്പെടുത്താവുന്നതാണ്).

3. റബർ കൃഷി വ്യാപകമായതോടെ മഴക്കാലത്ത് ഈ മരങ്ങൾ വൈദ്യുതി ലൈനിൽ തട്ടിയും വീണും വൈദ്യുതി മുടങ്ങുന്നു. അപകടം സംഭവിക്കുന്നു. ഇതൊഴിവാക്കാൻ കാലാകാലങ്ങളിൽ ഇത്തരം മരങ്ങളും ശിഖരങ്ങളും മുറിച്ചു മാറ്റുന്നതിൽ വൈദ്യുതി ബോർഡും പൊതുജനങ്ങളും പ്രത്യേകം താല്പര്യം കാണിക്കുക.

4. പുതിയ തെരുവു വിളക്കുകൾക്കായുള്ള ആവശ്യം വളരെ വലുതാണ്. സാമ്പത്തിക പരിധിയിൽ നിന്നു കൊണ്ട് മുൻഗണനാക്രമത്തിൽ ഒരോ വർഷവും നിശ്ചിത എണ്ണം സ്ഥാപിക്കുക. നിയന്ത്രണം (കത്തിക്കലും കെടുത്തലും) കുറ്റമറ്റതാക്കുക. അറ്റകുറ്റപ്പണികൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിലാക്കുക. തെരുവുവിളക്കുകൾക്ക് പ്രത്യേകം മീറ്റർ വയ്ക്കുക.

5. പുകയില്ലാത്ത അടുപ്പ്, കച്ചിപ്പെട്ടി, സൂര്യറാന്തൽ, ഗോബർ ഗ്യാസ്പ്ലാന്റ്, ഇവ പ്രചരിപ്പിക്കുകയും, ഉപയോഗം വ്യാപിപ്പിക്കുകയും ചെയ്യുക. ഇവയുടെ പ്രചാരണം, പ്രദർശനം ലഭ്യമാക്കൽ എന്നിവയ്ക്ക് ശാസ്ത്ര സാഹിത്യപരിഷത്ത്, ANERT, എന്നീ സംഘടനകളുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കുക.

6. പുതുതായി ട്രാൻസ്ഫോർമറുകളും അനുബന്ധലൈനുകളും സ്ഥാപിക്കുക.

7. നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകളെല്ലാം3 ഫേസ് ലൈനുകളാക്കുക.

8. പ്രേഷണ/വിതരണ നഷ്ടം കുറയ്ക്കുവാൻ ട്രാൻസ്ഫോർമറുകളുടെ എണ്ണം, ലൈനുകളുടെ നീളം എന്നിവ ഉപഭോക്താക്കളുടെ വർധനവിന് ആനുപാതികമായി വർധിപ്പിക്കുക.

9. വൈദ്യുതിയുൾപ്പടെയുള്ള ഊർജദായക വസ്തുക്കളുടെ ധൂർത്ത് ഒഴിവാക്കേണ്ടതിന്റെ ആവശ്യം പ്രചരിപ്പിക്കുക.

10. കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പുകൾ (കുറഞ്ഞ വൈദ്യുതി ഉപയോഗിച്ച് കൂടുതൽ വെളിച്ചം നല്കുന്നവ) വ്യാപിപ്പിക്കുക. തെരുവുവിളക്കുകൾക്കും സർക്കാർ ആഫീസുകൾക്കും ഇത്തരം ലാമ്പുകൾ ഉപയോഗിക്കുക.

11. വൈദ്യുതി കണക്ഷൻ നല്കുന്ന റ്റി.വി/റേഡിയോ സെറ്റുകൾക്കും പ്രധാന തെരുവുവിളക്കുകൾക്കും സോളാർ ചാനലുകൾ സൗകര്യപ്പെടുത്തുക.

13. ANERTന്റെ ഒരു കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുക.

14. മുഴുവൻ വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകളും അതതുകൊല്ലം തന്നെ പൂർത്തിയാക്കുക.

15. വൈദ്യുതി ഓഫീസ് കെട്ടിടം സ്വന്തം സ്ഥലത്ത് പൂർത്തിയാക്കുക.

16. വൈദ്യുതി ബോർഡിൽ അധികാര വികേന്ദ്രീകരണം അടിയന്തിരമായി നടപ്പാക്കണം. സ്റ്റോർ പർച്ചേസ് സംവിധാനം ഇന്നത്തെ നിലയിൽ നിന്ന് അതാതു സെക്ഷനുകളിലേക്ക് മാറ്റണം. ജനപ്രതിനിധികളും, ബോർഡ് ഉദ്യോഗസ്ഥന്മാരും, പ്രാദേശികവിദഗ്ധന്മാരുമടങ്ങുന്ന ഒരു കമ്മിറ്റിക്ക് ഇതിന്റെ മേൽനോട്ടം വഹിക്കാവുന്നതാണ്. ഈ രംഗത്തെ കേന്ദ്രീകരണം ഉപഭോക്താക്കൾക്ക് അനാവശ്യമായി ബുദ്ധിമുട്ടുണ്ടാക്കുന്നതിനും, അഴിമതിക്കും കാരണമാണ്. ഇക്കാര്യത്തിൽ അടിയന്തിര തീരുമാനം സംസ്ഥാന ഗവണ്മെന്റിൽ നിന്നുണ്ടാകണം.



പട്ടിക - 1

ഇലക്ട്രിസിറ്റിയുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ

ഇലക്ട്രിക്കൽ സർക്കിൾ	പത്തനംതിട്ട
ഇലക്ട്രിക്കൽ ഡിവിഷൻ	അടൂർ
ഇലക്ട്രിക്കൽ മേജർസെക്ഷൻ	പന്തളം
സബ്സ്റ്റേഷൻ	ഇടപ്പോൺ
ഫീഡർ	ഇടപ്പോൺ - പന്തളം, ഇടപ്പോൺ - അടൂർ, ഇടപ്പോൺ - കുളനട
11KV ലൈനിന്റെ നീളം	57.39 കി.മീ.
3 ഫേസ് ലൈനിന്റെ നീളം	91.156 കി.മീ.
സിംഗിൾ ഫേസ് ലൈനിന്റെ നീളം	252.872 കി.മീ.
ഗാർഹിക ഉപഭോക്താക്കൾ	6019
വ്യാപാര ഉപഭോക്താക്കൾ	1017
വ്യാവസായിക ഉപഭോക്താക്കൾ	27
കാർഷിക ഉപഭോക്താക്കൾ	93
സ്ട്രീറ്റ്ലൈറ്റ് ബൾബ്	1080
ട്യൂബ്	19
മെർക്കുറി വേപ്പർ	4
സോഡിയം വേപ്പർ	10
സ്ട്രീറ്റ്ലൈറ്റിനു പ്രതിമാസ കറന്റ് ചാർജ്ജ്	Rs. 13480/-
കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം ഓർഡിനറി	461
കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം ഒ.റ്റി.പി	29
കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം ഒ.വൈ.ഇ.സി	84

പട്ടിക - 2

പന്തളം പഞ്ചായത്തതിർത്തിയിലുള്ള ട്രാൻസ്ഫോർമറുകൾ

നമ്പർ	കപ്പാസിറ്റി KVA	പേര്
1	250	മുടിയൂർക്കോണം
2	100	ചക്കാലവട്ടം
3	100	മഞ്ഞനംകുളം
4	100	പൂളയിൽ
5	100	ചേരിക്കൽ
6	160	രണ്ടാംകുറ്റി
7	250	എസ്.എസ്.ഐ. മങ്ങാരം
8	160	മങ്ങാരം
9	160	അപ്പെക്സ്
10	100	വയറപ്പുഴ
11	160	പറവേലിപ്പടി
12	100	അശ്വതി
13	100	മാർക്കറ്റ്
14	160	അമ്പാൾ
15	63	കോളേജ്
16	100	തോന്നല്ലൂർ
17	100	ചക്കിനാട്ടുകടവ്
18	250	കടയ്ക്കാട്
19	100	കാവിൽപടി

നമ്പർ	കപ്പാസിറ്റി KVA	പേര്
20	100	കടമാൻകോട്
21	100	ഭുവനശ്ശേരി
22	500	മെഡിക്കൽമിഷൻ I
23	160	മെഡിക്കൽമിഷൻ II
24	100	പാലത്തടം
25	100	മണത്തറ
26	250	മിനി
27	100	പൂഴിക്കാട്
28	100	തവളംകുളം
29	160	കുരമ്പാല I
30	100	കുരമ്പാല II
31	100	കുരമ്പാല വെസ്റ്റ്
32	63	മൈനാപ്പള്ളി
33	100	ആതിരമല I
34	100	ആതിരമല II
35	100	ടെലഫോൺ എക്സ്ചേഞ്ച്
36	100	ഷുഗർമിൽ
37	100	പൂഴിക്കാട് എസ്.എസ്.ഐ
38	100	എ.സി. ജംഗ്ഷൻ



5.2D

മാർക്കറ്റ്

മാർക്കറ്റ് നാടിന്റെ സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്ന ഒരു മുഖ്യ ഘടകമാണ്. ഉല്പന്നങ്ങളുടെ ക്രയവിക്രയം നടക്കുന്നതോടൊപ്പം സമ്പദ്ഘടനക്ക് ഉത്തേജനവും നൽകുന്നു.

പന്തളം പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള മാർക്കറ്റുകൾ

1. കുറുന്തോട്ടയം (പന്തളം)
2. കുന്നുകുഴി
3. കടയ്ക്കാട്

കൂടാതെ ചൊവ്വാ, വെള്ളി ദിവസങ്ങളിൽ മാർക്കറ്റിന്റെ സ്വഭാവത്തിലുള്ള കച്ചവടം നടക്കുന്ന കുരമ്പാലയും ഈക്കൂട്ടത്തിൽപ്പെടുന്നു. പഴക്കം, ആളും അരങ്ങും ഒത്തു ചേർന്ന വ്യാപാര സിരാകേന്ദ്രം, എന്നീ നിലങ്ങളിൽ പന്തളം മാർക്കറ്റ് കൂടുതൽ പ്രാധാന്യമർഹിക്കുന്നു. ഓമല്ലൂർ വയൽ വാണിഭം കഴിഞ്ഞാൽ ജില്ലയിലെ പ്രധാന കന്നുകാലിച്ചന്തയാണ് പന്തളം. ഇവിടെ ചന്തദിവസങ്ങളായി പ്രവർത്തിച്ചു വരുന്നത് ചൊവ്വയും വെള്ളിയുമാണ്. അന്തിച്ചന്ത എല്ലാ ദിവസങ്ങളിലും നടക്കുന്നു. കാർഷിക വിളകളായ ഏത്തക്കുല, മറ്റിനം വാഴക്കുലകൾ, ചേന, കാച്ചിൽ, മരച്ചീനി. പച്ചക്കറികൾ, വെറ്റില, നാളികേരം തുടങ്ങിയവയുടെയും ക്രയവിക്രയം ധാരാളമായി നടക്കുന്നു. കർഷകർക്കും ഉപഭോക്താക്കൾക്കും തങ്ങളുടെ ആവശ്യങ്ങൾ സാധിക്കുന്നതിൽ നിർണായകമായ പങ്കാണ് പന്തളം ചന്ത വഹിക്കുന്നത്. കൃഷിക്കാർക്ക് തങ്ങളുടെ വിളകൾ വിപണനം ചെയ്യുന്നതിനുള്ള സൗകര്യം മാർക്കറ്റ് കൊണ്ടുണ്ടാകുന്നു.

മറ്റ് ചന്തകൾ പന്തളം മാർക്കറ്റിന്റെ അനുബന്ധം എന്ന രീതിയിലാണ് പ്രവർത്തിച്ചു വരുന്നത്. ഈ മാർക്കറ്റുകൾക്ക് സ്ഥലപരിമിതി പ്രധാന പ്രശ്നമാണ്.

മാർക്കറ്റ്	വരുമാനം 1993-94	വരുമാനം 1994-95	വരുമാനം 1995-96	വരുമാനം 1996-97
പന്തളം		453002	596600	
കുന്നുക്കുഴി			11250	
കടയ്ക്കാട്		6500	6600	
ആകെ			614450	

മേൽ പ്രസ്താവിച്ച കാര്യങ്ങൾ മാർക്കറ്റുകൾ കൊണ്ടുള്ള സൗകര്യങ്ങളും വരുമാനവും പ്രതിഫലിപ്പിക്കുന്നെങ്കിൽ അതു മൂലമുണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങളും കാണേണ്ടതും പരിഹരിക്കേണ്ടതുമാണ്.

പ്രശ്നങ്ങൾ

1. മത്സ്യം, മാംസം, പച്ചക്കറികൾ ഇവയുടെ അവശിഷ്ടം മാർക്കറ്റിൽ നിന്ന് പുറത്തേക്കൊഴുകുന്ന മലിനജലം, ഇവ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ.

2. ടൗണിനോട് ചേർന്ന് പ്രവർത്തിക്കുന്ന പന്തളം മാർക്കറ്റിൽ എത്തിച്ചേരുന്ന വാഹനങ്ങൾ ടൗണിലും ചന്തക്കുള്ളിലും സൃഷ്ടിക്കുന്ന ഗതാഗതക്കുരുക്കും പ്രശ്നങ്ങളും.

3. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് പ്രവർത്തിക്കുന്ന കടയ്ക്കാട് മത്സ്യമാർക്കറ്റ് സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ.

4. റോഡരികിൽ പ്രവർത്തിക്കുന്ന മാർക്കറ്റുകൾ ഉയർത്തുന്ന ഗതാഗത പ്രശ്നങ്ങളും അപകട സാധ്യതയും.

5. മാർക്കറ്റിൽ ഉല്പന്നങ്ങൾ വിൽക്കാനും വാങ്ങാനുമെത്തുന്ന സാധാരണക്കാർ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരാകുന്നു.

നിർദേശങ്ങൾ

1. പന്തളം മാർക്കറ്റ് ഇന്ന് പ്രവർത്തിക്കുന്ന സ്ഥലം ഒട്ടേറെ അസൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ട്. കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാർക്കറ്റ് മാറ്റുകയും ആധുനിക മാർക്കറ്റിംഗ് സങ്കല്പത്തിനനുസരിച്ചുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

2. കുന്നുകുഴി, മാർക്കറ്റിന് സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി അവിടേക്ക് മാറ്റേണം.

3. കടയ്ക്കാട് മാർക്കറ്റ് ശുചിയായി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കണം.

4. കുരമ്പാലയിൽ ഒരു അംഗീകൃത മാർക്കറ്റിനുള്ള എല്ലാ സാധ്യതകളുമുണ്ട്. ഇത് ഉപയോഗപ്പെടുത്തണം.

5. മാർക്കറ്റുകളോടനുബന്ധിച്ച് അത്യാവശ്യം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കാവുന്നതാണ്.

6. മാർക്കറ്റുകളിലെ അവശിഷ്ടങ്ങൾ ആരോഗ്യകരവും ആദായകരവുമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

7. ആധുനിക സൗകര്യങ്ങളോടുകൂടിയ അറവുശാല നിർമിക്കണം.

8. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് മാർക്കറ്റിലെത്തുന്നവരെ മോചിപ്പിക്കാൻ ഉല്പാദകരുടെ മാർക്കറ്റിംഗ് സഹകരണ സംഘം ഉണ്ടാക്കുക.

5.2E

പാർപ്പിടം

നമ്മുടെ രാജ്യത്ത് എട്ടു പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കിയിട്ടും പാർപ്പിടപ്രശ്നം പൂർണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില് മറ്റെല്ലാ വികസന മേഖലകളിലുമെന്നപോലെ ഈ രംഗത്തും കഠിനമായ ഉച്ചനീചത്വം നിലനിൽക്കുന്നു. വിദേശ പണത്തിന്റെ വരവ് അധികമായതോടെ ഈ പഞ്ചായത്തിലെ ഭവന നിർമാണ രംഗത്ത് ഒരു വലിയ മാറ്റം പ്രകടമായിട്ടുണ്ട്. കൂടുതൽ പണം ചെലവഴിച്ച് ആഡംബരപൂർണമായ വീടുകൾ നിർമ്മിക്കുക എന്നത് ഒരു ഫാഷനായി ചെറിയ ഒരു വിഭാഗമെങ്കിലും സ്വീകരിക്കുന്നതായി കാണാം. എല്ലാ കുടുംബങ്ങൾക്കും മിനിമം സൗകര്യങ്ങളോടു കൂടിയ വീടു ലഭ്യമാക്കുക എന്ന ലക്ഷ്യം പന്തളം പഞ്ചായത്തിൽ എത്രമാത്രം നേടിയിട്ടുണ്ട് എന്ന് പട്ടിക-1 പരിശോധിച്ചാൽ വ്യക്തമാകും.

പഞ്ചായത്തിലെ ആകെ ഭവനങ്ങൾ 10439 ആണ്. ഇതിൽ കോൺക്രീറ്റ് 3467. ഒന്നിൽ കൂടുതൽ നിലയുള്ളത് 744. ഇതു രണ്ടുംകൂടി ചേർത്താൽ ആകെ വീടുകളുടെ40.33 ശതമാനം കോൺക്രീറ്റാണ്. ഭവന നിർമാണ രംഗത്ത് കോൺക്രീറ്റ് ഭ്രമം ഏറുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. 1991 - 92 മുതൽ 95 - 96 വരെയുള്ള വർഷങ്ങളിൽ വർദ്ധിച്ച ആകെ വീടുകൾ511 ആണ്. ഒരുവർഷം ശരാശരി127 എണ്ണം.

ഭവന നിർമ്മാണ രംഗത്ത് ഈ വർദ്ധനയുടെ അനുപാതം നില നിൽക്കുമ്പോൾത്തന്നെ മിനിമം സൗകര്യമുള്ള വീടുകളില്ലാത്തവരുടെ സംഖ്യ776ആണ്. ഇതിൽ102പേർക്ക് വിവിധ ഭവന നിർമാമണ പദ്ധതികളിലൂടെ സഹായധനം ലഭ്യമാക്കി. 84 പേർ പണി പൂർത്തിയാക്കി. 18 പേർ പൂർത്തിയാക്കിയിട്ടില്ല. 674 പേർക്ക് ധനസഹായം ലഭിക്കണ്ടതായിട്ടുണ്ട്.

ധനസഹായം ലഭിച്ചവരിൽ നിർമാണം പൂർത്തിയാക്കിയ വീടുകൾ മിനിമം സൗകര്യങ്ങളോടു കൂടിയവയാണെന്നു പറയാൻ കഴിയില്ല. 18 എണ്ണം പൂർത്തിയാക്കിയിട്ടുമില്ല. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർദ്ധനമൂലം പണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല എന്നത് വാസ്തവമാണ്. പൂർത്തിയാക്കിയവർ ധനസഹായം കൊണ്ടു മാത്രമല്ലതാനും.



പട്ടിക - 1

വാർഡ്	വീടുകളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ളവ	മേൽക്കൂരയുടെ സ്വഭാവം			ലക്ഷം വീട്
			കോൺക്രീറ്റ്	ഓട്	മറ്റുള്ളവ	
1	846	37	23	320	256	
2	699	39	256	196	208	
3	641	46	321	173	101	
4	636	37	233	302	64	
5.	840	58	239	428	115	
6	833	80	324	355	74	
7	762	50	206	375	131	
8	602	58	240	234	70	
9	679	62	279	184	154	
10	702	30	129	312	231	
11	743	51	208	270	214	
12	898	78	320	323	177	
13	932	44	176	382	330	
14	626	74	303	158	91	
ആകെ	10439	744	3467	4012	2216	

പട്ടിക - ബി

	91-92	92-93	93-94	94-95	95-96
പഞ്ചായത്തിലെ മൊത്തം വീടുകളുടെ എണ്ണം	9928	10051	10159	10308	10439

പട്ടിക - 2

വാർഡ് നമ്പർ	ആവശ്യമുള്ളവർ	സഹായം ലഭിച്ചവർ	നിർമ്മാണം പൂർത്തിയായത്	ആനുവദിച്ചതിൽ ബാക്കി നിർമ്മിക്കുവാനുള്ളത്	ആവശ്യക്കാരിൽ സഹായം ലഭിക്കാൻ ബാക്കി
1	60	9	6	3	51
2	52	5	4	1	47
3	43	10	7	3	33
4	41	1	1	–	40
5	55	2	2	–	53
6	30	3	3	–	27
7	48	1	1	–	47
8	58	6	4	2	52
9	39	9	8	1	30
10	75	21	18	3	54
11	69	2	2	–	67
12	86	10	8	2	76
13 & 14	120	23	20	3	97
ആകെ	776	102	84	18	674

കെട്ടിട നിർമാണ രംഗത്ത് ചെലവു കുറഞ്ഞ നിർമാണ രീതി ഈ പഞ്ചായത്തിൽ വ്യാപകമല്ല. ചില വാർഡുകളിൽ ഇടത്തരം വരുമാനമുള്ള കുടുംബങ്ങളുടെ ഒറ്റപ്പെട്ട ഭവനങ്ങൾ നിർമ്മിതി മാതൃകയിൽ തീർത്തിട്ടുണ്ട്.പഞ്ചായത്തിൽ ഭവന നിർമാണ വായ്പാ സൊസൈറ്റി പ്രവർത്തിക്കുന്നില്ല: നൂറനാട്, കുളനട ഹൗസിംഗ് സൊസൈറ്റികളുടെ പ്രവർത്തന പരിധിയിലാണ് ഈ പഞ്ചായത്ത്.

കെട്ടിട നിർമാണ രംഗത്തെ ചെലവ് പത്തു വർഷം കൊണ്ട് വളരെ വർധിച്ചു. തൊഴിലാളികളുടെ കൂലി, നിർമ്മാണ സാമഗ്രികളുടെ വില എന്നിവയിൽ വന്ന വർധന ഈ മേഖല



യിലെ പ്രശ്നം വ്യക്തമാക്കുന്നു.പട്ടിക 3 ഉം 4 ഉം ശ്രദ്ധിക്കുക.

പട്ടിക - 3

നിർമാണ തൊഴിലാളികളുടെ റേറ്റ്

ഇനം	റേറ്റ് (1986) രൂപ	റേറ്റ് (1996) രൂപ
ആശാരി	50	150
മേസ്തിരി	40	125
മൈക്കാട് (പു.)	25	1003
'' (സ്ത്രീ)	18	80

പട്ടിക - 4

ഗൃഹ നിർമാണ സാമഗ്രികളുടെ വില

ഇനം	വില (1986) രൂപ	വില (1996) രൂപ
1. സിമന്റ്റ്	30 - 35.00	185.00
2. കമ്പി	6.50	16.50
3. ഇഷ്ടിക 1000 ന് നാടൻ	350.00	1500.00
4. കമ്പനി	550.00	2200.00
5. വെട്ടുകല്ല് (1 ന്)	0.30	3.00
6. ഹോളോബ്രിക്സ്	-	12.00
7. കരിങ്കല്ല് (1 ലോഡ്)	275.00	950.00
8. മണൽ (1 ലോഡ്)	80.00	1000.00
9. തെങ്ങ് (20 മീറ്റർ)	50.00	1000.00
10. പ്ലാവ് (ക്യു. അടി)	275.00	900.00
11. തേക്ക് (ക്യു. അടി)	700.00	2000.00
12 ആഞ്ഞിലി (ക്യു. അടി)	200.00	600.00

വിദഗ്ധരായ തൊഴിലാളികളെ കെട്ടിട നിർമ്മാണ മേഖലയിൽ വേണ്ടത്ര കിട്ടാനില്ല. കോൺട്രാക്ട് സമ്പ്രദായം ഈ രംഗത്തുണ്ട്. കെട്ടിടം മൊത്തമായും ഓരോ ഭാഗമായും പണിയുന്ന കോൺട്രാക്ട് സമ്പ്രദായം പഞ്ചായത്തിൽ നിലവിലുണ്ട്.

നിർമാണത്തൊഴിലാളികളുടെ കൂലി വർധന, നിർമാണ സാമഗ്രികളുടെ വില വർധന, വിദഗ്ധ തൊഴിലാളികളുടെ പരിമിതി, കോൺട്രാക്ട് സമ്പ്രദായം ഇവ ഭവന നിർമാണ രംഗത്താകെ ഒരു പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. വിവിധ സഹായ പദ്ധതികളിലൂടെ ഭവന നിർമാണം നടത്തുന്ന സാധാരണക്കാർക്കും പാവപ്പെട്ടവർക്കുമാണ് ഇത് കൂടുതൽ പ്രശ്നങ്ങളുണ്ടാക്കിയിട്ടുള്ളത്. പട്ടിക 3, 4 ഇവയിൽ കാണിച്ചിരിക്കുന്ന കൂലി വില വർധനവിന്റെ തോതനുസരിച്ച് സഹായ പദ്ധതിയുടെ തുക വർധിച്ചിട്ടില്ല.

പരിഹാര നിർദേശങ്ങൾ

1. ഭവന രഹിതരായവർക്ക് വീടു നിർമിക്കാൻ മുൻഗണനാടിസ്ഥാനത്തിൽ മതിയായ സഹായധനം നൽകുക.

2. ചെലവു കുറഞ്ഞ കെട്ടിട നിർമാണ സാമഗ്രികളുടെ നിർമാണ യൂണിറ്റുകൾ തുടങ്ങാൻ ആവശ്യമായ പ്രോത്സാഹനം നൽകുക.

3. എല്ലാവർക്കും മിനിമം സൗകര്യങ്ങളോടു കൂടിയ ഭവനം എന്ന ലക്ഷ്യം സമയ ബന്ധിതമായി നടപ്പാക്കാൻ ഒരു പാക്കേജ് പദ്ധതി രൂപീകരിക്കുക.

4. ചെലവു കുറഞ്ഞ വീടുകളുടെ നിർമാണ രീതിക്ക് പ്രചാരണം നൽകുക.

5. പഞ്ചായത്തിൽ 'നിർമിതി' കേന്ദ്രത്തിന്റെ ഒരു സെന്റർ തുറക്കുക. മേലിൽ ഭവന നിർമാണ സഹായധനം ഗുണഭോക്താവിന്റെ വിഹിതമുൾപ്പെടെ നിർമിതി കേന്ദ്ര

ത്തിനെ ഏൽപിച്ച് വീടു നിർമാണം പൂർത്തിയാക്കുക.

6. ഭവന നിർമാണ വായ്പാ പദ്ധതികളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുക. അപേക്ഷകൾ പഞ്ചായത്തിലൂടെ സ്വീകരിക്കുകയും സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം പഞ്ചായത്തിനു നൽകുകയും ചെയ്യുക.

7. അനൗദ്യോഗിക ഏജൻസികൾ മുഖേനയുള്ള സഹായധന വിതരണം ഉടൻ നിർത്തുക.

8. കെട്ടിട നിർമാണ സാമഗ്രികളായ പാറ, മണൽ, ചുടുകട്ട എന്നിവയുടെ അനധികൃതവും അനിയന്ത്രിതവുമായ വിലക്കയറ്റം തടയാൻ സർക്കാരിന്റെ ഭാഗത്തു നിന്ന് നടപടികൾ സ്വീകരിക്കുക.

9. പഞ്ചായത്തിൽ ഭവന നിർമാണത്തിനായി ഒരു പ്രത്യേക നിധി സ്വരൂപിക്കുക.

10. ഈ പഞ്ചായത്ത് പ്രവർത്തന പരിധിയായി ഒരു ഭവന നിർമാണ സഹകരണ സംഘം സ്ഥാപിക്കുക.





5

5.3A

വിദ്യാഭ്യാസം

പന്തളത്തിന്റെ വിദ്യാഭ്യാസ ചരിത്രം കൊട്ടാരത്തിൽ തുടങ്ങുന്നു. പന്തളം കോവിലകം ഭരണകേന്ദ്രം മാത്രമായിരുന്നില്ല. ഒരു വിദ്യാകേന്ദ്രം കൂടി ആയിരുന്നു. സംസ്കൃത സാഹിത്യത്തിലും വേദാന്തത്തിലും ജ്യോതിഷത്തിലും എല്ലാം അവിടെ പഠനവും ചർച്ചയും നടന്നിരുന്നു. അതിന്റെ തേജസ് കൊട്ടാരത്തിന് പുറത്തേക്കും പ്രസരിച്ചിരുന്നു.

കഴിഞ്ഞ നൂറ്റാണ്ടിൽ സാധാരണക്കാരന് അക്ഷരാഭ്യാസം ലഭിച്ചിരുന്നത് കുടിപ്പള്ളിക്കൂടങ്ങളിലൂടെയാണ്. ഇന്ന് പഞ്ചായത്തിൽ 16 അംഗീകൃത കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ട് എന്നത് നിലത്തെഴുത്താശാന്മാർ കുറ്റിയറ്റു പോയിട്ടില്ല എന്ന് സൂചിപ്പിക്കുന്നു. 1872ൽ കുറുന്തോട്ടയം മുക്കിന് തൊട്ടുവടക്കായി ഒരു മലയാളം സ്കൂൾ ആരംഭിച്ചതാണ് പന്തളത്ത് സ്കൂൾ വിദ്യാഭ്യാസത്തിന്റെ തുടക്കം. മലയാളം ഏഴാംക്ലാസ് വരെയുള്ള പഠനത്തിന് സൗകര്യം ഈ സ്കൂളിൽ ഉണ്ടായിരുന്നു. ഈ മലയാളം വിദ്യാലയമാണ് ഇന്നത്തെ ഗവണ്മെന്റ് അപ്പർ പ്രൈമറി സ്കൂളായി മാറ്റിയത്. കരിപ്പത്തടം (തോട്ടക്കോണം) മലയാളം പ്രൈമറി സ്കൂൾ, കുരമ്പാല ഗവണ്മെന്റ്, ലോവർ പ്രൈമറിസ്കൂൾ, കടയ്ക്കാട് മുഹമ്മദൻ ഗവണ്മെന്റ്, ലോവർ പ്രൈമറി സ്കൂൾ എന്നിവ പിന്നാലെ ആരംഭിച്ചവയാണ്. 1932-ൽ ഗാന്ധിജിയുടെ സന്ദർശനം കൊണ്ട് അനുഗൃഹീതമായ സ്കൂളാണ് ചേരിക്കൽ ശ്രദ്ധാനന്ദവിലാസം.

മൂന്ന് ഹൈസ്കൂളുകൾ ഉൾപ്പെടെ ഇന്ന് പന്തളത്ത് 18 സ്കൂളുകളുണ്ട്. ഇവയിൽ 6 എണ്ണം അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണ്.



പട്ടിക - 1

പഞ്ചായത്തിലെ സ്കൂളുകളും വിദ്യാർഥികളുടെ എണ്ണവും

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വാർഡ്	ആകെ കുട്ടികൾ	പട്ടികജാതിക്കാർ
1	M.T.L.P.S. മുടിയൂർക്കോണം	I	63	19
2	S.V.L.P.S. ചേരിക്കൽ	I	174	111
3	M.S.M. L.P.S. മങ്ങാരം	III	118	42
4	G.U.P.S. മങ്ങാരം	IV	375	38
5	G.H.S. തോട്ടക്കോണം	IV	371	103
6	G.L.P.S. തോട്ടക്കോണം	IV	172	37
7	G.U.P.S. പന്തളം	V	521	108
8	N.S.S. B.H.S. പന്തളം	VII	804	139
9	N.S.S. G.H.S. പന്തളം	VII	1039	189
10	G.M.L.P.S. കടയ്ക്കാട്	VII	137	02
11	N.S.S. E.M.U.P.S. പന്തളം	VII	577	18
12	S.V.L.P.S. കടയ്ക്കാട് തെക്ക്	VIII	106	24
13	St. Stephens E.M. School പൂഴിക്കാട്	IX	210	കിട്ടിയിട്ടില്ല
14	G.U.P.S. പൂഴിക്കാട്	X	421	108
15	G.L.P.S. കുരമ്പാല	XI	159	36
16	G.L.P.S. ഇടയാടിക്കൽ	XII	144	45
17	St. Thomas E.M.U.P.S. കുരമ്പാല	XIV		
18	Eminance E.M. School പന്തളം	V		

ആധുനിക കാലത്ത് പന്തളത്തിന് വിദ്യാഭ്യാസരംഗത്ത് മുൻതൂക്കം നേടിക്കൊടുത്തത് നായർ സർവീസ് സൊസൈറ്റിയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ശ്രീ മന്നത്ത് പത്മനാഭന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നാട്ടിലെ നിസ്വാർഥരായ ആളുകൾ നൽകിയ സഹകരണമാണ് രണ്ട് ഹൈസ്കൂളുകളും ഒരു ഒന്നാംഗ്രേഡ് ആർട്സ് & സയൻസ് കോളേജും ഒരു ടീച്ചർ ട്രെയിനിംഗ് കോളേജും ഈ പ്രദേശത്തുണ്ടാവാനിടയാക്കിയത്. നമ്മുടെ സംസ്ഥാനത്ത് സേവന മേഖല വളർന്നു വന്ന സമീപ ഭൂതകാലത്ത് സർക്കാർ അർധസർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗങ്ങൾ നേടിയെടുക്കാൻ ഈ നാട്ടുകാരെ പ്രാപ്തരാക്കിയത് എൻ.എസ്.എസ്. കോളേജുകളാണ്.

സാമ്പത്തിക പരിമിതിയുള്ള കുടുംബങ്ങളിലെ യുവാക്കൾ പോലും ഈ സ്ഥാപനങ്ങളിൽ നിന്ന് ബിരുദവും ബിരുദാനന്തര ബിരുദവുമെടുത്ത് പുറത്തുവന്നു. സംസ്ഥാനത്തിന്റെ നാനാഭാഗത്തു നിന്നും യുവാക്കൾ വിദ്യാഭ്യാസത്തിനായി പന്തളത്തെത്തുന്നുണ്ട്.

ജില്ലയിലെ ഒരു പ്രമുഖ വിദ്യാഭ്യാസ കേന്ദ്രമാണ് പന്തളമെങ്കിലും ലോവർ പ്രൈമറി വിദ്യാഭ്യാസത്തിനുപോലും 3 കിലോമീറ്റർ നടന്നു പോകേണ്ട കുട്ടികൾ പന്തളത്തുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത ഒരു എൽ.പി. സ്കൂളും ചുറ്റുമതിലില്ലാത്ത 7 സ്കൂളുകളും ഈ പഞ്ചായത്തിലുണ്ട്. നാല് ക്ലാസുകളിലായി 63 കുട്ടികൾ മാത്രം പഠിക്കുന്ന ഒരു സ്കൂളും പഞ്ചായത്തിലുണ്ട്. ബ്ലാക്ക്ബോർഡ്, ബഞ്ച്, ഡസ്ക് ഇവയൊന്നും ആവശ്യത്തിനില്ലാത്ത സ്കൂളുകൾ പട്ടികയിൽ നിന്ന് വായിച്ചറിയാം. ഔദ്യോഗിക കണക്കനുസരിച്ച് എല്ലാ സ്കൂളുകളിലും രക്ഷാകർതൃസമിതിയും മാതൃസംഗമവും പ്രവർത്തിക്കുന്നു. എന്നാൽ ഗ്രാമസഭകളിൽ ചില സ്കൂളുകളിലെ ചിട്ടക്കുറവും അധ്യാപക രക്ഷകർതൃ സമിതിയുടെ നിഷ്ക്രിയത്വവും നിശിതമായ വിമർശന വിഷയങ്ങളായിരുന്നു.

ഈ സാഹചര്യത്തോടൊപ്പം ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് തുടങ്ങുകയും മോടിയായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ഇവിടുത്തെ ഇംഗ്ലീഷ് മീഡിയം അപ്പർ പ്രൈമറി സ്കൂളുകളിൽ സമീപ പ്രദേശത്തുനിന്ന് കുട്ടികൾ വന്ന് പഠിക്കുന്നു. ഹൈസ്കൂൾ തലത്തിലാവട്ടെ അടൂരിലെയും തുമ്പമണിലെയും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് ഇവിടെനിന്ന് പോകുന്ന കുട്ടികൾ ഏറെയാണ്. പ്രൈമറി വിദ്യാഭ്യാസം മാതൃഭാഷയിലാകണം എന്ന സരളതത്ത്വത്തിനു നേരെ ധാരാളം രക്ഷിതാക്കൾ കണ്ണടക്കുന്നു. മിഥ്യാധാരണകൾ മാത്രമല്ല, ഗവണ്മെന്റ് എയ്ഡഡ് സ്കൂളുകളിലെ ഭൗതിക അക്കാദമിക് നിലവാരത്തിന്റെ പോരായ്മയും ഇതിന് കാരണമാണെന്ന് ഗ്രാമസഭകളിലെ ചർച്ചകൾ വെളിവാക്കുന്നു.

ലാബറട്ടറി, ലൈബ്രറി സൗകര്യങ്ങൾ അപ്പർ പ്രൈമറി മുതൽ മുകളിലോട്ടുള്ള എല്ലാ സ്കൂളുകളിലും ഉണ്ട് എന്ന് കണക്കുകൾ കാണിക്കുന്നു. എൽ.പി. സ്കൂളുകളിൽ ലൈബ്രറി സൗകര്യം ഉദ്ദേശിച്ചിട്ടില്ലെന്നു തോന്നുന്നു. അവിടെ സ്പെഷ്യൽ ഫീസ് പിരിക്കുന്നുമില്ല. എന്നാൽ വായനാശീലം കുഞ്ഞുങ്ങളിൽ മൊട്ടിടുന്നത് മൂന്ന്-നാല് ക്ലാസുകളിൽ പഠിക്കുമ്പോഴാണ്. വായിച്ച് രസിക്കാൻ പറ്റിയ ബാല സാഹിത്യഗ്രന്ഥങ്ങൾ അവർക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്. പഠനോപകരണങ്ങളുടെ കാര്യത്തിൽ സ്കൂളുകൾ ദരിദ്രമല്ല.

കലാ-കായിക മത്സരങ്ങൾ വർഷത്തിലൊരിക്കലെങ്കിലും നടക്കുന്നുണ്ട്. പക്ഷേ ഇത് ചടങ്ങായിത്തീരുന്നത് നല്ലതല്ല. ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് ചിട്ടയായുള്ള കായിക പരിശീലനവും കളികളും അത്യാവശ്യമാണെന്നംഗീകരിക്കണം. വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രക്രിയയായി മാറുകയും വേണം. നഗരസമാനമായിട്ടില്ലെങ്കിലും അയൽപക്കത്തെ കുട്ടികൾ സംഘം ചേർന്ന് കളിക്കുന്ന രീതിയും അതിനുള്ള സൗകര്യവും നമ്മുടെ ഗ്രാമപ്രദേശത്തും കുറഞ്ഞിട്ടുണ്ട്.

ഉച്ചക്കഞ്ഞിവിതരണത്തിന് ഇന്നുള്ള സൗകര്യങ്ങളെപറ്റി പരാതികൾ ഏറെയാണ്. അനുവദിക്കുന്ന തുക ഒന്നിനും തികയുന്നില്ല. അത്യാവശ്യകാര്യങ്ങളിൽ സർക്കാർ ഭാഗത്തു നിന്നും പ്രോത്സാഹ ജനകമായ പുനരാലോചന ഉണ്ടാകണം.

പ്രൈമറി സ്കൂളുകളിൽ പ്രധാന അധ്യാപകർക്ക് പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് സമയം കഷ്ടിയാവുന്നു. ഉച്ചക്കഞ്ഞി മുതൽ ശമ്പളബില്ല് വരെയുള്ള കാര്യങ്ങൾ അത്രയേറെ. എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ ഏഴ് പിരിയിഡും ക്ലാസിൽ പോകണമെന്നാണ് വകുപ്പ്. ഇതസാധ്യമാണ്. പഠന നിലവാരത്തെ ഇത് ബാധിക്കുന്നുണ്ട്.

അധ്യാപക പരിശീലനത്തിന്റെ സമയത്തെപ്പറ്റിയുമുണ്ട് പരാതി. എൽ.പി. സ്കൂളുകളിൽ ഒരു ഡിവിഷന് ഒരു അധ്യാപകനാണുള്ളത്. അധ്യയന ദിവസങ്ങളിൽ അധ്യാപകർ പരിശീലനത്തിനായി നിയോഗിക്കപ്പെടുന്നത് ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുന്നതെന്ന് പ്രധാനാധ്യാപകർ വിലയിരുത്തുന്നു. ഇക്കാര്യത്തിൽ പുനർവിചിന്തനം ആവശ്യമല്ലെ?

സ്കൂൾ/കോളേജ് കെട്ടിടങ്ങൾ, അനുബന്ധ സൗകര്യങ്ങൾ, പരിസരത്തുള്ള വൃക്ഷലതാദികൾ ഇവ സംരക്ഷിക്കുന്നതിൽ പി.ടി.എ.യും പരിസരവാസികളും താല്പര്യം കാണിക്കുന്നില്ല. മറിച്ചുള്ള പ്രവണതകളെക്കുറിച്ച് പരാതികളേറെയുണ്ട്.



പരിസരവാസികൾ സ്കൂളിനെ സംരക്ഷിക്കുന്ന ഒരു സംസ്കാരത്തിലേക്ക് വികസിക്കണം.

വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് നമ്മുടെ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. പഞ്ചായത്തിലെ ഹൈസ്കൂളുകളിലും തുടർച്ചയായി 60ൽ കൂടുതൽ എസ്.എസ്.എൽ.സി വിജയശതമാനമുണ്ട്.

പട്ടിക - 2

എസ്.എസ്.എൽ.സി അക്കാദമിക് നിലവാരം

	സ്കൂൾ		1991-92	1992-93	1993-94	1994-95	1995-96
1	ഗവ: ഹൈസ്കൂൾ തോട്ടക്കോണം	പരീക്ഷ എഴുതിയവർ	62	61	64	67	63
		വിജയശതമാനം	68	69	71	73	61
2	എൻ.എസ്.എസ് ബോയ്സ് പന്തളം	പരീക്ഷ എഴുതിയവർ	191	193	196	187	190
		വിജയശതമാനം	61.96	61.98	61.98	62.4	68.42
3	എൻ.എസ്.എസ്. ഗേൾസ് ഹൈസ്കൂൾ പന്തളം	പരീക്ഷ എഴുതിയവർ	241	234	244	278	233
		വിജയശതമാനം	61	61.1	73	65	63

തുടർവിദ്യാഭ്യാസത്തിനായി ഈ പഞ്ചായത്തിലെ കോളേജിൽ നാലു ഗ്രൂപ്പുകളിലായി 880 സീറ്റുകളുണ്ട്. പതിമൂന്ന് വിഷയങ്ങളിൽ ഡിഗ്രി കോഴ്സും അഞ്ച് വിഷയങ്ങളിൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സും ഈ കോളേജിലുണ്ട്.

സമാന്തരമായി നടക്കുന്ന മറ്റ് വിദ്യാഭ്യാസ പ്രവർത്തനങ്ങളെപ്പറ്റി പറയാതെ ഈ റിപ്പോർട്ട് പൂർത്തിയാവുകയില്ല.

എൻ.എസ്.എസ്. മെഡിക്കൽ മിഷൻ ആശുപത്രിയോടനുബന്ധമായുള്ള നേഴ്സിംഗ് സ്കൂൾ, പഞ്ചായത്തിലെ വളരെയധികം യുവതികൾക്ക് നേഴ്സിംഗ് വിദ്യാഭ്യാസം ലഭിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

പാരലൽ കോളേജ്, കമ്പ്യൂട്ടർ സെന്റർ,ITC, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തുടങ്ങി വളരെയേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പന്തളത്തുണ്ട്. ഇവയുടെ പിന്നിൽ ഉത്സാഹശീലവും വിദ്യാസമ്പന്നരുമായ യുവാക്കളുടെ പരിശ്രമമുണ്ട്. പരിശീലനം നൽകുന്നതിനൊപ്പം സ്വയം തൊഴിൽ നേടിയേടുക്കുന്നതിനും അവർക്ക് കഴിയുന്നു. പഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ അവരുടെ സംഭാവന വലുതാണ്.

പട്ടികജാതി-പട്ടികവർഗ ക്ഷേമ വകുപ്പിന്റെ കീഴിൽ ഒരു I.T.Cയും പെൺകുട്ടികൾക്കായുള്ള ഒരു പ്രീ-മെട്രിക് ഹോസ്റ്റലും പന്തളത്തുണ്ട്.

ഏഴ് അങ്കണവാടികളെ ഈ പഞ്ചായത്തിലുള്ളു. ഗ്രാമപ്രദേശത്തെ കുഞ്ഞുങ്ങളുടെ ആരോഗ്യത്തിലും മാനസിക വികാസത്തിലും ഏറെ സംഭാവന നൽകേണ്ട സ്ഥാപനമാണ് അങ്കണവാടികൾ. ഇവയുടെ എണ്ണം പര്യാപ്തമല്ല. ഉള്ളവയുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തണം. അങ്കണവാടിയിലെ ജീവനക്കാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കണം.

വിദ്യാഭ്യാസ വകുപ്പും കേരള ശാസ്ത്രസാഹിത്യ പരിഷത്തും സഹകരിച്ച് എല്ലാ വർഷവും പഞ്ചായത്ത് തലത്തിൽ നടത്തുന്ന വിജ്ഞാനോത്സവത്തിൽ അധ്യാപകരും രക്ഷിതാക്കളും പൊതുജനങ്ങളും സഹകരിക്കുന്നു. പഞ്ചായത്ത് സ്കൂൾ

കോംപ്ലക്സിനെപ്പറ്റി പ്രത്യാശ ജനിപ്പിക്കുന്ന കാര്യമാണിത്.

നന്നായി പ്രവർത്തിക്കുന്ന ഒരു ലൈബ്രറിപോലും പഞ്ചായത്തിലില്ല. പഞ്ചായത്ത് ലൈബ്രറി ഇപ്പോൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. സാസ്കാരിക സംഘടനകൾ നടത്തുന്ന ചെറിയ ലൈബ്രറികൾ പ്രോത്സാഹനമർഹിക്കുന്നു. പ്രവർത്തനം നിന്നുപോയ ലൈബ്രറികൾ പ്രവർത്തനക്ഷമമാക്കാൻ പഞ്ചായത്ത് തലത്തിൽ കരുതലോടെയുള്ള നീക്കം ആവശ്യമാണ്. സാക്ഷരതാ പ്രവർത്തനത്തിലൂടെ കൈവന്ന നേട്ടങ്ങൾ മാഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നു. നവ സാക്ഷരർ വീണ്ടും നിരക്ഷരതയിലേക്ക് വഴുതി വീണു കഴിഞ്ഞു എന്നാണ് സൂചന. ഈ മേഖലയിൽ അടിയന്തിര ശ്രദ്ധ ആവശ്യമാണ്.

കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയെ വിലയിരുത്തുമ്പോൾ ശ്രദ്ധയിൽപ്പെടുന്ന പോരായ്മകൾ പലതും പരിഹരിക്കാവുന്നവയാണ്. സ്കൂളിനകത്ത് നടക്കുന്ന പഠന പ്രവർത്തനങ്ങൾ ശ്രദ്ധിക്കാനും വൈകല്യങ്ങളുണ്ടെങ്കിൽ ഇടപെടാനും പുറത്തുള്ളവർക്കവകാശമുണ്ട്. പരീക്ഷയും റാങ്കുമാണ് പരമപ്രധാനമെന്നും കുട്ടികളെ മത്സരത്തിനൊരുക്കുന്ന സ്ഥാപനങ്ങളാണ് മെച്ചപ്പെട്ടതെന്നുമുള്ള തെറ്റായ ധാരണ സമൂഹത്തിൽ വ്യാപിച്ചിട്ടുണ്ട്. രക്ഷിതാക്കളുടെയും അധ്യാപകരുടെയും ഈ മനോഭാവം കുഞ്ഞിന്റെ വ്യക്തിത്വത്തിൽ സൃഷ്ടിക്കുന്ന വൈകല്യം ശ്രദ്ധിക്കാതെ പോവുന്നു. ശാസ്ത്രീയ ബോധന രീതികളുപയോഗിക്കാൻ അധ്യാപകർക്കുള്ള വൈമുഖ്യം, മോണിട്ടറിങ്ങിന്റെ അപര്യാപ്തത, വീടുകളിലെ പഠന സാഹചര്യങ്ങളുടെ കുറവ്, സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങളുടെ കുറവ്, സ്കൂൾ-കോളേജ് അധ്യാപകരിൽ ചിലരുടെയെങ്കിലും സാമൂഹ്യാവബോധമില്ലായ്മ, അധ്യാപക നിയമനങ്ങളിൽ പണത്തിനുള്ള അമിതമായ സ്വാധീനം ഇവയെല്ലാം ഗ്രാമസഭാചർച്ചകളിൽ തെളിഞ്ഞുവന്നു. ശ്രദ്ധയിൽപ്പെടുന്ന മറ്റൊരു കാര്യമാണ് നല്ല പ്രീ-പ്രൈമറി വിദ്യാലയങ്ങളുടെ കുറവ്.

റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന പ്രശ്നങ്ങളേയും നിർദേശിക്കാവുന്ന പരിഹാരങ്ങളേയും ചുരുക്കിപ്പറയാനാവും.

പ്രശ്നങ്ങൾ

1. ബ്ലാക്ക്ബോർഡ്, ബഞ്ച്, ഡസ്ക് ഇവയുടെ കുറവ് 13 സ്കൂളുകളിലുണ്ട്.
2. ഓലമേയുന്ന സ്കൂളുകൾ മേയേണ്ട സമയത്ത് അതു ചെയ്യാൻ കഴിയാത്തതുകൊണ്ടുള്ള ചോർച്ചയും ബലക്ഷയവും.
3. പ്രൈമറി സ്കൂളികളിലേക്ക്3 കിലോമീറ്ററിലധികം ദൂരമുള്ള പ്രദേശം പഞ്ചായത്തിലെ 9, 12, 13 വാർഡുകളിലായി വ്യാപിച്ചു കിടക്കുന്നു.
4. ലോവർ പ്രൈമറി സ്കൂളിൽ രണ്ടോ അതിലധികമോ ക്ലാസുകൾ ഒരുമിച്ച് ഒരധ്യാപകൻ പഠിപ്പിക്കേണ്ട പരിതസ്ഥിതി.
5. മൂത്രപ്പുര, കക്കൂസ് എന്നിവയില്ലാത്ത അല്ലെങ്കിൽ റിപ്പയർ ആവശ്യമുള്ള സ്കൂളുകൾ.
6. ചുറ്റുമതിലില്ലാത്ത സ്കൂളുകൾ.
7. ഉച്ചക്കഞ്ഞി വിതരണവുമായി ബന്ധപ്പെട്ട് ഹെഡ്മാസ്റ്റർ നേരിടുന്ന പ്രശ്നങ്ങൾ.
8. ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള അതിരുകവിഞ്ഞ ആഭിമുഖ്യം.
9. പ്രവർത്തിക്കാത്ത സ്കൂൾ ലൈബ്രറിയും ലാബറട്ടറിയും.
10. ലോവർ പ്രൈമറി സ്കൂൾ കുട്ടികൾക്ക് അനുയോജ്യമായ അധിക വായനക്കുള്ള പുസ്തകങ്ങൾ ഇല്ലാത്ത അവസ്ഥ.
11. വെറും ചടങ്ങായി മാത്രം നടക്കുന്ന കലാകായിക മത്സരങ്ങൾ.
12. സാമൂഹ്യബോധമില്ലാത്തവരുടെ പ്രവർത്തനങ്ങളിൽ നിന്ന് സ്കൂൾ കെട്ടിടങ്ങളുടെ സംരക്ഷണം.
13. പ്രീപ്രൈമറി സ്കൂളുകളുടെ കുറവ്.
14. ചെറിയ ലൈബ്രറികൾക്കനുവേപ്പെടുന്ന സാമ്പത്തിക പരാധീനത. പഞ്ചായത്ത് ലൈബ്രറി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനാവുന്നില്ല എന്ന അവസ്ഥ.



നിർദേശങ്ങൾ

1. പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതിയുടെയും സ്കൂൾ വിദ്യാഭ്യാസ സമിതികളുടെയും രൂപീകരണം. ഭൗതിക സാഹചര്യങ്ങളുടെയും, അക്കാദമീയ സാഹചര്യങ്ങളുടെയും അപര്യാപ്തത കുറക്കാൻ വിദ്യാഭ്യാസ സമിതികൾക്ക് കഴിയണം. ഗവണ്മെന്റിലും മാനേജ്മെന്റിലും നിവേദനങ്ങൾ, സമ്മർദ്ദം, ജനകീയ പങ്കാളിത്തം ഇവയെല്ലാം മാർഗങ്ങളായി സ്വീകരിക്കാം.

2. 9, 12, 13 എന്നീ പഞ്ചായത്ത് വാർഡുകൾ കേന്ദ്രീകരിച്ച് ഒരു സ്കൂൾ സ്ഥാപിക്കുക. ക്രമമായി ഇത് ഹൈസ്കൂളായി ഉയർത്തുക. ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസാവശ്യങ്ങൾക്ക് ഇതനിവാര്യമാണ്.

3. അധ്യയന ദിവസങ്ങളിൽ അധ്യാപക പരിശീലനം നിർബന്ധമായും ഒഴിവാക്കണം. ഇത് അവധിക്കാലത്താക്കാം.

4. പ്രൈമറി സ്കൂൾ തലത്തിൽ മാതൃഭാഷ അധ്യയന മാധ്യമമാക്കേണ്ടതിന്റെ ആവശ്യകത ചർച്ചകളിലൂടെ, സെമിനാറുകളിലൂടെ ജനങ്ങളെ ബോധ്യപ്പെടുത്തുക. ഒപ്പം മലയാളം മീഡിയം സ്കൂളുകൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.

5. ലോവർ പ്രൈമറി സ്കൂളുകളിൽ കുട്ടികൾക്ക് അധിക വായനക്ക് യോജിച്ച പുസ്തക ശേഖരം ഉണ്ടാക്കുക. മൂന്ന് നാല് ക്ലാസുകളിലെ കുട്ടികൾക്ക് വിതരണം ചെയ്യാൻ ശ്രമിക്കുക.

6. എല്ലാ വാർഡിലും പ്രീ-പ്രൈമറി സ്കൂൾ തുടങ്ങണം.

7. കലാ-കായിക പരിശീലനത്തിന് കൂടുതൽ പ്രാധാന്യം നൽകണം.

8. എല്ലാ വാർഡിലും അങ്കണവാടികൾ പ്രവർത്തിപ്പിക്കണം.

9. ലൈബ്രറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നേതൃത്വം ജനകീയ പങ്കാളിത്തത്തോടെ പഞ്ചായത്ത് ഏറ്റെടുക്കുക.

10. പഠന പ്രവർത്തനങ്ങളിലെ കുറവ് നികത്താനും ശാസ്ത്ര ഗണിത വിഷയങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിനും മധ്യവേനലവധിക്കാലത്ത് വ്യത്യസ്ത സ്വഭാവമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. സന്നദ്ധ സംഘടനകളുടെ സഹായം ഇതിനായി തേടാവുന്നതാണ്.

11. പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഏക ഹൈസ്കൂളാണ് തോട്ടക്കോണം ഗവ: എച്ച്.എസ്. ആവശ്യത്തിന് സ്ഥല സൗകര്യങ്ങളുള്ള ഇവിടെ ഹയർ സെക്കന്ററി (+2) കോഴ്സ് ആരംഭിക്കണം.

12. പൂഴിക്കാട് ഗവണ്മെന്റ് യു.പി. സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുക.

13. കടയ്ക്കാട് മൊഹമ്മദൻ ഗവണ്മെന്റ് എൽ.പി.എസ്. അപഗ്രേഡ് ചെയ്ത് യു.പി. സ്കൂളാക്കുക.

14. കടയ്ക്കാട് തെക്ക് S.V.L.P. സ്കൂൾ കെട്ടിടം പണി പൂർത്തിയാക്കി അധ്യയനം സുഗമമാക്കുക.

15. കുരമ്പാല ഗവണ്മെന്റ് എൽ.പി. സ്കൂളിന്റെ ഓലമേച്ചിൽ മാറ്റി ഓടിടുക.

16. പഞ്ചായത്ത് തലത്തിൽ ITC സ്ഥാപിക്കുകയും കൂടുതൽ തൊഴിൽ സാധ്യതകളുള്ള കോഴ്സുകളിൽ പരിശീലനം നൽകുകയും ചെയ്യുക.

17. പ്രീ-പ്രൈമറി, പ്രൈമറി തലങ്ങളിൽ ഇംഗ്ലീഷ് നിരോധിക്കുക.

5.3B

കുടിവെള്ളം

ആരോഗ്യകരമായ ജീവിതത്തിന് ശുദ്ധജലം, ശുദ്ധവായു, ശുചിത്വമുള്ള പരിസരം ഇവ അനിവാര്യമായ ഘടകങ്ങളാണ്. മലകളും, താഴ്വാരങ്ങളും, സമതലങ്ങളും, പാടശേഖരങ്ങളും കൊണ്ട് പഞ്ചായത്ത് പ്രദേശം സമ്പന്നമാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ ഇവിടുത്തെ85% ആളുകളും കിണറുകളെയാണ് ആശ്രയിക്കുന്നത്. വേനൽക്കാലത്ത് കുന്നിൻ പ്രദേശങ്ങളിൽ ജല ദൗർലഭ്യം കൂടുതൽ രൂക്ഷമാണ്. അച്ചൻകോവിലാറ് പഞ്ചായത്തിന്റെ വടക്കേ അതിർത്തി ചേർന്ന് ഒഴുകുന്നു. മണൽ വാരൽ ആറ്റുതീരത്തെ കിണറുകളിൽ പോലും ജലക്ഷാമത്തിനു കാരണമാക്കുന്നു. വേനൽക്കാലത്ത് 40% കിണറുകളും വറ്റിപ്പോകുന്ന സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. തേക്ക്, യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നീ വൃക്ഷങ്ങളുടെ കൃഷി വ്യാപകമായി വരുന്നത് ഭൂഗർഭ ജലത്തിന്റെ ലഭ്യത വളരെയധികം കുറയ്ക്കാൻ ഇടയാക്കുന്നു. ജലജന്യരോഗങ്ങൾ പന്തളം പഞ്ചായത്ത് മേഖലയിൽ താരതമ്യേന കുറവാണ്.

കുടിവെള്ള സ്രോതസ്	എണ്ണം
സാനിട്ടറിവെൽ	6391
സാധാരണ കിണർ	3634
കുളം	14
നദി	1
പൊതുടാപ്പ്	88
കുഴൽക്കിണർ	12

നിർദ്ദേശങ്ങൾ

1. വേനൽക്കാല ജലദൗർലഭ്യം പരിഹരിക്കാൻ അച്ചൻകോവിൽ ആറ്റിൽ ബഹുജനപങ്കാളിത്തത്തോടെ തടയണകൾ നിർമ്മിക്കുക.

2. പഞ്ചായത്തിലെ കുളങ്ങൾ, ചാലുകൾ ഇവ നികത്താതെ ജലസംഭരണ കേന്ദ്രങ്ങളാക്കി സംരക്ഷിക്കുക.

3. മഴവെള്ളം ഒഴുകിപ്പോകാതെ പറമ്പുകളിൽത്തന്നെ സംരക്ഷിച്ചു നിർത്തി താഴാൻ അനുവദിച്ചാൽ ഭൂഗർഭജലത്തിന്റെ അളവു വർദ്ധിക്കും. ഇതിനാവശ്യമായ ബോധവൽക്കരണവും ജലസംരക്ഷണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക. വാർഡുതലത്തിൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ഇത് പ്രാവർത്തികമാക്കാം.

4. കിണറുകളിലെ വെള്ളത്തിൽ ആവശ്യമായ അളവിൽ അണുനാശകങ്ങൾ ഉപയോഗിക്കുക. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടെ ഈ പരിപാടി നടപ്പാക്കാം.

5. എൽ.ഐ.സിയുടെ ധനസഹായത്തോടെ നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുള്ള ജലവിതരണ പദ്ധതി എത്രയും വേഗം നടപ്പാക്കുക.



5.3C

പൊതുജനാരോഗ്യം

ആരോഗ്യമെന്നാൽ രോഗമില്ലാത്ത അവസ്ഥ എന്ന് സാധാരണ പറയുമെങ്കിലും ജനങ്ങളുടെ മാനസികവും ശാരീരികവുമായ നല്ല അവസ്ഥയാണ് ആരോഗ്യം. ഇവയിലേതെങ്കിലും ഒന്നിന് ന്യൂനതപറ്റിയാൽ അത് അനാരോഗ്യമാണ്. പ്രത്യേകിച്ചും മാനസിക ആരോഗ്യത്തിന് തകർച്ച സംഭവിച്ചാൽ എല്ലാം വിഫലമാകും. മാനസിക ആരോഗ്യം പരിരക്ഷിക്കുന്നതിന് നിർഭയമായ ജീവിത ശൈലി സമൂഹത്തിനുണ്ടാകണം. മതമൈത്രി പരസ്പര സ്നേഹ ബഹുമാനം ഉച്ചനീചത്വഭാവമില്ലാതെ സഹവർത്തിത്വം, കൂട്ടായ്മബോധം ഇത്രയുമുണ്ടായാൽ ആരോഗ്യം സമ്പുഷ്ടമാകും. ആരോഗ്യത്തെ പരിപോഷിപ്പിക്കുന്നതിന് നല്ല ഭക്ഷണരീതി, ശുചിത്വബോധം, വ്യായാമം ഇവയെല്ലാം അനിവാര്യമാണ്.

ചികിത്സാരംഗത്ത് ആദ്യകാലങ്ങളിൽ പാരമ്പര്യ വൈദ്യകുടുംബങ്ങളാണുണ്ടായിരുന്നത്. എന്നാൽ1954ൽ ക്രിസ്ത്യൻ മിഷ്യൻ ഹോസ്പിറ്റൽ തുടങ്ങിയതോടെ ആധുനികാ ചികിത്സാ ശൈലി പന്തളത്ത് വ്യാപിക്കാൻ തുടങ്ങി. ഇപ്പോൾ പന്തളം പഞ്ചായത്തിൽ 11 അലോപ്പതി ആശുപത്രികളുണ്ട്. 1961ൽ പ്രവർത്തനം ആരംഭിച്ച എൻ.എസ്സ്.എസ്സ്. മെഡിക്കൽ മിഷൻ ആശുപത്രിയാണ് ആധുനിക സജ്ജീകരണങ്ങളുള്ള പ്രധാന ചികിത്സാ കേന്ദ്രം.

പന്തളത്തുള്ള പ്രൈമറി ഹെൽത്ത് സെന്റർ1991ൽ കടയ്ക്കാട്ട് പ്രവർത്തനം ആരംഭിച്ചെങ്കിലും ഇന്നും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് വാങ്ങി കൈമാറിയ ഭൂമിയിൽ ഹെൽത്ത് സെന്ററിന് കെട്ടിടം പണിയേണ്ടതുണ്ട്. 1978ൽ പ്രവർത്തനം ആരംഭിച്ച ഗവ: ഹോമിയോഡിസ്പെൻസറി ഉൾപ്പെടെ 7 ഹോമിയോ ഡിസ്പെൻസറികൾ പഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഗവ: ഹോമിയോ ഡിസ്പെൻസറി ഇന്നും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.1960മുതൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന സർക്കാർ ആയുർവേദ ആശുപത്രി കുരമ്പാലയിലാണ്. 15 മെഡിക്കൽ സ്റ്റോറുകളും, 2 ആയുർവേദ മെഡിക്കൽ സ്റ്റോറുകളും, 5 ആയുർവേദ വൈദ്യശാലകളും, 2 ഹോമിയോ മെഡിക്കൽ സ്റ്റോറുകളും ഇവിടെ പ്രവർത്തിക്കുന്നു.

പട്ടിക - 1

പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം സ്വന്തം/വാടക	കെട്ടിടം	ഉദ്യോഗസ്ഥർ	സ്ഥാപിച്ച വർഷം	പ്രശ്നങ്ങൾ
1	പ്രൈമറി ഹെൽത്ത് സെന്റർ പന്തളം	സർക്കാർ	വാടക	20	1991	ജീവനക്കാരുടെ കുറവ്, കെട്ടിടം സ്വന്തമായില്ല, വാഹനം ഇല്ല
2	സർക്കാർ ആയുർവേദ ഡിസ്പെൻസറി കുരമ്പാല	സർക്കാർ	വാടക	4	1960	കെട്ടിടം ഇല്ല, ഫർണിച്ചർ കറവ്, വാടക കുടിശ്ശിക ഉണ്ട്
3	സർക്കാർ ഹോമിയോ ഡിസ് പൻസറി, പന്തളം	സർക്കാർ	വാടക	4	1978	കെട്ടിടം വാടകയ്ക്ക്, സ്വന്തം കെട്ടിടം വേണം, ഉപകരണ ങ്ങൾ കുറവ്, ഫർണീച്ചർ വേണം
4	N.S.S. മെഡിക്കൽമിഷൻ ആശുപത്രി, പന്തളം	സ്വകാര്യം	സ്വന്തം	198	1961	മുൻപിലെ ഓട വൃത്തിയാക്കണം
5	ക്രസ്ത്യൻ മിഷൻ ആശുപത്രി	സ്വകാര്യം	സ്വന്തം	27	1954	ഇല്ല
6	അർച്ചന ആശുപത്രി, പന്തളം	സ്വകാര്യം	സ്വന്തം	9	1993	ഇല്ല
7	ചിത്ര മെഡിക്കൽ സെന്റർ പന്തളം	സ്വകാര്യം	സ്വന്തം	9	1993	ഇല്ല
8	അപ്പോളൊ ആശുപത്രി പന്തളം	സ്വകാര്യം	വാടക	6	1990	ഇല്ല
9	എസ്സ്.എം. ആശുപത്രി കടയ്ക്കാട്	സ്വകാര്യം	വാടക	9	1985	ഇല്ല
10	എ.എം. ആശുപത്രി, പന്തളം	സ്വകാര്യം	വാടക	3	1995	ഇല്ല
11	കോശീസ് ക്ലിനിക്, പന്തളം	സ്വകാര്യം	സ്വന്തം	5	1993	ഇല്ല
12	ആർ.ആർ. ക്ലിനിക്, പന്തളം	സ്വകാര്യം	വാടക	7	1990	ഇല്ല
13	അർപ്പിത ഹോസ്പിറ്റൽ, മുട്ടാർ	സ്വകാര്യം	സ്വന്തം	9	1993	ഇല്ല
14	ജയാക്ലിനിക്, കുന്നുക്കുഴി	സ്വകാര്യം	സ്വന്തം	7	1983	ഇല്ല
15	അച്ചു നഴ്സിംഗ് ഹോം കുരമ്പാല	സ്വകാര്യം	വാടക	5	1995	ഇല്ല
16	സി.ജി. ക്ലിനിക്ക്, കടയ്ക്കാട്	സ്വകാര്യം	വാടക	4	1995	ഇല്ല
17	ഉപാസന ഹോമിയോ ക്ലിനിക് കുരമ്പാല	സ്വകാര്യം	വാടക	1	1994	ഇല്ല
18	കാർത്തിക ഹോമിയോ ക്ലിനിക് മുട്ടാർ	സ്വകാര്യം	വാടക	1	1994	ഇല്ല
19	പത്മനാഭോദയം ആയുർവേദ വൈദ്യശാല, പന്തളം	സ്വകാര്യം	വാടക	1	1956	ഇല്ല
20	ചാങ്ങേത്ത് ആയുർവേദ വൈദ്യശാല, പന്തളം	സ്വകാര്യം	വാടക	2	1978	ഇല്ല
21	കോട്ടയ്ക്കൽ ആയുർവേദ വൈദ്യ ശാല, പന്തളം	സ്വകാര്യം	വാടക	3	1981	ഇല്ല
22	അശോകാ ആയുർവേദ നഴ്സിംഗ് ഹോം, എം.എം. ജംഗ്.	സ്വകാര്യം	വാടക	3	1990	ഇല്ല
23	കടയ്ക്കൽ ആയുർവേദ ഫാർമസി പന്തളം	സ്വകാര്യം	സ്വന്തം	3	1949	ഇല്ല
24	കൽപ്പക ഫാർമസി, അറത്തിൽമുക്ക്	സ്വകാര്യം	സ്വന്തം	1	1993	ഇല്ല

മാരകമായ പകർച്ചവ്യാധികൾ ഒന്നും തന്നെ കഴിഞ്ഞ5 വർഷത്തിനുള്ളിൽ പഞ്ചായത്തിലുണ്ടായിട്ടില്ല. 'കൺജക്റ്റിവിറ്റീസ്' (കണ്ണ് ചുമക്കുന്ന രോഗം), പനി ചെറിയ തോതിൽ ബാധിച്ചിട്ടുള്ളതായി സർവെ വ്യക്തമാക്കുന്നു.

വായുജന്യരോഗത്തിൽ പനിയാണ് കൂടുതൽ. പ്രാണിജന്യ രോഗത്തിൽ മലമ്പനിയാണ് മുഖ്യമായി അനുഭവപ്പെടുന്നത്. ഈ രോഗികളിലധികവും അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്നവരാണ്. ഇത്തരം 21 രോഗികൾ ചികിത്സിച്ച് രോഗം ഭേദപ്പെട്ടതായി ആശുപത്രി കണക്കുകൾ വ്യക്തമാക്കുന്നു. ജന്തുജന്യ രോഗമരണം ഒരെണ്ണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പട്ടികടിച്ചതിന് നിരവധിപേർ പ്രതിരോധ കുത്തിവയ്പിനും വിധേയമായിട്ടുണ്ടെങ്കിലും പേവിഷബാധയുണ്ടെന്ന് രേഖകളിൽ കാണുന്നില്ല.

പ്രമേഹവും, രക്തസമ്മർദ്ദവും താരതമ്യേന കൂടുതലായി കാണുന്ന രോഗങ്ങളാണ്.

പട്ടിക 2

രോഗങ്ങൾ	രക്തസമ്മർദ്ദം	പ്രമേഹം	ക്ഷയം	ഹൃദ്രോഗം	ക്യാൻസർ
രോഗികൾ	5283	9106	4455	4104	51

അവലംബം: ആശുപത്രി രേഖകൾ

പരിസരശുചിത്വം

വ്യാവസായിക സ്ഥാപനങ്ങൽ താരതമ്യേന കുറവായതിനാൽ പഞ്ചായത്തിൽ അന്തരീക്ഷ മലനീകരണത്തിന്റെ ഭീകരാവസ്ഥയില്ല. പന്തളം മാർക്കറ്റ്, കുന്നുകുഴി പബ്ലിക് മാർക്കറ്റ് അനധികൃതമായി പ്രവർത്തിക്കുന്ന അറവുശാലകൾ എന്നിവ പരിസര മലിനീകരണം സൃഷ്ടിക്കുന്നതിൽ പങ്കുവഹിക്കുന്നുണ്ട്. ഹോട്ടലുകൾ, ഇതര ഭക്ഷണശാലകൾ എന്നിവിടങ്ങളിൽ നിന്നും തള്ളപ്പെടുന്ന മലിനവസ്തുക്കൾ പരസരമലിനീകരണത്തിൽ ചെറുതല്ലാത്ത പങ്കു വഹിക്കുന്നുണ്ട്. ഹോട്ടൽ തൊഴിലാളികളുടെ ആരോഗ്യാവസ്ഥയും ശുചിത്വവും ഉറപ്പു വരുത്താൻ യാതൊരു സംവിധാനവും ഇന്നില്ല.

3927 സെപ്റ്റിക് ടാങ്ക് കക്കൂസുകളും4230 ഇ.എസ്.പി. കക്കൂസുകളും പഞ്ചായത്തിലുണ്ട്.

1169 തൊഴുത്തുകളുള്ളതിൽ526 എണ്ണവും വീടിനോട് ചേർന്നുള്ളവയാണ്.

കുടുംബാസൂത്രണവുമായി ബന്ധപ്പെട്ട വിവരങ്ങളും അംഗവൈകല്യമുള്ളവരുടെ കണക്കുകളും പട്ടികപ്പെടുത്തിയിരിക്കുന്നു

പട്ടിക - 2

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

(സ്ത്രീയുടെ പ്രായക്രമം)		
a.	15 - 19	103
b.	20 - 24	778
c.	25 - 29	1158
d.	30 - 34	1033
e.	35 - 39	897
f.	40 - 44	363

പട്ടിക - 3

അമ്മമാരുടെ എണ്ണം

ജീവിച്ചിരുപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ

a.	1 കുട്ടിയുള്ളവർ	914
b.	2 കുട്ടിയുള്ളവർ	2128
c.	2ൽ കൂടുതലുള്ളവർ	991

പട്ടിക - 4

കുടുംബാസൂത്രണമാർഗം സ്വീകരിച്ച അമ്മമാർ

ജീവിച്ചിരുപ്പുള്ള കുട്ടികളുടെ അടിസ്ഥാനത്തിൽ

a.	1 കുട്ടി	567
b.	2 കുട്ടികൾ	2080
c.	2ൽ കൂടുതലുള്ളവർ	967



പട്ടിക - 5

അംഗവൈകല്യമുള്ളവർ

a.	അന്ധർ	5
b.	ബധിരർ	20
c.	മൂകർ	15
d.	ബധിരമൂകർ	24
e.	ചലനവൈകല്യങ്ങൾ	524
	ആകെ	588

പാരമ്പര്യ ചികിത്സാ രംഗം

വൈദ്യശാസ്ത്ര രംഗത്ത് തലമുറകളിൽക്കൂടി പകർന്നു കിട്ടുന്ന അറിവുകളുടെ സമാഹാരമാണ് പാരമ്പര്യ വൈദ്യം. അത്തരം കുടുംബങ്ങളുടെ ഒരു ശൃംഖല തന്നെ ഇന്നു കേരളത്തിലുടനീളമുണ്ട്. വിഷചികിത്സ, മർമ്മാണി ചികിത്സ, തിരുമ്മ്, പിഴിച്ചിൽ, ഒറ്റമൂലി പ്രയോഗങ്ങൾ ഇവയൊക്കെയും അന്യം നിന്നു പോകാതെ ഇവരിലൂടെ നിലനില്ക്കുന്നു. ആധുനിക ചികിത്സാ രീതികളോടൊപ്പം ആയുർവേദ ഹോമിയോ ചികിത്സാ രീതികളും വീണ്ടും കേരളത്തിൽ ശക്തി പ്രാപിച്ചു വരികയാണ്.

പ്രശ്നങ്ങൾ

1. പന്തളം ടൗണിനു സമീപത്തുകൂടി ഒഴുകുന്ന ചാലുകൾ മലിനമായിക്കൊണ്ടിരിക്കുന്നു. കൊതുകു പെരുകുവാനും, ചാലിന്റെ കരകളിൽ താമസിക്കുന്ന ആളുകളുടെ അനാരോഗ്യത്തിനും ഇത് ഇടവരുത്തുന്നു.

2. മാർക്കറ്റിലെ ചപ്പുചവറുകളും, മത്സ്യമാർക്കറ്റിലെ അവശിഷ്ടങ്ങളും അടുത്തുള്ള ചാലിൽ നിക്ഷേപിക്കുന്നത് ചാലിലെ ജലം മലിനമാകാനും അതിലൂടെ ഒഴുകുന്ന ജലം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ആളുകളിൽ രോഗബാധയുണ്ടാക്കാനും ഇടയാകുന്നു.

3. പന്തളം ടൗണിലും മെഡിക്കൽമിഷൻ ജംഗ്ഷനിലുമുള്ള അഴുക്കു ചാലുകൾ കാലാകാലങ്ങളിൽ വൃത്തിയാക്കാത്തതു മൂലം കൊതുകുവളർത്തൽ കേന്ദ്രങ്ങളായി മാറുന്നു. ഓരോ വീട്ടിലുമുള്ള കക്കൂസ് ടാങ്കുകളും കൊതുകു വളർത്തലിന്റെ സ്രോതസ്സാണ്.

4. എലികളുടെ എണ്ണത്തിലുള്ള അമിതമായ പെരുപ്പും, എലിപ്പനി പോലുള്ള മാരകരോഗങ്ങൾ പകരാൻ ഇടവരുത്തുന്നു.

5. ഹോട്ടലുകളിൽ നിന്നുള്ള ഉച്ചിഷ്ടങ്ങളും മലിനവസ്തുക്കളും അഴുക്കു ചാലുകളിലേക്ക് ഒഴുക്കുന്നതു മൂലം ഉണ്ടാകുന്ന ദുർഗന്ധവും, ആരോഗ്യപ്രശ്നങ്ങളും.

6. ഹോട്ടൽ തൊഴിലാളികൾ രോഗവിമുക്തരാണോ എന്ന് പരിശോധിച്ച് അറിയാനുള്ള സംവിധാനം ഇല്ലാത്തതു കൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ.

7. അനധികൃത അറവുശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കൽ

8. രോഗവിമുക്തമാണോ എന്നു പരിശോധിച്ച് ഉറപ്പുവരുത്താത്ത മാംസവിപണനം.

9. മദ്യപാനം, പുകവലി, പുകയില ചേർത്ത മുറുക്കാൻ, തമ്പാക്ക് തുടങ്ങിയവയുടെ ഉപയോഗത്തോട് യുവതലമുറ കാണിക്കുന്ന അമിതമായ ആസക്തി.

10. അനാശാസ്യ പ്രവർത്തനങ്ങളിലൂടെ പകരുന്ന രോഗങ്ങളുടെ വ്യാപനം.

11. കായിക വിനോദത്തിനുള്ള ഉപാധികളുടെ അപര്യാപ്തത.

12. പ്രായമായ ആളുകൾക്ക് കുടുംബത്തിൽ നിന്നും വേണ്ടത്ര സംരക്ഷണം ലഭിക്കാത്തു മൂലം ഉണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ.

13. അവയവദാനത്തോടുള്ള സമൂഹത്തിന്റെ നിഷേധാത്മകമായ സമീപനം.

പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യ സർവെ നടത്തുകയും കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്യുക. ഹെൽത്ത് കാർഡ് സംവിധാനം ആവിഷ്കരിച്ച് നടപ്പാക്കുക.

2. പരിസരമലിനീകരണം തടയാൻ ശുചീകരണ ശീലം വളർത്തുവാനുള്ള ബോധവൽക്കരണം നടത്തുക. സാമൂഹ്യ, സാംസ്കാരിക, സന്നദ്ധസംഘടനകളുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്താം.

3. ചാലുകളും തോടുകളും ശുചിയായി സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുക. ഇതിനാവശ്യമായ നടപടികൾ സമയ ബന്ധിതമായി നടപ്പാക്കണം.

4. പ്രധാന കേന്ദ്രങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുകയും പൊതുസ്ഥലങ്ങളിലും പൊതുനിരത്തുകളിലും ശുചിത്വ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുക.

5. പൊതുസ്ഥലങ്ങളിൽ അടിഞ്ഞുകൂടുന്ന ചപ്പുചവറുകൾ ഉപയോഗിച്ച് ജൈവവളം നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുക. മാർക്കറ്റിലെ അവശിഷ്ടങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തുക.

6. ആഹാരസാധനങ്ങൾ വില്ക്കുന്ന വ്യാപാര സ്ഥാപനങ്ങളിലും ഹോട്ടലുകളിലും ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്ത പരിശോധന നടത്തുകയും വില്ക്കുന്ന ആഹാരസാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുകയും ചെയ്യുക.

7. പഴകിയ ആഹാര സാധനങ്ങൾ വിൽക്കുന്ന ഹോട്ടലുടമകൾക്കെതിരെയുള്ള നടപടി കർശനവും കുറ്റമറ്റതുമാക്കുക.

8. കുടിവെള്ളത്തിനുപയോഗിക്കുന്ന കിണറുകൾ ഒരു നിശ്ചിത ഇടവേളയിൽ ക്ലോറിനേറ്റ് ചെയ്യുക.

9. സ്വകാര്യ ആശുപത്രികളുടെ പരിസരം ശുചിയായി സൂക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. ഒ.പി., ഐ.പി. വിഭാഗങ്ങളിൽ ചികിത്സക്കെത്തുന്ന രോഗികളെ സംബന്ധിച്ചും രോഗങ്ങളെക്കുറിച്ചും കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുകയും ആവശ്യപ്പെടുന്ന രോഗികൾക്ക് കെയ്സ് ഷീറ്റ് ഉറപ്പു വരുത്തുകയും ചെയ്യുക.

10. ശിശു സംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ അമ്മമാർക്കായി ഏർപ്പെടുത്തുക. കുഞ്ഞുങ്ങൾക്ക് പ്രതിരോധ കുത്തിവയ്പുകൾ കൃത്യമായി നടത്തുവാൻ പ്രേരിപ്പിക്കുക. ശിശുക്കൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മതിയായ പോഷകാഹാരം ഉറപ്പുവരുത്തുക.

11. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

12. എല്ലാ വാർഡുകളിലും ഹെൽത്ത് സബ്സെന്ററുകൾ സ്ഥാപിക്കുക.

13. കർഷകരുടെ സഹകരണത്തോടെ എലി നശീകരണത്തിന് ആസൂത്രിതമായ ഒരു പരിപാടി ആവിഷ്കരിച്ച് നടപ്പാക്കുക.

14. എല്ലാ വീടുകളിലും കമ്പോസ്റ്റ് കുഴികൾ സ്ഥാപിച്ച് ചപ്പുചവറുകൾ അവയിൽ നിക്ഷേപിക്കാൻ പ്രേരിപ്പിക്കുക.

15. വിവാഹം നടക്കുന്ന ക്ഷേത്രങ്ങളിലും കല്യാണ മണ്ഡപങ്ങളിലും അധികം വരുന്ന ആഹാര പദാർഥങ്ങളും അവശിഷ്ടങ്ങളും മറവുചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുക.



5.3D

സാമൂഹ്യക്ഷേമം

സമൂഹത്തിൽ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് സഹായമെത്തിക്കുന്ന വിവിധ പരിപാടികളാണ് സാമൂഹ്യക്ഷേമ പദ്ധതിയിലൂടെ നടപ്പാക്കുന്നത്. വികലാംഗർ, മന്ദബുദ്ധികൾ, വൃദ്ധജനങ്ങൾ, സ്ത്രീകൾ, കുഞ്ഞുങ്ങൾ, അഗതികൾ, ജയിൽ വിമുക്തർ, മിശ്ര വിവാഹിതർ തുടങ്ങിയവരുടെ സംരക്ഷണത്തിനും തൊഴിൽ സാധ്യത വർധിപ്പിക്കുന്നതിനുമുള്ള വിവിധ പരിപാടികൾ ഈ വകുപ്പിലൂടെ നടപ്പാക്കികൊണ്ടിരിക്കുന്നു. 1975 സെപ്തംബർ 9നാണ് ഈ വകുപ്പ് രൂപീകൃതമായത്.

സാമൂഹ്യക്ഷേമ പദ്ധതിപ്രകാരം താഴെപ്പറയുന്ന പരിപാടികൾ വിവിധ കാലങ്ങളിലായി പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്.

പട്ടിക - 1

I.R.D.P. സർവെ

ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ (1995-96)	3285
അതിൽ പട്ടികജാതി കുടുംബങ്ങൾ	891
ആനുകൂല്യം ലഭിച്ചവർ ആകെ (1995-96)	415
അതിൽ പട്ടികജാതി കുടുംബങ്ങൾ	210
1996-97ൽ നവംബർ 30 വരെ ആനുകൂല്യം ലഭിച്ചവർ ആകെ	252
അതിൽ പട്ടികജാതി കുടുംബങ്ങൾ	120
ഇനി ആനുകൂല്യം ലഭിക്കേണ്ടവർ ആകെ	2618
അതിൽ പട്ടികജാതി കുടുംബങ്ങൾ	561



ദാരിദ്ര്യ രേഖക്കു താഴെയുള്ളവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനു സ്വീകരിച്ച നടപടികൾ എത്രമാത്രം ഫലവത്തായി എന്ന് മേൽ പട്ടിക സൂചിപ്പിക്കുന്നു. അതുപ്രകാരം ആകെ സഹായം ലഭിക്കാൻ അർഹതയുള്ളവർ 3285. 95-96ൽ സഹായം ലഭിച്ചവർ 415. എന്നാൽ 96- 97 സാമ്പത്തിക വർഷം അവസാനിക്കാൻ 4 മാസം മാത്രം അവശേഷിക്കെ മുൻവർഷം സഹായം ലഭ്യമായതിനെക്കാൾ പകുതിയിലധികം പേർക്കു മാത്രമേ ലഭിച്ചിട്ടുള്ളു. പദ്ധതി നടത്തിപ്പിന്റെ പോരായ്മ ഇതു വ്യക്തമാക്കുന്നു. I.R.D.P. സഹായം ലഭിക്കുന്ന കുടുംബം ദാരിദ്ര്യരേഖക്കു മുകളിലെത്തി എന്നാണ് നിഗമനം.

I.R.D.P. പദ്ധതിയുടെ നടത്തിപ്പ് രീതി മാറ്റിയെങ്കിൽ മാത്രമേ ഇതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ലഭ്യമാകു. ദാരിദ്ര്യരേഖാ നിർണയത്തിനടിസ്ഥാനമായ വരുമാനം നിർണയിക്കുന്നതിൽ അശാസ്ത്രീയതയും മറ്റു പരിഗണനകളുമുണ്ട്.

പല തരത്തിലുള്ള സമ്മർദങ്ങൾക്കു വിധേയമായി മാറി ദണ്ഡം നിശ്ചയിക്കുന്നുണ്ട്. യഥാസമയം അർഹരായവർക്കു സഹായം കൊടുക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ തികഞ്ഞ അനാസ്ഥ നിലനിൽക്കുന്നു. ഗുണഭോക്താക്കളുടെ അജ്ഞത ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളിലൊന്നാണ്.

ട്രൈസം

18നും35നും മധ്യേപ്രായമുള്ളവർക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. പൂർണമായും കേന്ദ്ര സഹായത്തോടെയാണ് ഇതു നടപ്പാക്കുന്നത്. ഈ പഞ്ചായത്തിൽ പരിശീലനം നേടിയവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക - 2

വർഷം	പ്ലംബിങ്	കമ്പോസിംഗ്	എയർകണ്ടീഷനിംഗ്	വയർമാൻ	ആകെ
95-96	3	6	1	3	13

പരിശീലനം നേടിയവർ സ്വയം തൊഴിൽ നേടി എന്നാണ് സങ്കല്പം. ഈ പരിപാടിയുടെ നടത്തിപ്പ് വേണ്ടത്ര ശുഷ്കാന്തിയോടെയല്ല എന്നു വ്യക്തം. അതുകൊണ്ടു തന്നെയാണ് ഇക്കാര്യത്തിൽ തൊഴിൽ നേടിയവരുടെ കൃത്യമായ കണക്കില്ലാത്തത്. പരിശീലനം ലഭ്യമായതിനു ശേഷം മറ്റു തൊഴിലന്വേഷിച്ചു പോകുന്നവരുമുണ്ട്. പരിശീലന കാലത്തെ വേതനം മാത്രം ഉദ്ദേശിച്ച് പരിശീലനത്തിനു വരുന്നവർ, സഹായധനം ലഭിക്കാത്തവർ തുടങ്ങിയവരുടെ പ്രശ്നങ്ങളാൽ സങ്കീർണമായ മേഖലയാണിത്.

ക്ഷേമപദ്ധതികൾ

പട്ടിക - 3

വിധവാ പെൻഷൻ	വാർധക്യ കാല പെൻഷൻ	വികലാംഗ പെൻഷൻ	ക്ഷയം ക്യാൻസർ രോഗ സഹായം	അവശ കലാകാര പെൻഷൻ	സ്വാതന്ത്ര്യ സമര പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
191	143	110	17	5	3	458	578

മേൽ പട്ടിക പ്രകാരം എട്ടുതരത്തിലുള്ള ക്ഷേമ പദ്ധതികളിലൂടെ സർക്കാർ ധനസഹായം നൽകുന്നു. ഇതിൽ ആറെണ്ണം പെൻഷനും ഒരെണ്ണം ചികിത്സാ സഹായവും, ഒന്ന് തൊഴിൽരഹിത വേതനവുമാണ്. ഡോക്ടർമാരുടെ സർട്ടിഫിക്കറ്റു കൊടുത്താൽ കിട്ടുന്ന സഹായധനമാണ് വികലാംഗ പെൻഷനും റ്റി.ബി. ക്യാൻസർ രോഗികൾക്കുള്ള സഹായ ധനവും. ഈ പഞ്ചായത്തിലെ 14 വാർഡുകളിലായി 175 വികലാംഗർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 110 പേർക്കു മാത്രമേ പെൻഷൻ ലഭിക്കുന്നതായി കാണുന്നുള്ളു. ഡോക്ടർമാരുടെ സർട്ടിഫിക്കറ്റു ലഭിക്കാൻ ധാരാളം ബുദ്ധിമുട്ടുകൾ നിലവിലുള്ളതും ഇതിനെപ്പറ്റി അറിവില്ലാത്തതും കാരണമാണ്.

പട്ടിക -4

രജിസ്റ്റർ ചെയ്ത വികലാംഗരുടെ എണ്ണം

വാർഡ്	1	2	3	4	5	6	7	8	9	10	11	12	13	14	ആകെ
എണ്ണം	22	21	22	10	10	5	2	12	13	9	23	11	13	2	

വിധവാ പെൻഷൻ, വാർധക്യകാല പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ ഇവ പഞ്ചായത്തുകളിലേക്കുമാറ്റിയിരിക്കയാണ്.

കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവുമാണ് ഈ പഞ്ചായത്തിൽ കൂടുതലായി വിതരണം ചെയ്യുന്നത്. 60 വയസ്സിനുമേൽ പ്രായമുള്ള 458 പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നു. തൊഴിലില്ലായ്മ വേതനം 35 വയസ്സിൽ താഴെയുള്ള 578 തൊഴിലന്വേഷകർക്കും ലഭിക്കുന്നുണ്ട്.

അങ്കണവാടികൾ

സാമൂഹ്യക്ഷേമവകുപ്പ് സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി നടപ്പാക്കുന്ന അടിസ്ഥാന ക്ഷേമ പ്രവർത്തനമാണിത്. I.C.D.S. പ്രൊജക്ടിന്റെ പരിധിയിൽ 7 അങ്കണവാടികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 40 അങ്കണവാടികൾ ആരംഭിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്.

നിശ്ചയിക്കപ്പെട്ട കേന്ദ്രങ്ങളിൽ അങ്കണവാടികളുടെ പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. പ്രവർത്തിക്കുന്നവയിൽ 3 എണ്ണത്തിനു മാത്രമേ സ്വന്തമായി കെട്ടിടമുള്ളു. അവയ്ക്കുതന്നെ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തണം.

അങ്കണവാടി പ്രവർത്തകരുടെ വേതനം തുച്ഛമാണ്. ഒരിടത്തും പ്രാഥമിക സൗകര്യങ്ങളില്ല. ഇക്കാരണങ്ങളാൽ ആരംഭിച്ചവതന്നെ പ്രതിസന്ധിയിലാണ്. ഒരു I.C.D.S പ്രൊജക്ട് ആഫീസ് പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രവർത്തനങ്ങളെ യഥാസമയം വിലയിരുത്തി ലക്ഷ്യത്തിലെത്തുന്നതിൽ കുറെക്കൂടി ശ്രദ്ധ അത്യാവശ്യമാണ്. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം ഡിപ്പാർട്ടുമെന്റലിസമായിക്കൂടാ.

D.W.C.R.A.

(ഗ്രാമീണ വനിതാ ശിശു വികസന പരിപാടി)

ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തെ മുൻ നിർത്തി നടപ്പാക്കുന്ന പരിപാടിയാണിത്. I.R.D.P. യുടെ അനുബന്ധ പദ്ധതിയാണിത്. വനിതകളുടെ സ്വാശ്രയത്വം മുൻ നിർത്തി അവരുടെ കുടുംബ വരുമാനം വർധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും സഹായധനവും നൽകിവരുന്നു. കൂടാതെ കേന്ദ്രസംസ്ഥാന ഗവണ്മെന്റുകളും യൂണിസെഫും ചേർന്ന് 15,000 രൂപ ഒരു റിവോൾവിംഗ് ഫണ്ടായും നൽകുന്നു. 5 പേരടങ്ങുന്ന വനിതകളുടെ ഒരു ഗ്രൂപ്പിന് സഹായധനം ലഭിക്കും. കൂടാതെ ഗ്രൂപ്പ് ലീഡർക്ക് ആദ്യവർഷം 200 രൂപാ യാത്രപ്പടിയും 5000 രൂപാ വരെ പ്രവർത്തന മൂലധനവും ലഭ്യമാകും. പന്തളം പഞ്ചായത്തിലെ D.W.C.R.A. യൂണിറ്റുകളെ സംബ



ന്ധിച്ച വിവരങ്ങൾ പട്ടിക 5ൽ ചേർത്തിരിക്കുന്നു.

പട്ടിക - 5

D.W.C.R.A. സഹായ ലഭ്യത

വർഷം	യൂണിറ്റുകളുടെ എണ്ണം	സ്ത്രീകൾ		വായ്പ	സബ്സിഡി	ആകെ
		പട്ടികജാതി	മറ്റുള്ളവർ,			
93-94	2	2	20	66,500	35,500	1,02,000.00
94-95	6	52	10	2,81,772	2,37,938	5,19,710.00
95-96	4	31	10	3,30,133	1,76,667	5,06,800.00

93-94 മുതൽ 95-96 വരെയുള്ള വർഷങ്ങളിലെ D.W.C.R.A പരിപാടി പ്രകാരം 12 യൂണിറ്റുകളിലായി125 വനിതകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. ഇത് തികച്ചും അപര്യാപ്തമാണ്.

ഗ്രാമീണ മേഖലയെ ഉദ്ദേശിച്ചുള്ള ഈ പദ്ധതി വേണ്ടത്ര ഫലപ്രദമായി നടപ്പാക്കുന്നില്ല. പദ്ധതി സഹായം ലഭിക്കാനുള്ള പല ബുദ്ധിമുട്ടുകളുമുണ്ട്. ലഭിച്ചാൽ തന്നെ നിലനിർത്തി വളർത്താനാവശ്യമായ പ്രോത്സാഹനം ലഭ്യമല്ല. ക്ഷേമവകുപ്പിന്റെയോ മറ്റ് ഏജൻസികളുടെയോ മോണിറ്ററിംഗ് ശരിയായി നടക്കാത്തതും ദോഷം തന്നെ.

നിർദേശങ്ങൾ

1. ദാരിദ്ര്യരേഖാ നിർണയത്തിന് ശാസ്ത്രീയമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുക. I.R.D.P. സർവെ കുറ്റമറ്റതാക്കുക.
2. I.R.D.P. ധനസഹായം പ്രയോജനകരമായി ഉപയോഗിക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
3. ട്രൈസം പദ്ധതിയുടെ നടപടിക്രമങ്ങൾ പരിഷ്കരിക്കുക. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ലഭിക്കാനാവശ്യമായ സാഹചര്യം പഞ്ചായത്തുമായി ബന്ധപ്പെട്ട് ഉണ്ടാക്കുക. പരിശീലനം ലഭിച്ചവരെ സംബന്ധിക്കുന്ന വിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ പഞ്ചായത്തിലുണ്ടാക്കാൻ സംവിധാനമേർപ്പെടുത്തുക.
4. കേരളത്തിലെ വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെപ്പറ്റി പഞ്ചായത്തു തലത്തിൽ ബോധവൽക്കരണം നടത്തുക.
5. നിർദിഷ്ട അങ്കണവാടികൾ ഉടനെ ആരംഭിക്കുക. പുതുതായി ആരംഭിക്കുന്ന അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിന് പഞ്ചായത്തുവക സ്ഥലം നൽകി ജനപങ്കാളിത്തത്തോടെ കെട്ടിടം പണി പൂർത്തീകരിക്കുക. നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തുക.
6. എല്ലാ അങ്കണവാടികൾക്കും മൂത്രപ്പുരയും കക്കൂസും നിർമിക്കുക.
7. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം, സേവനത്തിനും കാലത്തിനും യോജിച്ച വിധത്തിൽ പരിഷ്കരിക്കുക. പോഷകാഹാരത്തിനു നൽകുന്ന സംഖ്യയുടെ പരിധി ഉയർത്തുക.
8. I.C.D.S. പൊജക്ട് ആഫീസിന്റെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കുക.
9. പെൻഷനുകളെല്ലാം പഞ്ചായത്തു വഴി വിതരണം ചെയ്യുക. വിതരണം നിർത്തിവച്ചിരിക്കുന്നവ ഉടൻ നൽകുക. അർഹരായവർക്കെല്ലാം പെൻഷൻ ലഭിക്കാനുള്ള സംവിധാനമുണ്ടാക്കുക.
10. ക്ഷേമപദ്ധതികൾക്കാവശ്യമായ ഫണ്ട് യഥാസമയം ലഭ്യമാക്കുന്നതിനും മറ്റുമുള്ള സംവിധാനങ്ങൾ പഞ്ചായത്ത് ചെയ്യുക. ആവശ്യമെങ്കിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട റിട്ടയർ ചെയ്തവരുടെ സേവനം വിനിയോഗിക്കുക.
11. പഞ്ചായത്തിലെ സ്ഥല പരിമിതി ഒരു പൊതുശ്മശാനത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നു. ആധുനിക സാങ്കേതിക വിദ്യയിലുള്ള ഒരു ശ്മശാനം പഞ്ചായത്തിൽ സ്ഥാപിക്കുക.
12. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും വിനോദത്തിനുമായി പഞ്ചായത്തിൽ പകൽ സമയ റിക്രിയേഷൻ സെന്റർ ഒരെണ്ണമെങ്കിലും ഉടൻ ആരംഭിക്കുക.

5.3E

പട്ടികജാതി/ പട്ടികവർഗ ക്ഷേമം

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അടിമത്തത്തിലും ആണ്ടു കിടന്നവരും സമൂഹത്തിന്റെ ഏറ്റവും പിന്നണിയിൽ കഴിഞ്ഞവരുമായ ഒരു വിഭാഗമായിരുന്നു രാജ്യത്തെ പട്ടികജാതി പട്ടികവർഗ വിഭാഗക്കാർ. തീണ്ടൽ, തൊടീൽ, അയിത്തം അതിന്റെ ഫലമായി അടിച്ചമർത്തൽ എന്നിവ ഈ വിഭാഗം അനുഭവിക്കേണ്ടി വന്നു. സാമൂഹ്യ പരിഷ്കരണ ശ്രമങ്ങളും തൊഴിലാളി വർഗ സംഘടനകളുടെ പ്രവർത്തനവും സമൂഹത്തിൽ ഒരു പരിധിവരെ ഇവർക്ക് അംഗീകാരം നേടിക്കൊടുത്തിട്ടുണ്ട്. ഭൂപരിഷ്കരണം, സംവരണം, മറ്റു ക്ഷേമ പദ്ധതികൾ എന്നിവ നടപ്പാക്കിയതു മൂലം സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിൽ ചെറിയ അളവിലുള്ള മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ മാറ്റങ്ങൾ നമ്മുടെ പഞ്ചായത്തിലും നമുക്കു കാണാം.

പന്തളം ഗ്രാമപഞ്ചായത്തിലെ പതിനാല് വാർഡുകളിലായി 42 പട്ടികജാതി സങ്കേതങ്ങൾ നിലവിലുണ്ട്. ഇവയിൽ 3 ഐ.എച്ച്.ഡി.പി. കോളനികളും ഉൾപ്പെടും. 1991ലെ കാനേഷുമാരി കണക്കനുസരിച്ച് 171 ഒറ്റപ്പെട്ട വീടുകൾ ഉൾപ്പെടെ 1845 കുടുംബങ്ങളിലായി 6967 പട്ടികജാതിക്കാർ ഇ പഞ്ചായത്തിൽ അധിവസിക്കുന്നു. ഇത് ജനസംഖ്യയുടെ 18.43% വരും. പട്ടികവർഗത്തിൽ "വേടർ" സമുദായത്തിൽപ്പെട്ട 8 അംഗങ്ങളുള്ള ഒരു കുടുംബം പഞ്ചായത്തിലെ മൂന്നാം വാർഡിൽ താമസിക്കുന്നുണ്ട്.

1995ലെ കണക്കനുസരിച്ച് 42 അംഗീകൃത കോളനിക്കാർ 1554 കുടുംബങ്ങളിലായി 7917 പട്ടികജാതിക്കാർ താമസിക്കുന്നു. അംഗീകൃത കോളനികളിൽ അവയിലോരോന്നിലേയും കുടുംബങ്ങൾ, അംഗസംഖ്യ ഇവയുടെ ഇനം തിരിച്ച് പട്ടിക ചുവടെ ചേർക്കുന്നു.



പട്ടിക - 1

ക്രമ നമ്പർ	കോളനി	വാർഡ്	കുടുംബങ്ങൾ	ജനസംഖ്യ
1	വേലത്തട്ടേൽ	XIV	14	100
2	നിരപ്പേൽ	IX	25	108
3	ഒറ്റപ്ലാവിള	IX	22	108
4	തുമല	IX	25	140
5	മണത്തറ	X	54	320
6	വല്യയ്യത്ത്	X	29	224
7	തെക്കോട്ടു ചരിഞ്ഞതിൽ	X	20	120
8	ആതിരക്കിഴക്ക്	XIII	56	284
9	മൈലാടുംകുളം	XIII	27	138
10	ചേലവിള	XIII	55	276
11	മണ്ണാകോണം	XIII	14	67
12	ശാസ്താംവട്ടം - ദൈവത്തറ	I	30	121
13	ഊരാളിപ്പുറമ്പിൽ	VIII	47	278
14	വള്ളിക്കാവിനാൽ	XII	26	200
15	കൈതക്കാട് ഭാഗം	IX	30	144
16	പാലത്തടത്തിൽ	VII	22	94
17	കല്ലയ്യത്ത്	XIV	26	136
18	വല്യയ്യത്ത്	VII	21	92
19	മലമുകളിൽ	XIV	26	107
20	ഊരാളിശ്ശേരിൽ	VIII	19	88
21	വലിയ വിളയിൽ	VIII	41	193
22	മാവര	XI	19	89
23	കുറ്റിപ്ലാവിള	XI	21	134
24	കൈപ്പുരി	XI	23	110
25	മഞ്ചാടി	XI	21	136
26	കുരുമ്പേലി മുകളിൽ	XI	35	175

ക്രമ നമ്പർ	കോളനി	വാർഡ്	കുടുംബങ്ങൾ	ജനസംഖ്യ
27	ഉളമയിൽ	V	10	54
28	ചേരിക്കൽ	I	225	1250
29	പൂളയിൽ മുക്ക്	II	50	310
30	കുരീക്കാവിൽ	VI	50	304
31	നെടുങ്ങോട്ട്	III	45	280
32	പുതുവന	I	40	240
33	ശാസ്താംവിള	VII	38	225
34	ആതിരമല	XIII	200	1600
35	ഉടുമ്പിനാകുന്ന്	XII	21	135
36	പുന്തലപ്പടിക്കൽ	XIII	15	78
37	വല്യയ്യത്ത് ഭാഗം (കുരമ്പാല)	XIII	15	84
38	മാടപ്പള്ളി മേലേതിൽ	V	40	215
39	വല്ലാറ്റൂർ	XIII	19	94
40	വേലശ്ശേരിൽ	XIV	14	71
41	വളത്തുകാട്	XII	15	77
42	നാലുസെന്റ് ഹരിജൻ സെറ്റിൽമെന്റ് കോളനി	I	9	38
	ആകെ		1554	7917

പട്ടികജാതി വിഭാഗത്തിന്റെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്.

മഹാഭൂരിപക്ഷം കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുകളോ, കക്കൂസുകളോ ഇല്ല. വൈദ്യുതീകരിച്ച വീടുകളും വളരെ കുറവാണ്. ഈ കോളനികളിൽ ഭൂരിഭാഗത്തും കുടിവെള്ളവും മറ്റു സൗകര്യങ്ങളും വേണ്ടത്ര ഇല്ല.

പട്ടിക ജാതിക്കാരുടെ പാർപ്പിടം, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, ജീവിത നിലവാരം സർവോപരി സാമ്പത്തിക സ്ഥിരത എന്നിവ വളരെ പിന്നണിയിലാണ്. കാർഷിക മേഖലയെ ആശ്രയിച്ചു കഴിയുന്ന ഈ വിഭാഗത്തിന് മതിയായ തോതിൽ തൊഴിലും ലഭിക്കുന്നില്ല.

പട്ടണ സ്വഭാവമുള്ള പ്രദേശങ്ങളിൽ നിന്നകന്ന് കാർഷിക മേഖലയോട് ചേർന്നാണ് പട്ടികജാതിക്കാർ മഹാഭൂരിപക്ഷവും താമസിക്കുന്നത്.

പട്ടണ സ്വഭാവമുള്ള പ്രദേശങ്ങളിൽ പാർപ്പുറപ്പിച്ചിരുന്ന ഇവർ അവിടങ്ങളിൽ നിന്ന് ഒഴിഞ്ഞു പോകുന്ന സ്വഭാവവും പഠന വിധേയമാക്കണം. കാർഷിക മേഖലയ്ക്ക് പുറമെ കുട്ട, വട്ടി, പനമ്പ്, മുറം തുടങ്ങിയവയുടെ നിർമ്മാണവുമായി ബന്ധ



പ്പെട്ട പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും കുറവല്ല. ഇവർ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാണ്.

പഞ്ചായത്തിൽ പട്ടികജാതിക്കാർ വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കമാണ്. പഞ്ചായത്തിലെ 13, 12, 11, 9 വാർഡുകളിലുള്ള വിദ്യാർഥികൾക്ക് പ്രൈമറി വിദ്യാഭ്യാസത്തിനായി മൂന്ന് കിലോമീറ്ററിലധികം യാത്ര ചെയ്യേണ്ടതായുണ്ട്. വിദ്യാഭ്യാസ മേഖലയിൽ നിന്ന് പട്ടികജാതി വിഭാഗത്തിലെ മുൻ തലമുറയെ അകറ്റിനിറുത്തിയിരുന്നു. തൽഫലമായി തങ്ങളുടെ കുട്ടികളെ സ്കൂളിൽ അയക്കുന്നതിലും പഠിപ്പിക്കുന്നതിലും വേണ്ടത്ര ജാഗ്രത പുലർത്താൻ അവർക്കു കഴിഞ്ഞിരുന്നില്ല.

കുട്ടികൾക്ക് യഥാകാലം വിദ്യാഭ്യാസം ലഭിക്കാതിരിക്കുവാനും കൊഴിഞ്ഞു പോക്കിനും ഈ മനോഭാവം ഇടയാക്കുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം രംഗത്തെ പൊതു സ്ഥിതി സൂചിപ്പിക്കുന്ന പട്ടിക 2ൽ ചേർത്തിരിക്കുന്നു.

പട്ടിക -2

ക്രമ നമ്പർ	സ്കൂൾ/കോളേജ് വിഭാഗം	ആകെ കുട്ടികൾ	പട്ടിക ജാതിക്കാർ	ശതമാനം
1	എൽ.പി. വിഭാഗം	1073	316	20.45
2	യു.പി. വിഭാഗം	1894	272	14.36
3	എച്ച്.എസ്സ്. വിഭാഗം	2214	431	19.46
4	P.D.C. I Year	883	140	15.85
5	P.D.C II Year	892	166	18.6
6	D.C. I Year	491	42	8.55
7	D.C. II Year	455	40	8.79
8	D.C. III Year	470	33	7.02
9	P.G. I Year	86	12	13.95
10	P.G. II Year	77	11	14.28

എൽ.പി. തലത്തിൽ പഠിക്കുന്ന പട്ടികജാതി കുട്ടികൾ മൊത്തം വിദ്യാർഥികളുടെ29.45 ശതമാനം വരുമെങ്കിൽ യു.പി. തലത്തിൽ അത്14.36ഉം ഹൈസ്കൂൾ നിലവാരത്തിൽ19.46ഉം ആയി മാറുന്നു. പ്രീ-ഡിഗ്രി തലത്തിൽ ഏകദേശം 17 ശതമാനവും ഡിഗ്രി നിലവാരത്തിൽ ഏകദേശം 8 ശതമാനവുമാണ്. എന്നാൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകൾക്ക് ഏകദേശം 14% പട്ടികജാതിക്കാർ പഠിക്കുന്നുണ്ട്. പ്രൈമറി തലം മുതൽ ഡിഗ്രി തലം വരെ കാണുന്ന വിദ്യാർഥികളുടെ ഈ കൊഴിഞ്ഞുപോക്ക് പുരോഗതിയുടെ ലക്ഷണമല്ല. സാമൂഹ്യ രംഗങ്ങളിൽ ഈ വിഭാഗം കുറെയൊക്കെ മുന്നോട്ടു വന്നിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ-സാമ്പത്തിക രംഗങ്ങളിൽ വളരെ പിന്നിലാണ്.

പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന ആകെ കുട്ടികളുടെയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെയും എണ്ണം പട്ടിക - 3 ൽ ചേർത്തിരിക്കുന്നു.

പട്ടിക - 3

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ആകെ കുട്ടികൾ	പട്ടിക ജാതി	പട്ടികജാതി ശതമാനം
I	M.T.L.P.S. മുടിയൂർക്കോണം	63	19	30.15
II	S.V.L.P.S. ചേരിക്കൽ	174	111	63.79
III	G.U.P.S. മങ്ങാരം	375	38	10.13
IV	M.S.M.L.P.S. മങ്ങാരം	118	42	35.59
V	G.H.S. തോട്ടക്കോണം	371	103	27.76
VI	G.L.P.S. തോട്ടക്കോണം	172	37	21.51
VII	G.U.P.S. പന്തളം	521	108	20.72
VIII	M.G.L.P.S. കടയ്ക്കാട്	137	02	1.45
IX	N.S.S.G.H.S. പന്തളം	1039	189	18.19
X	N.S.S.B.H.S. പന്തളം	804	139	17.28
XI	N.S.S.E.M.U.P.S. പന്തളം	577	18	3.11
XII	S.V.L.P.S കടയ്ക്കാട് തെക്ക്	106	24	22.64
XIII	G.U.P.S പുഴിക്കാട്	421	108	25.65
XIV	G.L.P.S കുരമ്പാല	159	36	22.64
XV	G.L.P.S. ഇടയാടി	144	45	31.25
	ആകെ	5181	1019	19.66

പ്രായമായ ആളുകളിൽ ഏതാണ്ട് 65% പേർ നവ സാക്ഷരരാണ്. തുടർ വിദ്യാഭ്യാസത്തിന്റെ അഭാവം ഇവരെ നിരക്ഷരതയിലേക്ക് വീണ്ടും നയിച്ചു കൊണ്ടിരിക്കുന്നു. കോളനികൾ കേന്ദ്രീകരിച്ച് സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുകയും തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുറന്ന് പത്രമാസികകൾ ലഭ്യമാക്കി കൈവന്ന അക്ഷരജ്ഞാനം നിലനിർത്തുകയും വേണം.

ജാതീയമായ ഉച്ചനീചത്വം പ്രത്യക്ഷത്തിൽ കാണുന്നില്ലെങ്കിലും പരോക്ഷമായി അത് ഇന്നും നിലനില്ക്കുന്നു.

ശുചിത്വത്തിലും ആരോഗ്യ പരിപാലനത്തിലും ഇവർ വേണ്ടത്ര ശ്രദ്ധിച്ചു കാണുന്നില്ല. ആരോഗ്യം നിലനിർത്തുന്നതിൽ പരിസര ശുചീകരണത്തിനുള്ള പങ്ക് ബോധ്യപ്പെടുത്തുന്നതിനുള്ള ബോധപൂർവമായ പരിശ്രമം നടത്തേണ്ടതുണ്ട്. കലാ സാംസ്കാരിക കായിക രംഗങ്ങളിൽ പ്രഗദ്ഭരായ ഒട്ടേറെ യുവ ജനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. അവർക്ക് വളരാനുള്ള സഹായവും മാർഗനിർദ്ദേശവും കൊടുക്കാൻ നമുക്കു കഴിയണം.

പരിഹാര നിർദ്ദേശങ്ങൾ

1. അർഹരായ എല്ലാ പട്ടിക ജാതിക്കാർക്കും അടിസ്ഥാന ജീവിത സൗകര്യങ്ങളായ പാർപ്പിടം, കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ ലഭ്യമാക്കാൻ നടപടി ഉണ്ടാവണം.

2. പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതിക്കാരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് തൊഴിലവസരങ്ങൾ മെച്ചപ്പെടുത്താൻ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

3. ആരോഗ്യ രക്ഷയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക. പോഷകാഹാരങ്ങൾ മതിയായ തോതിൽ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

4. വൈദ്യുതി എത്താത്ത പട്ടികജാതി ആവാസ കേന്ദ്രങ്ങളിൽ വൈദ്യുതി എത്തിക്കുകയും വഴിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

5. എല്ലാ പട്ടികജാതി ആവാസ കേന്ദ്രങ്ങളിലും ജനവിദ്യാ കേന്ദ്രങ്ങൾ സ്ഥാപിച്ച് തുടർ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഒരുക്കുക. ഇവയ്ക്ക് സ്വന്തമായി ആസ്ഥാനം ഉണ്ടാക്കുകയും കൂട്ടായ വായനക്ക് പത്ര മാസികകൾ ലഭ്യമാക്കുകയും ചെയ്യുക.

6. പട്ടികജാതിക്കാരുടെ തൊഴിൽ സംരംഭങ്ങൾക്കുള്ള ബാങ്ക് വായ്പകളുടെ നടപടി ക്രമം ലഘൂകരിക്കുക.

7. പഞ്ചായത്തിൽ പാറമടകളിൽ പണിയെടുക്കുന്നവരിൽ ഭൂരിപക്ഷവും പട്ടികജാതിക്കാരാണ്. അനാരോഗ്യകരമായ ചുറ്റുപാടിൽ പണിയെടുക്കുന്ന പാറത്തൊഴിലാളികൾക്ക് സൗജന്യ വൈദ്യ സഹായവും ഇൻഷുറൻസ് പരിരക്ഷയും ഏർപ്പെടുത്തുക.

8. വിവിധ പെൻഷൻ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും അർഹരായ മുഴുവൻ ആളുകൾക്കും അവ ലഭ്യമാക്കുകയും ചെയ്യുക.

9. പട്ടികജാതി വിദ്യാർഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് കോളനികൾ കേന്ദ്രീകരിച്ച് സൗജന്യ ട്യൂഷൻ സെന്ററുകൾ സ്ഥാപിക്കുക. സ്കൂളുകളിൽ പ്രത്യേക മോണിറ്ററിംഗ് സെൽ രൂപീകരിക്കുക.

10. ഹൈസ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക.

11. മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നപട്ടിക വിഭാഗ

ക്കാർക്ക് പ്രത്യേക പരിശീലന പദ്ധതി ഏർപ്പെടുത്തുക. അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനത്തിനുള്ള സെന്ററുകൾ സ്ഥാപിക്കുക.

12. ഹരിജൻ കോളനികളിൽ ദൃശ്യ, ശ്രാവ്യ ഉപകരണങ്ങൾ സ്ഥാപിക്കുക.

13. പുറമ്പോക്കു ഭൂമികളിൽ താമസിക്കുന്ന പട്ടിക ജാതിക്കാർക്ക് ഭൂമിയും വീടും നൽകി പുനരധിവസിപ്പിക്കുക.

14. ഭൂരഹിത ഭവനരഹിത പട്ടിക ജാതിക്കാർക്ക് ഭൂമിയും വീടും നല്കുന്ന സഹായ പദ്ധതി വിപുലപ്പെടുത്തുക.

15. പട്ടികജാതിക്കാരുടെ കിണറുകൾ നന്നാക്കുന്നതി ധനസഹായം ലഭ്യമാക്കുക.

16. വ്യാജമദ്യ നിർമ്മാണവും വിപണനവും വ്യാപകമാ ന്നതിന്റെ പ്രത്യാഘാതങ്ങൾ പട്ടികജാതി ഭവനങ്ങളി സജീവമാണ്. ഈ സാമൂഹ്യ വിപത്ത് കർശനമ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീ ക്കുക.

17. കൃഷിഭൂമിയില്ലാത്ത പട്ടികജാതിക്കാർക്ക് കൃഷി ഭ വാങ്ങുന്നതിനുള്ള വായ്പാ സഹായ പദ്ധതി വിപു പ്പെടുത്തുക.

5.3F

സഹകരണം

കർഷകരും തൊഴിലാളികളുമടങ്ങുന്ന സാധരാണക്കാരനെ ഋണ ബാധ്യതയിൽ നിന്ന് രക്ഷിക്കുന്നതിന് 1904ൽ നിലവിൽ വന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിനു വിധേയമായി രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളിലൂടെയാണ് സഹകരണ പ്രസ്ഥാനം ഭാരതത്തിന്റെ സാമൂഹ്യ ചരിത്രത്തിൽ കടന്നുവന്നത്. തുടർന്ന് നാടിന്റെ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ ഈ പ്രസ്ഥാനം ഉണ്ടാക്കിയ മാറ്റം ചില്ലറയൊന്നുമല്ല.

1920കളിൽ കൃഷിക്കാരെ സഹായിക്കാൻ സാമുദായികാടിസ്ഥാനത്തിൽ രൂപം കൊണ്ട ചെറു ചെറു സംഘങ്ങളിലൂടെയാണ് പന്തളം പഞ്ചായത്തിൽ ഈ പ്രസ്ഥാനം ജന്മം കൊണ്ടത്. ഈ രംഗത്ത് ആദ്യം നേതൃത്വം നൽകിയവരിൽ മേലെടത്തു തെക്കേതിൽ ശ്രീ. നീലകണ്ഠപ്പിള്ള, ശ്രീ. കോയിപ്പുറത്ത് രാമൻ പിള്ള, കാവിന്റെ കിഴക്കേതിൽ ശ്രീ. നാരയണ പിള്ള, വേട്ടമത്ത് ശ്രീ. പരമേശ്വരൻപിള്ള തുടങ്ങിയവരുൾപ്പെടുന്നു.

കാർഷിക രംഗത്തെ വളർച്ചക്ക് ധാരാളം സഹായിച്ച പരസ്പര സഹായസഹകരണസംഘം നമ്പർ 71, പിൽക്കാലത്ത് 704-ാം നമ്പർ പന്തളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കായി രൂപം കൊണ്ടു. ഗവണ്മെന്റ് ജീവനക്കാരുടേതുൾപ്പെടെ പഞ്ചായത്തിൽ നിരവധി സഹായസഹകരണ സംഘങ്ങൾ പ്രവർത്തനം നടത്തുന്നുണ്ട്. ഇവയുടെ പട്ടിക അന്യത്ര ചേർത്തിരിക്കുന്നു.

പട്ടിക - 1

സഹകരണ സംഘങ്ങൾ - പൊതു വിവരണം

	പേര്	പ്രവർത്തന പരിധി	ആരംഭിച്ച വർഷം	ആകെ മെമ്പർമാർ	ഓഹരി വില	ഓഹരി മൂലധനം	പിരിഞ്ഞു കിട്ടിയ ഓഹരി	സർക്കാർ ഓഹരി	കടം എടുക്കാവുന്ന തുക	സ്ഥിര നിക്ഷേപം	ഹ്രസ്വ നിക്ഷേപം
1	പന്തളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം. 704	പന്തളം വില്ലേജ്	1980	4639	10	10 ലക്ഷം	939978	97000	32899230	3224561	1278443
2	കുരമ്പാല സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം. 46	കുരമ്പാല വില്ലേജ്	1988	2306	10	6 ലക്ഷം	287380	246000	100583000	1024551	751091
3	പന്തളം പട്ടികജാതി സർവീസ് സഹകരണസംഘം നം. 737	പന്തളം പഞ്ചായത്ത്	1981	901	10	3 ലക്ഷം	13650	45000	17290	1000	
4	കുരമ്പാല പട്ടികജാതി വ്യവസായ സഹകരണസംഘം നം. 19	കുരമ്പാല വില്ലേജ്	1990	48	1000	10 ലക്ഷം	50300	500000	-	-	
5	കുരമ്പാല വനിതാ വ്യവസായ സഹകരണ സംഘം നം. 18	കുരമ്പാല	1992	12	200	12000	2400	66000	-	-	
6	പന്തളം പട്ടികജാതി വനിതാ വ്യവസായ സഹകരണസംഘം നം. 21	പന്തളം വില്ലേജ്	1989	21	500	1500000	105000	37500000			
7	പന്തളം ബ്രിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	പന്തളം വില്ലേജ്	1991	16	4000	3200000	64000	-	80000000	-	-
8	കുരമ്പാല ക്ഷീരോല്പാദക സഹകരണ സംഘം നം. 113	12, 13 വാർഡുകൾ	1995	144	10	1570	-	-	-	-	

ക്ഷീര വ്യവസായവുമായി ബന്ധപ്പെട്ട് നിരവധി സംഘങ്ങൾ പ്രവർത്തിക്കുന്നു. വനിതാ വ്യവസായ സംഘവും, ഒരു റബർ മാർക്കറ്റിംഗ് സൊസൈറ്റിയും പട്ടികജാതി സഹകരണ സംഘങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ക്ഷീരോല്പാദന രംഗത്ത് മുട്ടാർ, കുരമ്പാല, പുഴിക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. ഉല്പാദകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനം ചെയ്യുന്നവയാണിവ. മുട്ടാർ ക്ഷീരോല്പാദക സംഘത്തിന്റെ ഒരു കളക്ഷൻ സെന്റർ അറത്തിൽ മുക്കിൽ പ്രവർത്തിച്ചു വരുന്നു. ഭവന നിർമാണ രംഗത്ത് ''കുളനട കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി''യുടെ പ്രവർത്തന മേഖലയ്ക്കുള്ളിലാണ് പന്തളം ഗ്രാമപഞ്ചായത്തു പ്രദേശവും.

ഈ പഞ്ചായത്തിൽ ഇപ്പോൾ 3 സർവീസ് സഹകരണ സംഘങ്ങളും 2 പട്ടികജാതി സഹകരണ സംഘങ്ങളും രണ്ട് വനിതാ സഹകരണസംഘങ്ങളുമുണ്ട്. കഴിഞ്ഞ കാലങ്ങളിലെല്ലാം കൃഷിക്കാരെ സഹായിച്ചിരുന്ന PT 704 എന്ന സംഘത്തിലാണ് ഏറ്റവും കൂടുതൽ സഹകാരികളുള്ളത്. അംഗസംഖ്യ4700ൽ കൂടുതലുണ്ട്. പന്തളം പഞ്ചായത്തിന്റെ എല്ലാ വാർഡും ഇതിന്റെ പരിധിയിലായിരുന്നു. കുരമ്പാല PT 46 സംഘം1988ൽ രൂപം കൊണ്ടപ്പോൾ പരിധിയിൽ മാറ്റം സംഭവിച്ചു. ലക്ഷക്കണക്കിനു രൂപാ മൂലധനമുള്ള PT 704, PT 46 എന്നീ സഹകരണ സംഘങ്ങൾ കൃഷിക്കാരെ നല്ല നിലയിൽ സഹായിച്ചു കൊണ്ടിരിക്കുന്നു.

പട്ടിക - 2

പന്തളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം. 704 വായ്പാ വിതരണം

ക്രമ നമ്പർ	ഇനം	1992	1993	1994	1995	1996
1	ഹ്രസ്വകാല വായ്പ	2,70,000	6,59,100	8,35,455	5,85,825	3,53,850
2	മധ്യകാല വായ്പ	-	-	4,000	1,13,800	-
3	ദീർഘകാല വായ്പ	7,290	18,977	39,876	-	-
4	മറ്റിന വായ്പകൾ	2,02,950	2,82,862	8,11,600	14,76,536	21,39,540
	ആകെ	4,80,240	9,60,939	16,90,931	21,76,161	24,93,390

5.3G

വനിതാക്ഷേമം

ഒരു രാജ്യത്തിന്റെ പുരോഗതിയുടെ അളവുകോലാണ് ആ സമൂഹത്തിൽ സ്ത്രീയ്ക്കുള്ള പദവി. ''സൃഷ്ടിക്കാനുള്ള കഴിവ് സ്ത്രീകൾക്കാണ് കൂടുതൽ. സ്ത്രീകൾക്ക് എന്തെങ്കിലും കുറവുകൾ ഉദ്ഭവിച്ചിട്ടുണ്ടെങ്കിൽ അവ ജാത്യാൽ ഉള്ളതാണെന്നും പ്രാചീന കാലം മുതൽ പുരുഷൻമാർ സ്ത്രീയെ അടിമയാക്കിവച്ച് സമൂഹത്തിന്റെ അധികാരം കൈവശപ്പെടുത്തിയതിന്റെ ഫലമായിട്ടാണ്''. എന്നുമുള്ള സത്യം ജർമ്മൻ മന:സാസ്ത്രജ്ഞനായ പ്രൊഫ: മത്തിൽഡ് മേർതിങ് ചുണ്ടിക്കാണിച്ചിട്ടുണ്ട്.

മനുവിന്റെ കാഴ്ചപ്പാടിൽ നിന്ന് എത്രയോ ഭിന്നമാണ് ഗാന്ധി ദർശനത്തിൽ സ്ത്രീയുടെ പദവി. സ്ത്രീക്ക് ഒരു പുരുഷനുള്ള എല്ലാ സ്വാതന്ത്യവും അവകാശവും നൽകണമെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടിരുന്നു.

സ്ത്രീയും പുരുഷനും തമ്മിൽ ശാരീരികമയി വ്യത്യാസമുണ്ട്. പ്രത്യുൽപാദന മേഖലയിൽ ഇവർ വ്യത്യസ്തങ്ങളായധർമ്മങ്ങളാണ് അനുഷ്ടിക്കുന്നത്. അതുകൊണ്ടുതന്നെ ഇവർ തമ്മിലുള്ള 'തുല്യത' എന്നത് സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ്. മറിച്ച് 'തുല്യത' എന്ന വാക്കിന്റെ സാങ്കേതിക അർഥത്തിലല്ല. വ്യത്യസ്ത ധർമ്മങ്ങളുടെ തുല്യത.

ഭരണഘടനയിൽ സ്ത്രീപുരുഷ സമത്വം ഉറപ്പു നൽകുന്നുണ്ടെങ്കിലും[മതത്തിന്റേയും പാരമ്പര്യത്തിന്റേയും പേരിൽ] അവസര സമത്വവും സാമൂഹ്യ നീതിയും സ്ത്രീക്ക് നിഷേധിക്കപ്പെടുന്നു.

നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയുടെ പകുതിയിൽ അധികം സ്ത്രീകളാണ്. ഗ്രാമങ്ങളുടെ നാടാണ് കേരളം. ഉയർന്ന സ്ത്രീ സാക്ഷരത, ശിശുമരണ നിരക്കിലുള്ള കുറവ്, പെൺകുട്ടികളുടെ താരതമ്യേന ഉയർന്ന വിവാഹപ്രായം, തലമുറകളായുള്ള സ്ത്രീകളുടെ സ്വത്തവകാശം, ജോലി അന്വേഷിച്ച് ജന്മനാടിനു പുറത്തു പോകുന്ന അവിവാഹിതകളായ ചെറുപ്പക്കാരികളുടെ എണ്ണക്കൂടുതൽ എന്നിവയെല്ലാം എടുത്തുപറയത്തക്ക



സവിശേഷതകളാണ്.

സാക്ഷരതയിൽ മുന്നോട്ടു വന്നിട്ടുണ്ടെങ്കിലും വിദ്യാഭ്യാസത്തിന്റെ പരമോന്നത ലക്ഷ്യമായിട്ടുള്ള സാമൂഹ്യ ബോധവൽക്കരണം ഇനിയും ഉണ്ടായിട്ടില്ല. അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും സ്വാധീന വലയത്തിൽ നിന്നും ഇനിയും മോചനം നേടാൻ അവർക്ക് കഴിഞ്ഞിട്ടില്ല.

ഭൂ പരിഷ്കരണവും പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചയും മൂലം പരമ്പരാഗത ഉച്ചനീചത്വങ്ങൾ വളരെയേറെ കുറഞ്ഞു എങ്കിലും സ്ത്രീ ഇന്നും സാംസ്കാരിക - സാമൂഹ്യ രംഗത്ത് അദൃശ്യയായി തുടരുന്നു. രാഷ്ട്രീയ സാംസ്കാരിക വേദികളിലും സ്ത്രീ അപൂർവമായേ നേതൃത്വ പദവിയിൽ പ്രത്യക്ഷപ്പെടുന്നുള്ളൂ.

ഇൻഡ്യയിലും കേരളത്തിലും സ്ത്രീകൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ കൂടി വരുന്നതായി ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ വ്യക്തമാക്കുന്നു.

സ്ത്രീകൾ പൊതുവെ കൂടുതൽ മണിക്കൂറുകൾ പണിയെടുക്കുന്നവരും അതേസമയം പുരുഷൻമാരേക്കാൾ കുറച്ചു സമയം മാത്രം വിശ്രമവേള അനുഭവിക്കുന്നവരുമാണ്. അതു കൊണ്ടുതന്നെ ബുദ്ധിപരവും കായികപരവും സാമൂഹ്യവുമായ വികസനത്തിനുള്ള അവസരങ്ങൾ നഷ്ടമാകുന്നു.

പുരുഷൻമാർ അളക്കപ്പെടുന്നത് അയാളുടെ കഴിവിന്റേയുടെയും വ്യക്തിത്വത്തിന്റേയും അടിസ്ഥാനത്തിലാണ്. സ്ത്രീയോ? സ്വന്തം വ്യക്തിത്വം പാടേ നിഷേധിച്ച് മറ്റുള്ളവരുടെ സുഖ സൗകര്യങ്ങൾക്കും താൽപര്യങ്ങൾക്കും വേണ്ടി വീട്ടമ്മ എന്ന നിലയിൽ ചെയ്യുന്ന ത്യാഗത്തിന്റെ അളവിൽ. സ്ത്രീ വീട്ടിനകത്തു ചെയ്യുന്ന അധ്വാനം ഉല്പാദന പ്രവർത്തനമായി ഗണിക്കപ്പെടുന്നില്ല. മറിച്ച് മൂല്യമില്ലാത്ത ജോലിയായും കണക്കാക്കപ്പെടുന്നു.

ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിച്ച് അര നൂറ്റാണ്ടു കഴിയുന്ന ഈ സമയത്തുപോലും ബ്രിട്ടീഷുകാർ ഇൻഡ്യ വിടുമ്പോഴുണ്ടായിരുന്നതിനേക്കാളും വളരെ താഴെയാണ് ഇന്ന് സ്ത്രീകളുടെ തൊഴിൽ ശക്തി.

മാതൃദായക്രമം ഇല്ലാതായതോടു കൂടി കേരളത്തിലെ സ്ത്രീകൾക്ക് സ്വാതന്ത്ര്യവും, പദവിയും, സുരക്ഷിതത്വവും നഷ്ടപ്പെടുകയാണുണ്ടായത്. ആധുനികവൽക്കരണം സ്ത്രീകൾക്ക് കൂടുതൽ പീഡനവും അരക്ഷിതബോധവുമാണ് പ്രദാനം ചെയ്യുന്നത്. ആഗോളവൽക്കരണം ഉണ്ടാക്കിവെയ്ക്കുന്ന അപകടങ്ങളെപ്പറ്റിയും അസമത്വത്തെപ്പറ്റിയും സ്ത്രീകൾ ബോധവതികളാകുകയും അതിനെതിരെ ശക്തിയായ ചെറുത്തുനിൽപുണ്ടാകുകയും വേണം.

പുതിയ പഞ്ചായത്തുതല സംവിധാനത്തിൽ സ്ത്രീകൾക്കായുള്ള $^1/_3$ സീറ്റ് സംവരണം തികച്ചും സ്വാഗതാർഹമാണ്. അതിനാൽ നിരവധി വനിതകൾ രാഷ്ട്രീയ രംഗത്തേക്കു വരാൻ നിർബന്ധിതരായി. എന്നാൽ ഈ രംഗത്തേക്കു കടന്നുവന്ന സ്ത്രീകൾ കൂടുതൽ മികവു കാട്ടേണ്ടിയിരുന്നു.

ഇന്ന് കേരളത്തിൽപോലും നടക്കുന്ന സൗന്ദര്യ മത്സരങ്ങൾ സൗന്ദര്യത്തെ സമർഥമായി വിപണനം ചെയ്യാനുള്ള കമ്പോള ശക്തികളുടെ ആസൂത്രിതമായ നീക്കത്തെ നാം ശക്തിയായി ചെറുക്കേണ്ടിയിരിക്കുന്നു. 1985 മുതൽ B B C സൗന്ദര്യ മത്സരങ്ങൾ സംപ്രേഷണം ചെയ്യുന്നതുപോലും നിർത്തിയിരിക്കുന്നു.

സ്വന്തം ശക്തി തിരിച്ചറിയാനും തന്റെ മോചനത്തിനായി ആ ശക്തി ഉപയോഗപ്പെടുത്താനും സ്ത്രീ ശ്രമിച്ചെങ്കിൽ മാത്രമേ 'സ്തീപുഷ സമത്വം എന്ന ആശയം യാഥാർഥ്യമാവുകയുള്ളൂ.

പെൺകുട്ടികൾ അനുഭവിക്കുന്ന പൂവാല ശല്യത്തിനെതിരെ, വീട്ടിനകത്തും പുറത്തും സ്ത്രീകളനുഭവിക്കുന്ന പീഡനത്തിനെതിരെ, പുരോഗമന വാദികളായ പുരുഷൻമാരും സ്ത്രീകളും ഒന്നുപോലെ ശബ്ദമുയർത്തേണ്ടിയിരിക്കുന്നു.

ഇടം കൈയും വലം കൈയും പോലെ പരസ്പരം സഹായകങ്ങളാണ് സ്ത്രീയും പുരുഷനും എന്നും ഒന്ന് മറ്റൊന്നിന് എതിരല്ലെന്നുമുള്ള ബോധം നാം ഉണ്ടാക്കുകയും വളർത്തിയെടുക്കുകയും വേണം.

എല്ലാ തലങ്ങളിലും സ്ത്രീ-പുരുഷ അന്തരം കുറയ്ക്കുക എന്നത് പഞ്ചായത്തുതല ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായിരിക്കണം.

പന്തളം പഞ്ചായത്തിൽ1991 ലെ ജനസംഖ്യാ കണക്കനുസരിച്ച്19592സ്ത്രീകളും18141 പുരുഷന്മാരുമാണുള്ളത്. വാർഡു തിരിച്ച് ജനസംഖ്യയിലെ സ്ത്രീപുരുഷ അന്തരം പട്ടികയായി ചുവടെ ചേർക്കുന്നു.

പട്ടിക - 1

സ്ത്രീ - പുരുഷ അനുപാതം - വാർഡ് തലത്തിൽ

അവലംബം - 1991 സെൻസസ് റിപ്പോർട്ട്

വാർഡ് നമ്പർ	പേര്	ജനസംഖ്യ	പുരുഷൻമാർ	സ്ത്രീകൾ
1.	മുടിയൂർക്കോണംA	2970	1456	1514
II	മുടിയൂർക്കോണംB	2763	1215	1548
III	മങ്ങാരം	2710	1200	1510
IV	മുളമ്പുഴ	2787	1320	1467
V	തോന്നല്ലൂർ A	2574	1250	1324
VI	പന്തളം ഠൗൺ	2993	1490	1503
VII	തോന്നല്ലൂർ B	2870	1400	1470
VIII	കടയ്ക്കാട്	3385	1600	1785
IX	പുഴിക്കാട് A	2640	1300	1340
X	പുഴിക്കാട് B	2540	1250	1290
XI	കുരമ്പാല A	2480	1200	1280
XII	കുരമ്പാല B	2430	1210	1220
XII	കുരമ്പാല C	2485	1200	1285
XIV	മെഡിക്കൽ മിഷൻ	2106	1050	1056
	ആകെ	37733	18641	19592

വിദ്യാഭ്യാസപരമായി വളരെ മുൻപന്തിയിലാണ് ഇവിടത്തെ സ്ത്രീകൾ. ഈ പഞ്ചായത്തിലെ VII-ാം വാർഡിൽ ഒരു ഗേൾസ് ഹൈസ്കൂളുണ്ട്.ഇവിടെത്തന്നെയുള്ള പന്തളംN. S. S കോളേജിൽ 55 ശതമാനം പെൺകുട്ടികളാണ്. പക്ഷെ വിദ്യാസമ്പന്നരായ സ്ത്രീകളുടെ ഇടയിൽപോലും വായനാശീലം കുറവാണ്. നിലവാരമുള്ള വായന കുറവാണ്. ദൃശ്യമാധ്യമങ്ങളുടെ അമിതമായ സ്വാധീനവും ഇതിനൊരു കാരണമാണ്. നിലവാരമുള്ള വായനയിൽ കൂടിയേ അറിവും കഴിവും ശക്തിയും നേടാനാവൂ എന്ന കാര്യം ഓർമ്മിക്കേണ്ടതാണ്.

ഇവിടെ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള രണ്ടാശുപത്രികളും മെഡിക്കൽമിഷൻ ആശുപത്രിയിൽ സ്ത്രീകൾക്കായി ഒരു പ്രത്യേക വാർഡും ഉണ്ട്. പട്ടികജാതി - പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ ഒരു പ്രീമെട്രിക് വനിതാഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ട്. അഞ്ചു വനിതാ വ്യവസായ സഹകരണ സംഘങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

പന്തളം പഞ്ചായത്തിലെ14മെമ്പറൻമാരിൽ ആറുപേർ വനിതകളാണെന്ന കാര്യം എടുത്തുപറയേണ്ടണ്ടിയിരിക്കുന്നു. പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഈ പഞ്ചായത്തിൽ നിന്നുള്ള വനിതയാണ്. ഇവിടെ സാക്ഷരതാ പ്രവർത്തനത്തിൽ പങ്കെടുത്തിട്ടുള്ളവരിൽ കൂടുതലും വനിതകളായിരുന്നു. ജനകീയാസൂത്രണത്തോടനുബന്ധിച്ചുള്ള പഠന പര്യടനത്തിലും വനിതാ പങ്കാളിത്തം ഉണ്ടായിരുന്നു.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഇവിടെ കുറവാണ്. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും സ്ത്രീപങ്കാളിത്തം പുരുഷൻമാരേക്കാൾ കൂടുതലാണ്.

പ്രധാനപ്പെട്ട പല തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് പുരുഷൻമാരേക്കാൾ കൂലി കുറവാണ്. 'തുല്യജോലിക്ക് തുല്യ വേതനം' എന്ന തത്വം പ്രാവർത്തികമാക്കാറില്ല, പല മേഖലകളിലും.

മുപ്പതു ശതമാനം കുടുംബങ്ങളിലെങ്കിലും സ്ത്രീകളാണ് ഗൃഹനാഥകൾ. ഇവരുടെ എണ്ണം കൂടിവരികയുമാണ്. പുരുഷൻമാരുടെ അസാന്നിധ്യം കൊണ്ടു മാത്രമല്ല, അവരുടെ ഉത്തരവാദിത്തമില്ലായ്മയുംകൊണ്ടുകൂടിയാണിത്.

ഇവിടെ ആകെ ഏഴ് അങ്കണവാടികളേ പ്രവർത്തിക്കുന്നുള്ളൂ. പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും ഗർഭിണികൾക്കും പ്രതിരോധ ചികിത്സ ലഭ്യമാകുന്നുണ്ട്. ഗർഭ സംബന്ധമായ അസുഖങ്ങളാൽ സ്ത്രീകൾ മരിച്ചതായി രേഖയില്ല.



354 കുട്ടികൾക്കും 28 ഗർഭിണികൾക്കും അനുപൂരക പോഷ കാഹാരം ലഭിക്കുന്നുണ്ട്. കൂടുതലും സ്ത്രീകളാണ് കുടുംബാ സൂത്രണ മാർഗങ്ങൾ സ്വീകരിക്കുന്നത്. 1995 - 96 ൽ രണ്ടു ചാപിള്ള ജനനങ്ങളും ഒരു ശിശുമരണവുമാണ് രേഖപ്പെടുത്തി യിട്ടുള്ളത്. (അങ്കണവാടി) രജിസ്റ്ററുകൾ അവലംബം)

പട്ടിക - 2

പന്തളം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ.

	പേര്	സ്ഥലം	വാർഡ്
1.	ദേശീയ മഹിളാസമാജം അങ്കണവാടി	മങ്ങാരം	III
2.	സെൻട്രൽ മഹിളാസമാജം അങ്കണവാടി	കടയ്ക്കാട്	VIII
3.	ശ്രീദേവി മഹിളാസമാജം അങ്കണവാടി	കടയ്ക്കാട്	V
4.	പന്തളം മഹിളാസമാജം അങ്കണവാടി	കുരമ്പാല	XI
5.	ജനകീയ മഹിളാസമാജം അങ്കണവാടി	ഈരിക്കലയ്യത്ത്	XII
6.	കൈരളി മഹിളാസമാജം അങ്കണവാടി	പൂഴിക്കാട്	IX
7.	എ. കെ. ജി. സ്മാരക മഹിളാസമാജം അങ്കണവാടി	മൈലാടുംകളം	XIII

പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ ഗുരുതരമായ ഒരു പ്രശ്ന മാണ്. അഭ്യസ്തവിദ്യരും അല്ലാത്തവരും ഇതിൽ ഉൾപ്പെ ടുന്നു.
2. സർവീസ് മേഖല ഒഴിച്ച് സ്ത്രീകൾക്ക് പുരുഷൻമാരേ ക്കാൾ കൂലികുറവാണ്.
3. വിദ്യാലയങ്ങളിലും ആശുപത്രികളിലുമൊഴികെ മറ്റ് മേഖ ലകളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വളരെ കുറവാണ്.
4. സ്ത്രീകൾക്ക് മതിയായ തൊഴിൽ പരിശീലനം ലഭിക്കു ന്നില്ല. തൊഴിൽനിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനവുമില്ല.
5. സർക്കാർ സഹായ പദ്ധതികളെക്കുറിച്ചു വേണ്ട അറി വില്ലായ്മ, ഉള്ളവതന്നെ നേടിയെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും സ്ത്രീകളെ വിഷമിപ്പിക്കുന്നു.
6. കാർഷിക മേഖലയിലുള്ള തൊഴിൽ തന്നെ ദിനംപ്രതി കുറഞ്ഞുവരികയാണ്. നെൽക്കൃഷി വേണ്ടത്ര ആദാ യകരമല്ലാത്തതിനാൽ കൃഷിക്കാർ മറ്റു കൃഷികളിലേക്ക് മാറുന്നതാണ് പ്രധാന കാരണം.
7. പന്തളം പഞ്ചായത്തിലെ സ്ത്രീകളുടെ കൈത്തൊഴി ലുകളിൽ ഒന്നാണ് ഈറ്റവ്യവസായം. ആവശ്യത്തിന് ഈറ്റ ലഭ്യമല്ലാത്തതിനാൽ ഈ മേഖലയിൽ പണിയെ ടുത്തിരുന്ന നിരവധി വനിതകൾ തൊഴിലില്ലാതെ ദുരി തമനുഭവിക്കുന്നു.
8. ഇവിടുത്തെ മറ്റൊരു തൊഴിൽ മേഖലയാണ് മെറ്റലടി. (Mannual Rubble Crushing) ക്ഷേമ കാര്യത്തിനും വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. ഭൂരിഭാഗം സ്ത്രീകളും ആരോഗ്യം ക്ഷയിപ്പിക്കുന്ന ഈ തൊഴി ലിൽ അസംതൃപ്തരുമാണ്.
9. ബഹുജന സംഘടനകളിൽ നേതൃനിരയിലുള്ള സ്ത്രീ

പങ്കാളിത്തം ഈ പഞ്ചായത്തിൽ വേണ്ടത്രയില്ല.

10. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും മഹിളാ വിഭാഗം ഉണ്ടെന്നതല്ലാതെ സ്വതന്ത്ര മഹിളാ സംഘടനകൾ വളരെ കുറവാണ്. ഉള്ളവയുടെ പ്രവർത്തനം ആശ്രഹിച്ച തരത്തിൽ തൃപ്തികരവുമല്ല.

11. അങ്കണവാടികൾ ആകെ ഏഴെണ്ണമേ ഉള്ളു. ഉള്ളവയുടെ തന്നെ നില വളരെ ശോചനീയമാണ്. അങ്കണവാടി ജീവനക്കാരുടെ വേതനം വളരെ കുറവാണ്.

12. പന്തളം പഞ്ചായത്തിൽ ഒരു 'ക്രെഷെ' പോലും പ്രവർത്തിക്കുന്നില്ല.

13. വിദ്യാഭ്യാസത്തിൽ മുൻ പന്തിയിൽ നിൽക്കുന്ന പന്തളം പഞ്ചായത്തിലെ സ്ത്രീകളുടെ ഇടയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൂടുതലായുണ്ട്. ഇതുമൂലം പല രോഗങ്ങൾക്കും വേണ്ട സമയത്ത് ചികിത്സ ലഭിക്കാതെ വളരെയധികം ദുരിതങ്ങൾ അനുഭവിക്കുന്ന ജനവിഭാഗങ്ങൾ ഇപ്പോഴും ഇവിടെയുണ്ട്.

14. ശുചിത്വത്തെക്കുറിച്ച് വേണ്ടത്ര അറിവോ സൗകര്യങ്ങളോ ഇല്ലാത്ത ജനവിഭാഗങ്ങൾ ചില സ്ഥലങ്ങളിലുണ്ട്. തന്മൂലം ഗുരുതരമായ രോഗങ്ങൾക്കും പകർച്ച വ്യാധികൾക്കും ഇവർ കൂടെകൂടെ അടിമപ്പെടാറുണ്ട്.

15. ചാരായം നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും വ്യാജ മദ്യ നിർമ്മാണവും വിപണനവും ഗുരുതരമായ ഒരു പ്രശ്നമാണ്.

16. സ്ത്രീധനം നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും സ്ത്രീധന പീഡനവും വിവാഹങ്ങളിലെ ആർഭാടവും ഒരു സാമൂഹ്യ പ്രശ്നമായി മാറിയിട്ടുണ്ട്.

17. സ്ത്രീധനം മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകളുടെ എണ്ണവും കുറവല്ല.

18. സ്ത്രീകൾക്കു നേരെയുള്ള ആക്രമണം പെരുകി വരികയാണ്.

19. സ്ത്രീകളെ അപമാനിക്കുന്ന രീതിയിലുള്ള പോസ്റ്ററുകളും പരസ്യങ്ങളും പല സ്ഥലങ്ങളിലും പ്രത്യക്ഷപ്പെടാറുണ്ട്.

20. സാമൂഹ്യ അവബോധം വിദ്യാസമ്പന്നരായ സ്ത്രീകളുടെ ഇടയിൽ പോലും തുലോം കുറവാണ്.

21. സാമൂഹ്യ സേവന രംഗത്തേക്കു വരുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്.

22. പന്തളം ഗ്രാമമാണെങ്കിലും നഗരസമാനമായ അപഥ സഞ്ചാരങ്ങൾ വർദ്ധിച്ചു വരുന്നു.

23. അടുക്കളത്തോട്ടത്തിൽ ചെലവഴിച്ചിരുന്ന സമയം സ്ത്രീകൾ ഇന്ന് പൂന്തോട്ട പരിപാലനത്തിനായി ചെലവിടുന്നു.

സാധ്യതകൾ, നിർദ്ദേശങ്ങൾ.

1. 'സ്ത്രീ - പുരുഷ സമത്വ' ബോധവൽക്കരണ ക്ലാസ് നടത്തുക.

2. വേതനത്തിൽ സ്ത്രീ - പുരുഷ സമത്വം പരമാവധി ലഘൂകരിക്കാൻബോധപൂർവമായ പരിശ്രമം നടത്തണം.

3. വീട്ടുജോലികളുമായി ഒതുങ്ങിക്കൂടുന്ന തൊഴിലെടുക്കാൻ കഴിയുന്ന സ്ത്രീകളുടെ സേവനം കാർഷിക മേഖലയിൽ ഉപയോഗപ്പെടുത്തണം. പച്ചക്കറി, കുറ്റിമുല്ല, കൂൺ, ഔഷധ ചെടികൾ, തീറ്റപ്പുല്ല് തുടങ്ങിയവയുടെ കൃഷി ഇതിനായി തെരഞ്ഞെടുക്കാവുന്നതാണ്. കൃഷിയിടങ്ങൾ സന്ദർശിച്ച് വിദഗ്ധ ഉപദേശം നൽകുന്നതിനുള്ള പ്രത്യേക സമിതികൾ വാർഡു തലത്തിൽ രൂപീകരിക്കുക.

4. അടുക്കളത്തോട്ടത്തിന്റെ ആവശ്യകതയും രാസ - കീടനാശിനി പ്രയോഗത്തിന്റെ അപകടത്തെപ്പറ്റിയും വീട്ടമ്മമാരിൽ ബോധവൽക്കരണം നടത്തുക.

5. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വിവിധോദ്ദേശ വനിതാ സഹകരണ സംഘം രൂപീകരിക്കുകയും ഇതിലൂടെ കാർഷിക വിളകളും മറ്റും സംഭരിക്കുകയും വിപണനം ചെയ്യുകയും ചെയ്യണം. ഇതിന് വാർഡു തല



ത്തിൽ സബ്സെന്ററുകൾ സ്ഥാപിക്കുകയും തൊഴിൽ പഞ്ചായത്തിലെ വനിതകൾക്കായി സംവരണം ചെയ്യുകയും വേണം.

6. ബാംബൂ കോർപറേഷന്റെ ഒരു ഡിപ്പോ തുറന്ന് ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഈറ്റ നേരിട്ടു ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

7. തികച്ചും അനാരോഗ്യകരമായ സാഹചര്യത്തിൽ പണിയെടുക്കുന്ന പാറത്തൊഴിലാളികൾക്ക് പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഏർപ്പെടുത്തുക, അപകട സാധ്യത കൂടുതലുള്ള മേഖലയായതിനാൽ അപകടത്തിന്റെ സ്വഭാവത്തിനനുസരിച്ച് സാമ്പത്തിക സഹായം ഉടൻ ലഭ്യമാക്കുകയും അവരെ ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തുകയും ചെയ്യുക.

8. വികസന ബ്ലോക്കുകളിലൂടെ ട്രൈസം പദ്ധതിയിൽ തൊഴിൽ പരിശീലനം ലഭിക്കുന്ന വനിതകളെ പരിശീലനം ലഭിച്ച മേഖലയിൽ തൊഴിൽ രംഗത്ത് ഉറപ്പിച്ചു നിർത്താൻ കാര്യക്ഷമമായ സ്ഥിരം സംവിധാനം ഉണ്ടാക്കുക. കോഴ്സുകൾ തെരഞ്ഞെടുക്കുമ്പോൾ തൊഴിൽ സാധ്യതയ്ക്ക് മുൻഗണന നൽകണം.

9. വനിതകൾക്ക് മാത്രമായുള്ള ITC കൾ പട്ടികജാതിക്കാർ കൂടുതൽ താമസിക്കുന്ന സ്ഥലങ്ങളെ കേന്ദ്രീകരിച്ചു തുടങ്ങുക.

10. വീട്ടുവേലകളിൽ ഏർപ്പെട്ടിരിക്കുന്ന പെൺകുട്ടികൾക്ക് മാന്യമായ സേവന-വേതന വ്യവസ്ഥ ഉറപ്പു വരുത്തണം.

11. സ്ത്രീകൾക്കു തൊഴിൽ വൈദഗ്ധ്യം പകർന്നു നൽകുന്നതിനായി വൈദഗ്ധ്യ പോഷണ കോഴ്സുകൾ (Skill Enrichment Course) തുടങ്ങുക. ഇവയിൽ മേസ്തിരിപണി, തടിപ്പണി, ദക്ഷത കൂടിയ അടുപ്പു സ്ഥാപിക്കൽ, കച്ചിപ്പെട്ടി നിർമ്മാണം, മെഴുകുതിരി നിർമ്മാണം, ക്ലോക്ക് അസംബ്ലിയിംഗ് തുടങ്ങിയ തൊഴിലുകൾ ഉൾപ്പെടുത്തുക.

12. നാനാവിധ പെൻഷൻ സ്കീമുകൾ, ക്ഷേമനിധികൾ, സ്ത്രീക്ഷേമ പ്രവർത്തനങ്ങൾ ഇവ ചിട്ടയായി വിലയിരുത്തുകയും ഇവരെ പൂർണ ഉപഭോക്താക്കളാക്കി മാറ്റുകയും ചെയ്യുക.

13. കടകളിൽ വിലവിവര പട്ടിക കൃത്യമായി പ്രദർശിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

14. ആരോഗ്യ - പരിസ്ഥിതി ബോധവൽകരണ ക്ലാസുകൾ നടത്തുക.

15. അനാശാസ്യ പ്രവൃത്തികൾക്കെതിരെ ബോധവൽക്കരണം നടത്തുകയും അത്തരക്കാരെ പുനരധിവസിപ്പിക്കുകയും ചെയ്യുക.

16. സമൂഹത്തിൽ ബുദ്ധിജീവികളെന്നു നടിക്കുന്നവർ ഉയർത്തുന്ന സ്ത്രീ വിരുദ്ധ വിശകലനങ്ങൾ വനിതാ പ്രവർത്തകരെ അധക്ഷേപിക്കുന്നതിനും തെറ്റിധരിപ്പിക്കപ്പെടുന്നതിനും കാരണമാക്കാറുണ്ട്. ഇതിനെതിരെ പ്രവർത്തിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.

17. സ്ത്രീകളെ നേതൃത്വ പദവിയിലേക്ക് കൊണ്ടുവരാനുള്ള ബോധപൂർവമായ ശ്രമം നടത്തുക.

18. വസ്തുവിൽ സ്ത്രീ - പുരുഷ സംയുക്താവകാശം സ്ഥാപിക്കാൻ നിയമനിർമ്മാണം നടത്തുക.

19. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വനിതാ ക്രെഡിറ്റു സൊസൈറ്റി സ്ഥാപിക്കുക.

20. സ്ത്രീകൾക്കേറ്റെടുക്കാവുന്ന തൊഴിൽ മേഖലകളിൽ വനിതകൾക്കായുള്ള വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

21. പഞ്ചായത്ത് അടിസ്ഥാനത്തിൽ വനിതകൾക്ക് മാത്രമായി ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കുക.

22. വനിതാലീഗൽ സെൽ രൂപീകരിക്കുക.

23. സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കുക.

24. അനധികൃത മദ്യ ഉല്പാദനവും വിൽപനം തടയുന്നതിന് കർമ്മസേന രൂപീകരിക്കുക.

5.3H

സംസ്കാരം, ടൂറിസം

ചരിത്രവും പൈതിഹ്യവും ഒരുപോലെ സമ്പന്നമാക്കിയ നാടാണ് പന്തളം. വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും നിരവധി തീർഥാടകർ പന്തളത്തെത്തുന്നത് ശബരിമല ശ്രീ അയ്യപ്പൻ കുട്ടിക്കാലം കഴിച്ചു കൂട്ടിയ നാടെന്ന നിലയിലാണ്.

പന്തളം രാജവംശത്തിൽ കവികളും കലാകാരന്മാരും ജന്മം കൊണ്ടിട്ടുണ്ട്. പന്തളം നീരാഴിക്കെട്ടു കൊട്ടാരത്തിൽ പൂരുരുട്ടാതി നാൾ കേരളവർമ്മ തമ്പുരാൻ (A.D. 1796-1860) സുപ്രസിദ്ധ വ്യാകരണ പണ്ഡിതനായിരുന്നു. പന്തളം പാർവ തീപുരത്തു കൊട്ടാരത്തിലെ രേവതിനാൾ കേരളവർമ്മ (കേരളപ്പൻ A.D. 1816 മുതൽ 1885 വരെ) ആയില്യംനാൾ മഹാരാജാവിന് ചമ്പുകാവ്യം അടിയറ വച്ചതായി കേരള സാഹിത്യചരിത്രത്തിൽ മഹാകവി ഉള്ളൂർ സൂചിപ്പിക്കുന്നു. കേരള സാഹിത്യ ചരിത്രത്തിൽ പരാമർശമുള്ള മറ്റൊരുകവി പന്തളം മേടയിൽ കൊട്ടാരത്തിൽ പൂയംനാൾ രവിവർമ്മ തമ്പുരാനാണ്. ഇദ്ദേഹം ഒരു വൈയാകരണൻ കൂടി ആയിരുന്നു.

"സംസ്കൃത പാണ്ഡിത്യം, ശാസ്ത്രാധ്യാപനം, പ്രതിഭ എന്നിവയിൽ കൊടുങ്ങല്ലൂർ രാജകുടുംബത്തിനോട് സമ സ്ക്കന്ധം ആയിരുന്നു പന്തളം രാജകുടുംബമെന്ന്" ഉള്ളൂർ വിശേഷിപ്പിക്കുന്നുണ്ട്.

രുഗ്മാംഗദ ചരിതം, വിജയോദയം എന്നീ മഹാകാവ്യങ്ങൾ രചിച്ചത് മഹാകവി പന്തളം കേരള വർമ്മ തമ്പുരാനാണ്. "ദൈവമേ കൈതൊഴാം കേൾക്കുമാറാകണം....." എന്ന ഈശ്വര പ്രാർഥന ഇദ്ദേഹത്തിന്റെ സൃഷ്ടിയാണ്. പദങ്ങളെ കൊണ്ട് പന്താടുന്ന പന്തളം എന്ന ഖ്യാതി ഇദ്ദേഹത്തിന് നേടികൊടുത്തത് രുഗ്മാംഗദചരിത രചനയത്രേ.

"ഹാ! ഹാ! രസജ്ഞകവി പണ്ഡിത സാർവഭൗമ –

ശ്രീഹാര മധ്യമണി ശിഷ്ട ജനാഗ്ര ഗണ്യൻ

വ്യാഹാര ദേവിയുടെ വൽസല ഗർഭദാസൻ



നീഹാര നിർമ്മല യശ്ശസ്സിന് നിത്യഗേഹം
എൻ പന്തള ക്ഷിതി ധനൻ കവിതാ രസാല-
ക്കൊമ്പത്ത് മിന്നിയൊരു കോകില ചക്രവർത്തി
ഇമ്പത്തിൽ മാതൃമൊഴിയെ കനകാഭിഷേക-
സമ്പന്നയാക്കിയ മഹാൻ ചാരിതാർഥ ജന്മ
തേനോടിടഞ്ഞ മൊഴി തൂകി മനീഷികൾക്ക്
ഭൂ, നാകമാക്കിയൊരു പുഷ്ക്കല പുണ്യശാലി".

എന്നിങ്ങനെ മഹാകവി ഉള്ളൂരിനാൽ ആവോളം പ്രകീർത്തിക്കപ്പെട്ട പന്തളം തമ്പുരാന് ജന്മം കൊടുത്ത നാടാണിതെന്നറിയുമ്പോൾ നമ്മിലാരാണ് അഭിമാന പുളകിതരാകാത്തത്.

കവിതയ്ക്കു മാത്രമായി സമർപ്പിതമായ ആദ്യത്തെ മാസിക ആരംഭിച്ചത് കേരള വർമ്മ തമ്പുരാനാണ്. കവനകൗമുദിയെന്നായിരുന്നു ഈ മാസികയുടെ പേര്. ഈ വിധവും പന്തളം എന്ന ദേശത്തെ സാഹിത്യവേദികളിൽ പരാമർശിക്കുവാൻ തമ്പുരാൻ ഇടയാക്കിയിട്ടുണ്ട്. "ധീരോചിതമായ സാഹസം" എന്നാണ് ഉള്ളൂർ ഈ സംരംഭത്തെ വിശേഷിപ്പിച്ചത്.

സരസ്വതി ക്ഷേത്രങ്ങളിൽ ഇന്നും ആലപിക്കുന്ന "അഖിലാണ്ഡ മണ്ഡല മണിയിച്ചൊരുക്കി....." എന്ന പ്രാർഥനാഗാനവും പ്രശസ്ത കവി പന്തളം കെ.പി.യിലൂടെ നമ്മുടെ നാടുമായി ബന്ധപ്പെട്ടിരിക്കുന്നു.

ജന്മം കൊണ്ടല്ലങ്കിലും വാസം കൊണ്ട് പന്തളത്തുകാരനായ പ്രൊഫസർ ചെറുകുന്നം പുരുഷോത്തമനും കവി എന്ന നിലയിൽ നമുക്ക് അഭിമാനമാണ്. ഇദ്ദേഹത്തെപോലെ തന്നെ ഈ നാട്ടുകാരനായി മാറിയ പ്രൊഫസർ കടമ്മനിട്ട വാസുദേവൻ പിള്ളയും കലാസാഹിത്യ രംഗങ്ങളിൽ വ്യാപരിച്ചു കൊണ്ടിരിക്കയാണ്. ഇദ്ദേഹത്തിന്റെ "പടയണി" എന്ന ഗ്രന്ഥത്തിന് കേരള സാഹിത്യ അക്കാഡമിയുടെ വൈജ്ഞാനിക സാഹിത്യത്തിനുള്ള1996ലെ അവാർഡ് ലഭിച്ചതും ഈ നാടിന്റെ പെരുമ വർധിപ്പിക്കുന്നു. അന്ധത എന്ന വിധിയെ തോല്പിച്ച് ശ്രേഷ്ഠ കവിതകളിലൂടെ പ്രശസ്തിയിലേക്കുയർന്നു കഴിഞ്ഞ പന്തളം പട്ടിരേത്ത് ശ്രീ. പി.ആർ. ഗോപിനാഥൻ നായരും നമ്മുടെ അഭിമാനം തന്നെയാണ്. യുവതലമുറയിലും നിരവധി പേർ സാഹിത്യ പരിശ്രമങ്ങളിൽ ഏർപ്പെട്ടു കൊണ്ടിരിക്കുന്നു.

ചിത്രമെഴുത്ത്, സംഗീതം, കഥകളി, നൃത്തം, നാടകം, വഞ്ചിപ്പാട്ട്, തിരുവാതിര, പടയണി, വിൽപ്പാട്ട്, അമ്മൻകുടം, കാക്കാരിശി, മാർഗംകളി, കോൽക്കളി, പരിചമുട്ട്, കൊയ്ത്തുപാട്ട്, കെട്ടുകാഴ്ച, വേലകളി എന്നിങ്ങനെ നിരവധി കലാരൂപങ്ങൾ ഇവിടെ പ്രചാരത്തിലുണ്ട്. ഈ രംഗങ്ങളിൽ പ്രശസ്തി നേടിയവരും തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരും ഉണ്ട്.

ചിത്രരചനയിൽ, ആർട്ടിസ്റ്റ് ശ്രീ. വി.എസ്. വല്യത്താൻ തന്റേതായ രചനാ സമ്പ്രദായത്തിലൂടെ പ്രശസ്തനായി കഴിഞ്ഞിരിക്കുന്നു. ഇദ്ദേഹം ആർട്ടിസ്റ്റ് ശ്രീ. ഗോപാലപിള്ളയുടെ ശിഷ്യനാണ്. ഇദ്ദേഹത്തിന്റെ ആർട്ടു ഗ്യാലറിയിൽ ചിത്ര രചനാ പഠനവും, മികച്ച സൃഷ്ടികളുടെ പ്രദർശനവും ഉണ്ട്. ചിത്രരചനയിൽ മുഴുകിയിരിക്കുന്ന നിരവധി പേർ ഇന്നു പന്തളത്തുണ്ട്.

ശ്രീ. വെണ്മണി സുകുമാരന്റെ ശ്രീ സരസ്വതി സംഗീത അക്കാദമി അദ്ദേഹത്തിന്റെ സംഗീതോപാസനയുടെ നിദർശനമാണ്. ഇവിടെ നിന്നും നിരവധി പേർ സംഗീതമഭ്യസിച്ച് പ്രശസ്തരായിക്കൊണ്ടിരിക്കുന്നു.

ഒരുകാലത്ത് പന്തളത്ത് കഥകളി അഭ്യസിപ്പിക്കുന്ന കളരികൾ ഉണ്ടായിരുന്നു. ഇവിടെ സ്ത്രീകളും അഭ്യസനം നടത്തിയിരുന്നു. പന്തളം കേരളവർമ്മ; പന്തളം പരമുപിള്ള ചാക്കണ്ടത്തിൽ കേശവപിള്ള, പന്തളം ഉണ്ണിക്കൃഷ്ണൻ മുതലായവർ പന്തളത്തിന്റെ സംഭാവനയാണ്.

ശ്രീമതി വനജാമനോഹരന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന നൃത്ത വിദ്യാലയം, സ്കൂൾ കോളേജ് തലങ്ങളിൽ കുട്ടികൾക്ക് അംഗീകാരം നേടിക്കൊടുക്കുന്നുണ്ട്.

തിരുവാതിരകളിയിലെ അവാന്തര വിഭാഗങ്ങളായ കയറുപിരിക്കളി, കിണ്ണനാട്ട്, കുമ്മിയടി എന്നിവയും ഇവിടെ സ്ത്രീകൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നു. ശ്രീമതി വരിക്കുവേലിൽ തങ്കമ്മ, ശ്രീമതി മനക്കര ഭാർഗവിയമ്മ, ശ്രീമതി വല്യയ്യത്തു തങ്കമണിയമ്മ എന്നിവർ ഇപ്പോഴും തിരുവാതിര അഭ്യസിപ്പിക്കുന്നു.

മങ്ങാരം, കുരമ്പാല എന്നിവിടങ്ങളിലെ പടയണിക്കോലങ്ങൾ, ശ്രീ. കുഴിയിലേത്ത് രാഘവൻപിള്ളയുടെ വഞ്ചിപ്പാട്ട്, ശ്രീ മന്നത്തു കൂട്ടി ആശാന്റെ പരിചമുട്ട്, കോൽക്കളി, പാക്കനാർ കളി എന്നീ നാടൻ കലാരൂപങ്ങൾ ഇവയെല്ലാം ജനങ്ങളെ ആവേശം കൊള്ളിക്കുന്ന കലാരൂപങ്ങളാണ്. കാക്കാരിശ്ശിനാടകം, വില്ലടിച്ചാൻപാട്ട്, പാണനാർ പാട്ട്, അമ്മൻകുടം ഇവയെല്ലാം പന്തളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ നിന്നും മാഞ്ഞുപോകാതെ നില നിൽക്കുന്നു.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 33 കലാ-കായിക സമിതികൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം കൂടുതൽ ഊർജസ്വലമാക്കേണ്ടിയിരിക്കുന്നു.

പട്ടിക - 1

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സംഘടനകൾ

നമ്പർ	പേര്
1	മഞ്ജിമ യൂത്ത് വിംഗ്, മുളമ്പുഴ
2	മഞ്ജിമ റേഡിയോ ക്ലബ്, മുളമ്പുഴ
3	നാട്ടരങ്ങ്, ചേരിക്കൽ
4	ത്രീസ്റ്റാർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, ചേരിക്കൽ
5	പുലരി മാതൃഭൂമി സ്റ്റഡി സർക്കിൾ, തോട്ടക്കോണം
6	സാംസ്കാരിക വേദി, മുടിയൂർക്കോണം
7	പൗരസമിതി, മുടിയൂർക്കോണം
8	മംഗളം കലാ സാഹിത്യവേദി, പൂഴിക്കാട്
9	വേദി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, തോന്നല്ലൂർ
10	ദർശന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, തോന്നല്ലൂർ
11	ഗ്രാമീണ കലാ സാംസ്കാരിക വേദി, കുരമ്പാല തെക്ക്
12	ദൃശ്യകലാ കായിക വേദി, കുരമ്പാല തെക്ക്
13	ദർശനാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, കുരമ്പാലതെക്ക്
14	സംഗമം കലാ സാംസ്കാരിക വേദി, പാലത്തടം
15	അനശ്വര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, മങ്ങാരം
16	സൂര്യോദയാ ക്ലബ്, ചേരിക്കൽ
17	പീപ്പിൾസ് ഡെമോക്രാറ്റിക് റീഡിംഗ് റൂം & ആർട്ട്സ് ക്ലബ്, ചേരിക്കൽ
18	നവദീപം കലാവേദി, മങ്ങാരം
19	യുവജന ആർട്ട്സ് ക്ലബ്, മങ്ങാരം
20	ശ്രീ. നന്ദനാർ ഹരിജൻ കലാസമിതി, മങ്ങാരം
21	തൂലിക കലാസാംസ്കാരിക സമിതി, പൂഴിക്കാട്
22	തപസ്യ മാതൃഭൂമി സ്റ്റഡി സർക്കിൾ, പൂഴിക്കാട്
23	രാജീവ്. ജി. ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, പൂഴിക്കാട്
24	മംഗള ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, പൂഴിക്കാട്
25	നവഭാരത് കലാസമിതി, കുരമ്പാല തെക്ക്
26	വിദ്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, കുരമ്പാല തെക്ക്
27	ജനശക്തി കലാ സാംസ്കാരിക സമിതി, കുരമ്പാല തെക്ക്
28	ദീപം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, കുരമ്പാല തെക്ക്
29	ശ്രീദുർഗ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, കുരമ്പാല തെക്ക്
30	യുവദർശന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, കുരമ്പാല തെക്ക്
31	സന്ധ്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, കുരമ്പാല തെക്ക്
32	ഡി.എച്ച്.വൈ.എസ്. ആമപ്പുറം
33	എസ്.എൻ. ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, മങ്ങാരം

ആധാരം: ഗ്രാമസഭാ റിപ്പോർട്ട്

പ്രശസ്തിയുള്ള ഹൈന്ദവ-ക്രൈസ്തവ-ഇസ്ലാമിക ദേവാലയങ്ങൾ മത സൗഹാർദ്ദത്തിന്റെ പ്രതീകമായി ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്നു. പന്തളം മഹാദേവർ ക്ഷേത്രത്തിലെ ദാരു ശില്പങ്ങൾ ശ്രദ്ധേയമാണ്. കുരമ്പാല പുത്തൻകാവിൽ ഭഗവതി ക്ഷേത്രത്തിൽ അഞ്ചു വർഷത്തിലൊരിക്കൽ നടത്തപ്പെടാറുള്ള അടവി (ചൂരൽ ഉരുളിച്ച) ഒരു അപൂർവാചാരമാണ്. കടയ്ക്കാട്ടുള്ള തലയനാട്ടു പള്ളിയിൽ നാനാജാതി മതസ്ഥർ വിശ്വാസപൂർവം ആരാധന നടത്തുന്നു.



ചരിത്രകാരനായ ശ്രീ. എ. ശ്രീധരമേനോന്റെ "കേരള സംസ്കാരം" എന്ന പുസ്തകത്തിൽ പന്തളത്തെ കെട്ടുകാഴ്ച യെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. കുരമ്പാല പുത്തൻകാവിൽ ഭഗവ തിക്ഷേത്രം, പന്തളം മഹാദേവർ ക്ഷേത്രം, പൂഴിക്കാട് ശ്രീ ധർമ്മശാസ്താ ക്ഷേത്രം എന്നിവിടങ്ങളിലെ കെട്ടുകാഴ്ചകൾ കാണാൻ വിദേശികൾ പോലും എത്തിച്ചേരുന്നു. എടുപ്പുകു തിര, കെട്ടുകാള, തേര്, പാവത്തേര് എന്നിവയും പുരാണ കഥാ പാത്രങ്ങളുടെ പ്രതിമാ രൂപങ്ങളും കെട്ടുകാഴ്ചയിൽ ഉൾപ്പെ ടുന്നു. ഈ ആഘോഷങ്ങൾ ബുദ്ധമത സ്വാധീനമായി ചില ചരിത്ര ഗവേഷകർ ചൂണ്ടിക്കാട്ടുന്നു. മകരവിളക്കിനോടനുബ ന്ധിച്ച് ശാസ്താ വിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണ ഘോഷ യാത്ര സംസ്ഥാനത്തിന്റെ നാനാഭാഗത്തു നിന്നും ആയിരങ്ങളെ ആകർഷിക്കുന്നു.

ഗ്രന്ഥശാലകളുടേയും വായനശാലകളുടേയും എണ്ണം താരതമ്യേന കുറവാണ്. അവയുടെ പ്രവർത്തനം വളരെ പിന്നോ ക്കവും. പഞ്ചായത്ത് ലൈബ്രറി, സാസ്കാരിക നിലയം പന്തളം ജനകീയ വായനശാല മുടിയൂർക്കോണം, പീപ്പിൾസ് ലൈബ്രറി തവളംകുളം, ശ്രീ ചിത്രോദയം ഗ്രന്ഥശാല കുരമ്പാല, സ. റ്റി.എസ്. രാഘവൻപിള്ള സ്മാരക വായനശാല കുരമ്പാല തെക്ക്, ശ്രീ ജ്ഞാനോദയം ഗ്രന്ഥശാല കുരമ്പാല തെക്ക്, എന്നീ വായനശാലകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

പട്ടിക - 2

പഞ്ചായത്തിൽ പത്രമാസികകളുടെ പ്രചാരണം

ക്രമ നമ്പർ	പത്രമാസികകൾ	എണ്ണം
1	മലയാള മനോരമ (ദിനപത്രം)	1870
2	മാതൃഭൂമി (ദിനപത്രം)	1630
3	കേരള കൗമുദി (ദിനപത്രം)	450
4	മംഗളം (ദിനപത്രം)	100
5	ദേശാഭിമാനി (ദിനപത്രം)	300
6	മാധ്യമം (ദിനപത്രം)	410
7	ചന്ദ്രിക (ദിനപത്രം)	60
8	വീക്ഷണം (ദിനപത്രം)	ഇല്ല
9	ജന്മഭൂമി (ദിനപത്രം)	25
10	ഹിന്ദു (ദിനപത്രം)	150
11	ഇൻഡ്യൻ എക്സ്പ്രസ് (ദിനപത്രം)	350
12	രാഷ്ട്ര ദീപിക (സായാഹ്ന ദിനപത്രം)	25
13	മലയാള മനോരമ (ആഴ്ചപതിപ്പ്)	810
14	മാതൃഭൂമി (ആഴ്ചപതിപ്പ്)	500
15	മംഗളം (ആഴ്ചപതിപ്പ്)	920
16	കേരള ശബ്ദം	150
17	കലാകൗമുദി	150
18	മനോരാജ്യം	400
19	ദീ വീക്ക്	90
20	ഇൻഡ്യാ ടുഡെ (മാസിക) ഇംഗ്ലീഷ്	150 85
21	കർഷക ശ്രീ	250
22	ഭാഷാപോഷിണി (ദ്വൈമാസിക)	50

ടൂറിസം

പന്തളം പഞ്ചായത്തിന്റെ തെക്കൻ പ്രദേശങ്ങൾ കുന്നുകളും താഴ്വരകളും കൊണ്ട് മനോഹരമാണ്. ആതിരമലയും, മൈലാടുംകുളവും, കരിങ്ങാലി പുഞ്ചയിലെ വലിയ തുരുത്തും ശാന്തസുന്ദരങ്ങളായ പ്രദേശങ്ങളാണ്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി ദശകങ്ങളായി മനുഷ്യർ കാർന്ന് എടുത്തുകൊണ്ടിരിക്കുന്ന മാവരപ്പാറയുടെ ഇന്നത്തെ രൂപം നോക്കി നിന്നാൽ ദീർഘനിശ്വാസം ഉതിർത്തുപോകും. ഭാവനാപൂർണമായി ആസൂത്രണം ചെയ്താൽ പന്തളത്തിന്റെ ഈ ഭാഗം ശ്രദ്ധേയമാക്കാം.

പുരാണ പ്രസിദ്ധമായ പന്തളം വലിയ കോയിക്കൽ ക്ഷേത്രവും കൊട്ടാരവും വർഷങ്ങളായി തീർഥാടകരെ ആകർഷിക്കുന്നു. അയ്യപ്പ ചൈതന്യം നിറഞ്ഞു നില്ക്കുന്ന ഈ ക്ഷേത്രത്തിൽ ദർശനവും ആരാധനയും സ്ത്രീകൾക്ക് നിഷിദ്ധമല്ല എന്ന വസ്തുത കേരളത്തിനകത്തും പുറത്തുമുള്ള ഭക്ത ജനങ്ങളുടെ മനസ്സിലേക്ക് കടന്നു ചെന്നിട്ടില്ല. ഇവിടെ വരുന്ന തീർഥാടകർക്ക് ശാന്തവും സ്വച്ഛന്ദവുമായ താമസ സൗകര്യം നൽകാൻ കഴിയണം. ചൂഷണം പാടേ ഒഴിവാക്കണം. സാംസ്കാരിക നിലവാരമുള്ള തീർഥാടന കേന്ദ്രങ്ങളുടെ മാതൃകകൾ നമ്മുടെ മുന്നിലിന്നുണ്ട്.

വിവിധ മതസ്തരെ ആകർഷിക്കുന്ന നിരവധി പള്ളികളും ക്ഷേത്രങ്ങളും ആഘോഷങ്ങളും പന്തളത്തുണ്ട്. ഇവയെ ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്നതാണ്.

പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ 3, 4, 5, 7, 8, 10, 11, 14 വാർഡുകളിൽ ഗ്രന്ഥശാലകളോ വായന ശാലകളോ ഇല്ല.
2. വായനാശീലം പൊതുവെ കുറഞ്ഞുവരുന്നു. സ്ത്രീകൾക്കിടയിൽ പ്രത്യേകിച്ചും.
3. സാക്ഷരതാനന്തര പ്രവർത്തനം പേരിനുപോലും നടക്കുന്നില്ല.
4. യാതൊരു മാനദണ്ഡവുമില്ലാതെ സ്വകാര്യ വ്യക്തികൾ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സ്ഥാപിക്കുന്നത് മാതൃ ഭാഷയോടുള്ള ബന്ധം അറുത്ത് നമ്മുടെ സംസ്കാരത്തെ നശിപ്പിക്കുന്നു.
5. മഹാകവി പന്തളം കേരളവർമ്മയുടെ സ്മാരകമായി പഞ്ചായത്തിൽ യാതൊന്നും നിലവിലില്ല.
6. പഞ്ചായത്തിൽ നാല്പതോളം കലാ കായിക സമിതികളുണ്ടെങ്കിലും കാര്യമായ പ്രവർത്തനം അപൂർവമായേ നടക്കുന്നുള്ളൂ.
7. വലിയകോയിക്കൽ ക്ഷേത്രത്തിലെത്തുന്ന തീർഥാടകർക്ക് ആവശ്യമായ സൗകര്യങ്ങളുടെ പരിമിതി.
8. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലെ മയക്കുമരുന്ന്, സുഗന്ധ മുർക്കാൻ, തമ്പാക്ക് വില്പനയും പ്രത്യാഘാതങ്ങളും.
9. കള്ളവാറ്റും മദ്യപാനവും വ്യാപകമാകുന്നതു മൂലമുണ്ടാകുന്ന സാമൂഹ്യ പ്രശ്നങ്ങൾ.
10. ദേവാലയങ്ങൾ കേന്ദ്രീകരിച്ച് വളരുന്ന വിഭാഗീയ ചിന്താഗതികൾ ഇത് മതസൗഹാർദ്ദത്തിനു നേരെ ഉയർത്തുന്ന ഭീഷണി.

പരിഹാര നിർദ്ദേശങ്ങൾ

1. നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ആവശ്യാനുസരണം പുതിയ ഗ്രന്ഥ ശാലകൾ സ്ഥാപിക്കണം. ഇതിന് ജനകീയ പങ്കാളിത്തം പരമാവധി ഉപയോഗപ്പെടുത്തണം. സഞ്ചരിക്കുന്ന ഗ്രന്ഥശാല എന്ന ആശയം പരീക്ഷിച്ച് നോക്കാവുന്നതാണ്.
2. ഗ്രന്ഥശാലകളെ കൂട്ടി യോജിപ്പിച്ച് ഒരു ലൈബ്രറി കോംപ്ലക്സ് സ്ഥാപിക്കുക. മേൽനോട്ടത്തിന് പഞ്ചായത്ത് തല സമിതി രൂപീകരിക്കുക.
3. പഞ്ചായത്തിൽ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് മാതൃകയാകത്തക്ക വിധം പഞ്ചായത്ത് ഗ്രന്ഥശാലയുടെ പ്രവർത്തനം ആസൂത്രണം ചെയ്യണം.



4. എല്ലാ വാർഡുകളിലും ആവശ്യാനുസരണം ജനവിദ്യാ കേന്ദ്രങ്ങൾ തുടങ്ങുക. സാക്ഷരതാനന്തര തുടർ വിദ്യാഭ്യാസ പ്രവർത്തനം സജീവമാക്കുക. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ സഹായവും ഇതിന് ഉപയോഗപ്പെടുത്തുക.

5. പ്രൈമറി തലത്തിൽ വിദ്യാഭ്യാസം മാതൃഭാഷയിൽ മാത്രമാക്കുക.

6. മഹാകവി പന്തളം കേരളവർമ്മക്ക് ഉചിതമായ സ്മാരകം പന്തളത്തുണ്ടാക്കണം.

7. കലാകായിക സമിതികൾക്ക് കഴിയുന്നത്ര പ്രോത്സാഹനം ചെയ്യുക.

8. പന്തളത്തെത്തുന്ന തീർഥാടകർക്ക് പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചൂഷണം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

9. വിദ്യാഭ്യാസ സ്ഥാപനങ്ങളെ മയക്കു മരുന്ന വിമുക്തമാക്കാൻ നിയമ നടപടികളും ബോധവൽക്കരണവും ഊർജ്ജിതമാക്കുക.

10. കള്ളവാറ്റ് കർശനമായി തടയുകയും മദ്യപാനത്തിന്റെ പ്രത്യാഘാതങ്ങൾ പ്രചരിപ്പിക്കാൻ വാർഡ് തലത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും ചെയ്യുക.

11. സംസ്ഥാനത്തിന്റെ വിവിധ പട്ടണങ്ങളിൽ നിന്നും പന്തളം വഴി തീർഥാടന കേന്ദ്രങ്ങളെയും ടൂറിസ്റ്റ് കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് K.T.D.C യുടെ ബസ് സർവീസ് ആരംഭിക്കുക.

12. പന്തളത്തിന്റെ സാമൂഹ്യ സാംസ്കാരിക പൈതൃകവും ടൂറിസം തീർഥാടന സൗകര്യങ്ങളും വിവരിക്കുന്ന ലഘുലേഖ പ്രസിദ്ധീകരിക്കുക.

13. K.T.D.C.യുടെ ടൂറിസം ഇൻഫർമേഷൻ സെന്ററും വഴിയോര വിശ്രമ കേന്ദ്രവും പന്തളത്ത് സ്ഥാപിക്കുക.

14. സാധ്യമായ പുറമ്പോക്ക് ഭൂമിയിൽ പാർക്ക് സ്ഥാപിക്കുക. കുട്ടികൾക്ക് വിനോദ സൗകര്യം ഒരുക്കുക.

15. സാംസ്കാരിക തനിമ നിലനിർത്താൻ നാടൻ കലാകാരന്മാരെ സഹായിക്കുകയും കലാരൂപങ്ങളെ സംരക്ഷിക്കുകയും ചെയ്യുക.

16. തോട്ടക്കോണം ഗവ: ഹൈസ്കൂളിലെ ബി.ബി. പണ്ടാരത്തിൽ സ്മാരക ഗ്രന്ഥശാലയും സ്റ്റേജും പൂർത്തിയാക്കുക.

17. ചെങ്ങന്നൂരിൽ നിന്നും തിരുവനന്തപുരത്തേക്ക് പന്തളം വഴി റയിൽവേ ലൈൻ സ്ഥാപിക്കാൻ കേന്ദ്രഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തുക.

18. പൂഴിക്കാട് ഫാം സെന്ററിനോടനുബന്ധിച്ച് കുളം വൃത്തിയാക്കി നീന്തൽ താരങ്ങൾക്ക് പരിശീലനത്തിന് സൗകര്യം ഒരുക്കുക.

19. ആത്മീയേതര കാര്യങ്ങൾക്കായി ആരാധനാലയങ്ങളെ ഉപയോഗിക്കുന്നത് തടയാനും മതമൈത്രി നിലനിർത്താനും എല്ലാ സമുദായങ്ങളിലെയും നല്ലയാളുകൾ ഉണർന്ന് പ്രവർത്തിക്കണം. ഇവരുടെ ഒരു പൊതുവേദി ഉണ്ടാക്കണം.

5.31

വിഭവസമാഹരണം

അവലോകനം

ജനകീയാസൂത്രണത്തിന്റെ പ്രാരംഭദശയിൽ നമ്മുടെ പഞ്ചായത്തിലാകമാനം കാണപ്പെട്ട ജനപങ്കാളിത്തവും അവേശവും പദ്ധതി പ്രവർത്തനങ്ങളിലും നിലനിർത്തുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്ത് ജനകീയാസൂത്രണ പ്രക്രിയയിൽ മാർഗ ദർശിയാകുമെന്നതിൽ സംശയമില്ല. ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ നാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വികസനാവശ്യങ്ങൾ നേടുന്നതിനാവശ്യമായ ധനത്തിന്റെ ഭൂരിഭാഗവും സമാഹരിക്കാൻ പഞ്ചായത്തിൽ സാധ്യതകൾ ഏറെയാണുള്ളത്. വരുമാനമുള്ള മുഴുവൻ സ്ഥാപനങ്ങളും വ്യക്തികളും നികുതിദായകരാകണം. ആത്മാർഥതയും അർപ്പണബോധവും ഒത്തുചേർന്ന പ്രവർത്തനമാണാവശ്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തം പതിന്മടങ്ങു വർധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി വെട്ടിപ്പും, അഴിമതിയും നടക്കുന്നില്ലെന്നതും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇപ്പോൾ, പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങളായ കട-കമ്പോള വാടകകൾ, ലൈസൻസ് ഫീസ്, കെട്ടിട നികുതികൾ, വിനോദനികുതി, മണൽ വാരൽ, പാറമടലേലം, തൊഴിൽ നികുതികൾ തുടങ്ങിയവ കാലോചിതമായി പരിഷ്കരിക്കുകയും കൃത്യമായി പിരിച്ചെടുക്കുകയും ചെയ്താൽ, വരുമാനം ഇരട്ടിപ്പിക്കാവുന്നതാണ്. പഞ്ചായത്തിന്റെ വാർഷിക വരുമാനം ഇപ്പോൾ 896379 രൂപാ മാത്രമാണ്.

കൃഷിയും കച്ചവടവും പ്രധാന തൊഴിലായുള്ള പഞ്ചായത്ത് ജനതയിൽ നിന്ന് തുച്ഛമായ നികുതികളാണ് കിട്ടിക്കൊണ്ടിരിക്കുന്നത്.

12 ഗ്രൂപ്പുഫാം നെല്ലുല്പാദക സമിതികളും 6 കേര സംരക്ഷണ സമിതികളും ഒരു കരിമ്പു സംരക്ഷണ സമി



തിയും രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നുണ്ട്. തെങ്ങ്, റബ്ബർ തുടങ്ങിയ കൃഷികളും കുറവല്ലെങ്കിലും കാർഷിക മേഖലയിലെ മുരടിപ്പുകാരണം നികുതിയിനത്തിൽ പഞ്ചായത്തിനു ധനലഭ്യതയുണ്ടാകുന്നില്ല. ഈ സ്ഥിതി മാറ്റുന്നതിന്റെ ആദ്യപടിയായി ഒരു ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് ആദായകരമായി റബ്ബർ കൃഷി നടത്തുന്ന കർഷകരിൽ നിന്ന് കാർഷിക തൊഴിൽക്കരം ഈടാക്കാവുന്നതാണ്.

ധനികരും ഇടത്തരക്കാരുമായ ധാരാളം കച്ചവടക്കാർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും എല്ലാവരെയും നികുതി നൽകുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. അർഹരായ എല്ലാ കച്ചവടക്കാരെയും നികുതിദായകരാക്കുന്നതിനു വേണ്ട നടപടിയുണ്ടാകണം. പഞ്ചായത്ത് ആസ്ഥാനം കൂടിയായ പന്തളം ടൗൺ, നമ്മുടെ പഞ്ചായത്തിന്റെ മുഖ്യവരുമാന കേന്ദ്രം കൂടിയാണ്. വാണിജ്യകേന്ദ്രങ്ങൾ ധനകാര്യ സ്ഥാപനങ്ങൾ, സർക്കാർ ആഫീസുകൾ, വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങിയവയിൽ നിന്നു ലഭിക്കുന്ന നികുതികൾക്കു പുറമെ, മാർക്കറ്റ് ലേലം, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടകളുടെ വാടക എന്നിവയും ലഭ്യമാണ്.

ലേലസമയത്ത് 'വിളിക്കാർ' ഒത്തുകളിയ്ക്കുന്നതു കൊണ്ടുണ്ടാകുന്ന നഷ്ടത്തിനു പുറമെ സ്റ്റാളുകൾ ലേലത്തിൽ പിടിച്ചവർ അനധികൃതമായി മൂന്നാം കക്ഷിക്ക് കൈമാറി അമിതലാഭം കൈപ്പറ്റുകയും ചെയ്തുവരുന്നു. ഈ രീതി ഒഴിവാക്കിയാൽ പഞ്ചായത്തിനു കൂടുതൽ ലാഭം ഉണ്ടാകുന്നതാണ്. എസ്റ്റാബ്ലിഷ്മെന്റ് ചാർജ്, ലൈസൻസ് ഫീസ്, തൊഴിൽനികുതി തുടങ്ങിയവ കാലോചിതമായി പരിഷ്കരിക്കുകയും വേണം.

പഞ്ചായത്തധീനതയിലുള്ള മാർക്കറ്റുകളിൽ ഏറ്റവും പ്രധാനപ്പെട്ട ചന്തയാണ് പന്തളത്തുള്ളത്. മധ്യതിരുവിതാംകൂറിലെ പ്രസിദ്ധിയാർജിച്ച ഈ മാർക്കറ്റിന്റെ ലേലത്തിൽ 1995-96 വർഷത്തിൽ 469094 രൂപയാണ് ലഭിച്ചിട്ടുള്ളത്. ഇതും ഗണ്യമായി വർധിപ്പിക്കുവാൻ കഴിയുന്നതാണ്. ലേലക്കാർ ഇടത്തട്ടുകാരായി ഒത്തുകളിയ്ക്കുന്നതിനാലാണ് ലേലത്തുക കുറയുന്നത്. ഇവർ നേടിയെടുക്കുന്ന അമിതലാഭം പഞ്ചായത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന ധന നഷ്ടമാണ്. ഈ നഷ്ടം ഒഴിവാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ഒരു "മാർക്കറ്റിംഗ് കമ്മിറ്റി" രൂപീകൃതമാകുന്നത് പ്രയോജനകരമാണ്. ഓരോ മാർക്കറ്റിന്റെയും നിലവാരം നിശ്ചയിച്ച് നികുതിയിനത്തിൽ ലഭിക്കാവുന്ന തുക നിശ്ചയിച്ചതിനു ശേഷം അതിനു മുകളിലുള്ള തുകയ്ക്ക് ലേലം നടത്താനും കഴിയണം.

പ്രഖ്യാപിത ആഴ്ചച്ചന്തകൾ ചൊവ്വയും വെള്ളിയും ആണെങ്കിലും കച്ചവടം നടക്കുന്നത് ചന്തകളുടെ തലേന്നാളായ തിങ്കളാഴ്ചയും വ്യാഴാഴ്ചയുമാണ്. ദൂരെസ്ഥലങ്ങളിൽ നിന്ന് മുൻകൂട്ടി എത്തി തമ്പടിച്ചു കിടക്കുന്ന കച്ചവടക്കാർ ഉല്പന്നങ്ങൾ മൊത്തമായി തലേന്നാൾ രാത്രിതന്നെ വാങ്ങി അയയ്ക്കുന്നതിനാൽ, ചന്തദിവസം എത്തുന്ന പൊതുജനങ്ങൾക്ക് മാർക്കറ്റിന്റെ ഗുണഫലം ലഭ്യമാകുന്നില്ല എന്നതിനു പുറമേ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾക്ക് അമിത വില നൽകേണ്ടിയും വരുന്നു.

പ്രഖ്യാപിത മാർക്കറ്റു ദിനങ്ങളിൽത്തന്നെ ചന്ത നടക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുന്നത് നികുതി വർധിപ്പിക്കുന്നതിനും തദ്ദേശ വാസികൾക്ക് ചന്തയുടെ ഗുണഫലം ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. അന്തിച്ചന്ത, ദിവസച്ചന്തകൾ, കാളച്ചന്ത എന്നിവയുടെ നടത്തിപ്പിലും നികുതി വർധിപ്പിക്കാവുന്നതാണ്.

1953ൽ രൂപീകൃതമായ നമ്മുടെ പഞ്ചായത്ത് 1990ൽ മുൻസിപ്പാലിറ്റിയാക്കി ഉയർത്തിയപ്പോൾ പ്രദേശ വാസികളാകമാനം ആഹ്ലാദത്തിലായിരുന്നു. പ്രദേശത്തിന്റെ പുരോഗതിയ്ക്കുള്ള ആദ്യപടിയായി നമുക്കു ലഭിച്ച "പദവി" നില നിർത്താൻ കഴിയാതെവന്നതു ഖേദകരമാണ്. ജനപങ്കാളിത്തം ഇല്ലാതുള്ള ഉദ്യോഗസ്ഥ ഭരണത്തിൻ കീഴിൽ കൈക്കൂലിയും അഴിമതിയും, ദുർഭരണവും നടമാടിയതിനാൽ ജനരോഷവും ഭരണത്തകർച്ചയുമുണ്ടായതിനെ തുടർന്ന് തരംതാഴ്ത്തപ്പെട്ട നമ്മുടെ പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയാണുണ്ടായത്.

വികസനപ്രവർത്തനങ്ങളിൽ, കക്ഷി രാഷ്ട്രീയം വെടിഞ്ഞ് കൂട്ടായ പ്രവർത്തനം വഴി നഷ്ടപ്പെട്ട നമ്മുടെ പദവി തിരിച്ചുണ്ടാകും എന്നാശിക്കാം.

പട്ടിക - 1

പഞ്ചായത്ത് വാർഷിക വരവ് ചെലവ് കണക്ക് 1995-96

വരവ്					ചെലവ്		
ക്രമ നമ്പർ	ഇനം	ഡിമാന്റ്	കളക്ഷൻ	ബാലൻസ്	ക്രമ നമ്പർ	ഇനം	തുക
1	കെട്ടിടനികുതി	802340	343119	459221	1	ഭരണ മേൽനോട്ടവും നടത്തിപ്പും ജീവനക്കാരുടെ ശമ്പളം, ആഫീസ് ചെലവുകൾ, പ്രസിഡന്റിന്റെയും മെമ്പറന്മാരുടെയും അലവൻസ്.....)	771872.70
2	തൊഴിൽ നികുതി	450000	21969	428031			
3	വിനോദ നികുതി	78394	78394				
4	അഡ്. വിനോദ നികുതി	47037	47037				
5	പ്രദർശന നികുതി	2852	2852				
6	എസ്.സി. പ്രദർശന നികുതി	713	713				
7	മാർക്കറ്റ്	469094	469094		2	നിർമ്മാണ ജോലികൾ (റോഡ് നിർമ്മാണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ .....)	1408966
8	ലൈസൻസ് ഫീസ്	20296	11169	9127			
9	അടിസ്ഥാന നികുതി 75%	210107	210107				
	25%	137880	137880		3	പൊതുജനാരോഗ്യം (വാട്ടർ അതോറിറ്റിക്ക് അടച്ചത്, കുട്ടികളുടെ ഉച്ച ഭക്ഷണം, നായ്ക്കളെ നശിപ്പിക്കൽ.....)	238747.90
10	ഉപാധിരഹിത ഫണ്ട്	321000	321000				
11	മറ്റ് ഗ്രാന്റുകൾ						
	VTC	463161	463161				
	VRM	102898	102898				
	M.I.	27180	27180		4	വിദ്യാഭ്യാസം ലൈബ്രേറിയൻ റിയൻ അലവൻസ്, പത്ര മാസികകൾ, സ്കൂൾ കുട്ടികൾ ക്ക് സമ്മാനങ്ങൾ, ആശാന്മാർക്ക് ഗ്രാന്റ്...	27540.00
12	ഡെപ്പോസിറ്റ്	23543.40	23543.40				
13	മറ്റിനങ്ങൾ	320676.40	320676.40				
	ആകെ	3477171.80	2580792.80	896379			

(തുടരുന്നു.....)



(തുടർച്ച..)

ചെലവ്		
5	വൈദ്യുതീകരണം (തെരുവു വിളക്കുകളും ലൈറ്റുകളും സ്ഥാപിക്കൽ.....)	180432
6	സാമൂഹ്യക്ഷേമം (കേരളോത്സവം, വനവൽക്കരണം.....)	510266
7	മറ്റിനങ്ങൾ	32675
ആകെ		3170499.60

വ്യാവസായിക മേഖല

വൻകിട വ്യവസായ ശാലകൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. റബർ അധിഷ്ഠിത ചെറുകിട ഫാക്ടറികൾ മൂന്നാം വാർഡിൽ പ്രവർത്തിച്ചു വരുന്നുണ്ട്. വൈദ്യുതിക്ഷാമം കാരണം ഇതിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നു. ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധ്യതയുള്ള ഈ ശാലകൾ പൂർണമായി പ്രവർത്തിപ്പിക്കാൻ കഴിയത്തക്കവിധം വൈദ്യുതി ലഭ്യമാക്കിയാൽ ലാഭ വിഹിതത്തിന്റെ ഒരംശം നികുതിയിനത്തിൽ ഈടാക്കാവുന്നതാണ്.

സ്റ്റോൺ ക്രഷറുകൾ, ഇഷ്ടികച്ചൂളകൾ, സിമന്റ് ഹോളോബ്രിക്സ് നിർമാണ ശാലകൾ തുടങ്ങിയവ ആദായകരമായി പഞ്ചായത്തു മേഖലയിൽ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കാവുന്നതാണ്.

വിദേശ ജോലിക്കാരിൽ നിന്നുള്ള വരുമാനം

പഞ്ചായത്തു മേഖലയിൽ നിന്ന് 974 പേർ ഗൾഫ് രാജ്യങ്ങളിലും68 പേർ പൗരസ്ത്യരാജ്യങ്ങളിലുമായി1042 പേർ വിദേശങ്ങളിൽ ജോലിനോക്കിവരുന്നു. ഇവരിൽ നിന്ന് വ്യക്തിഗത രൂപത്തിൽ എത്തിക്കൊണ്ടിരിക്കുന്ന പണം പഞ്ചായത്തിലെ എല്ലാ മേഖലകളെയും സ്വാധീനിക്കുന്നുണ്ട്. ബാങ്കുകളിലെ നിക്ഷേപങ്ങൾ വർധിക്കാനും ഇടയായിട്ടുണ്ട്. നികുതിയിനത്തിൽ ധനസമാഹരണം നടക്കുന്നില്ലെങ്കിൽക്കൂടി, വിദേശപണം പ്രധാന പങ്കു വഹിക്കുന്നുണ്ട്. കെട്ടിട നിർമാണ പ്രവർത്തനങ്ങളിലാണ് മുഖ്യമായും വിദേശപണം വിനിയോഗിച്ചുവരുന്നത്. തൊഴിൽ അവസരങ്ങൾ വർധിപ്പിക്കാനും ആ മേഖലകളിൽ പണിയെടുക്കുന്നവരുടെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്.

94 പേർ വിദേശ ജോലിവിട്ടു വന്നവരായിട്ടും മിക്കവരും ഉന്നത സാങ്കേതിക പരിജ്ഞാനം സിദ്ധിച്ചവരാകയാൽ തൊഴിൽ രഹിതരോ സാമ്പത്തിക ബുദ്ധിമുട്ടുകളുള്ളവരായോ കാണപ്പെടുന്നില്ല എന്നത് വസ്തുതയാണ്.

കെട്ടിട നികുതി

പഞ്ചായത്താകമാനം ആധുനിക സൗകര്യങ്ങളുള്ള ആഡംബര കെട്ടിട നിരകൾതന്നെ ഉയർന്നു കൊണ്ടിരിക്കുന്നത് പുരോഗതിയെ സൂചിപ്പിക്കുന്നുണ്ട്. നികുതിയിനത്തിൽ പഞ്ചായത്തിന്റെ വാർഷിക വരുമാനം ആനുപാതികമായി വർധിപ്പിക്കാവുന്നതാണ്. സാധാരണ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുന്നതിനോടൊപ്പം, മൂന്നു ലക്ഷത്തിൽ കൂടുതൽ രൂപാ മുടക്കി പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ പണിയുന്നതിനുള്ള അനുവാദം പഞ്ചായത്ത് നൽകുമ്പോൾത്തന്നെ, തറവിസ്തീർണവും ആഡംബര സ്വഭാവവും കണക്കിലെടുത്ത് അഡീഷണൽ നികുതി ചുമത്തേണ്ടതാണ്. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിലും നികുതി ചുമത്താൻ കഴിയണം. അതുപോലെതന്നെ, ചുമത്തിയിട്ടുള്ള നികുതി പിരിച്ചെടുക്കുന്നതിലുള്ള പിഴവും താമസവും ഒഴിവാക്കുന്നതിന് ആവശ്യമായ സംവിധാനം ശക്തമാക്കുന്നതോടൊപ്പം ശാസ്ത്രീയമായി നികുതി കണക്കാക്കപ്പെടുകയും ചെയ്താൽ, കെട്ടിടനികുതിയിനത്തിലുള്ള വരുമാനം വർധിക്കുന്നതാണ്.

തൊഴിൽ നികുതി

സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ എയ്ഡഡ് സ്കൂളുകൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്ന് ലഭിക്കുന്ന വാർഷിക തൊഴിൽനികുതി 450000 രൂപയാണ്. തൊഴിൽ ചെയ്യുന്ന സകലരും നികുതി നൽകേണ്ട സംവിധാനം ഉണ്ടാകണം.

പഞ്ചായത്തിലുള്ള മുഴുവൻ തൊഴിലാളികളെയും

ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിന്റെ കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞാൽ അംഗത്വമുള്ളവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

വിനോദ നികുതി

വിനോദ നികുതിയിനത്തിൽ 125431 രൂപയാണ് പഞ്ചായത്തിലെ വരുമാനം. പിരിച്ചെടുക്കുന്നതിലുള്ള അപാകതകൾ ഒഴിവാക്കിയാൽ ഈ ഇനത്തിൽ കൂടുതൽ വരുമാനം പ്രതീക്ഷിക്കാവുന്നതാണ്.

മറ്റു ധനാഗമ മാർഗങ്ങൾ

ലീഡ് ഭൂമി

ആറ്റുതീരങ്ങൾ, റോഡ്, പുറമ്പോക്കുകൾ, പുഞ്ചയോരങ്ങൾ തുടങ്ങി പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിലായി ധാരാളം ഭൂമികൾ പുറമ്പോക്കായുണ്ട്. ഇത് കൃത്യമായി അളന്നു തിട്ടപ്പെടുത്താനുള്ള നടപടി ഉണ്ടാകണം. ഈ ഭൂമികളിൽ അധികവും ധനിക കൃഷിക്കാർ കൈവശം വച്ചനുഭവിച്ചു വരികയാണ്. ഭൂരഹിതരായ കർഷകർ, കർഷകത്തൊഴിലാളികൾ, ദരിദ്ര കർഷകർ എന്നിവർക്ക് വാർഷിക പാട്ട വ്യവസ്ഥയിൽ ഈ പുറമ്പോക്കു സ്ഥലങ്ങൾ കൊടുത്തു വരുമാനം വർധിപ്പിക്കാവുന്നതാണ്.

മണൽ വാരൽ

പഞ്ചായത്തിന്റെ വടക്കേ അതിർത്തിവഴി ഒഴുകുന്ന അച്ചൻകോവിൽ ആറ്റിൽ നിന്നാണ് മണൽ വാരൽ പ്രധാനമായും നടക്കുന്നത്. അനധികൃത മണൽവാരൽ മൂലമുണ്ടായിക്കൊണ്ടിരിക്കുന്ന ഭീമമായ നഷ്ടത്തിനു പരിഹാരമാർഗങ്ങൾ കണ്ടെത്തുന്നതായാൽ വരുമാനം വർധിപ്പിക്കാവുന്നതാണ്.

പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള മണൽ വാരലാണ് നടന്നുകൊണ്ടിരിക്കുന്നത്. വാരുന്ന മണലിന്റെ അളവിനുമേൽ പഞ്ചായത്തിനു യാതൊരു നിയന്ത്രണവുമില്ല. മണൽ വാരുന്നത് നിശ്ചിത സമയത്തും സ്ഥലത്തും അല്ലാത്തതിനാൽ മണൽവാരിലും വെട്ടിപ്പു നടത്തി ഇടത്തട്ടുകാരായി പ്രവർത്തിക്കുന്ന കോൺട്രാക്ടർമാർ അമിതലാഭം നേടുകയാണ്. ഇത് ഒഴിവാക്കേണ്ടതാണ്. പഞ്ചായത്തിനുണ്ടാകുന്ന ലാഭത്തേക്കാൾ കൂടുതൽ പരിസ്ഥിതി പ്രശ്നങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകുന്നത് കണക്കിലെടുക്കേണ്ടതാണ്. തത്വദീക്ഷയില്ലാത്ത മണൽ വാരൽ കാരണം അച്ചൻകോവിൽ ആറ് നിരന്തരം താണു കൊണ്ടിരിക്കുന്നു. പഞ്ചായത്തതിർത്തിയിലുള്ള മുളമ്പുഴ, തോട്ടക്കോണം ഭാഗങ്ങളിൽ ആറ്റുതിട്ട ഇടിഞ്ഞു താഴുന്നതു കാരണം പാർപ്പിട ഭൂമിയും കൃഷി സ്ഥലങ്ങളും നശിച്ചുകൊണ്ടിരിക്കുകയാണ്. ആറ് താണതു കാരണം കിണറുകളിൽ ഉറവ വറ്റി വരൾച്ചക്കാലത്ത് കുടിവെള്ള ക്ഷാമം നേരിടുന്നതിനു പുറമേ ഫല വൃക്ഷങ്ങൾ ഉണങ്ങിക്കരിഞ്ഞു കൊണ്ടുമിരിക്കുന്നു. കാർഷിക വിളകൾ ഉണങ്ങുന്നതിനാൽ ജനങ്ങൾ ബുദ്ധിമുട്ടിലാണ്. പഞ്ചായത്തിന് ആദായം കണ്ടെത്തുന്നതുപോലെ തന്നെ പരിസ്ഥിതി പ്രശ്നത്തിനും പരിഹാരം കാണേണ്ടതുണ്ട്.

ബാങ്ക് ഫൈനാൻസിയേഴ്സ്

S.B.T., I.O.B., സിൻഡിക്കേറ്റ് ബാങ്ക്, കാനറാ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, ലോർഡ്കൃഷ്ണാ ബാങ്ക്, KSFE, ജില്ലാ സഹകരണ ബാങ്ക്, സർവീസ് സഹകരണ ബാങ്കുകൾ, പത്തോളം സ്വകാര്യ ഫൈനാൻസിയേഴ്സ്, ചിട്ടി സ്ഥാപനങ്ങൾ തുടങ്ങിയവ പഞ്ചായത്തു മേഖലയിൽ പ്രവർത്തിച്ചു വരുന്നു.

സഹകരണബാങ്ക്, KSFE എന്നിവ ഒഴിച്ചാൽ നിക്ഷേപങ്ങൾ വളരെ കൂടുതലും വായ്പകൾ വളരെ കുറവുമാണ്. പഞ്ചായത്തിൽ നിന്ന് സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ കൂടുതൽ കുറവനുസരിച്ച് വായ്പകൾ പഞ്ചായത്തിൽത്തന്നെ കൊടുക്കേണ്ടതാണ്. വികസന പദ്ധതികൾക്കു കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുവാൻ ബാങ്കുകൾ ബാധ്യസ്ഥരാകുന്ന നിയമം തന്നെ ഉണ്ടാകണം.

ചെലവുകൾ

1995-96 വർഷത്തിലെ പഞ്ചായത്തിന്റെ ആകെ ചെലവ് 3176499.60 രൂപയാണ്. വിശദമായ ചെലവു വിവരങ്ങൾ അടിയിൽ കൊടുക്കും പ്രകാരമാണ്.

പൊതുമരാമത്ത്	1408966.00
ഭരണച്ചെലവ്	771872.70
വിദ്യാഭ്യാസം	27540.00
സാമൂഹ്യക്ഷേമം	510266.00
പൊതുജനാരോഗ്യം	238747.90
വൈദ്യുതി	180432.00
മറ്റിനങ്ങൾക്ക്	32675



പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനു ധനം ചെലവഴിക്കുന്നതോടൊപ്പം പ്രത്യുല്പാദന പ്രധാനമായ പദ്ധതികൾക്കു കൂടി ചെലവു ചെയ്യുന്നത് ഗുണകരമാണ്.

പട്ടികജാതി കോളനികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും, മാതൃശിശു സംരക്ഷണത്തിനു മുൻതൂക്കം കൊടുക്കുന്നതിനും, റോഡുകളുടെ നിർമാണവും വികസനവും അറ്റകുറ്റപ്പണികൾ തുടങ്ങിയവ ത്വരിതപ്പെടുത്തുന്നതിനും പുറമെ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും, ദാരിദ്ര്യം, തൊഴിലില്ലായ്മ ഇവയ്ക്കു ശാശ്വത പരിഹാരം കാണുന്നതിനും കൂടുതൽ പണം ചെലവഴിക്കുന്നതായാൽ നമ്മുടെ പഞ്ചായത്ത് സമഗ്ര പുരോഗതി കൈവരിക്കുന്നതാണ്.

വികസനപ്രവർത്തനങ്ങൾക്ക് കൂടുതൽ ചെലവ് അനിവാര്യമാണെങ്കിൽക്കൂടി ചെലവു ചുരുക്കലിനുള്ള നടപടികൾ കൂടി കൈക്കൊള്ളുന്നത് ഉചിതമായിരിക്കും.

മനുഷ്യാധ്വാനം

വികസനപ്രവർത്തനങ്ങൾക്ക മനുഷ്യാധ്വാനം അനിവാര്യമാണ്. നമ്മുടെ പഞ്ചായത്തിൽ മനുഷ്യാധ്വാനം വിവിധ പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്താൻ കഴിയണം.

നിർദേശങ്ങൾ

1. പഞ്ചായത്തിലെ വിവാഹങ്ങൾ മുഴുവൻ രേഖപ്പെടുത്തി, ആർഭാടപൂർണമായവയിൽ നിന്ന് നിശ്ചിത നികുതി ഈടാക്കണം.
2. 3 ലക്ഷത്തിൽ അധികം മുടക്കി പണികഴിപ്പിക്കുന്ന ആഡംബര കെട്ടിടങ്ങൾക്ക് അഡീഷണൽ നികുതി ഈടാക്കുക.
3. വിനോദ നികുതികൾ കർശനമായി പിരിച്ചെടുക്കുക.
4. നിലവിലുള്ള മറ്റു നികുതികൾ കൃത്യമായി പിരിച്ചെടുക്കുക.
5. കച്ചവടസ്ഥാപനങ്ങളിലെ ലൈസൻസ് ഫീസ് കാലാനുസൃതമായി വർധിപ്പിക്കുക.
6. കടകളുടെ എസ്റ്റാബ്ലിഷിമെന്റ് ചാർജ്, തൊഴിൽ നികുതി തുടങ്ങിയവ കാലോചിതമായി പരിഷ്കരിച്ച് നികുതി വർധിപ്പിക്കുക.
7. പുറമ്പോക്കു ഭൂമികൾ കൃഷിക്കാർക്ക് വാർഷിക പാട്ട വ്യവസ്ഥയിൽ നൽകി വരുമാനം വർധിപ്പിക്കുക.
8. പഞ്ചായത്തു വക കടമുറികളുടെ അനധികൃത കൈമാറ്റത്തിലൂടെ ഉണ്ടാകുന്ന നഷ്ടം അവസാനിപ്പിക്കുക.
9. മാർക്കറ്റുകളുടെ ലേല സംവിധാനത്തിൽ ലേലക്കാരുടെ ഒത്തുകളി അവസാനിപ്പിച്ച് മാർക്കറ്റിംഗ് കമ്മിറ്റി നിശ്ചയിക്കുന്ന നിലവാരത്തിനു മുകളിൽ ലേലം നടത്തി വരുമാനം വർധിപ്പിക്കുക.
10. ഇരുചക്രവാഹനങ്ങളുടെയും കാറുകളുടെയും നികുതികളും ലൈസൻസും പഞ്ചായത്തു തലത്തിൽ വാങ്ങുന്നതിനും കൊടുക്കുന്നതിനും ഉള്ള സംവിധാനം ഉണ്ടാക്കുക.
11. മണൽ നിർദ്ദിഷ്ട സ്ഥലത്തും സമയത്തും വാരുന്നതിനു ലൈസൻസു നൽകുക.
12. പാറമടകളിലെ വരുമാനത്തിന്റെ 50% പഞ്ചായത്തിനു ലഭിക്കത്തക്കവണ്ണം നിയമം ഉണ്ടാക്കുക.
13. ഉപയോഗിക്കാത്ത വൈദ്യുതിക്കുവേണ്ടി പഞ്ചായത്തിന്റെ ധനം ചോർന്നു പോകുന്നതൊഴിവാക്കാൻ സെൽഫ് റീഡിംഗ് മീറ്റർ സമ്പ്രദായം നടപ്പിലാക്കുക.
14. സ്വകാര്യ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഉണ്ടാക്കി ഫീസ് പിരിവ് ഏർപ്പെടുത്തുക.
15. കെട്ടിട നികുതി നിർണയം ശാസ്ത്രീയമായി പുന:പരിശോധിക്കുക.
16. ട്യൂട്ടോറിയലുകൾ, പാരലൽ കോളേജുകൾ ഇവയ്ക്ക് കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സെസ്സ് ഏർപ്പെടുത്തുക.
17. സ്ഥിരം വരുമാനമുള്ള ജോലിക്കാർക്ക് തൊഴിൽ നികുതി ബാധകമാക്കുക.
18. മോട്ടോർ വർക്ഷോപ്പുകൾക്ക് തൊഴിൽ നികുതിയും ഏർപ്പെടുത്തുക.
19. വ്യാപാരികളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരിക.

6

ഉപസംഹാരം

ഭാരത്തിന്റെ ആസൂത്രണ രീതിതന്നെ ഉടച്ചു വാർക്കുകയാണ്. ''കേരളത്തിന്റെ ജനകീയാസൂത്രണം''. പ്രകൃതി വിഭവങ്ങളും മനുഷ്യ സമ്പത്തും പ്രയോജനപ്പെടുത്തി പ്രായോഗിക ബുദ്ധിയോടെ ആസൂത്രണ പ്രക്രിയ പൂർത്തീകരിക്കണം. ആസൂത്രണം അർഥവത്താകുന്നത് വികസന സാധ്യതകളെയും ഉപാധികളെയും പൂർണതയിൽ ഉപയോഗപ്പെടുത്തുമ്പോഴാണ്.

ജനങ്ങളുടെ നിരന്തരമായ ഒത്തുചേരലിലൂടെയും കൂട്ടായ ചിന്തയിലൂടെയും പരിശ്രമത്തിലൂടെയും നമ്മുടെ നാടിന്റെ വികസന സംസ്കാരത്തിൽ ഒരു പുത്തൻ പാത തുറക്കുകയാണ്. ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന വിനോദമല്ല ജനകീയാസൂത്രണം. സമ്പത്തുൽപാദനത്തിൽ ജനോപകാരപ്രദമായ പരിപാടികൾ സമയബന്ധിതമായി കുറ്റമറ്റ നിലയിൽ വേഗതയിൽ നടപ്പാക്കാനുള്ള സാമൂഹ്യ ആയുധമാണ് ജനകീയാസൂത്രണ പ്രസ്ഥാനം.

''ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു'' എന്ന മഹാത്മജിയുടെ രാഷ്ട്രീയ സ്വപ്നം ഇവിടെ യാഥാർഥ്യമാക്കാനുള്ള പരിശ്രമമാണ്. ഗ്രാമങ്ങളുടെ വികസനമാണ് ഭാരതത്തിന്റെ വളർച്ചയുടെ അടിത്തറ എന്ന വസ്തുത മനസ്സിലാക്കിയാണ് ഗ്രാമ വളർച്ചയെ ശക്തമായി നയിക്കാൻ ഒരുമ്പെടുന്നത്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ഇവിടെയുള്ള ഓരോ പൗരന്റെയും ലക്ഷ്യമാണ്. ആ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ വികസന രേഖ സമ്പുഷ്ടമാക്കി അവ നടപ്പിലാക്കാനുള്ള പ്രതിബദ്ധതയും ഇച്ഛാശക്തിയും പ്രകടിപ്പിക്കയാണ് വേണ്ടത്. എല്ലാ ഉല്പാദന മേഖലകളിലും ശക്തമായ വളർച്ചയും എല്ലാ സേവന മേഖലകളിലും സമഗ്ര പുരോഗതിയും കൈവരിച്ച് വികസന സങ്കല്പം തന്നെ നമുക്ക് തിരുത്തിക്കുറിക്കേണ്ടിയിരിക്കുന്നു. കക്ഷിരാഷ്ട്രീയ താല്പര്യങ്ങൾ വെടിഞ്ഞ് രാഷ്ട്ര താല്പര്യത്തിൽ മുഴുകിയാൽ ആഴക്കടലിൽ നിന്ന് മുത്തുകൾ വാരിയെടുക്കുന്ന അദ്ഭുതം പോലെ നമ്മുടെ പഞ്ചായത്തിൽ വികസനത്തിന്റെ മുത്തുകളും ചിപ്പികളും വാരിക്കൂട്ടാൻ നമുക്കു കഴിയും. ഗ്രാമ സഭകളുടെയും ജനകീയ പ്രസ്ഥാനങ്ങളുടെയും മാസ്മര ശക്തിയാൽ ഗ്രാമ വികസനത്തിന് അടിത്തറ പാകി അതിവേഗം മുന്നേറാൻ നമുക്കു കഴിയും. മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ നമുക്കു സാധിക്കും എന്ന പ്രത്യാശയോടെ ഈ സമഗ്ര വികസന രേഖ പന്തളം



ഗ്രാമപഞ്ചായത്തിന്റെ വികസന സെമിനാറിനു മുമ്പിൽ വിനയ പൂർവം സമർപ്പിക്കുന്നു.

സത്യത്തിന്റെയും ഭൗതിക യാഥാർഥ്യങ്ങളുടേയും വെളിച്ചത്തിൽ വിശദമായ ചർച്ചക്കും വിശകലനത്തിനും ശക്തമായ നിർദ്ദേശങ്ങൾക്കും വേണ്ടി –

നന്ദിയോടെ.....

ജനാധിപത്യത്തിന്റെ ഉന്നതമൂല്യങ്ങൾ കാത്തുസൂക്ഷിച്ച് അഴിമതിയും സ്വജന പക്ഷപാതവുമില്ലാതെ ഈ ഗ്രാമപഞ്ചായത്തിന്റെ കുറവുകൾ പരിഹരിച്ച് ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള പരിശ്രമത്തിലാണ് ഞങ്ങൾ. ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള ജനകീയാവശ്യങ്ങൾ നിറവേറ്റുവാൻ ഒട്ടേറെ വികസന പദ്ധതികൾക്ക് രൂപം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓരോന്നും എടുത്തു പറയാൻ ഒരുമ്പെടുന്നില്ല. അവ സാക്ഷാൽക്കരിക്കാൻ നിങ്ങളുടെ സഹായസഹകരണങ്ങൾ ഉണ്ടായാലേ മതിയാകൂ. ആ കടമ നിർവഹിക്കാനുള്ള സൈദ്ധാന്തികവും പ്രായോഗികവുമായ മാർഗമാണ് ജനകീയാസൂത്രണ പ്രസ്ഥാനം. ഈ പ്രസ്ഥാനത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ ഞങ്ങളെ സഹായിച്ചവരെയും നമ്മുടെ ബഹുമാന്യരായ കെ. ആർ. പി., ഡി. ആർ. പി. എൽ. ആർ. പി. മാരെയും ദ്വിതീയ വിവര ശേഖരണത്തിന് സഹായിച്ച ഉദ്യോഗസ്ഥ അനുദ്യോഗസ്ഥ സുഹൃത്തുക്കളെയും വിദഗ്ധ സമിതി അംഗങ്ങളെയും നവം. 1 ന്റെ പുനരർപ്പണ ദിനത്തിൽ സന്നദ്ധ സേവന സംരംഭത്തിൽ സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസന മാർഗരേഖയുടെ പൂർണതക്കായി ഗ്രാമസർക്കാരുമായി ഒത്തുചേർന്ന് ഈ ചരിത്ര മുഹൂർത്തത്തിന് സാക്ഷ്യം വഹിക്കാൻ ഞങ്ങളോട് സഹകരിച്ച എല്ലാവരോടും ഞങ്ങൾക്കുള്ള മനസ്സുനിറഞ്ഞ കൃതജ്ഞത അറിയിക്കട്ടെ.

സ്നേഹാദരങ്ങളോടെ,

പി. കെ. കുമാരൻ, എം.എൽ.എ.
(പ്രസിഡന്റ്, പന്തളം ഗ്രാമപഞ്ചായത്ത്)

അധികാരം ജനങ്ങളിലേക്ക്